Power still remains the sole organising principle of the international community. That is the important lesson to be drawn from from the prolonged discussions at the global conference held in New York which recently decided for the indefinite and unconditional extension of the N.P.T as desired by the 5- Nuclear power. It was a total defeat for the non-nuclear nations including Indian regarding the prospects of wiping out nuclear weapons, altogether from the world.

India upstained from signing it as it was discriminatory to the 'nuclear have nots' regarding the fact that while it aimed to refrain the non-nuclear states from acquring nuclear weapons, it didnot forbid nuclear weapons on the territories of non-nuclear states. For Eg. the U.S. has been supplying nuclear technology to pakistan and it had created a lot of tension between the two countries.

It is truly regrettable that within four days after the N.P.T. was extended indefinitely China conducted the nuclear tests in Xiauijiaing province. This exposes the widening gap between the sermons and practices of the nuclear possessive nations. So India has every reason to rule out signing N.P.T. as it promoted the vested interests of a privileged few with license to keep nuclear weapons.

Whether India should go nuclear or not has been a highly debated issue today. There have been some hard-core supporters of India going into nuclear and they are advocating this by saying that India is surrounded by neighboura which have aggressive arms in them. Pakistan is on the track of manufacturing nuclear missiles which force India to pursue the innovations of nuclear armaments. India should also recall that Pakistan had attacked India man times anb from this India should learn that it may not hesittate to use a nuclear weapon, when it is on the verge of a defeat.

India has every right like any other advanced nation to depend the integrity and swereighty of the country. There is threat of external aggression. There is also the danger of terrorists in different parts of the world acquiring nuclear capability and black mailing national Governments we cannot expect the birtth of Gandhi as a leader in all countries at all times. It is also a gross mistake to live in total ignorance of an imminent danger.

In India a peace loving country Gandhiji followed non-violence and had been a pioneer of peace. It is the land of great sons who have been visionary in maintaining global peace. But all this will turn to dust, if India is unable to defend herself. Aggressive nationalism will triumph and India will remain as a nation with totallackq potentiallty to defend its territories. This does not mean that India has to take an aggresive posture. Nuclear development is costly and right now poverty, illiteracy, unemployment, illhealth and the like are our bigger enemies. They are more dangerous for air national freedom. But we cannot live with utopian ideals of imaginary world. In reality India has to strike a balance between the two extremes manufacture of nuclear armaments cannot be totally discarded because territerial integrity is of atmost importance. We have to retain our nuclear option and build the capacity to turn nuclear, when the necessity arises.

Indias with its past record of promoting international peace and disarmament enriched at the initiatives of great leaders like Nehru and Gandhi can work towards a nuclear free world. Let the spirit of unity and integrity be the determining factor in Indias nuclear policy but let the idea of peaceful co existence guide the nation

"ധനികരുടെ മേൽ വ്യവസായം ചുമത്തുന്ന നികുതിയാണ് ഫാഷൻ"

– ആൽഡസ് ഹക്സലി

FRIENDSHIP



DINY.K.JOHN
Ist BSc. Chemistry.

'Friendship' is a word which can not be described. But it can be expressed in different ways. 'The relationship between the people,' 'understanding between two' and in many more ways. It can also be called as 'attraction of two hearts' We faid friendship in all the living things in the world. A real friend is never found easily but if a real friend is found people neglect them. Many people do not even know the value of friendship. This itself shows how ignorant people are Friendship is a very valuable thing which should be looked after with great care. Once you lose a real friend, it is not easy to get him back.

A real friend is the one who will give you suggestions, Shares your secret and gives you peace of mind. Friendship is just not the attraction, sympathy, sacrifice, devotion etc. Wherever there is friendship we can see all the aforesaid qualities. Friendship makes life thrilling.

Smile is a god given gift and to regain of you need friendship. Friendship never dies. It gives people the world's riches. What ever it may be, a man is old or young, friendship remains the same to all. Friendship does not see whether the person is rich or poor. Thus we can not fix a value for it. No money can buy friendship. Friendship between countries brings peace in those countries and the world can always be happy. Thus friendship is a must in every society.

Quotes to Remember

1. Smile is a while and while you smile another smiles. And soon there arrivals and evils of smiles.
2. It is nice to become important but it is more important to become nice.
3. If you wish to achieve a position in life there is only one word that counts, and that is work
4. Wlfen we have not what we like, we must like what we have.
5. He who masters his passions conquers his enemy.
6. We should try to succeed by merit not by favor.
7. Failure does not mean that you have failed, it does mean that you need to work more.
8. He loves his country best who strives to make it best.
9. He who wants to command must learn to obey
10. Character is like a white paper,Once blotted it never appears white as before.

ORCHID
Ladies Beauty Parlour
K. K. Complex, Thrissur (road), TANA
IRINJALAKUDA

FRIENDS



BRO. DAVIS PANADAN
III B.A. ECONOMICS

BUDDHISM

One should pick one's associates from among the wise and the good. Evil associates will corrupt a men. A men who reproves intelligently should be sought out since his words are the advice one needs.

CHRISTIANITY

"Evil companions corrupt good morals." Show those who are not good. The wise men will seek out those who will help him to become better and attain greater sanctity. Slum the idle and the unproductive and seek out the industries and the creative.

JAINISM

Do not allow yourself to be deluded by evil associates. Make friends with those who are considerate both towards other people and towards animals.

CONFUCIANISM

Seek out the company of those who can give good advice and whose example is good. One may be friendly to all men, but one should be discriminating in one's choice of associates. Good associates will do you good, therefore cling to the best.

HINDUISM

Look up on all the living beings as your bosom friends, for in all of them there resides one soul. A person who believes that all are his soul-mates and loves them all alike never feels lonely.

JUDAISM

Do not follow the path of the wicked or associate with those who are evil good friends are best.

MOHAMMEDANISM

Avoid those who do wrong. To associate with the wicked is to cast suspicion upon oneself. There fore, avoid such suspicion by seeking out only the good men as associates.

SIKHISM

Friend if you posses me good, let us be friends Let us be partners for doing good, And let us ignore each other is flavs.

ZOROASTRIANISM

The good should associate with those whom they can help. A virtuous man will radiate his virtue for and wide. One is fortunate to be the associate of such a goodman.

****

എല്ലാവിധ കല്ല്യാണസാരികൾക്കും
മേൽത്തരം പട്ടുസാരികൾക്കും
കൂടാതെ മറ്റെല്ലാ തുണിത്തരങ്ങൾക്കും
സന്ദർശിക്കുക

എലൈറ്റ് ഫാബ്രിക്സ്

എം. ഒ. റോഡ്
തൃശ്ശൂർ - 1
Phone: 23399, 21021

The Ebb And Flow of Tune



Anuradha Krishnan
Final Year BSc. Physics.

The gathering dusk, dying embers,
The whispering breeze, chirping birds,
Heralding the repose of the radiant sun,
Mother Nature and her worthy sons.

Enticing one and all to slumbers
The earth bathed in silvery moonlight;
But why, yours lullaby can't I hear
Lovely mistress of the night?

The raging fire torments my soul,
Agony, no one can soothe
His writhing face and pleading eyes
Couldn't melt my heart of stone.

The brilliance of gold
Led the youthful eyes astray,
Brain and brawn lent wings
To my journey to doomsday.

Blindfolded by greed, I stumbled,
The ambitious mind was unruffled.
The ladder of success was mine
Its rungs drenched in blood and grime.

The dusk of life - its harvest time-
The mellowed fruits are opened;
No, no have a heart !
Fruits? ! Is that what I deserve?

The tortured faces floated up,
Their mocking eyes piercing my soul
The ground came up to meet me
My staggering legs will hold me no more.

Come back come back ! I call in vain,
My youth has bid me alien;
The gloom of doom is engulfing me
I can't shape my past anew.

But wait !
A streak of light on the horizon.
Darkness dispelled - a day has dawned,
The present - it still spells time.

Lost by the Deserted Love



YOAN.T.KOCHERY
I PDC.

It was one of the rainy days
When the ponds are full
And the fields are green
And the children are in
The rain showers rain drops
Without taking rest
There I saw a man standing
In the rain and thunder
With his torn coat wet
And trousers muddy
He walks calmly
As a beggar in the street
With all untidy dress
Half in and half out
The thunder bursts
As if it will bursts the earth
All are in with closed doors
He is not alone in the street
But he is palely loitering
I asked about his misery
But he walks without due care
I heard from a man near me
Murmuring in a sad voice that
He was a person
Who was hated by his love
When the rain came to an end
There I saw him falling on the road
Died with broken heart.

LIFE ON CAMPUS



LIJO VARGHESE ITTOOP
II DC GEOLOGY

Frightened, not knowing what to do,
Neither knowing where to go,
Facing there the onslaught of seniors,
Controlling the man-hood defying tears.
Attending classes is always secondary,
Every moment then seems one of glory.
History, Physics, Chemistry and Botany,
Leaving it all for the more interesting matinee.

The style of riding a mobile,
Always wanting girls to us like.
Wearing the traditional saree,
Wanting boys heart beating as they see.

Girls walking in a tight group,
'Eve-teasing boys' making their eyes droop.
The odd love-pair behind a pillar, standing,
Oblivious to the world that's working.

The thrill of the first smoke in the lung,
Names of favorite brands in our ear rung.
The feeling of adulthood when getting drunk,
always seems worth every penny in it sunk.
First smoke leading to another and so forth,
Happiness seems to be in no dearth.
Macho spirit at hitting a guy,
Winning on the enemy on the sly.

The sadness, the joy and the ecstasy,
It all comes in a way so easy.
The joy of first love, agony of losing,
It all comes and goes without moments,pausing.
Eye to eye talking, love lost on the way,
This all comes with hopes ray.
Every moment is worth exploring
Shouldn't we cry when this campus leaving?

GURU INFOTECH
Computer Centre

Near Town Hall
Irinjalakuda - 680 121

COMPUTER EDUCATION
Tailormademade for you
Readymade for the Industry

INFOWORLD LIMITED
COMPUTER EDUCATION DIVISION

Anjali Complex Round North
Thrissur - 680 001. Ph. 334636

Connect with us, We are connected with the best

LEGAL LITERACY CELL

The permanent legal literacy cell sponsered by the Kerala State legal Aid and Advice Board, started functioning in the college in 1994-95 academic year. The activities of the cell for the year 1995-96 were inaugurated on 23rd september 1995 by the principal Rev. Fr. Jose Chittilapilly. The secretary of the Kerala State legal Aid and Advice Board Sri. V. Vijayakumar, Prof G.Lakshmi Narayanan and Prof. M.A. John feliciated the activities of the cell. On this day of inauguration Dr. Valsan of Government Law College took classes on 'Election Laws'.

THis year we conducted another three classes for the members of the cell. The classes were on Civil Rights Civil Suit and Public Interest litgation, taken by Advocate Fr. George Pulikuthiyil Advocate K Gopkumar and Advocate M.N. Unnikrishnan respectively. All the members took active participation in all this classes.

'Meet the candidate Programme' for the college Union Election was conducted by the legal literacy cell duringg this year. The just and orderly conducting of the prramme was hailed by the students and staff. Kudos to the member of the cell.

This year we sent two of our students Bijumon and Subin of III BSc. Zoology to attened the Seminar on legal controle for 'Environmrntal Protection' conducted by tthe Department of Law Cochin University of Science and Technology.

We sent five of our members Shibu M.V., Suresh A.V., Prasanth E.S., Baiju U.S., and Deeraj A. R to attend the course on 'Consumer Education' conducted by the Govt. Law College Thrissur.

As part of the activites of the cell we conducted two 'Legal Literacy' campus in the neighbouring village to create awareness among the people about Law and Legal Procedures and 'Right and Dutirs of the people on citizens'. The first camp was conducted on 24-12-1995 at St. Mary I's U. P. School Karoor in association with the N.S.S unity of the college. The second camp was conducted at St.Mary's L.P. School Edakulam for the people of poomangalam Panchayat. This camp was conducted with the co-operation of the C.Y.M. unit of St. Sebastain's Church Edakulam. A lot of villagers attended the camps. Eminent scholars took classes in this camps and cleared the doubts of the people.

Auotha noteworthy achievement of the year was the seminar conducted by the cell in the college for the college students of the colleges of Trichur District on 'Environmental Law' One hundred and fifty students attended the seminar. This seminar was conducted by the legal literacy cell and the N.S.S Unit of the college.

Nearly two hundred students took active participation in the activities of the cell during this year. The secretary of the cell for the year was Roy Pauangadan aid Maya P. Manoharan was the joint secretary. The Executive committee members were Jose K.J, Milton Francis, Mathew Abraham, Stiny Jose and Sheela P.A. The activites of the cell for the year was co-ordinated by Sri. C.J. Unny Of Economics Department.

SPIC MACAY REPORT

Indian Classical Music is one of the greatest forms of art that nature has ever produced with the aid of man with the permanation and combination of seven swarms and twenty four sruthies, our musicians obtained infinite variety. But with the advent of time, many things are eating into our valuable traditions. There is no point in blaming the younger generation who has developed a fantasy for western music and culture. Actually their chances of familiarising with classical music and culture are limited. This is the thought behind the creation do SPIC MACAY in 1977. The Society For The Promotion Of Indian Classical Music And Culture Amongst Youth. Eminent artists who have gained recognition and reputation on in their respective arts are contracted by the organization and we deputed to perform under the auspices of different chapters and sub-chapters which are functioning in the schools and colleges spread throughout the length and breadth of the country.

With the introduction of the Thrissur Chapter of SPIC MACAY in our college, the cultural activities in our college have taken a new turn. Rev. Fr. Thomas Chakramakkal (Dept. of Mathematics) and Shaju K. Y. (Dept. of Physics) were the Chairperson and Vice Chairperson respectively. Roopak N. (II DC Physics) Prabhavati. P. were the Secretary and Joint Secretary. Prof. T. V. Madhavan was the Treasurer. An Executive Committee was set up with the Sreenivasan T.A (II DC Physics), Sudeep P.B. (II DC Physics), Nandakumar (II DC Physics), Jyothy Madhavan (II DC Maths), Manjusha Peethambaran (II DC Chemistry), Ranjit Kumar (I DC Physics) and K.R. Rajeev (II Pre-degree).

The first programme was on 18th October, a lecture demonstration by Mrs. Pompey Acharya. "Bharat Natyam, Mohiniyattom and Kuchipudi - a comparitive study"; with herself on Mohiniyattam, Ms. Malini Menon and Ms. Resmi Menon on Bharatnatyam and Ms. R. Simi on Kuchipudi.

The IInd programme was held on 2nd November. It was a Lecdem of Carnatic Music by the celebrated musician and great teacher - Mrs. Manikrishnaswami (Madras) with Ms. Akhila assisting her on Vocal, Sri Udayasankar on Mridangam and Sri Chandramathi on violin.

On 15th Jan'96, a Carnatic Nadeswara Rectical by the living legend Sri. Sheikh Chinna Moulana Sahib, took place. He was assisted on Nadaswaram by Sri. Kasim and on Thmil by Sri. Santhilkumar. Sheikh Suthan and Sri. B. Nagraj proceided Sruti and Thalam respectively.

A classic Pandom Mine show was conducted in the seminar hon 14 th February by two artists from Columbia, Latin American MS Beatriz Brooks and Mr. Orzando Moreno.

On 4th March 96, a carnatic flute was presented by Mr. Ludwig Peshe from Germany. Sri Saneer Moham (II Pre Degree) and Sri. K. R. Rajeev (II Pre - Degree) Noticed accompaniments

violin and mridangam respectively. And Jijoy on Sruthi.
On 28th March 96, a Lec - Dem was conducted by Mrs. Sukumari Narendramenon on the subject - "The influence of Classical Music in Flok songs" Sri. Sudaman accompanied on mridangam and Smt. Sudha on violin.

As the Secretary of the organization I request yours co operation for more activities in the years to come.

SECRETARY

EDEN DECORS
IRINJALAKUA
വിവാഹമണ്ഡപ ഡെക്കറേഷൻ, കാർ ഡെക്കറേഷൻ, മാല, ബൊക്കെ,
ഫ്രഷ് ഫ്ളവർ (റോസ, മുല്ല, ആസ്ട്ര), ഐസ്ക്രീം (JOY)
എന്നിവയ്ക്ക് സമീപിക്കുക

Jenson George
Pokkath House
South Bazar IJK
Ph:820510

Robi Caliankara
Caliankara Stores
Combara IJK
Ph:820378

RAYMOND'S A/C
MEN'S FORMALS
For Your Tailoring Perfection
Peejay Complex
Near Private Bus Stand
Nirmala College Road.
South Junction, Chalakudy

Shameem
☎ 821831
MOTOR DRIVING INSTITUTE
&
AUTO CONSULTANT
IRINJALAKUDA
THRISSUR DT.

കോളേജ് യൂണിയൻ റിപ്പോർട്ട് 95-96



ഇന്ദ്രൻ കെ. എൻ.
ജനറൽ സെക്രട്ടറി

അതിഭീകരമായ പരീക്ഷണങ്ങളുടെയും, ഉജ്ജ്വലമായ പൊരുതി നില്പിന്റേയും സന്ധിയില്ലാത്ത പോരാട്ടത്തിന്റേതുമായ ഒരു വർഷത്തിലൂടെയായിരുന്നു നാം കടന്നുപോയത്. ഔപചാരികമെങ്കിലും വർഷാന്ത്യത്തിന്റെ അനുഷ്ഠാനമാണല്ലോ നടന്നു വന്ന വഴികളിലേക്കുള്ള ഈ തിരിഞ്ഞു നോക്കൽ. പിന്നിട്ട പാതകളിലേക്ക് ഒന്നു തിരിഞ്ഞു നോക്കുന്നു.....

ഒരു കോളേജ് യൂണിയൻ കൊണ്ട് ഒരു ഒരു വിപ്ലവം സൃഷ്ടിച്ചുകളയാം എന്ന വ്യാമോഹമൊന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല. പരിമിതിയുടെ അഴിയാക്കുരുക്കുകളിൽ പെട്ടുഴലുന്ന യൂണിയൻ, വിദ്യാർത്ഥി പ്രതിഭയെ നേരായ വിധത്തിൽ കണ്ടെത്തുന്ന കാര്യത്തിൽ പോലും, വളരെ ചെറിയൊരു സാധ്യതയെ ഉണ്ടായിരുന്നുള്ളൂ. "പതിവായി നിലനിന്നു പോന്നിരുന്ന തെറ്റായ പ്രവർത്തന രീതികളെ ചോദ്യം ചെയ്തു കൊണ്ട് പുതിയ പാതകളിലേക്ക് ഇറങ്ങി ചെന്നു കൊണ്ട്, കോളേജ് യൂണിയനെ വിദ്യാർത്ഥികളുടെ ഒരു 'സർഗ വേദി'യായി ഉയർത്തുവാൻ ശ്രമിച്ചപ്പോൾ ഞങ്ങൾക്കൊരുപാട് എതിർപ്പുകൾ ഏറ്റുവാങ്ങേണ്ടി വന്നു. ഞങ്ങളുടെ സങ്കല്പത്തിലെ ഒരു യൂണിയൻ തലത്തിലേക്ക് പൂർണ്ണമായും ഉയർത്തി കൊണ്ടു വരുവാൻ പരിമിതികൾ ഞങ്ങളെ അനുവദിച്ചില്ല എന്ന് തീവ്രമായ വേദനയോടും രോഷത്തോടും കൂടി പറയട്ടെ.....

ആഗസ്റ്റ് 31-ാം തിയതി കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് നടന്നു. രാഷ്ട്രീയ കാഴ്ചപ്പാടിലെ വ്യക്തമായ മാറ്റങ്ങളാണ് തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. പുരോഗമന വിദ്യാഭ്യാസത്തിന്റെ വക്താക്കൾ ക്രൈസ്റ്റിലെ വിദ്യാർത്ഥികളുടെ അംഗീകാരം നേടി. 1995-96 ലെ യൂണിയൻ സാരഥ്യം വിദ്യാർത്ഥികളാൽ കൈപിടിച്ചേൽപ്പിക്കപ്പെട്ടവർ ഇവരായിരുന്നു.

ചെയർമാൻ	- തോമസ്. എം. പി.
വൈസ് ചെയർ പേഴ്സൺ	- പ്രിയ കെ. എസ്.
ജന. സെക്രട്ടറി	- ഇന്ദ്രൻ കെ. എൻ.
ജോ. സെക്രട്ടറി	- ഷാലി സി. പി.
യു. യു. സി	- ബൈജു കെ. സി.
"	- പ്രിയദർശിനി എ. വി.
എഡിറ്റർ	- ജോസഫ് പി. എ.
ഫൈനാർട്ട്സ് സെക്രട്ടറി	- ബിജോയ് പി. ടി.
ജന. ക്യാപ്റ്റൻ	- എബി ചാക്കോ.

യൂണിയന്റെ യോഗത്തിൽ മൂന്നാം വർഷ ഡിഗ്രി പ്രതിനിധി ശ്രീനിവാസൻ ടി. എ., നാലാം വർഷ ഡിഗ്രി പ്രതിനിധി സെബാസ്റ്റ്യൻ വി. എം. എന്നിവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു.

ഔപചാരികമായ ഉദ്ഘാടനത്തിനു മുൻപു തന്നെ യൂണിയൻ പ്രവർത്തനം ആരംഭിച്ചു. സെപ്തംബർ 21 ന് യൂണിയന്റെ ആഭിമുഖ്യത്തിൽ പുക്കള മൽസരം സംഘടിപ്പിച്ചതോടെ ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങൾക്ക് തിരശ്ശീലയുയർന്നു.

യൂണിയൻ ഉദ്ഘാടനം

1995 ഒക്ടോബർ 17 ന് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ വച്ച് ബഹുമാന്യനായ ഫാദർ ജോസ് ചിറ്റിലപ്പിള്ളി യൂണിയന്റെ ക്രിയാത്മക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. തദവസരത്തിൽ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ ഡോ. രാജാ ഹരിപ്രസാദ് ആശംസാപ്രസംഗം നടത്തി. ഉദ്ഘാടന സമ്മേളനത്തിനു ശേഷം 'ട്രിച്ചൂർ വോയ്സ്' അവതരിപ്പിച്ച ഗാനമേള വിദ്യാർത്ഥികളെ ഹരം പിടിപ്പിക്കുന്നതായിരുന്നു.

അസോസിയേഷൻ പ്രവർത്തനങ്ങൾ

ഒക്ടോബറിൽ തന്നെ അസോസിയേഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കെമിസ്ട്രി അസോസിയേഷനാണ് ആദ്യം പ്രവർത്തനം ആരംഭിച്ചത്. നവംബർ മാസത്തിൽ മറ്റു അസോസിയേഷനുകളും പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിട്ടും അവയൊന്നും ഉപയോഗിക്കാൻ കഴിയാതെ പോകുന്നു വെന്നത് നിരാശാജനകമാണ്. എന്നാൽ ചുരുക്കം ചില അസോസിയേഷനുകളുടെ പ്രവർത്തനം ആശാവഹമായിരുന്നു.

ഫൈൻ ആർട്ട്സ് ഡേ

നവംബർ 25-ാം തീയ്യതി ഇരിഞ്ഞാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. റോസ് വിൽസൺ അദ്ധ്യക്ഷയായ ചടങ്ങിൽ ഫൈനാർട്ട്സ് ക്ലബിന്റെ ഉദ്ഘാടനം മലയാളത്തിന്റെ പ്രിയപ്പെട്ട കവി പ്രൊഫ. മധുസൂദനൻ നായർ നിർവഹിച്ചു. വാക്കിന്റെ വഴികളിലൂടെ അദ്ദേഹത്തെ അനുഗമിച്ച ക്രൈസ്റ്റ് വിദ്യാർത്ഥികളിൽ നിന്ന് കൂക്കിവിളികർ ഉയരാത്ത ഒരു നിമിഷം ഓഡിറ്റോറിയത്തിന് പുതുമയായിരുന്നു. ചടങ്ങിൽ കഥാകൃത്ത് അശോകൻ ചരുവിൽ ആശംസാ പ്രസംഗം നടത്തി. എല്ലാ അർത്ഥത്തിലും ക്രൈസ്റ്റിലെ കലാകാരൻമാരുടെ ദിനമായിരുന്നു ഫൈൻ ആർട്ട്സ് ദിനം. കൂട്ടുകാർ അവതരിപ്പിച്ച ഗാനമേളയായിരുന്നു മുഖ്യ ഇനം.

യൂണിവേഴ്സിറ്റി ജൂഡോ ചാമ്പ്യൻഷിപ്പ്

ഡിസംബർ 4ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ജൂഡോ ചാമ്പ്യൻഷിപ്പ് യൂണിയനും ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റും ചേർന്ന് നടത്തുകയുണ്ടായി. ക്രൈസ്റ്റ് ജൂഡോ ടീം വീണ്ടും ചാമ്പ്യൻഷിപ്പ് നേടി.

ഇൻട്രാ മ്യൂറൽ സ്പോർട്ട്സ്

ഇൻട്രാ മ്യൂറൽ സ്പോർട്ട്സ് ഉദ്ഘാടനം വൈസ് പ്രിൻസിപ്പൽ ഫാദർ തോമസ് ചക്രമാക്കൽ നിർവഹിച്ചു. തുടർന്നു നടന്ന മിസ്റ്റർ ക്രൈസ്റ്റ് മൽസരത്തിൽ ടോണി പാറയ്ക്കൽ മിസ്റ്റർ ക്രൈസ്റ്റ് ചാമ്പ്യൻഷിപ്പ് നേടി. തദവസരത്തിൽ ക്രൈസ്റ്റിന്റെ അഭിമാനവും 'മിസ്റ്റർ കാലിക്കറ്റു'മായ മധുവിനെ അനുമോദിച്ചു കൊണ്ട് കോളേജ് യൂണിയൻ ഉപഹാരം സമർപ്പിക്കുകയുണ്ടായി.

കുറ്റി രംഗാവിഷ്ക്കരണം

അടിയാള വർഗത്തിന്റെ മുഴുവൻനാക്കുകളും താങ്ങി കൊണ്ട് ചോര കക്കുന്ന തൊണ്ടകൊണ്ട് കുറത്തിയലറുന്നു-

"നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടു കൊന്നില്ലേ

നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുത്തില്ലേ"

സ്ഥലം ഓഡിറ്റോറിയം: ഡിസംബർ 12ന്റെ വിളറിയ മദ്ധ്യാഹ്നം അരങ്ങത്ത് മണലൂർ വിദ്യാകലാസാസ്കാരിക വേദിയുടെ 'കുറത്തി രംഗാവിഷ്ക്കരണം.' കടമ്മനിട്ടയിലെ നെല്ലിൻ തണ്ടു മണക്കുകയും എള്ളിൻ നാമ്പു കുരുക്കുകയും ചെയ്യുന്ന ഇടവഴികളിലൂടെ നടന്നു വന്ന കവിയുടെ ചോദ്യം കാമ്പസിൽ ഇടിമുഴക്കമാകുന്നു.

കാമ്പസ് ഉൽസവം

ഡിസംബർ 14ന് മങ്ങാടിക്കുന്നിലെ പുൽക്കൊടികളേയും മൺതരികളേയും പുളകമണിയിച്ച കാമ്പസ് ഉൽസവത്തിന് പ്രിൻസിപ്പൽ റവ. ഫാ. ജോസ് ചിറ്റിലപ്പിള്ളി തുടക്കം കുറിച്ചു. ഹൈ എനർജി മ്യൂസിക്കിനു പുറകെ പായാൻ ശ്രമിക്കുന്ന യുവതലമുറ ചിന്തു പാട്ടിന്റെ ശീലുകൾക്കൊപ്പം സ്വയം മറന്ന് നീങ്ങുന്ന കാഴ്ച ക്രൈസ്റ്റിനൊരു പുതുമയായിരുന്നു. പൂക്കാവടികൾ, നാദസ്വരം, കരകാട്ടം, പുലിക്കളി തുടങ്ങിയവയുടെ അകമ്പടിയോടെ ക്രൈസ്റ്റിലെ വിദ്യാർത്ഥികൾ കൈയ്യും മെയ്യും മറന്ന് ഉൽസവ ലഹരിയിൽ ആറാടി. പതിവിൽ നിന്ന് വ്യത്യസ്ഥമായി ക്രൈസ്റ്റിലെ മുഴുവൻ വിദ്യാർത്ഥികളും ഈ ഉൽസവത്തിൽ പങ്കു ചേർന്നപ്പോൾ നമ്മുക്കു നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന സാസ്കാരിക പൈതൃകത്തെ സംരക്ഷിക്കുന്നതിനായി ഞങ്ങൾ നടത്തിയ എളിയ ശ്രമം വിജയമാക്കാൻ കഴിഞ്ഞതിലുള്ള കൃതാർത്ഥയായിരുന്നു യൂണിയന്.

ക്രൈസ്റ്റ് കോളേജ് ഫുട്ബോൾ ടൂർണമെന്റ്

പതിവായി നടന്നു വരാറുള്ള കണ്ടംകുളത്തി ലോനപ്പൻ സ്മാരക ഓൾ കേരള ഇന്റർ കൊളീജിയറ്റ് ഫുട്ബോൾ മൽസരങ്ങൾ ഡിസംബർ 18 മുതൽ 22 വരെ ക്രൈസ്റ്റ് കോളേജ് മൈതാനത്തു നടന്നു. വീറും വാശിയും മുറ്റി നിന്ന മൽസരങ്ങളുടെ കലാശക്കളിയിൽ എസ്. ബി. കോളേജ് ചങ്ങനാശ്ശേരിയെ പരാജയപ്പെടുത്തി ശ്രീ കേരളവർമ്മ കോളേജ് ചാമ്പ്യൻമാരായി.

കരോൾ മൽസരം

രക്ഷകന്റെ ജനനദിവസത്തെ അനുസ്മരിക്കുന്നതിന്റെ ഭാഗമായി ഡിസംബർ 21ന് യൂണിയന്റെ നേതൃത്വത്തിൽ കരോൾ മൽസരം നടന്നു. ആവേശകരമായ മൽസരത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അസോസിയേഷൻ 1-ാം സ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം ഫിസിക്സ് അസോസിയേഷനും മൂന്നാം സ്ഥാനം ഇക്കണോമിക്സ് അസോസിയേഷനും നേടി.

പുസ്തക പ്രദർശനം, സാഹിത്യ സംവാദം

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ജനുവരി 10-ാംതീയ്യതി സാഹിത്യ സംവാദവും പുസ്തക പ്രദർശനവും നടന്നു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സാഹിത്യ സംവാദത്തിൽ സവ്വർശ്രീ. സി. പി. രാജശേഖരൻ, രാവണ്ണി, വി. ജി. തമ്പി, ശ്രീദേവി, വി. പി. ജോൺസ് തുടങ്ങിയവർ പങ്കെടുത്തു. സാഹിത്യ പ്രേമികളായ ഒരുപാടു വിദ്യാർത്ഥികൾക്ക് അറിവും ആവേശവും പകർന്ന ഒന്നായിരുന്നു ഈ സംവാദം.

നമ്മിൽ ഒരു മുറിവുണ്ടാക്കുക, അതാണ് പുസ്തകങ്ങളുടെ സാഫല്യം. പ്രാചീനവും ആധുനികവുമായ ഈ ഭൂമിയുടെ നിലവിളികളാണ് പുസ്തകങ്ങൾ. ഒരർത്ഥത്തിൽ നാം നമ്മെ അറിയലാണ്. ഇത് ഉൾക്കൊണ്ടു കൊണ്ട് തന്നെയാണ് യൂണിയൻ പുസ്തക പ്രദർശനവും സാഹിത്യ സംവാദവും സംഘടിപ്പിച്ചത്. സിലമ്പസിന്റെ ചട്ടക്കൂടിലൊതുങ്ങി കഴിയുന്ന ഒരു വിഭാഗം വിദ്യാർത്ഥികളും അദ്ധ്യാപകരും ഈ മങ്ങാടിക്കുന്നിലെ കോൺക്രീറ്റ് മതിലുകൾക്കുള്ളിൽ കഴിയുന്നു എന്ന ദുഃഖസത്യം അവശേഷിക്കുന്നു.

ചലച്ചിത്രോൽസവം

ഓഡിറ്റോറിയത്തിൽ തിരക്ക് ..... ജനാലകളിലൂടെ അരിച്ചെത്തുന്ന വെളിച്ചം കറുത്തതുണിക്കൊണ്ട് മറക്കപ്പെടുന്നു ..... സ്റ്റേജിലെ താൽക്കാലിക സ്ക്രീനിൽ വെളിച്ചം തെളിയുന്നു ..... വർണ്ണങ്ങളും ..... ചലച്ചിത്രോൽസവം ജനുവരി 15 മുതൽ 17 വരെ നടന്നു. മേലേപറമ്പിൽ ആൺവീട്, കൗരവർ, തേൻമാവിൻ കൊമ്പത്ത് എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

ഡി സോൺ കലോൽസവം

ഡിസംബർ 13 തൊട്ട് 23 വരെയുള്ള തീയ്യതികളിൽ കോളേജിനെ പ്രതിനിധീകരിച്ച് ഡി സോൺ കലോൽസവത്തിൽ പങ്കെടുക്കേണ്ടവരെ തെരഞ്ഞെടുത്തു. ഫെബ്രുവരി 1, 2, 3, 4 തീയ്യതികളിൽ തൃശ്ശൂരിൽ വച്ച് നടന്ന കലോൽസവത്തിൽ ക്രൈസ്റ്റിൽ നിന്ന് 250-ഓളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പങ്കെടുത്തു. മറ്റു കലാലയങ്ങളെ ബഹുദൂരം പിന്നിലാക്കി ഇത്തവണയും നമ്മൾ കിരീടം നിലിർത്തി.



കോളേജ് ലൈബ്രറിക്ക് ഒരു പുത്തനുണർവ്വ് ഡിസംബർ 6-ാം തീയ്യതി ചേർന്ന കോളേജ് യൂണിയൻ മീറ്റിംഗിൽ കറന്റ് ബുക്സിന്റെ വി. ഐ. പി. ബുക്ക് ക്ലബ്ബിൽ ചേരാൻ തീരുമാനിച്ചു. ഈ സ്കീം പ്രകരം കോളേജ് യൂണിയൻ മൂവായിരം രൂപ മുടക്കി വാങ്ങിയ മൂന്നു വി. ഐ. പി. കാർഡുകളും ഈ വർഷം ലഭ്യമായ പുസ്തകങ്ങളും ജനുവരി 10-ാം തീയ്യതി ശ്രീ. സി. പി. രാജശേഖരൻ കോളേജ് പ്രിൻസിപ്പലിനു കൈമാറി. ഈ പദ്ധതി പ്രകാരം എല്ലാ വർഷവും ആയിരത്തോളം രൂപയുടെ പുതിയ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് ലഭിക്കും എന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കട്ടെ.

വടംവലി മൽസരം

ആവേശകരമായ വടംവലി മൽസരത്തിൽ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾ ഒന്നാം സ്ഥാനവും രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥികൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

കബഡി മൽസരം

ഫെബ്രുവരി ആദ്യവാരത്തിൽ നടത്തിയ കബഡി മൽസരത്തിൽ അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾ ഒന്നാം സ്ഥാനവും ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സമയ പരിമിതി കായിക രംഗത്തെ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചു.

കലാലയ ദിനം

ശ്രീ. കുഞ്ഞുണ്ണി മാസ്റ്റർ മുഖ്യാതിഥി ആയ സമ്മേളനത്തിൽ വച്ച് കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾ ഔപചാരികമായി സമാപിച്ചു. അതേ വേദിയിൽ വച്ച് പിരിഞ്ഞു പോകുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പു നൽകി. സമ്മേളനത്തോടനുബന്ധിച്ച് ആലപ്പുഴ ക്ലാപ്സിലെ കലാകാരൻമാർ അവതരിപ്പിച്ച ഗാനമേളയിൽ വിദ്യാർത്ഥികൾ സ്വയം മറന്ന് ലയിച്ചിരുന്നു.

കൂട്ടരെ,

പരിമിതിക-ക്കുള്ളിൽ ഒതുങ്ങി കൊണ്ട് തന്നെ യൂണിയനെ വിദ്യാർത്ഥികളുടെ ഒരു പൊതു വേദിയാക്കിത്തീർക്കുന്നതിന് ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. അതിശക്തവും ഐതിഹാസികവുമായ വിദ്യാർത്ഥി പ്രക്ഷോഭണങ്ങൾ വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണത്തിനും കച്ചവടവൽക്കരണത്തിനുമെതിരെ ശക്തമായ ഭാഷയിൽ പ്രതികരിച്ചപ്പോൾ വീണുകിട്ടിയ വിദ്യാദിനങ്ങൾ

ശുഷ്ക്കമായിരുന്നു. എങ്കിലും ചുരുങ്ങിയ നാളുകൾ കൊണ്ട് പ്രതികരണശേഷിയുള്ള ഒരു പ്രബുദ്ധ സമൂഹത്തെ വാർത്തെടുക്കുന്നതിന് ആശയ വിപ്ലവത്തിലൂടെ അന്ധകാരത്തിന്റെ ജീർണ്ണതകളെ ഒരു സാംസ്കാരിക നവോത്ഥാനത്തിലേക്ക് മാറ്റിയെടുക്കുന്നതിന് ഞങ്ങൾക്ക് ഏറെക്കുറെ കഴിഞ്ഞതിൽ സന്തുഷ്ടിയുണ്ട്. വരും കാല പ്രവർത്തനങ്ങളിൽ പുരോഗമന സാസംകാരിക മൂല്യങ്ങളെ ഉയർത്തി പിടിക്കുവാൻ ഈ പിന്തുണ, വരും കാല യൂണിയനുകളിലൂടെ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

ഞങ്ങൾക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സഹകരിച്ച ബഹുമാനപ്പെട്ട പ്രിൻസിപ്പാളച്ചനും, ഞങ്ങളോട് സഹകരിച്ച നല്ലവരായ വിദ്യാർത്ഥി സുഹൃത്തുക്കളോടും, അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്കും ഞാനിയവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. കർമ്മനിരതനായ ഒരു സ്റ്റാഫ് അഡ്വൈസർ ഈ യൂണിയന ലഭിച്ച ഭാഗ്യം തന്നെയാണ്. യൂണിയന്റെ മുഴുവൻ സമയ പ്രവർത്തകനായി മാറിക്കൊണ്ട് ഞങ്ങളിലൊരാളായി പ്രവർത്തിച്ച സ്റ്റാഫ് അഡ്വൈസർ ടി. വി. ജെയിംസ് സാറിനും ഞാൻ പ്രത്യേകം നന്ദി പറയുന്നു. പുതിയ പ്രവർത്തന രീതികൾ അവലംബിക്കുന്നതിനായി ഞങ്ങൾക്കൊത്തിരിയേറെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ശ്രീ. സെബാസ്റ്റ്യൻ ജോസഫ് സാറിനും നന്ദി. പ്രവർത്തനങ്ങളിൽ സഹകരിച്ച ഏവർക്കും ഒരിക്കൽ കൂടി നന്ദി പറഞ്ഞു കൊണ്ട് ഒരാണ്ടത്തെ സംക്ഷിപ്ത വിവരണം നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു-വിലയിരുത്തലിനായി

അഭിവാദ്യങ്ങളോടെ

ഇന്ദ്രൻ കെ. എൻ
ജനറൽ സെക്രട്ടറി.

വേറിട്ട ചുവടുവയ്പുകൾ....



യൂണിയൻ നൽകിയ പുസ്തകശേഖരം ശ്രീ. സി. പി രാജശേഖരൻ പ്രിൻസിപ്പലിനു കൈമാറുന്നു



വിജയകരമായി പര്യവസാനിച്ച കാമ്പസ് ഉൽസവം പ്രിൻസിപ്പൽ തകിൽ കൊട്ടി ഉൽഘാടനം ചെയ്യുന്നു.



വർണ്ണമേളങ്ങൾ



കാമ്പസിൽ പുലികളും

With best compliments from :

I S I Approved

THOMSON PIPES

Manufacturers of P V C Pipes & Garden Hose

Elinjipra Chalakudy

Phone - 842405, 842351 & 844405

A Kanichai Product.

UNION INAUGURATION....



യൂണിയൻ പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ച് കൊണ്ട്
പ്രിൻസിപ്പൽ സംസാരിക്കുന്നു.



മുഖ്യാതിഥി ഡോ. രാജാഹരിപ്രസാദ്
തന്റെ ചിന്തകളിലൂടെ



"പൂത്തുലയുന്ന സംഗീതം"
ട്രിച്ചൂർ വേവ്സിന്റെ ഓർക്കസ്ട്ര



"പ്രൗഢമീ വേദി"



"സദസ്സിലൂടെ"

എൻ. എസ്. എസ്. വാർഷിക റിപ്പോർട്ട് – 1995 – '96.

(യൂണിറ്റ് നമ്പർ – 49, 70, 20)

'നാഷണൽ സർവ്വീസ് സ്കീം' ക്രൈസ്റ്റ് കോളേജ് യൂണിറ്റുകൾ, കർമ്മോജ്ജ്വലതയുടെ തിളക്കമാർന്ന പ്രവർത്തന പരിപാടികൾ കാഴ്ചവെച്ചുകൊണ്ട് പ്രശസ്തിയുടെ പടവുകൾ താണ്ടിയ ഒരു വർഷമാണിതിലെ പിന്നിട്ടത്. നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തന പരിപാടികളുടെ വാർഷിക റിപ്പോർട്ട് തികഞ്ഞ സന്തോഷത്തോടെ അഭിമാനപൂരസ്സരം ഞങ്ങൾ സമർപ്പിക്കുന്നു. പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. കെ. ജെ. ജോസഫ്, വി. പി. ആന്റോ, ലിസ് ജോബ് മുണ്ടയ്ക്കൽ; യൂണിറ്റ് സെക്രട്ടറിമാരായ പി. കെ. കുമാരൻകുട്ടി, കെ. ബി. ഷാജു, സേഫി റാഫേൽ; പ്രോഗ്രാം കൺവീനർ എം. കെ. ഗോപാലകൃഷ്ണൻ; എക്സിക്യൂട്ടീവ് അംഗങ്ങളായ പി. എ. സജീവൻ, സി. പി. ഷിജു എന്നിവർ പ്രവർത്തനപരിപാടികൾക്ക് നേതൃത്വം നൽകി.

കേരള ഗ്രന്ഥശാലാ സംഘം സ്ഥാപക നേതാവ്, സാക്ഷരതാ പ്രവർത്തകൻ, സാമൂഹിക സാംസ്കാരിക നേതാവ് എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. പി. എൻ. പണിക്കരുടെ നിര്യാണത്തിൽ അനുശോചനമറിയിക്കുന്നതിനുവേണ്ടി ജൂൺ 20-ാം തിയതി ചേർന്ന അനുശോചന സമ്മേളനത്തോടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി.; ജൂലായ് 31-ന് ചേർന്ന യോഗത്തിൽ വച്ച് പുതുക്കാട് പ്രജ്യോതി നികേതൻ കോളേജ് ലേയ്ക്ക് പ്രിൻസിപ്പലായി (ഡെപ്യൂട്ടേഷൻ) പോകുന്ന റവ. ഫാദർ ഫ്രാൻസിസ് കുരിശ്ശേരിയ്ക്ക് തന്റെ പുതിയ കർമ്മ മേഖലയിൽ ശോഭിക്കുന്നതിന് ആശംസകൾ അർപ്പിക്കപ്പെട്ടു.

ഈ വർഷം നടത്തപ്പെട്ട 7 ഏകദിന ശ്രമദാനങ്ങളും രണ്ട് മിനി ശ്രമദാനങ്ങളും കാമ്പസ്സിനകത്തും പുറത്തുമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് നടത്തിയത്. സ്വാതന്ത്ര്യ ദിനത്തിന്റെ 48-ാം പിറന്നാൾ ആഘോഷിക്കുന്ന സുദിനത്തിൽ, സേവനത്തിന്റെ മാഹാത്മ്യത്തെ തങ്ങളുടെ പ്രവർത്തനത്തിലൂടെ ഉയർത്തിക്കാട്ടിക്കൊണ്ട് താലൂക്കാശുപത്രി യിൽ തങ്ങളുടെ ആദ്യത്തെ ഏകദിനശ്രമദാനം നടത്തി. ക്രൈസ്റ്റിലെ സ്റ്റേഡിയം പുല്ലുനീക്കി ശുചീകരിക്കൽ; ഈ കലാലയത്തിന്റെ വിറങ്ങലിച്ച പ്രതിരൂപത്തിന് പുത്തൻ പരിവേഷം നൽകിക്കൊണ്ട് കോളേജ് കവാടം, മതിൽ, ബസ് സ്റ്റോപ്പ് തുടങ്ങിയവ ചായംപൂശി വൃത്തിയാക്കൽ; നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഇൻഡ്യോർ സ്റ്റേഡിയത്തിന്റെ ശുചീകരണം; എൻ. എസ്. എസ്. ഗാർഡൻ വൃത്തിയാക്കൽ; ഇരിങ്ങാലക്കുട താലൂക്കാശുപത്രിയുടെ ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടവയാണ്.

ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പുല്ലൂർ സേക്രഡ് ഹാർട്ട് മിഷൻ ആശുപത്രിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പിൽ എൻ. എസ്.എസ്. അംഗങ്ങൾ അല്ലാത്തവരും നിരവധിപേർ പങ്കെടുത്തു. 350 അംഗങ്ങൾ ഉള്ള രക്തദാനവിഭാഗം 200ലേറെത്തവണ അർഹരായ വർക്ക് സൗജന്യമായി രക്തദാനം ചെയ്തിട്ടുണ്ട്.

'വാട്ടർ ഷെഡ് മാനേജ്മെന്റ് ആന്റ് വെയ്സ്റ്റ്, ലാന്റ് ഡെവലപ്പ്മെന്റ്' എന്ന വിഷയത്തേക്കുറിച്ച് തൃശ്ശൂർ ശ്രീ. കേരള വർമ്മ കോളേജിൽ വച്ച് സംഘടിപ്പിക്കപ്പെട്ട സെമിനാർ; തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വെച്ചു നടന്ന സെമിനാർ, എയ്ഡ്സ് ബോധവൽക്കരണത്തിന്റെ ഭാഗമായി കളമശ്ശേരിയിലെ രാജഗിരി കോളേജിൽ വെച്ചു നടന്ന ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ; നിയമ ബോധവൽക്കരണത്തിന്റെ തൃശ്ശൂർ ലോ കോളേജിൽ വെച്ചു നടന്ന ത്രിദിന സെമിനാർ; തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ചു നടന്ന ദേശഭക്തിഗാന മത്സരം എന്നീ പരിപാടികളിൽ നമ്മുടെ യൂണിറ്റുകളെ പ്രതിനിധീകരിച്ച് നിരവധിപേർ പങ്കെടുത്തു.

എൻ. എസ്. എസ്. യൂണിറ്റുകളുടെ ശ്രദ്ധേയമായ ഒരു സംരംഭമാണ് പ്രതിഭ'95 അന്തർ സർവ്വകലാശാലാ പ്രസംഗമത്സരം കാലിക്കറ്റ് സർവ്വകലാശാലയുടെ ചരിത്രത്തിൽ ആദ്യമായാണ് എൻ. എസ്. എസ്.ന്റെ ആഭിമുഖ്യത്തിൽ ഒരു അന്തർ സർവ്വകലാശാല മത്സരം സംഘടിപ്പിക്കപ്പെടുന്നത്. കോഴിക്കോട്, മഹാത്മാഗാന്ധി, കാർഷിക സർവ്വകലാശാലകളിലെ 23 കോളേജുകളിൽനിന്ന് 38 വിദ്യാർത്ഥികൾ പങ്കെടുത്തു. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ യഥാക്രമം എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളേജിനും, പട്ടാമ്പി നിലകണ്ഠ ഗവ. സംസ്കൃത കോളേജിനും, എറണാകുളം മഹാരാജാസ് കോളേജിനും ലഭിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററായ പ്രൊഫ. കെ. അബൂബക്കറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനത്തിൽ വെച്ച് ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. റോസ് വില്ല്യംസ് സമ്മാനദാനം നിർവ്വഹിച്ചു.

എൻ. എസ്. എസ്സി. ന്റെയും, കേരള സംസ്ഥാന നിയമ സഹായ ഉപദേശകബോർഡിന്റേയും ലീഗൽ ലിറ്ററസി സെല്ലിന്റേയും സംയുക്താഭിമുഖ്യത്തിൽ പരിതസ്ഥിതി നിയമങ്ങളെക്കുറിച്ച് ഒരു ഇന്റർ കോളീജിയറ്റ് സെമിനാർ സംഘടിപ്പിക്കപ്പെട്ടു. കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ നിന്നുമായി നൂറിലധികം അംഗങ്ങൾ പങ്കെടുത്തു. ഇരിങ്ങാലക്കുട ബസ്സ്റ്റാന്റിൽ ബസ്സുകളുടെ സമയം കാണിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിച്ചത് ശ്രദ്ധേയവും ഉപകാരപ്രദവുമായി.

ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെ സ്തുത്യർഹമായ പ്രവർത്തനങ്ങളുടെ അംഗീകാരമായി മൂന്നാമതൊരു യൂണിറ്റു കൂടി (യൂണിറ്റ് നമ്പർ – 20) അനുവദിച്ചുകിട്ടി.

ആളൂർ പഞ്ചായത്തിലെ കാരൂരിൽ ഡിസംബറിൽ നടന്ന ദശദിന ക്യാമ്പിൽ 150 അംഗങ്ങൾ പങ്കെടുത്തു. പ്രിൻസിപ്പാൾ ഫാദർ ജോസ് ചിറ്റിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് പ്രൊഫ. മീനാക്ഷിത്തമ്പാൻ എം. എൽ. എ. ക്യാമ്പ് ഉത്ഘാടനം ചെയ്തു. കാരൂർ പാറങ്ങാടി പള്ളിറോഡ് 2 കിലോമീറ്റർ നീളത്തിലും 8 മീറ്റർ വീതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി സഞ്ചാരയോഗ്യമാക്കി. ദിവസേനയുള്ള ശ്രമദാന പരിപാടികൾക്കു പുറമേ ഭവന സന്ദർശനം, ക്രിസ്മസ് പരിപാടികൾ, പ്രഭാഷണങ്ങൾ, ചർച്ചാക്ലാസ്സുകൾ, ഗ്രാമദർശൻ, കലാകായിക മത്സരങ്ങൾ, ഗ്രാമോത്സവം എന്നിവയും ക്യാമ്പംഗങ്ങൾ നടത്തി. മുൻ വർഷങ്ങളിലെ അംഗങ്ങൾക്ക് ഒത്തുചേരുവാൻ ഡിസംബർ 26 എക്സ് വളന്റിയേഴ്സ് ഡേ ആയി ആഘോഷിച്ചു. ക്യാമ്പിന്റെ സമാപനസമ്മേളനം പി.സി. ചാക്കോ എം.പി. ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ചെയർ പേഴ്സൺ പ്രൊഫ. റോസ് വില്ല്യംസ് സമ്മാനദാനം നിർവ്വഹിച്ചു.

ഈ വർഷം മുതൽ നിലവിൽ വന്ന ക്യാമ്പിലെ മികച്ച പുരുഷ ക്യാമ്പർക്കുള്ള 150 രൂപയുടെ ശ്രീ. തോമസ് . ഡി. പാറക്കൽ എൻഡോവ്മെന്റ് അവാർഡിന് എം.കെ. ഗോപാലകൃഷ്ണനും മികച്ച വനിതാ ക്യാമ്പർക്കുള്ള 150 രൂപയുടെ കുടിയിരുപ്പിൽ കൊച്ചാപ്പു മെമ്മോറിയൽ അവാർഡിന് ലിജി വിജയനും അർഹരായി.

പ്രവർത്തന പരിപാടികളുടെ സമാപനം കുറിച്ചുകൊണ്ട് കോളേജിൽ സംഘടിപ്പിച്ച എൻ. എസ്. എസ്. ദിനാഘോഷം ബഹു കോളേജ് ബർസാർ ഫാ. ജോർജ്ജ് ചിറമൽ ഉദ്ഘാടനം ചെയ്തു. അവസാനവർഷ അംഗങ്ങൾക്ക് ഈ ദിനത്തിൽ യാത്രയയപ്പു നൽകി. അടുത്ത വർഷത്തെ യൂണിറ്റ് സെക്രട്ടറിമാരായി പി. എ. സജീവൻ, സി. പി. ഷിജു, എ.ജി. ഷിംജിത; പ്രോഗ്രാം കൺവീനറായി ബി. അനീഷ്കുമാർ; ആർട്ട്സ് കൺവീനറായി കെ. എസ്. ജലീൽ; എക്സിക്യൂട്ടീവ് അംഗങ്ങളായി യു. എസ്. ബൈജു, എം.എൽ. ബിജു, പി. രാജേഷ്കുമാർ, കെ. കെ. പ്രശാന്ത്, ലിജി വിജയൻ എന്നിവരെ തിരഞ്ഞെടുത്തു.

കടന്നുപോയ വർഷത്തെ പ്രവർത്തനങ്ങൾ വിജയിപ്പിച്ച എല്ലാവരോടും നന്ദിയോടെ, പ്രോഗ്രാം ഓഫീസർമാർ.



V. P. Anto
Programme Officer



K. J. Joseph
Programme Officer



Liss Job Mundakkal
Programme Officer



Kumarankutty
Unit Secretary



Shaju K. B
Unit Secretary



Sophy Raphel
Unit Secretary



Gopalakrishnan
Programme Convener



Chitrakumar
Best Discipliner



Seena P. B
Best Discipliner



Udaya T
Best Day Officer



Santhosh Sani
Best Day Officer



Anitha Dhas H
Promising Volunteer



Manikandan
Promising Volunteer



Jaju I. G
Best Entertainer



Shaju K T
Best Worker



Bindu Johny
Best Female Worker



N.S.S. group photo



കൈയ്യും മെയ്യും മറന്ന്...

പ്രതിഭയുടെ മാറ്റ് തെളിയിച്ചവർ....



Jijoy P.R
Interzone winner
monoact, mimicry



Rafeque V.H
Ist Rank M.A Ecno.



Vinay P
Jodo Natinal
participant



Joji M.Varghese
B.Sc Phy.Education
IIIrd Rank



Niyas M.A
Youth Volleyball
Team Captain



Jaleel K.S
'Sargaprathiba'
D'zone



Madhu T.C
Mr.Calicut University



Tony J.Parackal
Mr.Christ



"Golden Five with Talented Ustad"
Christ College Mime Team

ആശംസകൾ

ഇരിങ്ങാലക്കുട കുറീസ് & ഫൈനാൻസസ്

(പ്രൈവറ്റ്) ലിമിറ്റഡ്, ഇരിങ്ങാലക്കുട. ഫോൺ: 822837, 820154, 821081

(കുറീസ് ബിൽഡിംഗ്, മുനിസിപ്പൽ ബസ്സ്റ്റാന്റിനു സമീപം

അഡ്വ. A. P. ജോർജ്
ചെയർമാൻ,
ഇരിങ്ങാലക്കുട.
ശ്രീ. L. V. ജേക്കബ്
മാനേജിംഗ് ഡയറക്ടർ,
ഇരിങ്ങാലക്കുട.

അഡ്വ. K. N. സുബ്രഹ്മണ്യൻ
ഡെപ്യൂട്ടി ചെയർമാൻ,
ഇരിങ്ങാലക്കുട.
മാനേജർ K. M. അബ്ദുൾറഹിമാൻ
"സാഹല്യം"
ഇരിങ്ങാലക്കുട.

ബ്രാഞ്ചുകൾ: ബാങ്കളൂർ, ഹരിദാബാദ്

കമ്പനിയിൽ നിന്നും മൊത്തം 1 കോടി 50 ലക്ഷം രൂ. സഹായമുള്ള കുറികൾ നടത്തി വരുന്നു.

FINE ARTS DAY



കലയുടെ തിരിനാളം



ആലാപനത്തിന്റെ അനന്തതയിലൂടെ...
മധുസൂദനൻ നായർ



കഥയുടെ വഴികൾ
അശോകൻ ചരുവിൽ



ആശംസകൾ
റോസ് വില്ല്യംസ്



"അമ്മയ്ക്കുള്ള കത്തുകൾ"
ആസ്വദിക്കുന്നവരിലൂടെ

എൻ. സി. സി റിപ്പോർട്ട് 1995–1996.

ദേശീയ തലത്തിലുള്ള ക്യാമ്പുകളിൽ പങ്കെടുത്ത് വിജയങ്ങൾ കൊയ്തുകൊണ്ട് നമ്മുടെ എൻ. സി. സി. കമ്പനി ഇതര കോളേജുകൾക്ക് ഒരു മാതൃകയായിത്തീർന്നിരിക്കുന്നു. കേരള ഏന്റ് ലക്ഷദ്വീപ് എൻ. സി. സി. ഡയറക്ടറേറ്റിനെ പ്രതിനിധീകരിച്ചുകൊണ്ട് ന്യൂ ഡൽഹിയിലെ റിപ്പബ്ലിക്ക് ഡേ പരേഡിൽ പങ്കെടുത്ത സർജന്റ് മാർട്ടിൻ പി. എ. യും ബെയ്സിക്ക് ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുത്ത സർജന്റ് സീജോ. ടി. ജോർജ്ജും പ്രത്യേക അഭിനന്ദനങ്ങൾ അർഹിക്കുന്നു.

അണ്ടർ ഓഫീസർ രാജ് നാരായൺ വിശാഖപട്ടണത്ത് റാവു സൈനികക്യാമ്പിൽ എറണാകുളം എൻ. സി. സിഗ്രൂപ്പിനെ പ്രതിനിധീകരിച്ചു. സീനിയർ അണ്ടർ ഓഫീസർ ഔസേപ്പ് കെ. എ., സർജന്റ്മാരായ ബിജുലാൽ എ.ജി., ഷൈൻ വർഗ്ഗീസ് , സൻച്ചലാൽ പി. എസ്സ് എന്നിവർ അസമിലെ നഗവോണിൽ നടന്ന നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിൽ പങ്കെടുത്തു.

കോർപ്പറൽമാരായ സ്റ്റാനി ആന്റണി, ഹരിദാസ് എം. എ, വിമൽദേവ് സി. വി. എന്നിവർ ആലപ്പുഴയിൽ നടന്ന നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിൽ 23–ാം കേരള ബറ്റാലിയൻ തൃശ്ശൂരിനെ പ്രതിനിധീകരിച്ചു. അണ്ടർ ഓഫീസർ ജിജോയ് പി.ആർ, സർജന്റ്മാരായ മാർട്ടിൻ പി. എ., സീജെ. ടി. ജോർജ്ജ്, ഷൈൻ വർഗ്ഗീസ് എന്നിവർ ബൽഗാമിൽ നടന്ന ആർമി അറ്റാച്ചുമെന്റ് ക്യാമ്പിൽ പങ്കെടുത്തു.

ആലുവായിൽ നടന്ന കമ്പയിന്റ് ഓഫീസേഴ്സ് ആന്വൽ ട്രെയിനിംഗ് ക്യാമ്പിൽ ആർ കേഡറ്റുകളും മണ്ണുത്തിയിൽ നടന്ന പ്രി. ആർ. ഡി ക്യാമ്പിൽ അഞ്ച് കേഡറ്റുകളും തലയോലപ്പറമ്പിലും അളഗപ്പ നഗറിലും നടന്ന ആന്വൽ ട്രെയ്നിംഗ് ക്യാമ്പുകളിൽ 25 കേഡറ്റുകളും പങ്കെടുത്തു. റിപ്പബ്ലിക് ഡേ റാലിയിൽഏറ്റവും നല്ല എൻ. സി. സി കമ്പനിക്കുള്ള ട്രോഫി നേടിക്കൊണ്ട് നമ്മുടെ കേഡറ്റുകൾ ക്രൈസ്റ്റിന്റെ യശസ്സ് ഉയർത്തിപ്പിടിച്ചു.

സർവ്വത്ര സജീവവും കർമ്മനിരതവുമായിരുന്നഎൻ. സി. സി സാമൂഹ്യ സേവനരംഗത്തും അവരുടെ കഴിവ് പ്രകടിപ്പിച്ചു. നിരാലംബരായ രോഗികൾക്ക് 20 കേഡറ്റുകൾ രക്തദാനം നടത്തി. തലയോലപ്പറമ്പിലും അളഗപ്പാ നഗറിലും രണ്ട് റോഡുകൾ നന്നാക്കുന്നതിൽ നമ്മുടെ കേഡറ്റുകൾ സജീവ പങ്കാളികളായി. എൻ. സി. സി ഓഫീസർ മേജർ ഇ.ടി. ജോണിന്റെ നേതൃത്വത്തിൽ അനുസരിക്കാനും അനുസരിപ്പിക്കാനും കഴിവുള്ള അച്ചടക്ക ബോധമുള്ള ഒരു യുവശക്തി ഇവിടെ ഉരുത്തിരിഞ്ഞു വരികയാണ്.



Major (Dr.)
E.T. John
N.C.C Officer



Martin P.A
R.D.C Delhi



Ouseph K.A
Senior Under
Officer



Seejo
T.George
B.L.C Delhi



Ranjith Babu
Under
Officer



Raj Narayan
Junior Under
Officer

FEMINA FOOTWEAR

Kallooparambil Complex
Trichur Road
Tana - Irinjalakuda.

Dealers In:

WOODLAND, ACTION, BSc
LIBERTY, MICRO, PARAGON ETC.

സയൻസ് ഫോറം വാർഷിക റിപ്പോർട്ട്.

ശാസ്ത്ര ബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ള വിദ്യാർത്ഥികളെ സൃഷ്ടിച്ച്, അവരിലൂടെ 'ശാസ്ത്രബോധം' ജനങ്ങളിലേക്കെത്തിക്കുക എന്നലക്ഷ്യത്തോടെ രൂപീകരിച്ച സയൻസ് ഫോറം, 95-96 അധ്യയന വർഷത്തിലും ബഹുവിധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

'പഠനശിബിരം'

ജില്ലാ സയൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ യൂണിറ്റുകളേയും പങ്കെടുപ്പിച്ചു കൊണ്ട് നടന്ന ദ്വിദിന പഠനശിബിരത്തിന് വേദിയാവാൻ ക്രൈസ്റ്റ് കോളേജിന് കഴിഞ്ഞു. ആഗസ്റ്റ് 12,13 തിയതികളിലായി നടന്ന ഈ ക്യാമ്പിൽ ഏകദേശം എഴുപതോളം സയൻസ് ഫോറം പ്രവർത്തകർ പങ്കെടുത്തു. വികസന പ്രവർത്തനങ്ങളെപ്പറ്റി വിദ്യാർത്ഥികൾ നടത്തിയ സർവ്വേയെ ആധാരമാക്കി വിശദമായ ചർച്ച നടന്നു. ശാസ്ത്രത്തിന്റെ ചരിത്രത്തെപ്പറ്റി ശ്രീ. ഇ.കെ. നാരായണൻ സംസാരിച്ചു. സോപ്പു നിർമ്മാണത്തിന്റെ സങ്കേതികതയെപ്പറ്റി ശ്രീ. ശങ്കരനാരായണൻ ക്ലാസ്സെടുത്തു. ശാസ്ത്രീയമായി എങ്ങനെ പ്രൊജക്ടുകൾ തയ്യാറാക്കാമെന്ന് ഡോ. ശശിധരൻപിള്ള വിശദീകരിച്ചു.

'സ്വരങ്ങളുടെ ശാസ്ത്രം എന്ന വിഷയത്തിൽ പ്രൊഫ. ജോർജ്ജ് എസ്. പോൾ നടത്തിയ പഠനക്ലാസ്സായിരുന്നു അടുത്തതായി സംഘടിപ്പിക്കപ്പെട്ടത്. സ്വരങ്ങളിലും ശ്രുതികളിലുമുള്ള ശാസ്ത്രീയ വിശദീകരണം തരംഗശാസ്ത്രത്തെ ആധാരമാക്കി അദ്ദേഹം അവതരിപ്പിച്ചു.

അന്ധവിശ്വാസത്തോടെയും ഭയപ്പാടോടെയുമാണ് ഇന്നും ജനങ്ങൾ സൂര്യഗ്രഹണത്തെ അഭിമുഖീകരിക്കുന്നത്. ഡിസംബർമാസത്തിൽ നടന്ന സമ്പൂർണ്ണ സൂര്യഗ്രഹണത്തിന് മുൻപായി Solar System And Eclipses എന്ന വിഷയത്തിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റിലെ ലക്ചർ ശ്രീ. കെ. വൈ. ഷാജു ക്ലാസ്സെടുത്തു. ഗ്രഹണത്തിന്റെ ശാസരത്രീയ വശങ്ങൾ നാട്ടുകാർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ക്ലാസ്സിൽ സംബന്ധിച്ചവിദ്യാർത്ഥികൾ തീരുമാനിച്ചു.

സ്വതസിദ്ധമായ കാവ്യാലാപനശൈലിയിലൂടെ മലയാളികൾക്ക് പരിചിതനായ ശ്രീ. വി. കെ. ശശിധരൻ ക്രൈസ്റ്റ് കോളേജ് ക്യാമ്പസ്സിൽ കവിതകളവതരിപ്പിച്ചു. സയൻസ് ഫോറവും സർഗ്ഗവേദിയും സംയുക്തമായി നവംബർ 27ന് സംഘടിപ്പിച്ച 'കാവ്യ സായാഹ്ന'ത്തിൽ വി.കെ. എസ് പൂതപ്പാട്ട്, ഗീതാഞ്ജലി എന്നീ കവിതകൾ ആലപിച്ചു.

സംഘടനാ പ്രവർത്തനത്തിന്റെ അവസാനത്തെ പരിപാടിയായിരുന്നു 'പരിസ്ഥിതിശാസ്ത്രം' എന്ന വിഷയത്തിൽ പ്രൊഫ. ജോൺ. കെ. തോമാസ് അവതരിപ്പിച്ച Slide Show സ്വാർത്ഥനായ മനുഷ്യന്റെ ചെയ്തികളാൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിതസ്ഥിതി അസന്തുലിതാവസ്ഥ വ്യക്തമായി ചിത്രീകരിക്കുന്നതായിരുന്നു ആ Show. പ്രകൃതിയുമായി യോജിച്ചുപോയാലേ മനുഷ്യരാശിക്കു നിലനിൽപ്പുള്ളൂ എന്ന സത്യം മനസ്സിലാക്കാൻ ആ ക്ലാസ്സിൽ സംബന്ധിച്ച വിദ്യാർത്ഥികൾക്കു കഴിഞ്ഞു.

ശാസ്ത്രദിനം :- സി.വി. രാമന്റെ ജന്മദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 28ന് ജില്ലാകേന്ദ്രങ്ങളിൽ സംഘടിപ്പിച്ച പഠനക്ലാസ്സിൽ ക്രൈസ്റ്റ് കോളേജിൽ നിന്നുള്ള സയൻസ് ഫോറം പ്രവർത്തകർ പങ്കെടുത്തു.

സയൻസ് ഫോറം പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സഹായസഹകരണം നൽകിയ കോളേജ് ഭാരവാഹികൾക്കും മറ്റ് അദ്ധ്യാപകർക്കും, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും സഹൃദയം നന്ദി പറഞ്ഞു കൊള്ളുന്നു.

സസ്നേഹാദരം,

ടി. എ. ശ്രീനിവാസൻ

(കൺവീനർ)

കോമേഴ്സ് അസ്സോസിയേഷൻ വാർഷിക റിപ്പോർട്ട്.

സ്നേഹമുള്ള സുഹൃത്തുക്കളേ..,

നിറഞ്ഞ അഭിമാനത്തോടെ വാണിജ്യ ശാസ്ത്ര അസ്സോസിയേഷന്റെ 1995-'96 അദ്ധ്യയന വർഷത്തെ പ്രവർത്തന റിപ്പോർട്ട് ഞാൻ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കട്ടെ.

ഈ വർഷത്തെ അസോസിയേഷൻ പ്രവർത്തങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 28.11. 1995 ന് തൃശ്ശൂരിലെ പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റായ ശ്രീ. സുകുമാരമേനോൻ. വി. അവർകൾ നിർവ്വഹിക്കുകയുണ്ടായി. ഈ അവസരത്തിൽ ഇപ്പോഴത്തെ ബാങ്കിങ്ങ് മേഖലയെക്കുറിച്ച് ഒരു പ്രഭാഷണം അദ്ദേഹം നടത്തുകയുണ്ടായി തദവസരത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റ് മേധാവി, പ്രൊഫ. ജി. ലക്ഷ്മി നാരായൺ പ്രസ്തുത ചടങ്ങിന് അദ്ധ്യക്ഷം വഹിക്കുകയുണ്ടായി. ഉദ്ഘാടന ചടങ്ങിനു ശേഷം അസോസിയേഷൻ വിദ്യാർത്ഥികളുടെ ഒരു കലാമേള നടത്തുകയുണ്ടായി. എല്ലാ വിദ്യാർത്ഥികളുടേയും ആത്മാർത്ഥമായ സഹകരണം ഈയവസരത്തിൽ പ്രശംസനീയമാണ്.

28.11. 1995ന് ഉച്ചതിരിഞ്ഞ് "Commerce Quiz" നടത്തുകയുണ്ടായി. വാണിജ്യ മേഖലകളേയും, അതിനോടു ചേർന്ന മേഖലകളേയും ഉൾപ്പെടുത്തി നവീനരീതിയിൽ രസകരവും ചിന്തിപ്പിക്കുന്നതുമായ ക്വിസ് മത്സരത്തിന് കത്തീഡ്രൽ ജംഗ്ഷനിലുള്ള അക്കാദമിയിലെ ജോൺസൺ, രാജു എന്നീ അദ്ധ്യാപകർ നേതൃത്വം നൽകുകയും, ഈ മത്സരത്തിൽ രണ്ടാംവർഷ പി.ജി. (II M.Com.)വിദ്യാർത്ഥികൾ സമ്മാനം കരസ്ഥമാക്കുകയുണ്ടായി. എല്ലാ അസോസിയേഷൻ വിദ്യാർത്ഥികളും ക്വിസിൽ ആത്മാർത്ഥമായി സഹകരിച്ചു.

ക്രിസ്തുമസിന്റെ ഭാഗമായി കോളേജ് യൂണിയൻ സംഘടിപ്പിച്ച കരോൾ മത്സരത്തിൽ നമ്മുടെ അസ്സോസിയേഷൻ കരോൾ ടീമിനെ ഇറക്കിയിരുന്നു.

നമ്മുടെ അസോസിയേഷനുവേണ്ടി ക്വിസ് മത്സരം ഒരുക്കിത്തന്ന ജോൺസൺ, രാജു. കെ. ബി. എന്നീ അദ്ധ്യാപകരോടും, ഈ അസോസിയേഷനോടു സഹകരിച്ച എല്ലാ യൂണിയൻ ഭാരവാഹികളോടും, കോളേജ് അധികാരികളോടും നന്ദി പറയാൻ ഞാനീ അവസം ഉപയോഗിക്കട്ടെ.

ഞങ്ങളുടെ ആരാധ്യനായ ഡിപ്പാർട്ട്മെന്റ് മേധാവിയുടെ സഹകരണത്തിനും അതിനേക്കാളുപരി ഡിപ്പാർട്ട്മെന്റിലെ വാത്സല്യനിധികളായ അദ്ധ്യാപകർ, പ്രത്യേകമായി ഓരോരുത്തരും അസോസിയേഷൻ പ്രവർത്തനങ്ങളോടു കാണിച്ച ആത്മാർത്ഥമായ സഹകരണത്തിനും, വാത്സല്യ ഉപദേശങ്ങൾക്കും എന്തിനേറെ അസോസിയേഷൻ പ്രവർത്തനങ്ങളോടു സഹകരിച്ച, അസോസിയേഷന്റെ നട്ടെല്ലായ ഓരോ വിദ്യാർത്ഥി വിദ്യാർത്ഥിനികളോടും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറഞ്ഞുകൊണ്ട്,

ഈ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

ജാജു. ഐ. ജി.

III B.Com.

Commerce Association Secretary.

സി. എസ്. എ. റിപ്പോർട്ട്.

ഫാ. ആന്റണി കുറ്റിക്കാട്ട് അമരക്കാരനായും ആന്റണി എം. പി. (പ്രസിഡന്റ്)ജിജോ ജോർജ്ജ് (സെക്രട്ടറി) വിജോ. കെ. ജി. (ട്രഷറർ) ജോബി ജോൺ & ഷാലി. സി. പി. (വൈസ് പ്രസിഡന്റ്) ടോണി തോമസ് & ലിജി സി.ഡി. (ജോ. സെക്രട്ടറി) എന്നിവർ തുഴക്കാരായും 95-96 വർഷത്തെ C.S.A. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എന്നാൽ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ജോ. സെക്രട്ടറിയായി ഷാലി. സി. പി. തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവിൽ ലിജി വർഗ്ഗീസ് തൽസ്ഥാനം ഏറ്റെടുത്തു. പുത്തൻ ആവേശവുമായി മുന്നേറാൻ ശക്തി നൽകണമെന്ന പ്രാർത്ഥനയോടെ ബഹു. പ്രിൻസിപ്പാൾ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ആർച്ച് ബിഷപ്പ് ജോസഫ് കുണ്ടുകുളം C.S.A യുടെ പ്രവർത്തനങ്ങളുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ ഉറങ്ങിക്കിടക്കുന്ന യുവ ഹൃദയങ്ങളെ തട്ടിയുണർത്തി, മൂല്യാധിഷ്ഠിതമായ ജീവിതം നയിക്കുന്ന കർമ്മോത്സുകമായ ചെറുപ്പക്കാർ ക്രൈസ്റ്റ് കോളേജിലെ C.S.A യ്ക്ക് ഉണ്ടാകട്ടെ എന്നാശംസിച്ചു. പുത്തൻ പ്രതീക്ഷകളും നൂതന ആശയങ്ങളുമായി കലാലയ അന്തരീക്ഷത്തിലേക്ക് കടന്നുവന്ന ഒന്നാം വർഷ പ്രീഡിഗ്രി, ഡിഗ്രി വിദ്യാർത്ഥികൾക്ക് C.S.A യുടെ നേതൃത്വത്തിൽ ഹാർദ്ദവമായ സ്വീകരണം നൽകി. സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയായിരുന്നു C.S.A. യുടെ ഈ വർഷത്തെ പ്രവർത്തനലക്ഷ്യം.

എല്ലാ വെള്ളിയാഴ്ചകളിലേയും മതബോധന ക്ലാസ്സുകളും മാസാദി വെള്ളിയാഴ്ചകളിലെ ദിവ്യബലിയും ഗലീലിയിലെ ലീഡർഷിപ്പ് ക്യാമ്പും പ്രശസ്ത മനഃശ്ശാസ്ത്രജ്ഞനായ റവ. ഫാദർ ഡോ. തോമാസ് അമ്പൂക്കൻ, ഫാ. ആൻഡ്രൂസ് ആഞ്ഞപ്പിള്ളി എന്നിവരുടെ നേതൃത്വത്തിൽ ഡിഗ്രി, പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് സംഘടിപ്പിച്ച ധ്യാനവും ഫാ.പോൾ പൊട്ടക്കൻ, ഡോ. വി. ജെ. പോൾ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറുകളും വെറ്റിലപ്പാറയിലെ എക്സ് പോഷർ ക്യാമ്പും അത്താണിയിലെ പീസ്ഹോമിലെ നിത്യരോഗികൾക്ക് കൊടുക്കാൻ കഴിഞ്ഞ സാന്ത്വന പ്രവർത്തനങ്ങളും C.S.A. യുടെ ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾക്ക് സമാപനം കുറിക്കുന്ന ഈ സുന്ദരസുദിനത്തിൽ ഞങ്ങക്കെപ്പോഴും മാർഗ്ഗദർശിയും എല്ലാകാര്യത്തിലും ഞങ്ങളോടൊപ്പം ഉണ്ടായിരിക്കുകയുംചെയ്ത ബഹു. ഫാദർ, ആന്റണി കുറ്റിക്കാട്ടച്ചന് ഞങ്ങളുടെ നന്ദിയുടെ പൂച്ചെണ്ടുകൾ. കൂടാതെ ഞങ്ങളുടെ എല്ലാപ്രവർത്തനങ്ങൾക്കും സർവ്വ സഹകരണവും നൽകിയ ബഹു. മാനേജരച്ചനേയും ബഹു. പ്രിൻസിപ്പാൾ അച്ചനേയും, ബർസാർ അച്ചനേയും ഞങ്ങളോട് സഹകരിച്ച ടീച്ചിംങ് & നോൺടീച്ചിംങ് സ്റ്റാഫിനേയും പ്രത്യേകിച്ച് ഞങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷിക്കുകയും സഹായഹസ്തം നീട്ടുകയും ചെയ്ത ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ വർഗ്ഗീസ് സാറിനേയും സർവ്വോപരി ഞങ്ങളോട് സഹകരിച്ച എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളേയും നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

എന്ന്

സെക്രട്ടറി.

ജിജോ ജോർജ്ജ്.

സംഗീത

സാരീസ് & റെഡിമെയ്ഡ്സ്

അൽ-അമീൻ ഷോപ്പിംഗ് കോംപ്ലക്സ്

ഠാണ, ഇരിങ്ങാലക്കുട

ഫോൺ: 821591

ആശംസകളോടെ,

റോയൽ ബാറ്ററി ഹൗസ്

തൃശ്ശൂർ റോഡ്, ഠാണ നോർത്ത്,

ഇരിങ്ങാലക്കുട.

സമീപിക്കുക

AMCO, EXIDE, MASTER ബാറ്ററികൾ,

APPOLLO, MRF തുടങ്ങിയ ടയർ, ട്യൂബ്

ബാറ്ററി പാർട്ട്സ്, പ്ലെയ്റ്റ്സ്,

എൻജിൻ ഓയിൽ, 2T ഓയിൽ, ഗ്രീസ് എന്നിവയ്ക്ക്



ത്രികാലങ്ങളിലുള്ള ദ്രുത സവാരികളിൽ
കവിക്ക് തീപ്പിടിക്കുന്നു
അതുകൊണ്ടാണയാളുടെ കവിത
അങ്ങിങ്ങു കരിഞ്ഞിരിക്കുന്നത്
കാഴ്ചകളുടെ വേഗം അയാളുടെ വരികളെ
അവ്യക്തമാക്കുന്നു
ആറു കൈകളിൽ ആറു പേനയുമായി
അയാൾ എഴുതാനിരിക്കുന്നു
ഒരു കൈയ്യിന്റെ ദോഷ മറുകയ്യിനു മനസ്സിലാവുന്നില്ല
ഒരു പേന എഴുതുന്നത് മറ്റൊന്നു വെട്ടിക്കളയുന്നു
എങ്കിലും അവന്റെ കവിത
കാലത്തിന്റെ കൊമ്പിൽ തലകീഴായ്ക്കിടന്ന്
ചോദ്യങ്ങൾ തുടരുക തന്നെയാണ്
വേതാളത്തെപ്പോലെ.

ചൊൽക്കാഴ്ച

With best compliments from:

UNION BANK OF INDIA

(A Government Of India Undertaking)

Irinjalakuda Branch

Main Road
Irinjalakuda
Phone: 822239

GOOD PEOPLE TO BANK WITH

പ്രണയത്തിന്റെ ബാക്കിപത്രം



മധു. ബി.
മൂന്നാം വർഷ ബി. എസ്. സി.

നിലാമഴ നനയുന്ന
പെൺകുട്ടീ....
ഓർമ്മയുടെ മാമ്പഴക്കാലങ്ങളിൽ
എവിടെയോ വച്ച്
നീയെനിക്കു തന്ന
മഞ്ചാടിമണികളും
മാനം കാണാത്ത മയിൽപ്പീലിത്തുണ്ടുകളും
നീയെനിക്ക് മടക്കിത്തന്നുകൊള്ളൂ.
പകരം
പഴയ ഒന്നാം പാഠത്തിൽ ഇരുന്നുറങ്ങുന്ന
നിലം തൊടാത്ത അരയാലിലകളും
വക്കുപൊട്ടിയ സ്ലേറ്റും
മഷിക്കൊഴുപ്പുകളും
ഏറെ മടിയോടെയാണെങ്കിലും
ഞാൻ നിനക്ക് മടക്കിത്തരാം.
കൗമാരത്തിന്റെ
ഹരിത താഴ്വരകളിൽ വച്ച്
നാമൊന്നിച്ചാസ്വദിച്ച
സുകൃത സായന്തനങ്ങളിൽ
നിന്റെ മിഴിയിൽ നിറഞ്ഞ
എന്റെ മുഖത്തിന്റെ
മങ്ങിയ പ്രതിബിംബവും
നിലാവു ചാലിച്ച്
ഞാൻ നിനക്കെഴുതിയ വരികളും
നിയെനിക്ക് മടക്കിത്തന്നുകൊള്ളൂ.
പകരം
കളഹംസങ്ങളുടെ ചിറകൊച്ചയും
മാരിവില്ലുകളുടെ വർണ്ണങ്ങളും
നിറഞ്ഞ
നിന്റെ ഗാനങ്ങൾ
നഷ്ടപ്പെടുത്താനിഷ്ടമില്ലെങ്കിലും
ഞാൻ
നിനക്കു മടക്കിത്തരാം.

പക്ഷേ,
ഈ വഴിത്താരയിലെവിടേയോ വെച്ച്
ഞാൻ നിനക്കേകിയ
എന്റെ മനസ്സുമാത്രം
എനിക്കു മടക്കിത്തരാതിരിക്കുക
കാരണം.....
പകരം തരാൻ
നിന്റെയൊരു
പ്രണയം നിറഞ്ഞ നോട്ടം പോലും
നീയെനിക്കേകിയിട്ടില്ലല്ലോ

പകരം തരാൻ
എന്റെ കയ്യിൽ
നിന്റെ മനസ്സില്ലല്ലോ.

ചോദ്യോത്തരവേള?



സുശീൽ കെ. എസ്
ഒന്നാം വർഷ പ്രീഡിഗ്രി

ചോദ്യം? (മണിപ്രവാളത്തിൽ താളിയോലയിലൂടെ)
മൗനത്തിൻ മാർച്ചട്ടയഴിഞ്ഞു മകരത്തിൻ മാറിൽ പടർന്നു.
മഞ്ഞും മനസ്സുമാ പൂഞ്ചൊട്ടിലിൽ താരാട്ടിന്നീണമായ് ലയിച്ചു.
മധുരമാമീണത്തിൽ ലയിക്കുമിയീറൻ സന്ധ്യാവേളയിൽ നീ
മന്ത്രിച്ചോതുന്ന കൊഞ്ചലിനുമായിരം സൗവ്വർണ്ണ ഗന്ധം
മെല്ലെയാതിരയിലീണമായ് പൊഴിയാൻ വെമ്പും
മഞ്ഞുതുള്ളിക്കുമാതിരേ നിൻ ലാസ്യലയഭംഗിയോടസൂയയോ
മാകന്ദമുയർന്നുലയുന്നപാതയിൽ പണ്ടു മല്ലീശരനൊരു
മോതിരമഭിജ്ഞാനമായേകിയ കണ്വപുത്രിയോ നീ?
മൗനത്തിൻ മാർച്ചട്ടയഴിഞ്ഞു മകരത്തിൻ മാറിൽ പടരുമീ -
മൗനവേളയിൽ മൊഴിയുകയില്ലയോയിതിനുത്തരം.

ഉത്തരം: (ആധുനികോത്തരതയിൽ കാസറ്റിലൂടെ)
പ്രിയാ തിരിഞ്ഞു നോക്കൂ
നീ കാണുന്നില്ലേ വരണ്ട സയറിനുൾ പാടങ്ങൾ
വേണ്ട, നി കേൾക്കുന്നില്ലേ കാലിപ്സോ സംഗീതം
നിൻ ചെവിയിലില്ലേ രോദനമാപ്പാവം സാരോവീവയുടെ
വേണ്ട, നിന്നുള്ളിലില്ലേ പാവമാഗ് സാൻ സൂക്കി
നിന്റെ മുന്നിൽ തെളിയും പാതയിലില്ലേ
പാവമാതസ്ലീമയുടെയും, റുഷ്ദിയുടേയും പാലായന വഴി-
ത്താരകൾ.
എന്നിട്ടും,
നിന്റെയാപഴയ നാരായക്കുത്തുവീണ താളിയോല തലച്ചോറിൽ
അഭിജ്ഞാന പഴംകഥകൾ, വലിച്ചെറിയൂ
നിന്റെ ജാല്പനങ്ങളീ ഫോക്സ്പ്രോ ചവറ്റു കൂട്ടയിൽ.



ജോബിൻ തോമസ്
ഒന്നാം വർഷ പ്രീഡിഗ്രി.

നിറം മങ്ങിയ പകലുകൾ
അരങ്ങൊഴിയുവാൻ മടിച്ചു നിന്നു
കാഴ്ചക്കാർക്കു മടുത്തു.
അവർ തിരശീലയിൽ
ചായം കലക്കിയൊഴിച്ചു.
ചിലർ കല്ലുകൾ പരതി
സ്രഷ്ടാവിന് നെഞ്ചുവേദനിച്ചു!
ക്ലാവിൽ സന്ധ്യ കറുത്ത
തിരശ്ശീല വീഴ്ത്തി കണ്ണുതുടച്ചു!
കാഴ്ചക്കാർ പിരിഞ്ഞുപോയി
ചിലർ അവിടെയുമിവിടേയും നിന്ന്
പിറുപിറുത്തു.
കഥാപാത്രങ്ങൾ സൃഷ്ടാവുമായി
കലമ്പൽ കൂട്ടി
പെട്ടെന്ന് ഒരു മഴ പെയ്തു!
അരങ്ങും കഥാപാത്രങ്ങളും
സൃഷ്ടാവും സൃഷ്ടികളും
കാഴ്ചക്കാരും കേൾവിക്കാരും
ഒരു തുള്ളിവെള്ളത്തിൽ ഒലിച്ചുപോയി.
ഒരു കാറ്റു വീശി!
എല്ലാം ശാന്തം
സന്ധ്യയായി പ്രഭാതമായി
നാടകോത്സവം ഒന്നാം ദിവസം!

"വേനൽ പക്ഷികൾ".



Smitha P. Paulson
1st B.Sc. Physics

നിങ്ങൾ
എന്റെ വേനൽ പക്ഷികൾ
ചുട്ടു പഴുത്ത മനോവേനലിൽ
ദാഹജലം തന്നവർ.
അന്ധകാരത്തിന്റെ കരിനിഴലിൽ
വെളിച്ചമേകിയവർ
ആത്മാവിന്റെ വേദനയിൽ
ആശ്വാസമേകിയവർ.
നിങ്ങൾക്കായി
എന്റെ ഓർമ്മകളെ ഞാൻ നല്കാം.
കുളിരും
നിലാവുമുള്ള രാത്രികളിൽ
എന്റെ സ്വപ്നങ്ങളുടെ
കിളിവാതിൽ തുറന്നിടാം
മനസ്സിന്റെ താളിൽ നിങ്ങളേകിയ
മധുരസ്മൃതികൾ കോറിയിടാം
ഇനിയൊരു യാത്രയില്ല.
പൊഴിഞ്ഞ കിനാവിന്റെ
വേദനയായ് അലിയും മുമ്പ്
ഞാനും പോവുകയായി
യാന്ത്രികതയുടെ
കൈത്തിരി കൊളുത്തി.
ചിറകുമുളക്കാത്ത
മോഹങ്ങളുടെ കളിവഞ്ചികളുമായി
നിങ്ങളില്ലാത്ത
നിങ്ങളുടെ പൊട്ടിച്ചിരികളുടെ
അലകളില്ലാത്ത
മറ്റൊരു ലോകത്തേയ്ക്ക് .....

For High Quality Readymades:

KEERTHI READYMADES

VADAKE NADA.
KODUNGALLUR - 680 664

അനിശ്ചിതമീ ജീവിതം

സ്മിത രവീന്ദ്രൻ.
(III B.Sc Chemistry)

ഞാനിന്നും ഓർക്കുന്നു
മധുരം നിറഞ്ഞൊരെൻ ശൈശവം,
ഞാനിന്നും ശ്രവിക്കുന്നു
ഹർഷ പുളകിത ഗാനാലാപം
'എങ്ങോ പോയ് മറഞ്ഞു
മധുരിമനിറഞ്ഞൊരാദിനങ്ങൾ!'
മുത്തശ്ശിയോടൊപ്പം, കൊഞ്ചിനടന്ന തൊടികൾ,
കൂട്ടരുമൊത്ത്
ആടിത്തിമർത്ത നെൽപാടങ്ങൾ,
എങ്ങോ പോയ്മറഞ്ഞു
കൗതുകം വിരിയിച്ചൊരാദിനങ്ങൾ!'
ആർഭാടം താൻ
പൂരങ്ങൾ തൻ ഏകമന്ത്രം
അപ്പൂരങ്ങൾ താൻ
ഇപ്പോളെൻ വാസസ്ഥാനം–
'എങ്ങോ പോയ് മറഞ്ഞു
നിഷ്കളങ്ക നിർഭരമെൻ ശൈശവം!'
ചിറകൊടിഞ്ഞ പക്ഷിപോൽ
ഞാൻ, ഏകാന്തതയുടെ തടവുകാരി.
എന്തോ തപ്പിത്തിരഞ്ഞു
പോക്കുന്നു, എൻ യൗവ്വനം.
"അനന്തമീയാത്ര,
അലക്ഷ്യമീ ജീവിതം".

എന്തിനായ്?



സജി. കെ
ഫൈനൽ ബി. കോം.

നിഭൃതമീ രാത്രിയിൽ, ഘോരമാം തമസ്സിൽ
എന്തിനീ ചീവീടുകളുറക്കെ മൂളീടുന്നു?

എന്തു നിനച്ചിട്ടീയമ്പിളി നില്ക്കുന്നു;
എന്തിനെ മോഹിച്ചീ നന്മുല്ല വിരിയുന്നു?
ആരെ പ്രതീക്ഷിച്ചീ നളിനങ്ങൾ നില്പൂ
ആർക്കായീ മാമ്പൂ മണം പരത്തുന്നു?

മധുരയ്ക്ക് പോകുമീ കണ്ണനെന്തേയിന്നു
പാവമീ രാധയെ നിനച്ചതില്ല!
നോക്കെത്താ ദൂരത്തിരുനേത്രവും നട്ടി–
തെന്തിനായ് രാധയിന്ന് കാത്ത് നില്പൂ?

പകലിന്റെ ദുഃഖമീ സന്ധ്യയിൽ കാണവേ,
രാത്രിയോ, ഹർഷത്താൽ സമാഗതമാവുന്നു!
സന്ധ്യയെ ചെമപ്പാൽ പൊതിയുമീ സൂര്യാംശു
എന്തേ, തിടുക്കത്തിലോടിമറയുന്നു?

ഒരു നീലമേഘമിന്നേകനായുഴലുന്നു
മൗനിയായ് വിണ്ണിലൂടങ്ങുമിങ്ങും!
എന്തിനീ മൗനം; എന്തിനീയാത്ര,
എല്ലാം നിരർത്ഥകം; തേങ്ങലുകൾ ബാക്കി!

കൊഴിയാൻ വിധിച്ചൊരീ താരകം മിന്നുന്നു
മേൽക്കുമേൽ ദുഃഖത്തിൻ ഭാരത്താലേ,
ഇന്നീനിശീഥിനിയിലാരെയോ തേടുന്നു
എന്തിനായ്, യാത്രാമൊഴി ചൊല്ലുവാനോ?

Visit - Phone:820792

HAPPY
FAMILY
Ice Cream Parlour & Bakery

Bloody Mary - Play Boy
Screw Driver -Snow Man
Snacks & Juice

N.B. Classic Card Discount 3%

സ്നേഹാർദ്രം



പ്രദീപ്. ടി. എസ്.
രണ്ടാം വർഷ ബി. കോം.

സൂര്യക്കണിക്കൊന്ന പൂത്തൊരാകാലത്ത്
പൂക്കൾ സുരഭിലമായൊരു നേരത്ത്
മത്ത ഭൃംഗത്തിൻ ചൂളം വിളികളും
തെന്നലിൻ താലോലമലകളും തഴുകി നീ
ഒരു പൊൻ പാദസരക്കിലുക്കത്താൽ
പരിശുദ്ധി കിനിയുന്ന തുളസിക്കതിർ ചൂടി
ചുണ്ടിൽ നാണത്തിൻ പുഞ്ചിരിയൊളിപ്പിച്ചു
മന്ദമായ്യെന്നടുത്തെന്തിനു വന്നു നീ?
ഓമനമാമാ കൈതലോടലാൽ
എന്നെ സ്നേഹത്തിൻ കുളിരണിയിപ്പാനോ?
ചന്തമാർന്നൊരാ മുഖതിങ്കളിൽ നിറയെ
കള്ളപ്പിണക്കങ്ങൾ വരിനിറച്ചിട്ടു
എന്റെ മനസ്സിലെ സ്നേഹമുകുളങ്ങൾ
ഒന്നൊഴിയാതെ സ്വന്തമാക്കീടാനോ?
നിന്റെ മനസ്സിലെ സ്നേഹങ്ങളൊക്കെ
യിറക്കി വച്ചീടാനോ?
എന്തിനെന്നേതിനെന്നറിയില്ല, നിന്റെയീ
സ്നേഹസന്ദർശനം തെല്ലുപ്രതീക്ഷിതം.
എൻ സ്നേഹ ദാഹശമനത്തിൻ സംഭാര
മായി നിൻ സാമീപ്യം മാറിടുമ്പോൾ,
നിൻ സ്നേഹ നിശ്വാസവൈദ്യുത സ്പന്ദനങ്ങൾ
എൻ സിരയൊന്നായ് ഗ്രസിച്ചിടുമ്പോൾ,
നിന്റെ കരളവമൂറുന്ന താരാട്ടിതൊ-
ന്നിൽ നീയെന്നെ ഉറക്കിടുമ്പോൾ,
കളങ്കമേല്ക്കാത്തൊരാ സ്നേഹത്തിൻ ചൂടേറ്റ്
നിൻ മടിയിൽ ഞാൻ മയങ്ങിടുമ്പോൾ,
ഒരുമിന്നൽപിണരായ് എൻ ചിത്തമറിയുന്നു
നീയെനിക്കല്ലെന്ന ദുഃഖസത്യം.
എതോ നിയോഗം പോൽ കണ്ടുമുട്ടി നമ്മ-
ളേതോ സുകൃതത്താൽ സ്നേഹിച്ചുപോയ്.
എങ്കിലും, സുന്ദര സ്വപ്നമൊന്നല്ലല്ലോ
വിചിത്രതയാർന്നൊരീ ജീവകാലം.
മിഴികൾതുറന്ന ഞാൻ കണ്ടതോ എൻ പ്രിയ-
തന്നുടെ ഹൃദയത്തിലുയിർകൊണ്ടാരാ
അശ്രുകണങ്ങൾ തൻ നീർച്ചാലാക്കവിളിൽ
സുന്ദരമല്ലാത്ത രൂപം ചമക്കുന്നു.
എൻ മനതാരിലെ ചിന്തകളൊക്കെയും
എന്നേക്കാൾ മുൻപവൾ കണ്ടെന്നറിഞ്ഞപ്പോൾ,
ആർത്തിരമ്പുന്നൊരാ സാഗരതീരത്തിൽ,
ആത്മഭൂത സ്തബ്ധനായ് തെല്ലിട നിന്നു ഞാൻ.
"അരുതരുതോമനേ, തേങ്ങരുതെന്മുന്നി-
ലതുമാത്രമെനിക്കെന്നും കാൺക വയ്യ.
ആർദ്രമാം മനസ്സിന്റെ നോവുകളെന്നെന്നു
നന്നായറിയുന്നു ഞാനുമെൻ പ്രിയസഖീ."
സാന്ത്വനമരുളാൻ അറിയാതെമെൻമനം
സാന്ദ്രമാമണലിൽ അലിഞ്ഞിടുമ്പോൾ
അങ്ങകലത്തായാ ആദിത്യൻ തന്മുഖം
രാഗനിറം ചാർത്തി മറഞ്ഞിടുന്നു.

A. K. P
METALS & ALLOYS
Irinjalakuda

സാന്ത്വനം



രോഷ്നി. ടി. വി.
III DC. Maths.

ശ്രുതി താളങ്ങളില്ലാതെ നീ പാടിയ
ഒരായിരം സൂര്യഗായത്രികൾക്ക-
നുപല്ലവി പാടാനാവാതെ,
മരുഭൂവിലുരുകും നിനക്കായൊരു
സാന്ത്വനവാക്കുപോലുമോതാതെ,
നിർന്നിമേഷയായ് നിന്നരികിൽ
ഞാൻ വ്യഥാ മൗനം പുൽകവേ;
നിന്നശ്രുകണങ്ങളൊപ്പിയെടുക്കാതെ
ഞാനെന്നെത്തന്നെ മനന്തെന്തെന്തെ?
ഗ്രീഷ്മത്തിൻ കൊടും ചൂടിലും
നിനക്കൊരു കുളിർതെന്നൽ പോലു-
മാവാനെനിക്കാവാഞ്ഞതെന്തേ?
അറിയുന്നു ഞാൻ നിന്നിലെ ന്നെ,
നിന്നിലെ നിന്നെ നസ്സിലാക്കാനാവാത്തതോ-
ശ്രമിക്കാതേയോ?
എങ്കിലുമൊരു സന്ത്വന സ്പർശത്തിനായ്
വീണ്ടും നീയെന്നിലേക്കോടിയണയുമ്പോഴും
നിർവ്വികാരയായ് നില്പു ഞാൻ
വെറുക്കുന്നു ഞാൻ ഈ എന്നിലെ എന്നെ
ഞാനാമീ ദുർഭൂതത്തേയും!

വിടപറയും മുമ്പേ...



ബൈജു. യു.എസ്.
രണ്ടാം വർഷ ബി.കോം.

അറിയാതെ വന്നെൻ മനസ്സിന്റെ
വാതായനമൊന്നു തുറന്നു നീയും.
ഒരു ഇളം തെന്നലായെന്നെ തലോടി നീ
കിന്നാരമൊന്നോതി കാതിൽ മെല്ലെ.
കുയിലിന്റെ പാട്ടായെന്നെയുണർത്തി നീ
ആ നാദധാരയിലൊഴുക്കിയെന്നെ.
ഇന്നായോർമ്മകൾ മഥിക്കുന്നു ഹൃത്തിനെ,
'സ്നേഹ'മാം രണ്ടക്ഷരത്തെ മിനുക്കുന്നു.
പിരിയുവാനായിനിയെത്ര നാൾകൾ
വ്യഥവന്നെന്റെ മനസ്സിൽ നിറയുന്നു;
കാലചക്രമുരുളുന്നു വേഗത്തിലും
കാലത്തിൻ നവീനമാം മാനങ്ങൾ തേടി.
മറക്കുന്നു മർത്ത്യർ കടമയും സ്നേഹവും,
സ്നേഹബന്ധങ്ങളും ദൂരെയെറിയുന്നു.
മറക്കുകില്ല ഞാൻ, സ്നേഹിച്ച മനങ്ങളും,
ഉള്ളം തുറന്നുള്ള പുഞ്ചിരികളൊക്കെയും.
ജീവിതം വെറുമൊരു യാത്രയല്ലോ
നാമെല്ലാം അതിലെ പഥികർ മാത്രം.
കണ്ടുമുട്ടുന്നു, പിരിയുന്നു നാമിന്ന്
കെട്ടുന്നു ദുഃഖത്തിൻ ഭാണ്ഡമെല്ലാം.
വിടചൊല്ലും മുമ്പേയൊന്നോതുന്നു ഞാനിതാ
ഓർക്കുക വല്ലപ്പോഴെങ്കിലുമെന്നെ.'

ഞാൻ അന്യയല്ല



ഷിജി.
II B.Sc. Geology.

വരുമൊരു നിനവിന്റെ കരപല്ലവങ്ങളിൽ
തലചായ്ച്ചുറങ്ങുന്നു സ്വന്തമെന്നോതി ഞാൻ
തിരികെപ്പോകുമാ നിനവിന്റെ കനവിൽ ഞാ-
നന്യയായ്ത്തീരുന്നുവെന്നിലെ സർവ്വവും
ഹൃദയങ്ങൾ ഹൃദയത്തോടൊട്ടിപ്പിടിച്ചുയിർ
രക്തങ്ങളിൽ രക്തമൊന്നായൊഴുകുന്നവർ
പെരുവഴിയിലെ താന്നുനാം പാന്ഥനെപ്പോലവൾ
കണ്ടിട്ടും, കാണാതെ, ചിരിക്കാതെ, മിണ്ടാതെ,
അന്യമാം നൊമ്പരം കോരിച്ചൊരിഞ്ഞിട്ടു
മെന്നിലെയുള്ളിന്റെ യുൾക്കുടിലങ്ങളി-
ലെന്തോ പിടയ്ക്കുന്നവർക്കുവേണ്ടി സദാ
എന്തോതുടിക്കുന്നവർക്കുവേണ്ടി വ്യഥാ
എന്നിൽ പിടയ്ക്കുന്ന ഭീരുവാണെന്നെയീ
നൊമ്പരത്തിലേയ്ക്കുന്തുന്നതെപ്പോഴും.
എല്ലാത്തിനും ഞാനന്യയാണെങ്കിലുമെ-
ന്നും! ഞാനെല്ലാറ്റിനും സ്വന്തമായിരിക്കും!
ഇല്ലെനിക്കാവില്ലയീ ഭൗമ സന്നിധിയില-
ന്യമായ് ത്തീർക്കുവാനൊന്നിനെയും വ്യഥാ!

നിനോട്



സ്റ്റീഫൻ ജോർജ്ജ്.
ഒന്നാം വർഷ ബി. എസ്സ്സി. മാത്ത്സ്.

നീ എന്നെ ചുംബിക്കരുത്;
ഗുരുവിനെ ഒറ്റിക്കൊടുത്തത്
ചുംബനത്താലാണ്.
നീ എന്നെ തലോടരുത്
അത്
അമ്മയ്ക്കുമാത്രം അവകാശപ്പെട്ടതാണ്.
വിശപ്പിന്നലാറാം മുഴങ്ങി; മൂന്നാമതും-
പൂങ്കോഴി കൂകിയുയിർത്തെഴുന്നേല്ക്കവെ
കല്ലറവിട്ടെഴുന്നേല്ക്കുവാനായെന്റെ-
നെറ്റി; പതുക്കെ തലോടുന്നൊരംഗുലീ-
ജാലം വഹിക്കും, കുളിർമ്മയേറ്റപ്പൊഴും
അമ്മയെന്നോ നിന്നെയോതിയതിന്നലെ.
പെറ്റിട്ടയെന്നെ വലിച്ചെറിഞ്ഞമ്മതൻ-
കരാളത നിന്നിലുണ്ടാകുമോ?
ജന്മം തുലയ്ക്കുവാനായിട്ടു സാത്താന്റെ
വേദം മുഴക്കുവാൻ നീയൊരുങ്ങിടുമോ?

അസ്ത്രജാലം തകർത്തിടുന്ന വേദിയിൽ
ആരുമല്ലാത്തെന്റെ ബാണം കിതയ്ക്കവെ
കണ്ണീർ തഴയ്ക്കും നയനം മറിച്ചിട്ടു-
പെറ്റമ്മപോലുമന്നെന്നെ പഴിക്കവെ
വിണ്ടുകീറുന്നെന്റെ മജ്ജപിശറിലേ-
ക്കെന്തിനു വർഷത്തിണർപ്പായി വന്നു നീ?

നിന്നിലെച്ചൂളക്കിണറല്ല വേണ്ടെനി-
ക്കെല്ലാം പകരാനൊരുക്കിയ കാസയും
ഓർമ്മ ചിതയ്ക്കുവാൻ ചന്ദനതൈകളും
സ്വപ്നം പെരുക്കുവാൻ സൂത്രവാക്യങ്ങളും.

വേഗച്ചിറകൊടിഞ്ഞെന്റെ കിനാക്കിളി
കൂപ്പുകുത്തുന്നു കടലാസ്സു പക്ഷിപോൽ
കാത്തിരുന്നിട്ടു മിനുത്തനിലത്തിലാ-
കൈതടവീട്ടെഴുന്നേറ്റു പോയീടുക;
എന്റെ വെണ്ണീറെടുത്തിട്ടു ചാർത്തീടണോ
തിലകക്കുറിയായ് സീമന്തരേഖയിൽ.
നൊമ്പരം കായ്ക്കും മരത്തിന്നിലകളിൽ
ചുണ്ടാണികൊണ്ടു കുറിക്കുന്നു പിന്നെയും
"ഞാൻ നിന്നെ സ്നേഹിക്കുന്നു."

With best compliments from:

KALLADA SILKS & SAREES

Tana, Irinjalakuda.

Ph:822397

KALLADA JEWELLERY

Tana, Irinjalakuda.

Ph:822139

KALLADA TOURS & TRAVELS

Tana, Irinjalakuda.

Ph:822980



പറയുന്നു നാം പ്രിയ കഥകൾ-
ഇതു നേരം നമ്മുടെ
ചാരത്തു വന്നിരിക്കുന്നു കൂട്ടികൾ
കതിർകാട് വാനവു-
മറിയുന്ന പോലിതിഹാസ-
ഗഹനതയറിയുന്നു തത്തകൾ.
ആഴത്തിലാഴക്ക് നീർ -
മതെങ്ങനെ
നാവിലെത്തിക്കുമെന്നറിയുന്ന കാക്കകൾ
ഒരോ വിരുതിന്റെയഴകുമായ്
എലികൾ പൂച്ചകൾ
മുയൽകൾ സിംഹങ്ങൾ.....

കഥോത്സവം.

Kerala Solvent Extractions Limited.

Solvent Road,
Irinjalakuda - 680 121
(Kerala)
Phone:820476, 820576, 820676,
820243. Fax: 0488 - 820244

Manufacturers of :-

K.S. Cattlefeed (Mash and Pellets).

K.S. Supreme Pellet (By-pass Protein Feed)

Keyes forte (Feed Supplement for Cattle)

Jersey Brand Deoiled Copra Cake

K.S. Supreme Refined Sunflower Expeller Oil.

ജാലവിദ്യ

CHRIST COLLEGE LIBRARY
ACC. No. 57440
CALL NO.



വിധു ജോൺസൺ
Ist M.A

എന്നാലും ആതിരേടത്തി തന്നെ ഇത്രയ്ക്ക് പറ്റിയ്ക്കേണ്ടായിരുന്നെന്ന് ഉണ്ണിക്കുട്ടനു തോന്നി. ഏടത്തി ആണയിട്ട് പറഞ്ഞതാണ് മനുഷ്യർക്ക് പറക്കാൻ കഴിയില്ലെന്ന്. എന്നിട്ടിപ്പൊ എന്തായി?

ഉണ്ണിയ്ക്ക് ആതിരേടത്തിയെ വല്ല്യ ഇഷ്ടായിരുന്നു. വർഷം മുഴുവൻ നീണ്ടുനില്ക്കുന്ന പഠനത്തിനൊടുവിൽ ഒരു മാസത്തോളം നാട്ടിലെ പച്ചപ്പിനിടയിലൂടെ ഏട്ടത്തിയുടെ കൈപിടിച്ചു നടക്കുന്നത് വല്ലാത്തൊരു അനുഭൂതിയായിരുന്നു.

ഏടത്തി സ്ക്കൂളിൽ പഠിച്ചിട്ടില്ലായിരുന്നു. വല്ല്യച്ഛനും വല്ല്യമ്മേം ഏടത്തിയെ മുത്തശ്ശിടെ കൂടെയാക്കിയിട്ട് എവിടേയ്ക്കോ പോയീന്നാ മുത്തശ്ശി പറയാറുള്ളത്. എവിടേയ്ക്കാ പോയതെന്ന് മുത്തശ്ശിക്കറിയില്ല.

'ഏടത്തിയ്ക്കും അറിയില്ലാല്ലോ ഉണ്ണീ' ചന്തമുള്ള മഞ്ഞപ്പാവാടയുടെ തുമ്പ് ചുരുട്ടിക്കൊണ്ട് ഏടത്തി പറഞ്ഞു. 'എന്നെങ്കിലും വരാരിയ്ക്കും'.

ഏടത്തിയെ മുത്തശ്ശിയാണ് വളർത്തിയത്. ഏടത്തിയ്ക്കിപ്പൊ പതിനൊന്നു വയസ്സായീന്നാ മുത്തശ്ശി പറയുന്നത്.

'കഴിഞ്ഞ മകരത്തില് ഓൾക്ക് പതിനൊന്നായി വയസ്സ്. ഉണ്ണ്യേക്കാളും രണ്ടു വയസ്സും മൂന്നുമാസോം മൂപ്പാ അവൾക്ക്.'

പഠിപ്പില്ലാത്തതോണ്ടാവും ഏടത്തി വിഡ്ഢിത്തം പറഞ്ഞത്.

'മനുഷ്യന് പറക്കാൻ പറ്റില്ല'. ഏടത്തി തറപ്പിച്ചു പറഞ്ഞു. 'ചെറുകില്ലാതെങ്ങനെയാ പറക്കാ?'

'പക്ഷേന്നാല് അൽഫോൺസച്ചൻ പറക്ണ്ണ്ടല്ലോ'

'നിന്നെ ആരെങ്കിലും പറ്റിച്ചതാവും'.

'ആരാ ഈ അൽഫോൺസച്ചനെന്നറിയോ ഏടത്തിയ്ക്ക്?'

ഏടത്തി കണ്ണിറുക്കി കാണിച്ചു. ആ നാട്ടിൻ പുറത്തെ കൊച്ചുവിശേഷങ്ങളല്ലാതെ ഏടത്തിയ്ക്ക് ഒന്നും അറിയില്ലായിരുന്നു.

'സായ്വാ പണ്ട് മയ്യഴില് വന്നു പാർത്ത ഫ്രഞ്ചുകാർടെ കൂട്ടക്കാരാത്രെ. ഫ്രഞ്ച്കാർ പോയിട്ടും അൽഫോൺസച്ചന് പോകാൻ തോന്നില്ല. മയ്യഴിയെ അത്രയ്ക്ക് ഇഷ്ടായിട്ടാ'.

എങ്ങന്യാ പഠിച്ച് പറക്കാൻ?'

'ജാലവിദ്യ' ഉണ്ണി, ചിരിച്ചു. 'നന്നായി ജാലവിദ്യ കാട്ടണ സായ്വാ'

'ദാരാ ദൊക്കെ പറഞ്ഞുതരണ്?'

'അനിലേട്ടൻ. ഞങ്ങൾടെ ഫ്ളാറ്റില് പാർക്കണതാ. കോളേജിലാ പഠിക്കണ്'

'ഓൻ കണ്ടങ്ങ്ടേലോ സായ്വിനെ?'

'ഇല്ല്യാന്നെ അതെങ്ങാണ്ട് പുസ്തകത്തിലെ കഥ്യാ'

'കതേല് പറക്കാമ്പറ്റും' എട്ടത്തി ചിരിച്ചു 'ഞാൻ കാര്യായിട്ടാ പറഞ്ഞത്.'

'പറക്കാമ്പറ്റുംന്നേ. ഏട്ടത്തിയ്ക്കറിയാണ്ടാ'

ഏട്ടത്തിയുടെ മുഖം മങ്ങി. ഉണ്ണിയ്ക്ക് പശ്ചാത്താപം തോന്നി.

'എനിയ്ക്കറിയില്ലാർന്നു. അനിലേട്ടൻ ഒത്തിരി പഠിച്ചാളായോണ്ട് എന്നോട് പറഞ്ഞതാ.'

'പറഞ്ഞതും നിയങ്ങട് വിശ്വസിച്ചു.'

'സത്യാവുമ്പം വിശ്വസിക്കാലോ?'

ഉണ്ണിക്ക് വല്ലാതെ ചിരിവന്നു. എത്ര പറഞ്ഞിട്ടാ ഏട്ടത്തിയെ അന്ന് വിശ്വസിപ്പിക്കാൻ പറ്റിയത്.

'എന്നിട്ടെന്തേ അയാള് നിന്നെ പഠിപ്പിക്കാത്തെ?'

'വല്ലായിട്ടേ പറക്കാമ്പറ്റൂ. ചെറുകുട്ട്യോള് പറക്കാമ്പാടില്ലാത്രെ.'

'അതെന്താ?'

'അതങ്ങന്യാ.' ഉണ്ണി സ്വരം താഴ്ത്തി പ്പറഞ്ഞു. 'പറക്കാമ്പറ്റണകാര്യം വീട്ടാരോടൊന്നും പറയാമ്പാടില്ല്യാത്രെ.'

'അതെന്താ?'

'ഫലം പോകും. ആരും അറിയാമ്പാടില്ല്യ പറക്കണത്.'

'ഞാനറിഞ്ഞല്ലോ.'

'അതു സാരല്ല്യ. ഞാനിവിടന് പറക്കുമ്പം ഏടത്തി ഇവിടല്ലെ?'

പാവം ഏടത്തി. പറക്കാൻ പഠിക്കുമ്പോൾ താൻ നാട്ടിലേക്ക് പറന്നുവരുമെന്ന് ഏടത്തിയോട് പറഞ്ഞിരുന്നതാണ്. ഇന്നലെ ആദ്യത്തെ തവണയായതിനാലാവാം കുറച്ച് പറക്കാനൊത്തുള്ളൂ. ചിറകിന് ബലം വയ്ക്കുമ്പോൾ നന്നായി പറക്കാമ്പറ്റുംന്നാണ് അനിലേട്ടൻ പറഞ്ഞത്.

'ആദ്യം തന്നെ മുഴുവൻ പറക്കാൻ പറ്റില്ല. ഇത്തിരിത്തിരിയായിട്ട് പഠിക്കണം.'

ഇന്നലെ ചെറിയ ചെറിയ കാഴ്ചകളാണ് കണ്ടത്. കിരണിന്റെ വീട്ടിലെ കാർ ഡ്രൈവർ പരമുവിന്റെ വീട് കണ്ടു. അത്രയ്ക്ക് പഴയൊരു വീട് ഈ ഭൂമിയിലുണ്ടാവില്ലെന്ന് കിരൺ ഇടയ്ക്കിടെ പറയാറുണ്ട്. സത്യം തന്നെയാണ്. എത്ര പഴയ വീട്!

ഉണ്ണി പിന്നെയും പിന്നെയും വളരുകയാണ്. വളരുന്തോറും ഉണ്ണിയുടെ ചിറകുകൾക്ക് ബലം വച്ചു. അവ അവനെ കൂടുതൽ ദൂരത്തേയ്ക്ക് കൊണ്ടു പോകാൻ തുടങ്ങി.

അവനങ്ങനെ അനന്തവിഹായസ്സിൽ പറന്നു നടന്നു. അനന്തൻ പിള്ളയുടെ ഭാര്യ ഭ്രാന്തിളകി ഓടുന്നതും കീഴേക്കാവിലമ്പലത്തിൽ ഉത്സവം പൊടിപൊടിക്കുന്നതും ക്രിസ്ത്യാനിപ്പള്ളികളിൽ ദുഃഖവെള്ളിയാഴ്ചകളിൽ സ്ത്രീകൾ വെള്ളപുതച്ചെത്തുന്നതും അവൻ മുകളിൽ നിന്ന് നോക്കിക്കണ്ടു.

പിന്നെപ്പിന്നെ അവന്റെ കാഴ്ചകൾ വികസിച്ചു. ലത്തൂരിലെ ഭൂകമ്പ ബാധിത പ്രദേശങ്ങളും അവിടത്തെ ആശ്വാസ പ്രവർത്തനങ്ങളും അവൻ കണ്ടു. കുറേയേറെ സഞ്ചരിച്ചപ്പോൾ പാക്കിസ്ഥാൻ കലാപങ്ങളും ബോസ്നിയൻ - സെർബിയൻ യുദ്ധങ്ങളും അവൻ കണ്ടു.

അവൻ പിന്നേയും ഏറെ ദൂരം സഞ്ചരിച്ചു. പെട്ടെന്ന് അവന് വല്ലാത്ത ചൂട് അനുഭവപ്പെട്ടു. സൂര്യകിരണങ്ങൾ തന്നെ കൈനീട്ടിപ്പിടിക്കുന്നതായി അവന് തോന്നി. പുകച്ചുരുളുകൾ തീർത്ത അവന്റെ ചിറകുകൾ കരിയാൻ തുടങ്ങി. പരാഭ്രമവും ഭയവും അവനെ കീഴടക്കി. അവൻ ചുറ്റും നോക്കി. ഇരുട്ടിന്റെ ഒരു ഗുഹയിലകപ്പെട്ടതുപോലെ അവനു തോന്നി. ഭൂമിയും ആകാശവും അവനു ചുറ്റും കറങ്ങാൻ തുടങ്ങി. വല്ലാത്ത ചൂട് അവനെ തളർത്തി. അവന്റെ ചിറകുകൾ കരിഞ്ഞു. ആരും അവനെ താങ്ങിയില്ല. നിസ്സഹായനായി വൻ താഴേയ്ക്കു നോക്കി. ഏടത്തിയുടേയും മുത്തശ്ശിയുടേയും അച്ഛന്റേയും അമ്മയുടേയും ബന്ധുക്കളുടേയും കൂട്ടുകാരുടേയും നാട്ടുകാരുടേയുമൊക്കെ സഹാനുഭൂതി നിഴലിക്കുന്ന കണ്ണുകൾ അവൻ കണ്ടു. ആതിരേടത്തി കരയുകയായിരുന്നു. സത്യമായും ഈ ജീവിതത്തിൽ തന്നെ ഏറ്റവുമധികം സ്നേഹിച്ചിരുന്നത് അവരായിരുന്നെന്ന് ഉണ്ണിയ്ക്ക് തോന്നി.

കരിഞ്ഞ ചിറകുകൾക്കു പകരം അവന് ചിറകുകൾ കിട്ടിയില്ല. ആ വലിയ ഉയരത്തിൽ നിന്ന് അവൻ തിഴേയ്ക്കു വീഴാൻ തുടങ്ങി.

താഴെ നില്ക്കുന്നവർ നിലവിളിച്ചുകൊണ്ട് അവനെതാങ്ങാൻ നോക്കി. അവരുടെ കൈക്കുള്ളിലാവണേ താൻ വീഴുന്നതെന്ന് അവൻ മനമുരുകി പ്രാർത്ഥിച്ചു.

അവൻ താഴേയ്ക്ക്.... അനേകം മൈൽ ഉയരെനിന്ന് കുത്തനെ താഴേയ്ക്ക് വീണുകൊണ്ടിരുന്നു.

യാത്രാമൊഴി

ബിജി.
Ist D.C. Geology

വിശാലമായ ആകാശത്തിനു കീഴേ ഒരു പക്ഷി പറന്നകലുന്നു.... ഈ നരച്ച ആകാശത്തെ മുഴുവൻ തന്റെ ചിറകുകളിലേന്തിയിട്ടെന്നവണ്ണം..... രവി പാടത്തേക്കു നോക്കി വെറുതേയിരുന്നു.

സ്വപ്നങ്ങൾ കൊണ്ട് അളന്നു തീർക്കാൻ പറ്റാത്തത്ര ആഴം ജീവിതത്തിനുണ്ട്..... ഓർമ്മകൾക്കു നടന്നു തീർക്കാനാവാത്തത്ര കൈവഴികൾ മനസ്സിനെന്നപോലെ..... അയാൾ വെറുതെയോർത്തു.....

ഏതോ വാഹനത്തിന്റെ ഇരമ്പൽ അയാളുടെ കാതിനെ കടന്നു പോയി.... മനസ്സിൽ പഴയ പല സംശയങ്ങളും തല ഉയർത്തി..... വ്യക്തിയെ സമൂഹത്തിൽ നിന്നും അടർത്തി മാറ്റിയിട്ടാണോ പ്രശ്നങ്ങൾക്കു പരിഹാരം കാണേണ്ടത്? അപ്പോഴവന്റെ ദുഃഖങ്ങൾ, മോഹങ്ങൾ, എന്നിവയ്ക്കെന്താണർത്ഥം.....? ഒടുവിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമടങ്ങുന്ന ആഴമുള്ള മൗനം രവിയുടെ മനസ്സിലും പടർന്നു.

ക്ലാസ്സ് മൂറിയുടെ മടുപ്പിക്കുന്ന ഊതനിറവും, ജീനിയസ്സ് എന്ന് കൂട്ടുകാർ വിശേഷിപ്പിക്കുന്ന പ്രാഫസറുടെ അർത്ഥമില്ലാത്ത വാക്ധോരണികളും, ഗീതയുടെ പതിവു പരാതികളും അയാൾക്കു മടുത്തു തുടങ്ങിയിരുന്നു.

ഒരു വിനോദയാത്രയുടെ അവസാനവേളകളിലാണ് അരുൺ തന്നോടിതിനെക്കുറിച്ച് സംസാരിച്ചത്. തനിക്കു പുച്ഛമായിരുന്ന അരുണിന്റെ സാഹിത്യം നിറഞ്ഞ സംസാരത്തെ.....

ആദ്യത്തെ ക്ലാസ്സിൽ, തന്നെ പരിചയപ്പെട്ട ഉടനെ അരുൺ പറഞ്ഞത് "രവി എന്നാണോ പേര്.... ബസാക്കിലെ വെളുത്ത മഴ നനഞ്ഞ ..." എന്നിട്ട് നിർത്താത്ത ഒരു വലിയ ചിരിയും. ബസാക്കിന്റെ ഇതിഹാസം വായിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുത്താനായിരിക്കും.....

പിന്നീടെന്നോ, ജാടകർക്കപ്പുറത്തെ ഒരു മനസ്സു താൻ കണ്ടെത്തി.

അരുണിനോടൊത്തുള്ള അർത്ഥമറിയാത്ത യാത്രകളിലാണ്. പാതിയും തിരികെട്ട കൽവിളക്കുകൾ പോലെ തളർന്നു ജീവിക്കുന്നവരെ താൻ കാണുന്നത്..... സ്വന്തമായ പരാതികളില്ലാതെ, പരിഭവങ്ങളില്ലാതെ... എന്തിന് താൻ തന്നെയുമുണ്ടെന്നു വിശ്വസിക്കാതെ ഇഴഞ്ഞു ജീവിക്കുന്നവർ..... തങ്ങൾക്കുവേണ്ടി മറ്റാരൊക്കെയോ സ്വരമുയർത്താൻ കൊതിക്കുന്നവർ..... എന്തെങ്കിലുമൊക്കെ ചെയ്യാനുണ്ടെന്നു തനിക്കു താന്നിത്തുടങ്ങിയത് അന്നാണ്.....അരുണിന്റെ സുഹൃത്തുക്കളുടെ ,സഹായത്തോടെ .....

പക്ഷെ പിന്നിടുള്ള ഓരോ രാത്രിയും വേദനകളുടേതായിരുന്നു. എന്നും കരുത്തു പകർന്നിട്ടുള്ള അച്ഛൻ, വാത്സല്യം മാത്രം പകർന്നു തന്നിട്ടുള്ള അമ്മ തുടങ്ങിയ വിഗ്രഹങ്ങളൊന്നും തന്റെ മനസ്സിലില്ലാത്തത് വലിയൊരനുഗ്രഹമായിരുന്നു. എന്നിട്ടുതന്നെ മദ്യത്തിന്റെ ഗന്ധത്തിന്റേയും കൂഴഞ്ഞവാക്കുകളുടേയും അകമ്പടിയോടെ പടിവാതിൽക്കലെത്തുന്ന അച്ഛനും, ചെന്നിനായകത്തിന്റെ കടുകയ്പുമാത്രം മനസ്സിൽ തികട്ടിവരുന്ന, അമ്മയെക്കുറിച്ചുള്ള ഓർമ്മകളും വിട്ടെറിയാൻ തനിക്കൊരുപാടു വിഷമിയ്ക്കേണ്ടിവന്നു... മടുപ്പ് നേർത്തതണുപ്പു പോലെ മനസ്സിൽ വന്നുടുടങ്ങിയിട്ടും ഒരുപാടു വേദനയോടെ മാത്രമേ മനസ്സിൽ നിന്നും ഗീതയെ പറിച്ചു മാറ്റാനായുള്ളു.

ഇന്നിനി ബാക്കിയുള്ള ഓർമ്മകളെക്കൂടി കാറ്റിൽപ്പറത്തിക്കൊണ്ട് യാത്രയാകണം. വിജയം ഒരു മരീചികമാത്രമാണെന്ന് മനസ്സിലിരുന്നാരോ പറയുന്നു... കാലത്തിന്റെ കോമാളിച്ചിരി തന്നെയും കൂട്ടുകാരേയും നോക്കിയിട്ടാണോ..... പണ്ടേ തന്റേതൊരു സന്ദേഹിയുടെ മനസ്സാണല്ലോ?

പകുതി പാടി നിർത്തിയ വിരസമായ ഭക്തിഗാനം പോലെ പഠനമുപേക്ഷിച്ചിറങ്ങുമ്പോൾ അയാൾക്കു ഭയം തോന്നിയിരുന്നില്ല. പുസ്തകങ്ങൾക്കുമുമ്പിൽ തപസ്സിരിക്കുന്ന സുഹൃത്തുക്കളെയോർത്ത് സഹതാപം മാത്രമായിരുന്നു അയാളിൽ.

മുദ്രവാക്യങ്ങൾ ഏറ്റു വിളിക്കാൻ മാത്രം പഠിക്കുന്ന രാഷ്ട്രീയപ്രവർത്തനവും, വിപ്ലവത്തിന്റെ പേരിലുള്ള അമിതമായ ആവേശവും കാണുമ്പോൾ അയാൾക്കു പുച്ഛമായിരുന്നു.

വെയിൽ ചാഞ്ഞു തുടങ്ങിയിരിക്കുന്നു. യാത്രയാരംഭിക്കാനിനി ഏറെ നേരമില്ല..... അകലെ അന്തിവെയിലിൽ കുളിച്ചു നില്ക്കുന്ന തെങ്ങിൻതോപ്പുകളും, കോവിലിൽ നിന്നും മുഴങ്ങുന്ന ശംഖനാദവും, വിരഹിയുടെ മനസ്സു പോലെ തളർന്ന ചിറകുമായി പറക്കുന്ന കടവാതിലുകളേയും പിന്നിലുപേക്ഷിച്ച്, തന്റെ മാത്രമായ ഈലോകത്തേയുമുപേക്ഷിച്ച് ഒരു വലിയ ലോകത്തിലേക്ക് ഇറങ്ങേണ്ടിയിരിക്കുന്നു. വഴിയാത്രയ്ക്കു ഭാണ്ഡമൊരുക്കാതെ, പിൻവിളികൾക്കു കാത്തുനില്ക്കാതെ, യാത്ര തുടങ്ങേണ്ടിയിരിക്കുന്നു.

അരുൺ പറഞ്ഞിരുന്നു വഴിവക്കിലെ മനുഷ്യന്റെ മനസ്സിലാണ് നമ്മുടെ ഭാണ്ഡമിരിക്കുന്നത്, അവന്റെ മിഴികളിലാണ് നമ്മുടെ ഭാഗധേയമുറവ പൊട്ടുന്നത്. പൊടിയിൽ മൂടിനിൽക്കുന്ന ബസ്സ്റ്റാന്റിൽ ആൾത്തിരക്കൊഴിഞ്ഞ മൂലയിലിരുന്ന് അരുൺ തന്റെ ഷൂലേസ് മുറുക്കുന്നുണ്ടാകും. അഭയാർത്ഥികളെ അഭയമേകാൻ കെല്പുള്ളവരാക്കാൻ താങ്കൾക്ക് ഒരുപാടു നടക്കേണ്ടിയിരിക്കുന്നു.

ഭൂമി നേർത്ത മഞ്ഞും ഇരുട്ടും കെട്ടുപിണയുന്ന വഴിയിലൂടെ നടന്നു... വേദനിക്കുന്ന, സന്ദേഹിക്കുന്ന ഒരു മനസ്സെ മറ്റെല്ലാം പിറകിലുപേക്ഷിച്ചു കൊണ്ട്..

Best wishes

AL AMEEN LODGE

TANA IRINJALAKUDA
Ph:821817

അമ്മ



പ്രസാദ്. എൻ. കെ.
II P.D.C. F

അമ്മയും മാലിനിചേച്ചിയും അനച്ചേട്ടന്റെ വീട്ടിലേയ്ക്ക് തിരക്കിട്ട് പോവുന്നു. അടുക്കളയിലും പടിഞ്ഞാറ്റയിലുമൊന്നും നിർമ്മലച്ചെറിയമ്മയേയും കാണാനില്ല. മുത്തശ്ശിമാത്രം ഇടനാഴിയിലെ സ്റ്റൂളിലിരുന്ന് പഞ്ചാക്ഷരം ജപിക്കുന്നുണ്ട്. 'എന്താ പറ്റീത്?' ഉണ്ണി ആകാംക്ഷയോടെ പുറത്തിറങ്ങി,പിന്നാലെ നടന്നു.

"ഉണ്ണീ....നീ അടി വാങ്ങും.., ഇല്ലത്ത് പോവൂ...." അമ്മയുടെ സ്വരത്തിലെ ശാസന ഉണ്ണിയെ ഞെട്ടിച്ചു.

അവനമ്മയെ ദേഷ്യപ്പെട്ട് കണ്ടിട്ടില്ല. ഉണ്ണിയുടെ അമ്മ സ്നേഹമയിയായിരുന്നു. സ്ക്കൂളിൽ നിന്നും ക്ഷീണിച്ച് വരുന്ന അവന് രാവിലത്തെ പലഹാരം സൂക്ഷിച്ച് വച്ചതും നൽകും. ഒരു ബല്ലം ശർക്കര ഉടച്ചിട്ട് കിണ്ണത്തിലിട്ടു കൊടുക്കും. സന്ധ്യയായാൽ അവനെ കുളത്തിൽ കൊണ്ടുപോയി കുളിപ്പിക്കും. കുളം ഉണ്ണിയ്ക്ക് എന്നും ഇഷ്ടമായിരുന്നു. എത്ര കുളിച്ചാലും അവൻ മതിയാവില്ല. രാത്രിയിൽ അമ്മയാട്ടുന്ന സമയത്ത് അവന്റെ സ്ക്കൂൾ വിശേഷങ്ങൾ കേൾക്കും. പിന്നെ രാത്രിയിൽ കൂടെ കിടത്തി "ഇട്ടിക്കണ്ടപ്പന്റേയും കറുത്ത നങ്ങേലിയുടേയും കഥ പറഞ്ഞുറക്കും; ആ അമ്മയാണ്....

"ഇല്ലത്ത് പോവാൻ പറഞ്ഞില്ല്യേ...?" അമ്മയുടെ ശബ്ദം വല്ലാണ്ടുയർന്നിരുന്നു.

"ഞാനിനിയമ്മയോട് മിണ്ടില്ല്യ...." ചിണുങ്ങിക്കൊണ്ടകത്തുകയറി. പഠിയ്ക്കാനൊരുത്സാഹവും തോന്നിയില്ല. കരച്ചിൽ വന്ന് പോയി. പെട്ടെന്നാണവൻ സ്ക്കൂളിൽ നിന്ന് ഒരു കുട്ടി പറഞ്ഞതവനോർത്തത്.

"അനച്ചേട്ടൻ മരിച്ചൂത്രെ....!"

അവൻ പതിയെ മുത്തശ്ശിയെ സമീപിച്ചു.

"എണ്ടോ മുത്തശ്ശീ..മരിക്ക്യാന്ന് വച്ചാല്..?"

"എന്താപ്പോ അങ്ങനെ ചോദിച്ചെ.....?" മുത്തശ്ശിയുടെ സ്വരത്തിലും പതിവില്ലാത്ത അസഹ്യത.

"ഒന്നൂല്ല്യ..." അവൻ പതിയെ പിൻവാങ്ങി.

അമ്മ പോയെന്ന് ഉറപ്പായപ്പോൾ അവൻ പതിയെ പുറത്തിറങ്ങി.

"എവടയ്ക്കാ പോണെ....?" മുത്തശ്ശി താടിയ്ക്ക് കൈയും കൊടുത്ത് പുമുഖത്തിണ്ണയിലിരിക്കുന്നു. ഒക്കു വച്ച് പഴയമാതിരി പൂടവ ഉടുത്തിരിക്കുന്ന മുത്തശ്ശിയുടെ ഭസ്മക്കുറിയും താളത്തിലാടുന്ന ചിറ്റിട്ട, നീട്ടിയ കാതും ഉണ്ണിയെ പതിവുപോലെ രസിപ്പിച്ചില്ല.

"അനച്ചേട്ടന്റമ്മ കുട്ട്യോൾടെമാതിരി കരയണതെന്തിനാ?...."

ചോദ്യം കേൾക്കാത്ത ഭാവത്തിൽ മുത്തശ്ശി ഇടനാഴിയിലേയ്ക്ക് തന്നെ തിരിച്ച് പോയതും ഉണ്ണി അനച്ചേട്ടന്റെ ഇല്ലത്തേയ്ക്കോടി. നിറഞ്ഞ തിരക്കിലൂടെ വടക്കേകെട്ടിലേയ്ക്കൊന്ന് എത്തിച്ച് നോക്കി. കോടിപ്പുടവ പുതപ്പിച്ച് നാളികേരത്തിരികൾക്ക് നടുവിൽ അനച്ചേട്ടൻ.....! തലയ്ക്കൽ തെക്ക് വടക്കായി കൊളുത്തിയിരിക്കുന്ന നിലവിളക്ക്. ചിരട്ടയിലെ മണലിൽ വേരോടെ പിഴുതെടുത്ത ഒരു തുളസിച്ചെടി.... കാൽക്കലിരുന്ന് നാമംജപിക്കുന്ന സ്ത്രീയെ ഇതിന് മുൻപെന്നോ കണ്ടതായ ഓർമ്മമാത്രം.....

അനച്ചേട്ടന്റെ മുഖത്തെ ചോരപ്പാടും തുന്നൽപ്പാടുകളുമവനെ അതിശയിപ്പിച്ചു

"എന്താത്...?" അവനറിയാതെത്തന്നെ പ്പറഞ്ഞു.

അനച്ചേട്ടന്റമ്മയുടെ തോളിൽ കൈയ്യമർത്തി അമ്മയുടെ തോളിൽ ചായ്ച് കിടത്തിയിരിക്കുന്നു. പെട്ടെന്ന് അമ്മയുടെ കണ്ണ് അവന്റെ കണ്ണുമായുടക്കി. അവൻ വേഗം തന്നെ ഓടിപ്പോയി.

അമ്മ വന്നപ്പോൾ രാത്രിയായി. ആ കണ്ണുകൾ ചുവന്ന് കലങ്ങിയിരുന്നു. അവന്റെ ദേഷ്യമെല്ലാം ഉരുകിയൊലിച്ചു. അവനമ്മയെ കെട്ടിപ്പിടിച്ചു. തലയിൽ അമ്മയുടെ കണ്ണീരിന്റെ തണുപ്പവനറിഞ്ഞു.

"വാ പോയി കുളിക്കാം... മരിച്ചേടത്ത് പോയതല്ലേ...."

തോളിൽ തോർത്ത് വച്ച് ഗ്ലാസ് വിളക്കുമായി അമ്മ വന്നു. കുളത്തിലെത്തുവോളം അവന്റെ തലമുടികൾക്കിടയിലൂടെ അമ്മ സ്നേഹപൂർവ്വം വിരലോടിച്ചു.

"അമ്മേടപ്പൂന് തണുക്കുന്നുണ്ടാവുല്ലേ...?" അമ്മ ചോദിച്ചു.

രാത്രിയായപ്പോഴേയ്ക്കും വായിൽ കയ്പ് നീരിറങ്ങിയപോലെ തോന്നി. അവനമ്മയെ കെട്ടിപ്പിടിച്ചു.

"പനീണ്ടല്ലോ, അമ്മേടപ്പൂന്. അമ്മ പൊടിയരിക്കഞ്ഞിയുണ്ടാക്കിത്തരാം ട്ടോ...."

"പേടിച്ചണ്ടാവും ന്റെ കുട്ടി..." മുത്തശ്ശിയുടെ സ്വരത്തിലും നനവ് പടർന്നിരുന്നു.

പിന്നെ അവനമ്മയെ കെട്ടിപ്പിടിച്ചുറങ്ങി. ഉണർന്നപ്പോൾ ഇല്ലത്ത് അമ്മയേയും അച്ഛനേയും കണ്ടില്ല. കുളപ്പുരയിലുമില്ല.

പിന്നെ ഉണ്ണിയ്ക്ക് പല്ലുതേയ്ക്കാനും കുളിക്കാനുമൊന്നും സുഖം തോന്നിയില്ല.

"അമ്മുണ്ണി തന്നെ ...." നിർമ്മലച്ചെറിയമ്മ കളിയാക്കി.

"വയറ് വേദനയായിട്ട് ആസ്പത്രിലാണത്രെ അമ്മ..."

ചെറിയമ്മ മാലിനിചേച്ചിയോട് പറയുന്നത് കേട്ടു.

"അമ്മ കുളിപ്പിക്കുമ്പോ നിന്നിക്കാറുണ്ടായിരുന്നു...." അവൻ വേദനയോടെ ഓർത്തു. "ആസ്പത്രി" എന്ന് കേട്ടപ്പോൾ അവന്റെയുള്ളിൽ തെളിഞ്ഞത് തുന്നിക്കെട്ടി വികൃതമായ അനച്ചേട്ടന്റെ മുഖമാണ്. തികട്ടിവരുന്ന കരച്ചിലവൻ ഒരുവിധം അടക്കി.

പിന്നേയും നാലു നാളുകൾ കഴിഞ്ഞിട്ടാണമ്മ വന്നത്. അമ്മ അവനെ നോക്കി വളരെ പതിയെ ചിരിച്ചു. അവനോടിപ്പോയി അമ്മയുടെ കൈയ്യിൽ തൂങ്ങി.

രാത്രിയിലമ്മയുടെ തേങ്ങൽ കേട്ടാണുണർന്നത്.

"എന്താത് സാവിത്രീ... ഉണ്ണി വിഷമിക്കില്ലേ? അച്ഛന്റെ ശബ്ദം.

"എന്താണമ്മേ...?" അവൻ ചോദിച്ചു.

"എന്റച്ഛ..." അമ്മ അവനെ ചേർത്ത് പിടിച്ച് കിടത്തി. അമ്മയുടെ നെഞ്ചിന്റെ ചൂടേറ്റവനുറങ്ങി. ഉറക്കത്തിൽതന്നെ ഒരു മരുഭൂമിയിലൊറ്റയ്ക്കാക്കി അമ്മ അപ്രത്യക്ഷമാവുന്ന സ്വപ്നമവൻ കണ്ടു.

ബാഗിൽ വസ്ത്രമൊതുക്കിവച്ച് ഉമ്മറത്തെ കാറിലച്ഛനോടൊപ്പം കയറവെ അമ്മയവന്റെ നെറുകയിലൊരുമ്മ നൽകി. കാർ പടികടന്ന് പോയി.

രാത്രി അച്ഛനോടൊപ്പം ഒരു കാറിലിരുന്നാണ് ഉണ്ണി ആസ്പത്രിയിലെത്തിയത്. ആശുപത്രിയിലെ മുറിയ്ക്കകത്തേയ്ക്ക് കയറുമ്പോൾ അവൻ വെറുതെ ആ വാതിലിലെ നമ്പർ വായിച്ചു "രണ്ട്".

അവിടെ കിടക്കുന്നതമ്മയാണെന്ന് വിശ്വസിക്കാനായില്ല. നീരുവന്ന് വീർത്ത ശരീരവുമായി, തല താഴ്ന്ന് കിടക്കുന്ന കട്ടിലിൽ കണ്ണുകൾ ചുവന്ന് കുറുകിയിരിക്കുന്നു. നിർമ്മലച്ചെറിയമ്മ അരികിലുണ്ട്. അമ്മ അവനെ നോക്കിച്ചിരിച്ചു. അവൻ പൊട്ടിക്കരഞ്ഞുപോയി. "കരയല്ലേ... അമ്മയ്ക്ക് വിഷമാവില്ല്യേ..." ചെറിയമ്മ അവനെ ചേർത്ത് പിടിച്ചു.

"സാരംല്യടാ..." മുൻപിൽ ഉമയമ്മായി അമ്മായിയുടേയും മുഖം ചുവന്നിരുന്നു. കലങ്ങിയ കണ്ണുകൾ കണ്ടപ്പോൾ അനച്ചേട്ടൻ മരിച്ച ദിവസത്തെ അമ്മയുടെ കണ്ണുകൾ ഓർമ്മവന്നു.

"അമ്മയ്ക്ക് വെള്ളം കൊടുക്കണ്ടെ...?" അമ്മായി അവന്റെ കൈയിലൊരു ഗ്ലാസും സ്പൂണും നൽകി.

അകത്തേയ്ക്ക് നടക്കുമ്പോൾ ഉമ്മറപ്പടിയിൽതട്ടി. ഗ്ലാസ് താഴെ വീണ് ചിതറി.

പെട്ടെന്ന് അമ്മയുടെ അടുത്തിരുന്ന നിർമ്മലച്ചെറിയമ്മയിൽ നിന്നൊരു തേങ്ങലുയർന്നതായി അവന് തോന്നി.

അമ്മായി അവന്റെ കൈ പിടിച്ചു.

"പോവാം...?"

"ഞാൻ ചിരിക്കാഞ്ഞപ്പോഴമ്മയ്ക്ക് വിഷമമായിട്ടുണ്ടാവുമോ...?" അവൻ ചോദിച്ചപ്പോൾ മുത്തശ്ശി ചുക്കിച്ചുളിഞ്ഞ കവിളിലേയ്ക്കിറങ്ങിയ മിഴിനീർ തുടച്ചു. പതിയെ അവൻ ഉറങ്ങുകയായിരുന്നു.

ഇല്ലത്ത് ആമ്പുലൻസ് വന്നതോ വടക്കേകെട്ടിലേയ്ക്കെടുത്തതോ അവനറിഞ്ഞില്ല. ഉമയമ്മായി വിളിച്ചപ്പോഴാണ് അവൻ ഉണർന്നത്. വടക്കേകെട്ടിൽ നിന്നും നാമജപം കേൾക്കാം. വടക്കേകെട്ടിലേയ്ക്കോടവേ എന്തിനെന്നറിയാതെ അവൻ കരച്ചിൽ വന്നു.

"പ്രദക്ഷിണം വച്ച് നമസ്ക്കരിക്കൂ... ഉമയമ്മായി പറഞ്ഞു. നമസ്ക്കരിയ്ക്കവേ അമ്മയുടെ വയറ്റത്ത് ഒരുപാട് തുന്നലുകൾ അവൻ കണ്ടു. കൈകാലിലെ വിരലുകളിൽ ദർഭപ്പുല്ല് കെട്ടുന്നതും പുടവപുതപ്പിക്കുന്നതും കണ്ടു. കാലിലെ തള്ളവിരലിൽനിന്നും ഒരു ദർഭപ്പുല്ല് കോടിപ്പുടവ തുളച്ച് പുറത്തേയ്ക്ക് നിൽക്കുന്നു.

പടിഞ്ഞാറേ വാതിൽക്കലൂടെ അമ്മയെ തെക്കുപടിഞ്ഞാറേ മുറ്റത്തേയ്ക്കെടുത്തു. അവിടെ നിൽക്കുന്ന മാവ് കാണാനുണ്ടായിരുന്നില്ല. അമ്മയെ അടുക്കിയ വിറകിന്മേൽ കിടത്തി. അമ്മയെ കിടത്തിയിരുന്ന ഏണി വലിച്ചെടുത്തു. അത് കെട്ടിയ പുല്ല് പൊട്ടിച്ചെറിവിണു.

അച്ഛനവന്റെ കൈപിടിച്ച് വായിൽ അരിയും തൈരുമിടുവിപ്പിച്ചു. ഒരു മൺകുടം തലയിൽവച്ച് അവൻ പ്രദക്ഷിണം വച്ചു. ഓരോ പ്രദക്ഷിണവും കഴിയുമ്പോൾ കുടത്തിൽ ഓരോ തുളകൾ വീഴ്ത്തി. മൂന്നാം പ്രദക്ഷിണത്തിനുശേഷം കുടം താഴെ വീഴ്ത്തി ഉടച്ചു.

അമ്മയുടെ മേൽ വിറകടക്കവേ ഉമയമ്മായി അവനെ ബലമായി ചേർത്തു പിടിച്ചു.

അച്ഛനവന്റെ കൈപിടിച്ചമ്മയുടെ നെഞ്ചിൽ തീവയ്ക്കാനാഞ്ഞപ്പോൾ അവൻ കൂതറി.

"വേണ്ട..., നിമ്മയെ കത്തിയ്ക്കണ്ട..." അവന്റെ ശബ്ദം ഒരേങ്ങലിലൂടെ പുറത്തുവന്നു.

വിറകു പുകഞ്ഞ് ചുരുളുകളായി ഉയർന്നു. അച്ഛന്റെ കണ്ണിലെ കണ്ണുനീർത്തുള്ളിയിൽ പ്രതിബിംബിക്കുന്ന തീജ്വാലകളിലവൻ ലോകം മുഴുവൻ കണ്ടു. അവന്റെയുള്ളിൽ അമ്മയുടെ സ്വരം പിടിവിടർത്തിയാടി.

"ചുരുൾചുരുളായി പുകയുയരുന്നു....
ജഡതകളിവിടെ കരയുന്നു."

• • • •

അർഹത



സംഗീതസാഗർ
I B.A. Econmics

അന്നും ഗൗരി ഒരു പാട് വൈകിയിരുന്നു.

കുറുകെ ചുമപ്പ് കോരിയൊഴിച്ച്, വലിയ മുഴക്കത്തിലുള്ള ഹോൺ മുഴക്കി പാഞ്ഞിരുന്ന ഒരു ഡബിൾഡെക്കർ ബസ്സിനെ മുറിച്ചുകടക്കാനായി കാത്തു നിന്നിരുന്ന ആ ചെറിയ ജനക്കൂട്ടത്തിൽ ഗൗരിയും ഒരാളായി. തെരുവിനുചുറ്റും വലിയ കടകൾക്കു മുമ്പിൽ തൂക്കിയിട്ടിരിക്കുന്ന ബോർഡുകളിൽ നിന്ന് പ്രവഹിക്കുന്ന നിയോൺ പ്രകാശം വർണ്ണങ്ങളുടെ വലിയ വലയങ്ങൾ തീർത്തിരുന്നു. തെരുവിനപ്പുറം സർദാർജിമാർ തട്ടുകടകളിൽ സബ്ജിയും, ചപ്പാത്തിയും വലിയ ദോലകളിൽ നിരത്തിവച്ച് തുടങ്ങിയതു കണ്ടപ്പോഴാണ് താൻ വൈകിയിരിക്കുകയാണെന്ന ഓർമ്മ വീണ്ടും ഗൗരിയിലെത്തിയത്.

അച്ഛനിന്നും നൈറ്റ് ഷിഫ്റ്റാണെന്നു തോന്നുന്നു. എങ്കിൽ അച്ഛൻ ഇപ്പോൾ ആ പഴയ റാലി സൈക്കിളിന്റെ ഹാൻഡിലിൽ തൂക്കിയിട്ട ക്ലാവു പിടിച്ച ചെമ്പു ടിഫിനുമായി ഇറങ്ങിക്കാണും. ധാരാവിയിലൂടെ ഉരുളുന്ന ആ ചക്രങ്ങളാണ് ഇപ്പോൾ ഗൗരിയുടെ ആശ്വാസം.

അച്ഛനറിഞ്ഞുകാണില്ല ഇന്നത്തെ സമരത്തിന്റെ കാര്യം. എങ്കിൽ തീർച്ചയായും അപർണ്ണയോടന്വേഷിച്ചേനെ താനെന്തേ വൈകുന്നതെന്ന്.

ഈയിടെയായി അപർണ്ണയും തന്നെപ്പറ്റി നുണ പറഞ്ഞു മടുത്തെന്ന് തോന്നുന്നു. അപർണ്ണ നേരത്തേയെത്തി വെളുത്തീയം വെള്ളത്തിൽ ലയിച്ചാൽ ഏതു ലായനിയാണ് കിട്ടുക എന്നത് ഒരു നൂറുപ്രാവശ്യമെങ്കിലും എഴുതിപ്പഠിച്ചു കാണും. കോളേജിലെ ഓരോ സമരവും അപർണ്ണയുടെ മാർക്ക്ലിസ്റ്റിൽ ഓരോ അക്കങ്ങൾ വീതം കൂട്ടുന്നു. എന്നാൽ താനോ?

അപ്പോഴാണ് ഗൗരിയുടെ മനസ്സിൽ സലീമിന്റെ വാക്കുകൾ ഓടിയെത്തിയത്.

"നിനക്കെന്തിനാണ് ഗൗരീ മാർക്ക്?"

നരിമാൻ പോയിന്റിലെ ഏതോ പഞ്ചനക്ഷത്രഹോട്ടലിലെ ഇടനാഴിയിൽ വച്ചായിരുന്നു ചോദ്യം.

ലോണിനപ്പുറം തീരക്കടലിലൂടെ തീപ്പെട്ടി പോലെ നീങ്ങുന്ന ചെറിയ ബോട്ടുകളിലേയ്ക്ക് നോക്കിക്കൊണ്ട് മുഖം താഴ്ത്തി തേങ്ങാനേ തനിയ്ക്ക് കഴിഞ്ഞുള്ളൂ. സലീമിന്റെ പൈജാമയിൽ നിന്ന് പകർന്നുകിട്ടിയ പത്താൻ അത്തറിന്റെ സുഗന്ധം നിറഞ്ഞ ഷാൾ ഒന്നുകൂടി തലയിലേയ്ക്ക് വലിച്ചിട്ടുകൊണ്ട് താൻ വീണ്ടും തേങ്ങിയത് ഇന്നും ഓർമ്മയുണ്ട്.

ചെമ്പിച്ചമുടി ഒതുക്കിക്കൊണ്ട്, തവിട്ടു കണ്ണുകളിൽ നിറയെ സ്നേഹം നിറച്ച് പിടിച്ചുയർത്തിയ താടിയിൽ ശിരസ്സു കൊണ്ട് തലോടിക്കൊണ്ട് ഒരു സ്വപ്നത്തിലെന്ന പോലെ സലീം പറഞ്ഞു.

"ബോംബെയിലെ ഗലികളും, കെട്ടിടങ്ങളും പാട്ടത്തിനുകൊടുത്ത് ആ പണം മുഴുവൻ തലമുറകൾക്കായി അട്ടിയിട്ട് വയ്ക്കുന്ന മിർസാഖാന്റെ മകന്റെ കാമുകിയാണ് നീ.

സങ്കോചത്തോടെ മുഖമുയർത്തുന്ന തന്റെ കണ്ണുകളിലേയ്ക്ക് തന്നെ തറച്ചു നോക്കിക്കൊണ്ട് സലീം വീണ്ടും പറയും

"പത്താൻകാരന് വാക്ക് ഒന്നേയുള്ളൂ. സലീം വിവാഹം കഴിക്കുന്നെങ്കിൽ അത് നിന്നെ മാത്രമായിരിക്കും."

ആ വാക്കുകളെ താൻ അന്ന് പൂർണ്ണമായി വിശ്വസിച്ചിരുന്നോ? ഇപ്പോഴാണ് ഉറപ്പായത് താൻ ആ വാക്കുകൾ അന്നു വിശ്വസിച്ചിരുന്നില്ല എന്ന്. സലീം തന്നെ സ്വീകരിക്കില്ലെന്ന് തനിക്കുറപ്പായിരുന്നല്ലേ?

എന്നിട്ടും താനെന്തേ സലീമിനെ ഒഴിവാക്കിയില്ല.

ആ ചെമ്പൻ മുടിയേയും, മീശയുടെ മണം കലർന്ന ആ വിടർന്ന ചിരിയേയും താൻ അറിയാതെ ഇഷ്ടപ്പെട്ടിരുന്നില്ലേ. ഫിലമെന്റ് ഫാക്ടറിയിലെ നൈറ്റ് ഷിഫ്റ്റുകാരൻ ഗംഗാധരൻ നായരുടെ മകൾക്ക് പ്രതീക്ഷിക്കാനാവാത്ത എന്തോ കിട്ടിയെന്ന ആഹ്ലാദമായിരുന്നില്ലേ അന്ന്.

സലീമിനെ ആദ്യമായി കണ്ടത് എന്നാണ്? ധാരാവിയിലെ ചൗക്കീദാറിന്റെ മകൾ സരീനയുടെ കല്ല്യാണ നാളുകളിൽ, തരിവളയിട്ട സുന്ദരികൾ പാടുന്ന ഹിമ്മത്തിനൊപ്പം, തെരുവിലെ ബാലന്മാർ അതിഥികൾക്കായി വീശിയെറിയുന്ന വർണ്ണപ്പൊടികൾക്കിടയിൽ, റാഫിയുടെ ഏതോ പഴയ വിരഹ ഗാനത്തിനൊപ്പം ചുവട് വയ്ക്കുന്ന ബോംബേയിലെ യൗവ്വനങ്ങൾക്കിടയിൽ, ചെമ്പൻ മുടിയിൽ നിറയെ കടും വർണ്ണങ്ങളുമായി അബുൾഫാസലിന്റെ ഏതോ ഉറുദു കവിതയിലെ കച്ചവടക്കാരനെപ്പോലെ സലീം കടന്നു വന്നപ്പോൾ തന്നെ താൻ സലീമിനെ ഇഷ്ടപ്പെട്ടിരുന്നില്ലേ?

അപർണ്ണയോടൊപ്പം പരന്ന കബാബുവിൽ വെളുത്ത നൂറിന്റെ ജാം പുരട്ടി ക്കൊണ്ട് സദ്യയിൽ ഏറ്റവും അടുത്തായി ഇരിക്കുമ്പോൾ നീണ്ട ചെമ്പൻ മുടിയിലെ വർണ്ണങ്ങൾ കഴുകിക്കളഞ്ഞു കൊണ്ട് സലീം അടുത്തു വന്നിരുന്നു.

വരണ്ട കബാബുവിൽ ജാം പുരട്ടിക്കൊണ്ട് സലീം സ്വരം താഴ്ത്തി ഹിന്ദിയിലാണ് ചോദിച്ചത്.

"ഗൗരി അല്ലേ?"

മുഖത്തെ അത്ഭുതം മറച്ചു വച്ച് ചോദ്യഭാവത്തിൽ ആ മുഖത്തേക്ക് നോക്കാനെ കഴിഞ്ഞുള്ളൂ.

ജീരകവെള്ളവുമായി പോകുന്ന സാഹിബിനെ അടുത്തേക്ക് വിളിച്ചുകൊണ്ട് സലീം തുടർന്നു.

"ഞാൻ വന്നിട്ടുണ്ടായിരുന്നു ഗൗരിയുടെ കോളേജിൽ, കഴിഞ്ഞ മാസം, ഉറുദു കവിത പാരായണ മൽസരമുണ്ടായിരുന്നില്ലേ, താൻ ചൊല്ലിയ കവിത നന്നായിരുന്നു."

വിസ്മയത്തോടെ നോക്കിയിരുന്ന അപർണ്ണയെയും വിളിച്ച് കൈകഴുകാൻ പോകുമ്പോൾ മീഠായുടെ മണം കലർന്ന ആ പരന്ന ചിരി സലിം സമ്മാനമായി നൽകിയിരുന്നു.

പിന്നെ കോളേജിലും, നരിമാൻ പോയിന്റിലെ ആ പഴയ ഹോട്ടലിലെ ലോണുകളിലും, ശിവജി പാർക്കിലെ ബോഗൻവില്ല കാടുകളിലും, ചൂളം വിളിച്ചു പായുന്ന ഇലക്ട്രിക് ട്രെയിനിലെ എ. സി. കൂപ്പെകളിലും വച്ച് താനെത്ര പ്രാവശ്യം ആ വിടർന്ന ചിരിക്കും, എണ്ണ മയമില്ലാതെ കാറ്റിൽ പറക്കുന്ന ആ ചെമ്പൻ മുടിക്കും അടിമയായി ഇന്നു രാവിലെയാണ് തക്കിയുദ്ദീൻ (സലീമിന്റെ കോളേജിലെ പാക്കിസ്ഥാനി സുഹൃത്ത് ആ വെളുത്ത കവർ തന്നെ ഏൽപ്പിച്ചത്.

"ദീദി, സലീം ഭായ് ദുമ്പായിലേക്ക് പോയ മിനിഞ്ഞാന്ന്" മഞ്ഞപല്ലുകൾ കാട്ട തക്കിയുദ്ദീൻ പറഞ്ഞു. ഒരു തരം നിസ്സംഗതയോടെയാണ് ആ കത്ത് പൊട്ടിച്ചത്.

നിറയെ അക്ഷരത്തെറ്റുകൾ നിറഞ്ഞ ഉറുദുവിൽ സലിം ഇത്രയേ എഴുതിയിരുന്നുള്ളൂ. "ഗൗരി നീയെന്നെ മറന്നേക്കുക ഞങ്ങൾ ദുബായിലേക്ക് മാറുകയാണ്. ഇന്ന ഇൻഡ്യയിൽ മടങ്ങി വരുക ബുദ്ധിമുട്ടാണ്."

ചിന്തയിൽ നിന്നുണർന്നപ്പോഴാണ് ഗൗരി വീടെത്താറായെന്നാലോചിച്ചത്. അവിടെ നീണ്ട നാരുകൾ നിറഞ്ഞ മരക്കട്ടിലിൽ കിടന്ന അമ്മ ഗുളികകൾക്കായി പരതി തുടങ്ങിക്കാണും. വേഗം ചെന്നാൽ ആ ഗുളികകൾ എടുത്തു കൊടുക്കാം. അച്ഛൻ തയ്യാറാക്കി വച്ചിരുന്ന ടിഫിനിൽ ബാക്കി അമ്മക്കു പകർന്നു കൊടുക്കുകയും ചെയ്യാം. ഇന്ന സലീമിനെ ഓർമ്മിക്കാതിരിക്കാൻ ഇ ദുഖങ്ങൾ മതിയാകും എന്നോർത്തപ്പോൾ ഗൗരിയുടെ നടത്തക്ക് വീണ്ടും വേഗത കൂടി അബുൾ ഫാസലിന്റെ ആ പഴയ വരികൾ ഗൗരി വീണ്ടുമോർത്തു.

"നിന്റെ അസ്തിത്വം നിന്നെപ്പുണരുമ്പോഴാണ് നിന്റെ മറവിയുടെ ഒരു ഇല കൂടി പൊഴിയുന്നത്"

അപ്പോഴുമവൾ നടന്നു കൊണ്ടിരുന്നു...

എല്ലാവിധ വിദേശ നിർമ്മിത
വസ്തുക്കൾ വാങ്ങുന്നതിനും
സമീപിക്കുക

"ഫ്രെഞ്ച് കോർണർ"

ഡ്യൂട്ടി ഫ്രീ ഷോപ്പ്

അൽ അമീൻ ഷോപ്പിംഗ് കോംപ്ലക്സ്
ഠാണ - ഇരിങ്ങാലക്കുട
ഫോൺ:821085

ചൈത്രം

ജ്വല്ലേഴ്സ്

കോടതിക്കു സമീപം
ഇരിങ്ങാലക്കുട. ഫോൺ:823619

സൗന്ദര്യസങ്കല്പങ്ങളുടെ സുവർണ്ണ പ്രകാശനം !

സ്വപ്നങ്ങൾക്കൊരു സ്മാരകം.



ജയ. S.I.
I.DC. Maths

സംഭവബഹുലമായ മറ്റൊരു സാധാരണ ദിവസത്തിന്റെ അന്ത്യത്തിൽ, ഉറക്കം എന്ന പ്രധാനപ്പെട്ട സന്ധിയിലേയ്ക്ക് പ്രവേശിക്കുവാനായി, അയാൾ തയ്യാറെടുത്തുകൊണ്ടിരിക്കുകയായിരുന്നു. ക്ഷീണിച്ചു കഴിഞ്ഞ മസ്തിഷ്ക്കവും മറ്റവയവങ്ങളും അവയുടെ ആവശ്യം അയാൾക്കു മുമ്പാകെ നിരത്തിക്കഴിഞ്ഞിരുന്നു. അപ്പോഴാണ്, ഈ പ്രതിസന്ധികളെയെല്ലാം തകർത്തെറിഞ്ഞുകൊണ്ട് ആ കത്ത് അയാളുടെ ഓർമ്മയിൽ കയറിപ്പറ്റിയത്.

ഏതാണ്ട് കാൽനൂറ്റാണ്ടു പിന്നിട്ട പത്ര പ്രവർത്തനത്തിനശേഷം വാർത്തകൾ അയാളുടെ മനസ്സിനെ അത്രയൊന്നും അസ്വസ്ഥമാക്കാറില്ല. എങ്കിലും തപാലിൽ വന്ന കത്തുകളിൽ എല്ലാമെടുത്ത് മറിച്ച് നോക്കിയപ്പോൾ എന്തോ ചിലപ്രത്യേകതകൾ അയാൾ ആ കത്തിൽ കണ്ടെത്തിയിരുന്നു. വലിയ കവറിന്റെ പുറത്ത് ഒരുകിലോയി എഴുതിയിരിക്കുന്ന ഇനിയും ദൃഢത കൈവരാത്ത കൈയ്യക്ഷരങ്ങൾ അയാളുടെ ജിജ്ഞാസയെ കൂറച്ചൊന്നുണർത്താതിരുന്നില്ല. ഇപ്പോളെഴുതിക്കൊണ്ടിരിക്കുന്ന ഏതാനം സുഹൃത്തുക്കളുടേയും പതിവ് പരാതികളുടേയും ഇടയിൽ അതൊരു ചോദ്യചിഹ്നം പോലെ കിടന്നു.

ഏതോ ഉൾപ്രേരണയാൽ പെട്ടെന്നെഴുന്നേറ്റ്, മേശപ്പുറത്ത് വച്ചിരുന്ന പുസ്തകത്തിനിടയിൽ നിന്നും ആ കത്തെടുത്ത് വീണ്ടും കസേരയിൽ വന്ന് തലചായ്ച്ച് കിടന്നു. ഒരു നിമിഷനേരം കണ്ണടച്ചിരുന്നതിനുശേഷം വളരെ പതുക്കെ കവർ തുറന്ന് കടലാസ്സെടുത്ത് അതിന്റെ മടക്കുകൾ നിവർത്തി.

വളരെ നീണ്ട പരിചയത്തിന്റേയോ ബന്ധത്തിന്റേയോ പിൻബലമില്ലാതെത്തന്നെ ഞാനിതെഴുതുന്നു. ഏതാനം ദിനരാത്രങ്ങളിലെ ഗാഢമായ ആലോചനകൾക്കുശേഷം മാത്രമാണ് ഈ സാഹസികതയ്ക്ക് ഞാനൊരുമ്പെടുന്നത്. ഇന്നുവരെയുള്ള ജീവിതകാലഘട്ടത്തിൽ മറ്റാരുടേയും പിന്തുണയില്ലാതെ ഞാൻ നടത്തുന്ന രണ്ടാമത്തെ സാഹസികതയുമാണ് ഇത്.

കേരളത്തിലെ ഏതെങ്കിലുമൊരു ഗ്രാമത്തിൽ കണ്ടുമുട്ടിയേക്കാവുന്ന ഒരു സാധാരണ പെൺകുട്ടി എന്ന് ഞാനെന്നെ പരിചയപ്പെടുത്തട്ടെ. ഏതാനം ചില സ്ഥലപ്പേരുകളിലൊതുങ്ങുന്ന ഒരു ഭൂമിശാസ്ത്ര വിവരണം നൽകി താങ്കളെ മുഷിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ചരാചരപ്രകൃതിയുടെ അവിശ്രാന്തമായ പ്രയാണത്തിന്റെ ഏതോ കണികയിൽ, ഒരു ഞൊടിയിടയിൽ സംഭവിച്ച വളരെ നേർത്ത ഒരു ചലനം മാത്രമായിരിക്കാം, ഞാൻ ജീവിച്ചു തീർക്കുന്ന ഈ ജീവിതം പോലും. ഒരു താരാട്ടു പാട്ടിന്റെ ഉൗഷ്മളമായ ഈരടികൾ, കൊച്ചുകൊച്ചു വികൃതികൾ, ഒരു പിറന്നാളിന്റെ വിവേസമൃദ്ധിയുടെ ഓർമ്മകൾ, കൊച്ചു നാളിലെ കളിക്കൂട്ടുകാർ, വാശിപിടിച്ചു കരയുന്ന സഹപാഠികളുടെ ഇടയിൽ ഒന്നുമറിയാതെ മിഴിച്ചിരിയ്ക്കുന്ന വിദ്യാലയത്തിലെ ആദ്യ ദിനങ്ങൾ; ഇങ്ങനെ എന്തൊക്കെയോ, ബാല്യത്തിന്റെ വർണ്ണജാലങ്ങളിലൂടെ നോക്കിയാൽ കണ്ടെന്നിരിക്കാം. നീണ്ട പത്തുപതിനാറു വർഷങ്ങളിലെ സംഭവപരമ്പരകൾ ഇവിടെ പ്രസ്താവിയ്ക്കാൻ മാത്രമുള്ള സവിശേഷതകളുള്ളവയാണെന്ന് ഞാൻ കരുതുന്നില്ല.

ചങ്ങാതിമാർ എനിയ്ക്കു വളരെ കുറവായിരുന്നു. ആഗ്രഹമുണ്ടായിരുന്നെങ്കിൽപ്പോലും ഒരു ആത്മാർത്ഥ സുഹൃത്തിനെ സമ്പാദിയ്ക്കാനുള്ള യോഗ്യത എനിയ്ക്കുണ്ടായിരുന്നുവോ എന്ന് സംശയിച്ചിരുന്നു. ഈ പശ്ചാത്തലം ഇവിടെ കുറിയ്ക്കേണ്ടത് അത്യാവശ്യമാണെന്നു തന്നെ പറയാം. ഇടയ്ക്കിടെ കാടുകയറുന്ന ചിന്തകളും, വിചിത്രമായ കല്പനകളും തിങ്ങിനിറഞ്ഞ മനസ്സിന്റെ, ഒരു കിളിവാതിലെങ്കിലും തുറന്നിടാതിരുന്നാലുള്ള അവസ്ഥയെപ്പറ്റി ചിന്തിച്ചാൽ, ഒരു സുഹൃത്തിന്റെ അനിവാര്യത താങ്കൾക്കും ബോധ്യമാകും.

ഒരു നിമിഷനേരത്തെ യാദൃച്ഛികത. അതു കൈവിട്ടു പോയെന്നാലും വലിയ വ്യത്യാസമൊന്നുമില്ലാതെ തന്നെ ഈ ജീവിത ചക്രം മുന്നോട്ടുതന്നെ ഉരുളുമായിരുന്നു. ആരംഭം തന്നെ ആകസ്മികതയിൽ നിന്നായിരുന്നു.

വാരാന്ത്യത്തിലെ അവധിദിനത്തിൽ, ഒരു ചടങ്ങുപോലെ ടെലിവിഷനു മുമ്പിലിരിയ്ക്കുമ്പോഴും ഏതോ മേച്ചിൽപ്പുറങ്ങളിലൂടെ അലഞ്ഞുതിരിയുകയായിരുന്നു മനസ്സ്. മുമ്പിൽ തെളിഞ്ഞുമായുന്ന ദൃശ്യങ്ങളിലേയ്ക്ക് അതിനെ വ്യാപിപ്പിയ്ക്കാനുള്ള യത്നങ്ങളെല്ലാം പരാജയപ്പെട്ടു കഴിഞ്ഞിരുന്നു. വിഘടനാ വാദത്തിലൂടെ പ്രക്ഷുബ്ധമായിത്തീർന്ന സ്വന്തം മണ്ണിൽനിന്നു പറിച്ചു മാറ്റപ്പെട്ട്, പ്രവാസജീവിതം നയിക്കുന്നവരുടെ നോവുനിറഞ്ഞ മുഖങ്ങളിലൂടെ, കണ്ണീരിൽ നനയുന്ന വാക്കുകളിലൂടെ ചലിച്ചുകൊണ്ടിരിയ്ക്കുന്ന ക്യാമറ. പൊടുന്നനവേ, എന്നെ പിടിച്ചു നിർത്തിയത് ഏത് ഘടകമാണെന്ന് പറയാനാവില്ല. ഗൃഹാതുരത നിറയുന്ന കണ്ണുകൾക്കു കീഴെ, ചുണ്ടുകളിൽ നിന്നൊഴുകുന്ന കവിത ഭാഷയ്ക്കതീതമായ ഒരു വിലാപഗീതം പോലെയായിരുന്നു. സ്ക്രീനിൽ തെളിഞ്ഞ പേരിനു താഴെ കവിതയുടെ തർജ്ജമ വായിച്ചു.

"മാനസസരോവരത്തിൽ
നിന്നൊഴുകിയെത്തുന്ന
താമരപ്പൂക്കളുടെ ഗന്ധവും,
മഞ്ഞുപാളികളിൽ തട്ടിത്തെറിയ്ക്കുന്ന
നിലാവിന്റെ കണികകളും ചേർന്ന്
ഈ ഭൂമിയിൽ സ്വർഗ്ഗം പണിയുന്നു.
സാന്ധ്യമേഘങ്ങളെ മോഹിപ്പിയ്ക്കുന്ന
കുങ്കുമത്തിന്റെ മലങ്ങളിൽ,
ദേവദാരുക്കളുടെ ഘനശ്യാമഛായയിൽ,
നാദവീചികളാൽ സാന്ദ്രമാക്കുന്ന നദിയുടെ
ഓരങ്ങളിൽ,
എന്റെ സ്വപ്നങ്ങൾ നിറഞ്ഞു നിൽക്കുന്നു;
ചെന്തളിരണിഞ്ഞ ശാഖകളുടെ തലപ്പുകൾ
തലോടിയെത്തുന്ന ശീതക്കാറ്റിൽ,
കാതങ്ങൾക്കകലെ നിന്ന്,
എന്റെ സ്വപ്നഭൂമിയുടെ സന്ദേശമുണ്ട്.

കവിതയുടെ ഉള്ളടക്കം ഏതാണ്ടിങ്ങനെയായിരുന്നു.

വിരയ്ക്കുന്ന ചുണ്ടുകളമർത്തി, ദൃഷ്ടികൾ താഴ്ത്തിപ്പിടിച്ച് അവൻ നിന്നു. ഒളിപ്പിയ്ക്കുവാൻ കഴിയാതെ പോയ ഒരു വേലിയേറ്റത്തിൽ നിന്ന് മോചിതനാകവേ, അവസാനമായി പറഞ്ഞു.

"തിരിച്ചു പോകാനുള്ള ഒരവസരത്തിന് ഞാൻ കാത്തിരിക്കുന്നു. തീർച്ചയായും, ഇതിനൊരവസാനമുണ്ട്."

എനിയ്ക്കു മുമ്പാകെ അരങ്ങേറിയ ഒരു നാടകത്തിന്റെ അവസാനരംഗങ്ങൾ പോലെ വീണ്ടും വീണ്ടും തിരശ്ശീല മാറ്റി പുറത്തു വന്നു. ഉള്ളിൽ നിന്ന് ഒരു കൊടുങ്കാറ്റുയർന്നു. പർവ്വതങ്ങളിൽ കാർമേഘങ്ങളെപ്പോലെ എന്തോ ഒന്ന് തൊണ്ടയിൽ ശ്വാസം മുട്ടിയ്ക്കുന്നു. ദിവസങ്ങളുടെ ദൈർഘ്യത്തിനും ലഘൂകരിയ്ക്കാൻ കഴിയാതിരുന്ന ഒരസ്വസ്ഥതയായി അതു പടർന്നു പിടിച്ചു.

'മുസാഫിർ ഖുറൈഷി' എന്ന പേരിനു കീഴിലായി ഉദയ്പ്പൂർ എഞ്ചിനീയറിംഗ് കോളേജ് എന്ന വിലാസം കണ്ടതോയ ഓർമയിൽ ഒരു പരിക്ഷണത്തിനു ഞാൻ തയ്യാറായി. വലിയ പ്രതീക്ഷയില്ലെങ്കിലും, ഏതെങ്കിലും ഒരു മേൽവിലാസക്കാരൻ അതു പൊളിച്ചു വായിക്കണേയെന്നു മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ടാണ് ആദ്യത്തെ വരികൾ കുറിച്ചത്.

സഹലീകരിയ്ക്കുമെന്നുറപ്പില്ലാതിരുന്നെങ്കിലും, കൈവിടാൻ തരിയ്ക്കലും തയ്യാറില്ലാതിരുന്ന കാത്തിരുപ്പ്. മൂന്നാമത്തെ ആഴ്ചയിൽ കത്തുമായിവന്ന പോസ്റ്റുമാൻ കൂടുതൽ കുശലത്തിനൊന്നും നിൽക്കാതെ

With best compliments from

BENZ AUTO SPARES

TANA, IRINJALAKUDA

Dealers in:

AMBASSODAR, MARUTI

NB: ALL ACCESSORIES AVAILABLE

Best compliments from :

THAVARANGATTIL HARDWARES

THRISSUR ROAD, TANA, IRINJALAKUDA
Phone No.820910, 821910

Dealers in:

PAINTS, SANITARY, HARDWARES

P.V.C PIPES, P.V.C FITTINGS & TILES etc.

തിരിച്ച് പോകട്ടെയെന്ന് പ്രാർത്ഥിച്ച്. ഉച്ചത്തിൽ മിടിയ്ക്കുന്ന ഹൃദയത്തെ ഒരു വിധത്തിൽ തൊക്കി, കത്ത് കൈയിൽ വാങ്ങി. ആദ്യമായി വാഗ്ദാനം ചെയ്ത സൗഹൃദം സ്വീകരിയ്ക്കപ്പെട്ടതിലെ ആഹ്ലാദം അനിർവചനീയമായിരുന്നു.

കൃതജ്ഞതയുടെ ഭാരവുമായി വന്ന ആദ്യത്തെ കത്തിനു പിന്നാലെ വന്നതെല്ലാം, അപരിചിതമായ ഏതോ ലോകങ്ങളിലേയ്ക്കുള്ള വാതായനങ്ങളായിരുന്നു. പണ്ടെങ്ങോ കേട്ടു മറന്നൊരു നാടോടിക്കഥപോലെ തോന്നുന്ന ഒരു നിഴൽപ്പാടിൽ നിന്ന് പടുത്തുയർത്തിയ ഭാവനാ പ്രപഞ്ചത്തിനുവേണ്ടിയാണ് ഇത്രയേറെ വേദനകൊള്ളുന്നതെന്ന് വിശ്വസിയ്ക്കാനായില്ല. അതിർത്തിയിൽ നിന്നും ഏറെ ദൂരെയല്ലാതെയുള്ള ആ ഗ്രാമത്തിന്റെ പേരുപോലും അവൻ ശരിയ്ക്കറിയില്ല. അടുപ്പുകളിൽ നിന്നുമുയരുന്ന പുകയ്ക്കു മീതെയായി, വെടിമരുന്നിന്റെ പുക അവിടത്തെ ആകാശത്തെ മൂടിയതെങ്ങനെയെന്നും അവൻ അറിഞ്ഞില്ല. ഒരഭയാർത്ഥി ക്യാമ്പുകൂടി സൃഷ്ടിയ്ക്കപ്പെട്ടപ്പോൾ അവനാ അതിലൊരാളായിരുന്നു. തലേന്ന് ഉറങ്ങുന്നതിനു മുമ്പ് കണ്ട പ്രിയപ്പെട്ടവരുടെ മുഖങ്ങൾ ഒരിയ്ക്കൽക്കൂടി തിരിച്ചറിയാനാവുമായിരുന്നില്ല. എത്തിച്ചേർന്ന കരങ്ങളുടെ കാരുണ്യം വീണ്ടും അവന്റെ പ്രതീക്ഷകൾക്കു മിഴിവേകി.

ബാല്യത്തിൽ കൂടെ ഓടിക്കളിച്ചു നടന്ന ഒരു കൂട്ടുകാരിയുടെ ഓർമ്മകളിലേയ്ക്കാണ് എന്റെ ആദ്യത്തെ കത്ത് എത്തിച്ചതെന്ന് ആദ്യത്തെ മറുപടിയിൽത്തന്നെ എഴുതിയിരുന്നു. അയൽ വീട്ടിലെ ആഘോഷവേളകളിൽ പൂജയ്ക്കുശേഷം വിതരണം ചെയ്യുന്ന പലഹാരത്തിന്റെ അവ്യക്തമായ ഓർമ്മകൾ, ഗ്രാമത്തിലേയ്ക്കുള്ള പാതയ്ക്ക് സമാന്തരമായി ഒഴുകുന്ന ഉരുളൻ കല്ലുകൾ തെളിഞ്ഞു കാണാവുന്ന നദി, വ്യക്ഷങ്ങൾക്കിടയിലൂടെ മുറ്റത്തേയ്ക്കെത്തുന്ന നടവഴി., മുറ്റത്തെ കട്ടിലിൽ പുകവലിച്ചു കിടന്ന് സമയം പോക്കുന്ന മുത്തച്ഛൻ, ഇരവും പകലും വേർതിരിക്കാനാവാത്ത ശൈത്യകാലം; സ്മരണകളുടെ ഈ സമ്പാദ്യം മുഴുവനായിത്തന്നെ എനിയ്ക്കു മുമ്പിൽ തുറക്കപ്പെട്ടു.

ആ ഓർമ്മകളുടെ കുത്തൊഴുക്കിൽ, ഇവിടുത്തെ നൂറുനൂറു കാര്യങ്ങളെപ്പറ്റി ഞാനെഴുതിയതെല്ലാം അവൻ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോ എന്നു ഞാൻ സംശയിച്ചു. എല്ലാം കീഴ്മേൽ മറിഞ്ഞ ആ ദിനത്തെപ്പറ്റിയല്ല, മറിച്ച് അതിനുമുമ്പുള്ള സുവർണ്ണ കാലഘട്ടം മാത്രമാണ് ആ ഹൃദയത്തിൽ ഇന്നും പൂത്തുലഞ്ഞ് നിൽക്കുന്നത്. അർഹതയില്ലാത്ത ഒരു അധിശത്വം അവയ്ക്ക് അവന്റെ മേലുണ്ടായിരുന്നു.

പഠനത്തിൽ മനസ്സുറപ്പിയ്ക്കാൻ കഴിയാതെ വന്നതിനെപ്പറ്റി വേവലാതിപ്പെടുന്ന ഒരു വിദ്യാർത്ഥിയെ അവസാനത്തെ രണ്ടോ മൂന്നോ കത്തുകളിൽ കണ്ടു. പിന്നീട് പരാതികളില്ലാതെ വന്നപ്പോൾ അവന്റെ ചിന്തകൾക്ക് ക്രമം കൈവന്നുവെന്ന് ആശ്വസിച്ചു. എന്നാൽ അവസാനത്തെ കത്ത് വളരെ പെട്ടെന്നാണ് കൈയിൽ കിട്ടിയത്. ഏതാനും വാക്കുകൾ മാത്രം. ഒരു യാത്രയ്ക്ക് പുറപ്പെടുന്നതിനാൽ അടുത്തത് വരാൻ വൈകിയേക്കുമെന്ന് സൂചന നൽകിയിരിയ്ക്കുന്നു.

ആ ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണം അവൻ തുടങ്ങിക്കഴിഞ്ഞുവെന്ന് ഞാൻ ഉറപ്പിച്ചു. അത്രയ്ക്കേറെ അവന്റെ ഓരോ അണുവിലും ഒരു ഉയിർത്തെഴുന്നേല്പിന്റെ ചൈതന്യം പ്രകടമായിരുന്നു. നിശ്ശബ്ദമായി, മംഗളമാശംസിയ്ക്കാൻ മാത്രമേ എനിയ്ക്ക് കഴിയൂ എന്ന യാഥാർത്ഥ്യം നിരാശയാണ് സൃഷ്ടിച്ചത്. എങ്കിലും മോഹിച്ച അവസരം ഇത്ര വേഗം ലഭിച്ചതിൽ മനസാ അഭിനന്ദിക്കാതിരിയ്ക്കാനും കഴിഞ്ഞില്ല.

ഇത്രയും എനിയ്ക്കറിയാവുന്ന കാര്യങ്ങൾ. വെറും ഒന്നര വർഷം നീണ്ടുനിന്ന ഈ സൗഹൃദത്തിന്റെ പരിസമാപ്തി ഞാൻ അറിഞ്ഞത് താങ്കളുടെ പത്രത്തിൽ നിന്നാണ്. ഒരു പ്രാദേശിക പത്രത്തിന്റെ മുൻ താളുകളിൽ പോലും സ്ഥാനം പിടിയ്ക്കാനാവാതെ ഉൾപ്പേജിന്റേയും ഒരു മൂലയിൽ, ഒരപ്രധാന വാർത്തയായി, പാതിയടഞ്ഞ കണ്ണുകളോടെ എന്റെ സുഹൃത്ത് കിടന്നു. അപൂർണ്ണമായ ഒരു ദൗത്യം ആ കണ്ണുകളിൽ ഇപ്പോഴും സജീവമായിരിക്കുന്നതുപോലെ.

താങ്കൾക്കുള്ള എന്റെ കുറിപ്പ് ഇവിടെ അവസാനിയ്ക്കുന്നു. എങ്കിലും മേൽവിലാസമില്ലാതെ അലയുന്ന ഒരാത്മാവിനുള്ള സന്ദേശം ഞാനിവിടെത്തന്നെ കുറിയ്ക്കട്ടെ.

പരിശീലനം ലഭിച്ച ശേഷം, ചാരവൃത്തിയ്ക്കുള്ള ഒരു മറ മാത്രമായി പഠനം നടത്തിയിരുന്ന ഒരു തീവ്രവാദിയെന്ന പേരിനക്കുള്ള അടിക്കുറിപ്പായി കരുതാൻ ഞാനൊരിയ്ക്കലും ഇഷ്ടപ്പെടുന്നില്ല. ഒരു പക്ഷേ നീ അങ്ങനെയായിരുന്നാൽ പോലും, പക്ഷത്തെ ആ കളിക്കൂട്ടുകാരിയ്ക്കോ എനിയ്ക്കോ നിന്നെ തള്ളിപ്പറയാനാവില്ലല്ലോ. ഏതെങ്കിലുമൊരാദർശത്തിന്റെ പുകമറയിലൂടെയോ രക്തസാക്ഷിത്വത്തിന്റെ അഗ്നിപ്രഭയിലൂടെയോ എനിയ്ക്കു നിന്നെ അകറ്റി നിറുത്താൻ കഴിയില്ല. പ്രിയ സുഹൃത്തേ, അനേകം നാഴികൾക്കകലെ നിന്ന്, നീ കാത്തിരുന്ന ആ സന്ദേശവുമായെത്തുന്ന കാറ്റ് നിന്നെ കാത്തു തഴുകുമ്പോൾ, നമ്മുടെ സൗഹൃദത്തിന്റെ ഊഷ്മളതയിലേയ്ക്ക് ഞാൻ അതിനെ സ്വീകരിയ്ക്കും.

PERFECT

INVERTER, UPS, TV. BOOSTER, DISH ANTEENA, STEP-UP
EMERGENCY LANTERN.....

SMART

MANUFACTURING & MARKETING

1ST FLOOR, MUNICIPAL BUS STAND BUILDING
SOUTH CHALAKUDY
PH: 0488- 844446(O), 843648(R), 86481 (FACT)

FORMALS

FOOTWEAR COLLECTIONS

Opp. Sub Jail, Tana. Irinjalakuda. Pin 680 121

കോ-ഓപ്പറേറ്റീവ് ആർട്ട്സ് കോളേജ്

ചന്തക്കു സമീപം, ഇരിങ്ങാലക്കുട.

Batches for **PDC : IIIrd, IVth group.**
: B.A, B.Com

കൺകെട്ട്.



സുരേഷ്.
II B.A

ഉണ്ണിയ്ക്ക് കരച്ചിൽ വന്നു.

താനെന്തു പാടുപെട്ടാണ് ആ ചക്രം രണ്ടാമതും ഒരുവിധം ചേർത്തു വച്ചത്. അത് പിന്നേയും ഊരിപ്പോയല്ലോ എന്നോർത്തപ്പോൾ ഉണ്ണിയ്ക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല.

കരച്ചിലിനിടയിൽ അമ്മ ചേച്ചിയോട് ഉറക്കെ വിളിച്ചു പറയുന്നത് ഉണ്ണിയ്ക്ക് കേൾക്കാതിരിയ്ക്കാൻ കഴിഞ്ഞില്ല.

"അനിതേ ഉണ്ണി കരയുന്ന കേട്ടില്ലേ."

വലിയ വോളിയത്തിലാണ് ടി.വി. വച്ചിരിക്കുന്നതെന്ന് ഉണ്ണിയ്ക്ക് നേരത്തേയറിയാമായിരുന്നു. അതുകൊണ്ടൊന്നും അമ്മ പറയുന്നതൊന്നും ചേച്ചിയ്ക്ക് കേൾക്കാൻ കഴിയില്ലെന്ന് അറിയാമായിരുന്നതുകൊണ്ട് ഉണ്ണിയ്ക്ക് ആശ്വാസം തോന്നി.

ചേച്ചി എപ്പൊ വന്നാലും നെയിൽ പോളിഷിട്ട് മിനുക്കിയ വലത്തെ കൈയിലെ ചൂണ്ടാണിവിരലും, തള്ളവിരലും ചേർത്തു വച്ച് ഒരു നുള്ള് നുള്ളിയിട്ടേ എന്തിനാ കരയുന്നതെന്ന് ചോദിയ്ക്കാറുള്ളൂ. അമ്മയാണെങ്കിൽ ഇരു ചുമലിലും ഇരു കൈകളും അമർത്തി കുനിഞ്ഞു നിന്ന് കണ്ണിലേയ്ക്കു തന്നെ അല്പസമയം തുറിച്ചു നോക്കി നിന്നശേഷം "നാശം" എന്ന് പിറുപിറുത്തുകൊണ്ട് സ്റ്റയർകെയ്സിറങ്ങി പോവുകയേയുള്ളൂ. ധൃതിയിൽ സ്റ്റെയർ കെയ്സുകളിൽ പതിയുന്ന പാദങ്ങളുടെ കോലാഹലം കേട്ടപ്പോൾ തന്നെ ഉണ്ണിയ്ക്ക് മനസ്സിലായി അത് അമ്മയാണെന്ന്.

ഓറഞ്ചു നിറത്തിലുള്ള ഓർഗണ്ടിസാരിയിൽ ഞൊറികൾ തീർത്തുകൊണ്ട് ആ വീതിയിലുള്ള ഞൊറികളുടെ കൂട്ടത്തെ പൊക്കിൾച്ചുഴിയ്ക്കു താഴെയായി പിൻ ചെയ്യാനുള്ള ശ്രമത്തിലായിരുന്നതുകൊണ്ടാവാം അമ്മ പതിവിൻ പടി തോളിൽ പിടുത്തം നടത്തിയില്ല. ഞൊറികൾക്കിടയിൽ കുത്തേണ്ട സേഫ്ടി പിൻ ചുണ്ടുകൾക്കിടയിൽ വിലങ്ങനെ വച്ചിരുന്നതുകൊണ്ട് അമ്മ ഒന്നും സംസാരിയ്ക്കാനും ശ്രമിച്ചു കണ്ടില്ല. പകരം അമ്മ ഇടത്തെ കൈകൊണ്ട് സാരി അടിവയറിനു താഴെ അമർത്തി പിടിച്ച് വലത്തെ കൈകൊണ്ട് വലിയ ഇരുമ്പലമാര തുറന്ന് അച്ഛൻ കഴിഞ്ഞ പ്രാവശ്യം ലീവിന് വന്നപ്പോൾ ഉണ്ണിയ്ക്ക് കൊണ്ടുവന്ന ആ വലി 'പപ്പി' യെയാണ് തന്റെ മുന്നിലേയ്ക്ക് വലിച്ചെറിയുന്നതെന്ന് കണ്ടപ്പോഴാണ് ഉണ്ണിയ്ക്ക് കരച്ചിൽ നിർത്താൻ തോന്നിയത്.

ചെറുനാരങ്ങയുടെ വലിപ്പത്തിലുള്ള ചുമന്ന നിറത്തിലുള്ള വലിയ കണ്ണും മൂക്കും, പതുപതുത്ത പഞ്ഞികൊണ്ടുള്ള നീണ്ടുവിടർന്നചെവികളും ഉള്ള ആ പപ്പിയെ ബാഗിൽ നിന്നെടുത്ത് തന്റെ കൈയിൽ വച്ചുതന്നതിനു ശേഷമാണ് അച്ഛൻ സ്റ്റെയർകെയ്സ് കയറിയതെന്ന് ഓർത്തപ്പോൾ ഉണ്ണിയ്ക്ക് അഭിമാനം തോന്നി.

ഇന്ന് ശനിയാഴ്ചയായതുകൊണ്ട് അമ്മ വൈകിയേ വരികയുള്ളൂ എന്ന് ചേച്ചിയോട് പറയുന്നത് ഉണ്ണി ഇന്നലെ തന്നെ കേട്ടിരുന്നു. ശനിയാഴ്ച ദിവസം ചേച്ചിയ്ക്ക് കോളേജുണ്ടാകാറുണ്ടല്ലോ, ഇന്ന് ചേച്ചി പോകുന്നില്ലായിരിക്കാം.

അറിയാതെ കീ കൊടുത്തുകൊണ്ടിരുന്ന 'പപ്പി' ഉണ്ണിയുടെ കൈയിൽ നിന്ന് കോറിഡോറിന്റെ വലത്തേ മൂലയിലേയ്ക്ക് പാഞ്ഞു. പപ്പിയെ ഉയർത്തി തിരികെ താഴത്തെ നിലയിലേയ്ക്കിറങ്ങുമ്പോഴാണ് അമ്മയുടെ വെളുത്ത മാരുതി റോഡിന്റെ അറ്റത്തെത്തി എന്ന് ഉണ്ണിയ്ക്ക് മനസ്സിലായത്.

ഫോൺ നിർത്താതെ ബെല്ലടിച്ച് തുടങ്ങിയിട്ടും ഉണ്ണിയ്ക്ക് ചേച്ചിയെ വിളിക്കാൻ തോന്നിയില്ല. മുകളിൽ ടി.വി. യുടെ സ്വരം നിലയ്ക്കുന്നതും, വാതിലിന്റെ പാളി വലിച്ചടയ്ക്കുന്നതും കേട്ടപ്പോൾ ഉണ്ണിയ്ക്ക് മനസ്സിലായി ചേച്ചി ഫോണടിയ്ക്കുന്നത് കേട്ടുവെന്ന്.

വലത്തെ കൈയിലെ റിമോട്ട് കൺട്രോൾ കൊണ്ട് നീളം കുറഞ്ഞ ഫ്രോക്ക് മുട്ടിനു താഴേയ്ക്കിറക്കാൻ ശ്രമിച്ച് ഉറക്കെ ചിരിച്ചു കൊണ്ടാണ് ചേച്ചി ഫോണിലൂടെ സംസാരിച്ചു കൊണ്ടിരുന്നത്.

"അതെ ഇപ്പൊ തന്നെ പോയി"

പിന്നീട് ഫോണിലൂടെ അപ്പുറത്ത് സംസാരിച്ചതിന് മറുപടിപറയാനായി ചേച്ചി അല്പനേരം ആലോചിച്ചു. അത്രയും നേരം ചിരിച്ച് തലയാട്ടി സംസാരിച്ചുകൊണ്ടിരുന്ന ചേച്ചി സ്വരം താഴ്ത്തി സംസാരിച്ചു തുടങ്ങിയതെന്തിനാണെന്ന് മുറിയിലേയ്ക്കു കടന്നുവന്ന ഉണ്ണിയ്ക്ക് മനസ്സിലായില്ല. ഫോൺ താഴെ വയ്ക്കാനായി തുനിഞ്ഞതിനുശേഷം ഒന്നാലോചിച്ച് ഫോൺ രണ്ടാമതും എടുത്ത് സ്വരം താഴ്ത്തി ചേച്ചി പറഞ്ഞത് ഉണ്ണി ഇത്തവണ വ്യക്തമായി കേട്ടു.

"സൂക്ഷിച്ച് വേണം."

ഫോൺ വച്ച് തിരിഞ്ഞ ചേച്ചിയുടെ മുഖത്തു നിന്നു വന്ന ഉത്തരവിലും ഒരു പരിഭ്രമം ഉണ്ണി കണ്ടു.

"അരുണിന്റെ വീട്ടിൽ പോയി കളിച്ചു കൊള്ളാൻ" പറഞ്ഞ ചേച്ചിയുടെ വാക്കുകൾ അനുസരിയ്ക്കാൻ ഉണ്ണിയ്ക്ക് തോന്നിയില്ല. പകരം പപ്പിയുടെ നീണ്ടു വെളുത്ത ചെവികളിൽ തിരുപ്പിടിച്ച് കൊണ്ട് മുകളിലത്തെ നിലയിൽ ചക്രം നഷ്ടപ്പെട്ട് കിടക്കുന്ന ആ 'ജംബോ ജീപ്പിന്റെ' അരികിലേയ്ക്കോടാനാണ് ഉണ്ണിയ്ക്ക് തോന്നിയത്.

അല്പനേരം ഉണ്ണിയെ തന്നെ നോക്കി നിന്നതിനു ശേഷം താഴത്തെ വാതിലിനരികിലെ മുറിയിലേയ്ക്ക് കയറിപ്പോകുന്ന ചേച്ചിയെ കണ്ടപ്പോഴാണ് ഉണ്ണിയ്ക്ക് ശ്വാസം നേരെ വീണത്. കാരണം തള്ളവിരലും, ചൂണ്ടുവിരലും ഇറുക്കിച്ചേർത്ത് നല്കുന്ന ആ നുള്ളലിൽ നിന്നു രക്ഷപ്പെട്ടല്ലോ.

താഴെ പൂമുഖത്ത് പോർച്ചിൽ ഒരു ബൈക്ക് വന്നു നിന്നതിന്റെ സ്വരം കേട്ടിട്ടും ഉണ്ണിയ്ക്ക് എഴുന്നേല്ക്കാൻ തോന്നിയില്ല. ആ ജംബോ ജീപ്പിന്റെ ഊരിപ്പോയ ചക്രം തിരികെ പിടിപ്പിച്ചിട്ടേ ഇനി ഇവിടെ നിന്ന് എഴുന്നേൽക്കൂ എന്ന് ഉണ്ണി മനസ്സിലുറപ്പിച്ചിരുന്നു. എങ്കിലും ബൈക്ക് വന്നു നിന്ന കാര്യം ചേച്ചിയോട് അറിഞ്ഞില്ലെങ്കിൽ വാതിൽ തുറന്നില്ലെങ്കിലോ എന്നു കരുതി എഴുന്നേറ്റപ്പോഴേയ്ക്കും ചേച്ചി വാതിലിന്റെ അടുത്തെത്തിയിരുന്നു.

ചുറ്റും നോക്കിക്കൊണ്ട് മുഖത്തേയ്ക്ക് പോലും നോക്കാതെ, ചോദിക്കാതെ തന്നെ ചേച്ചി ഉണ്ണിയോട് സ്വരം താഴ്ത്തിപ്പറഞ്ഞു.

"പാൽക്കാരനാ ഉണ്ണീ".

അതു മുഴുവനാക്കുന്നതിനു മുൻപെ തന്നെ ഉണ്ണി തന്റെ ജംബോ ജീപ്പിനരികിലേയ്ക്ക് പാഞ്ഞു.

ചേച്ചിയുടെ മുറിയിലെ വാതിലിന്റെ ബോൾട്ട് വീഴുന്ന സ്വരം കേട്ടപ്പോൾ ഉണ്ണിയ്ക്ക് വീണ്ടും ആശ്വാസം ആയി. ചേച്ചി ഉറങ്ങാൻ തുടങ്ങുകയായിരിക്കും. വളഞ്ഞ കമ്പി വീണ്ടും ഒന്നു കൂടി തിരിച്ചപ്പോൾ അതു വീണ്ടും രണ്ടു കഷണമായി ഒടിഞ്ഞു ഉണ്ണിയുടെ കൈയിൽ തന്നെയിരുന്നു. ഉണ്ണിയ്ക്ക് പിന്നേയും കരച്ചിൽ വന്നു. താഴത്തെ പോർച്ചിനരികിലുള്ള ചെത്തെങ്ങിലെ ഈർക്കിൽ കമ്പിയ്ക്ക് പകരം വച്ച് അരുൺ അവന്റെ ജീപ്പ് കഴിഞ്ഞ ദിവസം ശരിയാക്കിയതിനെ പറ്റി ഓർത്തപ്പോൾ ഉണ്ണി കരച്ചിലടക്കി താഴത്തേയ്ക്കുള്ള കോവണി ഇറങ്ങി.

താഴത്തെ ചേച്ചിയുടെ മുറിയിൽ നിന്ന് സ്വരം താഴ്ത്തിയുള്ള സംസാരം കേട്ടപ്പോൾ ഉണ്ണി ആ മുറിയിൽ ടേപ്പ് റിക്കാർഡർ ഉണ്ടോ എന്നാലോചിച്ചു നോക്കി. ടേപ്പ് റിക്കാർഡറും, ടി.വിയും മുകളിലത്തെ നിലയിലാണ് എന്നോർത്തു വന്നപ്പോഴേയ്ക്കും ഉണ്ണി ചെത്തെങ്ങിനരികിലെത്തിയിരുന്നു.

ഈർക്കിൽ ഒടിച്ച് തിരികെ നടക്കുമ്പോഴാണ് ഉണ്ണി പാൽക്കാരന്റെ വലിയ ബൈക്ക് കണ്ടത്. പാൽക്കാരന്റെ തുരുമ്പിച്ച ആ പഴയ ബൈക്ക് വിറ്റുകാണും. ബൈക്ക് വച്ചിരിക്കുന്നതിനടുത്തുള്ള തൂണിനരു

കിറായി ടി.വിയിലെ പരസ്യത്തിൽ കാണുന്ന തിലും വലുപ്പത്തിലും, നിറത്തിലും ഉള്ള രണ്ടു ക്യാൻവാസ് ഷൂ ഇരിയ്ക്കുന്നതു കണ്ടപ്പോഴാണ് പാൽക്കാരന് ചേച്ചി ഇനിയും പണം കൊടുത്തില്ലേ എന്നാലോചിച്ചത്. ഉണ്ണിക്ക് പാൽക്കാരന്റെ പണത്തെ പറ്റിയും, പുതിയ ബൈക്കിനെ പറ്റിയും ചേച്ചിയെ ഓർമ്മിപ്പിക്കണമെന്നു തോന്നി.

വാതിലിൽ മുട്ടിയപ്പോൾ ടേപ്പ് റിക്കാർഡറിന്റെ സ്വരം പോലെ നേരത്തെ കേട്ടത് പെട്ടെന്ന് നിലച്ചതുപോലെ തോന്നി. വളരെ നേരം മുട്ടിയിട്ടും വാതിൽ തുറക്കാതായപ്പോൾ ചേച്ചി ഉറങ്ങുകയായിരിക്കും എന്ന് ഉണ്ണിയ്ക്ക് തോന്നി. പാൽക്കാരന്റെ പണത്തെപ്പറ്റി മാത്രം അല്ല പുതിയ ബൈക്കിനെപ്പറ്റിയും ചേച്ചിയോട് പറയണം എന്നാലോചിച്ചപ്പോൾ ഉണ്ണിയ്ക്ക് മുകളിലേയ്ക്ക് പോകാൻ തോന്നിയില്ല. മുട്ടു നിർത്തി വിളിച്ചപ്പോഴാണ് ചേച്ചി വാതിൽ തുറന്നത്.

മുഖത്തെ ഉരുകിയൊലിക്കുന്ന പൊട്ടിന്റെ ചായം ഇടത്തെ കൈകൊണ്ട് തുടച്ച്, വലതു കൈകൊണ്ട് ഊരിപ്പോയ ഫ്രോക്കിന്റെ ബട്ടണുകൾ ഇടാനും ശ്രമിച്ച് പരിഭ്രമത്തോടെ തന്നെ നോക്കി നിൽക്കുന്ന ചേച്ചിയോട് ഉണ്ണിയ്ക്ക് പാൽക്കാരനെപ്പറ്റി ചോദിയ്ക്കാൻ തോന്നിയില്ല. പകരം അരിക് മാത്രം തുറന്ന വാതിൽപാളിക്കിടയിലൂടെ തള്ളി നിൽക്കുന്ന ചേച്ചിയുടെ വിയർത്ത മുഖത്ത് നിന്ന് വന്ന ആജ്ഞ അനുസരിക്കാനാണ് ഉണ്ണിക്ക് തോന്നിയത്.

കോറിഡോറിലിറുന്ന് ചക്രത്തിൽ ഈർക്കിൽ കടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ ഉണ്ണിക്ക് താഴത്ത വാതിൽ തുറന്ന് പോർച്ചിനരുകിലേയ്ക്ക് നടന്നുവരുന്ന പാൽക്കാരനെ കാണാൻ കഴിഞ്ഞു. പോർച്ചിനടുത്തുനിന്ന് ചിരിച്ചുകൊണ്ട് കൈവീശി കാണിക്കുന്ന ചേച്ചിയേയും ഉണ്ണികണ്ടു. അപ്പോഴാണ് ഇത്രയും നാൾ ഇവിടെ വന്നുകൊണ്ടിരുന്ന നരച്ച മുടിയുള്ള, പൊക്കം കുറഞ്ഞ, വൃദ്ധനായ പാൽക്കാരനല്ലല്ലോ ഇയാൾ എന്ന് ഉണ്ണി ആലോചിച്ചത്. ചേച്ചിക്കുനേരെ കൈവീശി മുഖത്തെ കണ്ണട ഒന്നുകൂടി ഉറപ്പിച്ചു വച്ച് തന്റെ വലിയ സ്വരത്തിലുള്ള ബൈക്ക് സ്റ്റാർട്ടാക്കി പോകുന്ന ഈ പാൽക്കാരൻ എന്തിനാണ് വന്നതെന്ന് എത്ര ആലോചിച്ചു നോക്കിയിട്ടും ഉണ്ണിക്ക് പിടികിട്ടിയില്ല. തന്റെ ജംബോയുടെ ടയറിൽ ഈർക്കിൽ കടന്നു എന്ന് അപ്പോഴാണ് ഉണ്ണി കണ്ടത്. ഉണ്ണി ആഹ്ലാദത്തോടെ ജിപ്പിന് വീണ്ടും കീ കൊടുത്തു.

സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ച് നേടിയതിനേക്കാൾ
ഉത്തമമായൊരാഹാരവും ആരും കഴിച്ചിട്ടില്ല

– മുഹമ്മദ് നബി

With best compliments from *Ph:822298*

THELAPPILLY TILE WORKS

KARUVANNUR, P.O Madayikonam
Pin-680 712

THELAPPILLY HUSK AND COIR COMPANY

Pro:Shajan Thelappilly
Thalappilly, P.O Madayikonam
Pin-680 712

സുഹ്റ

ആശുപത്രിയുടെ ജനറൽ വാർഡിലാണ് അയാൾ വന്നിരുന്നത്. നന്നേ സൗകര്യം കുറഞ്ഞ ചെറിയ ഒരു ഹാൾ. ഹാളിന്റെ കിഴക്കു വശത്തെ ജനലിലൂടെ അപ്പോൾ സൂര്യപ്രകാശം ഇറങ്ങി വരുന്നുണ്ടായിരുന്നു. സാധാരണ ഗതിയിൽ അവൾ നേരത്തേ എഴുന്നേൽക്കാറുള്ളതായിരുന്നു. അന്നും പതിവുപോലെ അവൾ നേരത്തേ എഴുന്നേറ്റതുമാണ്. പക്ഷേ....എന്തുകൊണ്ടോ ബെഡ്ഡിൽ നിന്നും എഴുന്നേൽക്കാതെ അവൾ അവിടെതന്നെ അനങ്ങാതെ കിടന്നു.

അപ്പോഴും ജനലിന്റെ ഗ്രില്ലിനുള്ളിലൂടെ സൂര്യപ്രകാശം അരിച്ച് ഇറങ്ങുന്നുണ്ടായിരുന്നു. കാർഡിയേളജിസ്റ്റ് റൗണ്ടിനായി വരിക ഒൻപതു മണിയ്ക്കാണ്. അതിനു മുൻപ് പ്രകാശിക്കുന്ന വെള്ളവസ്ത്രങ്ങൾ അണിഞ്ഞ മാലാഖമാർ കൈയ്യിൽ ന്യൂറോബയോണിന്റേയും, വോവറാന്റേയും ആംപ്യൂളുകളുമായി അയാളെ കുത്തിവയ്ക്കുവാനായി വരും. മാലാഖമാർ മുറിയിലേക്ക് കയറിവരുമ്പോഴെല്ലാം അയാൾ വാർഡിനു പുറത്തെ വാകമരച്ചുവട്ടിൽ കുളിയെല്ലാം കഴിഞ്ഞ് പത്രവായനയിൽ ഏർപ്പെട്ടുകൊണ്ടിരിക്കയാവും. എന്നാൽ അന്ന് എന്തുകൊണ്ടോ അയാൾ.....

ചില ദിവസങ്ങളിൽ നെഞ്ചുവേദന അസഹ്യമാകുമ്പോൾ അയാൾ അതുപോലെ കിടക്കാറുണ്ടായിരുന്നു. അങ്ങനെ വരുമ്പോൾ കമഴ്ന്നാണ് കിടക്കുക. കമിഴ്ന്ന് കിടന്ന് കൈകാലുകളിട്ട് കുടയുമ്പോൾ..... അതെ, പലപ്പോഴും തൊട്ടടുത്ത ബെഡ്ഡിലുള്ള ആ കുട്ടി തന്നെയാവും "സിസ്റ്ററേ" എന്ന് ഉറക്കെ വിളിച്ച് ഡ്യൂട്ടി റൂമിലേക്ക് ഓടിച്ചെല്ലുക.

.....എന്നാൽ അപ്പോൾ അയാളുടെ മുഖത്ത് അസഹ്യമായ നെഞ്ചു വേദനയുടെ ലക്ഷണമൊന്നും ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ തന്റെ അസുഖകാര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട് തീർത്തും വൈകാരികമായ ഏതോ ഒരു ലോകത്ത്... ഒക്കെയായിരുന്നു അപ്പോൾ അയാൾ.

അയാൾ തൊട്ടരികിലുള്ള ശൂന്യമായ ബെഡ്ഡിലേക്കുനോക്കി. ആളില്ലാത്തതുകൊണ്ട് അതിന്മേലുണ്ടായിരുന്ന വിരിപ്പെല്ലാം ജോലിക്കാർഎടുത്ത് മാറ്റിയിരിക്കുന്നു.

അയാളുടെ മനസ്സ് വീണ്ടും അസ്വസ്ഥമായി. മുകളിൽ ഞാണുകിടന്ന മാറാലകളിൽ കണ്ണും നട്ട് അയാൾ വെറുതെ കിടന്നു.

.....വാസ്തവത്തിൽ അയാൾ ഓർമ്മിച്ചതു മുഴുവൻ ആ കുട്ടിയെക്കുറിച്ചു തന്നെയായിരുന്നു. എട്ടോ ഒമ്പതോ വയസ്സേ അവൾക്കു തോന്നിച്ചുള്ളൂ. സുഹ്റ എന്നാണ് അവളുടെ പേര്.

ഇരുട്ടിൽ കണ്ണുകാണാനാകാതെ എങ്ങോട്ട് പോകണം എന്ന് നിശ്ചയമില്ലാതെ പരിഭ്രമിച്ച് നില്ക്കുന്നവരുടെ ശാന്തിയില്ലാത്ത ഒരിടമാണ് ആശുപത്രി. ഇവിടെയുള്ള അന്തേവാസികളെല്ലാം എപ്പോഴും വിഷാദം പ്രകാശത്തിന്റെ ഒരു നേരിയ വെളിച്ചം പോലും കാണാൻ ആഗ്രഹിക്കുന്നവരുമാണ്. ഇങ്ങനെ സദാ ഉൽകണ്ഠാകുലരായി ഞങ്ങൾ കഴിയുമ്പോൾ കാലപുരുഷന്റെ ഒരു അവതാരപുത്രിയെപ്പോലെ സ്നേഹത്തിന്റെ നിഷ്കളങ്കമായ അറിവുകൾ പകർന്നു തന്നവളാണ് ആ പെൺകുട്ടി. മിക്കവാറും എല്ലാ വൈകുന്നേരങ്ങളിലും അവർ വാകമരച്ചുവട്ടിലെ മണൽപരപ്പിൽ ചെന്ന് ഇരിക്കും. മണലിൽ അവൾ വിരലുകൊണ്ട് മൂയലിന്റേയും, അണ്ണാന്റേയും ചിലപ്പോൾ അയാളുടെ പോലും, ചിത്രങ്ങൾ വരയ്ക്കും അയാളുടെ ചിത്രങ്ങൾ വരക്കുമ്പോൾ അവൾ ആദ്യം വരയ്ക്കുക തടിച്ച ഫ്രെയിമുള്ള കണ്ണടയായിരുന്നു.

മറ്റുചിലപ്പോൾ അവൾ ആശുപത്രി കോമ്പൗണ്ടിനകത്തു മുഴുവൻ ചെറിയ കല്ലുകൾക്കു വേണ്ടി തിരഞ്ഞു നടക്കും. ഒടുവിൽ പാവാടയിൽ, ആവശ്യം വേണ്ട കല്ലുകൾ തിരഞ്ഞെടുത്ത് കഴിഞ്ഞാൽ അയാൾക്കരികിൽ മണൽപരപ്പിൽ വന്നിരിക്കും. പിന്നീട് കല്ലുകളിയാണ്.

പലപ്പോഴും കളിയിൽ ജയിക്കുക അവൾ തന്നെയാകും. കല്ലുകൾ മേൽപ്പോട്ടിട്ട് പുറം കൈയിൽ അടക്കി നിർത്തുവാൻ അയാൾക്ക് കഴിയുമായിരുന്നില്ല. കൈകൾ അറിയാതെ വിറക്കുന്നു.

എന്നാൽ അവൾ അങ്ങിനെയായിരുന്നില്ല. ഓരഞ്ചു നിറമുള്ള ചെറിയ കൈവണ്ണയിൽ കല്ലുകൾ എത്രയോ ഒതുക്കത്തോടെയാണ് വന്നിരിക്കുന്നത്. ഒരു പക്ഷേ നിർജ്ജീവമായ കല്ലുകൾക്കും അറിയാമായിരിക്കാം അവൾ തങ്ങളുടെ കൂട്ടുകാരിയാണെന്ന്.

അവൾ കല്ലുകളുടേയും, വാകമരച്ചുവട്ടിലെ മണൽപരപ്പിന്റേയും, ആശുപത്രി ജീവനക്കാരുടേയും, തന്റേയും, മറ്റെല്ലാ രോഗികളുടേയും കൂട്ടുകാരിയായി മാറിയത് വളരെ പെട്ടന്നായിരുന്നു. അവൾ അടുത്തുള്ളപ്പോഴെല്ലാം അത് വരു ആശുപത്രിയാണെന്നുള്ള വിചാരമൊന്നും അയാളിൽ ഉണ്ടാകാറില്ല. ഇന്നലെ വാകമരച്ചുവട്ടിലെ തണലിലിരുന്ന് കല്ലുകളിച്ചുകൊണ്ടിരുന്നപ്പോൾ അവൾ പറഞ്ഞു. "നാളെ എനിക്ക് വീട്ടിപോവാന്ന് ഡോക്ടർ പറഞ്ഞല്ലോ. വീട്ടിപോയാ എന്തു രസായിരിക്കും. ആമിനയുടേയും മഞ്ചുവിന്റേയും കൂടെ കിളിമാസ് കളിക്കാം, കള്ളനും പോലീസും കളിക്കാം, സ്കോളി പൂവാം.....ഹായ് .... ഞാൻ പോയാൽ അമ്മാവന് സങ്കടം വരില്ലേ....."

....രാത്രി കോരിച്ചൊരിയുന്ന മഴയത്ത് അയാൾ ഉറക്കം വരാതെ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. എത്രദിവസം കൂടി ഇങ്ങനെ കിടക്കേണ്ടിവരുമെന്ന് ഡോക്ടർ പറഞ്ഞിട്ടില്ല. ഇതുവരെ ആ കുട്ടി അടുത്തുള്ളതുകൊണ്ട് ദിവസങ്ങൾ പോയത് അറിഞ്ഞിരുന്നില്ല. ഇനിയിപ്പോൾ.....

സുഹ്റ തൊട്ടരുകിലുള്ള കട്ടിലിൽ അനങ്ങാതെ കിടക്കുന്നുണ്ട്. അവൾ ഉറങ്ങിയിട്ടില്ലെന്ന് തോന്നുന്നു. പാവ കുട്ടി. അവൾക്ക് അയാളെ വിട്ടു പോകുവാൻ വളരെ സങ്കടമുണ്ട്. അവളുടെ ഉമ്മ അടുത്തുള്ള അന്തേവാസികളുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

.....അപ്പോൾ....അതെ...വളരെ പെട്ടെന്നാണ് അയാൾ ആ ശബ്ദം കേട്ടത്. തൊട്ടരുകിലുള്ള കട്ടിലിൽ സുഹ്റ കിടന്നു വിറക്കുന്നു. കണ്ണുകളുടെ ദൃഷ്ടി മറഞ്ഞ്, പല്ലുകൾ കോർത്ത് വായിലൂടെ നരയും പതയും വന്ന്.... സുഹ്റയുടെ ഉമ്മയുടെ നിലവിളിയും വെളുത്ത മാലാഖമാരുടെ തിരക്കിട്ട വെപ്രാളവും അയാൾക്ക് ഓർമ്മയുണ്ട്. പിന്നെ.... മഴയിൽ നനഞ്ഞുകുതിർന്ന് ഓടിയെത്തിയ സുഹ്റയുടെ വാപ്പ അവളെ വാരിയെടുത്തു. കൂടെ ഓക്സിജൻ സിലിണ്ടറും, ഗ്ലൂക്കോസ് കുപ്പിയുമായി മാലാഖമാരും ആമ്പുലൻസിലേക്ക് കയറ്റി. ഇനി മറ്റേതെങ്കിലും ദേഹപ്പെട്ട ആശുപത്രിയിലേക്ക്.....

രാവിലെ ന്യൂറോബയോണിന്റേയും, വോവറാന്റേയും ആം പൂളുകളുമായി വെളുത്ത മാലാഖമാർ അയാളുടെ കട്ടിലിനരുകിലേക്ക് വന്നു. അയാൾ അപ്പോൾ കട്ടിലിൽ ഉണ്ടായിരുന്നില്ല. അവരിലൊരാൾ പുറത്തെ വാകമരച്ചോട്ടിൽ അയാളെ നോക്കി. എന്നാൽ

LUXURY VIDEO COACHES AVAILABLE

for

PICNICS, MARRIAGES, PILGRIMAGE etc..
PUZHEKADAVIL TRANSPORT
CATHREDAL JUNCTION, IRINJALAKUDA
PH:822293, 821015
DAILY SERVICES TO BANGALORE
FROM COCHIN & TRICHUR.

For details

ENSIGN AGENCIES
M.G. ROAD, COCHIN
PH:353080, 353395

:

VIJAY TRAVELS
R.S. ROAD
TRICHUR
PH:29257

PUZHEKADAVIL TRANSPORT
C/O ARYAN TRAVELS
ALBERT VICTOR ROAD
KALASIPALAYAM
PH:6613314



"ഒരു പത്രക്കാരന്റെ കടമയെന്നു പറയുന്നത്
നമ്മൾ കരുതുന്നതു പോലെ
നേർരേഖകളെ വളച്ചൊടിക്കുക മാത്രമല്ല
മറിച്ച്
എല്ലാ നേർരേഖകളെയും
വളച്ചൊടിക്കുകയും
എല്ലാ വളഞ്ഞരേഖകളെയും
നേരെയാക്കുകയുമാണ്"

വർത്തമാനങ്ങൾ

South Indian Bank's
Loan Schemes
Tuned up with your needs

Encashare Loan - Against security of selected shares, NSC, UTIUS'64

SIB HOUSING LOAN - For professionals - Teachers, Doctors, Engineers, Chartered Accountants, Government Employees, Armed Forces - to have a house of their own.

COMPUTER LOAN - For Chartered Accountants, Doctors, Architercts to acquire Personal Computers.

CLINIC COMPOSITE LOAN - For Doctors and Dentists to buy equipments and to setup their clinic.

STUDENT'S COMPUTER LOAN - For acquiring Personal Computer / Home Computer for the use of students.

ENCYCLOPAEDIA LOAN - For acquiring Encyclopaedia Britannica, Encyclopaedia Americana.

HOLIDAY LOAN - For those who plan an holiday trip. Linked to a recurring deposit for 12 months. Get back the deposit amount and equal amount as loan.

GENERATOR LOAN - To purchase generator sets.

VEHICLE LOAN - For lorries, cars, buses, mini buses etc.

DIESEL ENGINE LOAN - To replace the petrol engine of your car by a diesel engine. To save on your fuel bills.

BON VOYAGE LOAN : For overseas trip on employment for the prospective NRI.

Credit Card - SIB's India Card - accepted at 45,000 establishments in India and Nepal is also available.

The Best Interest rate for short term deposit and deposit for stock invest 46 days to 6 months 12%.

Please contact any of our 347 branches - India's second largest branch network in the Private sector - for more details.

The South Indian Bank Ltd

Your interest, above everything else

Head Office : SIB House, P.B. No.28, Thrissur - 680 001, Kerala. Ph:20020, Fax : 91 - 0487 - 399021.
Chairman: K. Cherian Varghese

സൂര്യനെല്ലി ഉയർത്തുന്ന ചിന്തകൾ



സുരേഷ് യു,
രണ്ടാം വർഷ
സാമ്പത്തിക ശാസ്ത്രം.

സ്ത്രീകൾക്കു നേരേയുള്ള കടന്നാക്രമണങ്ങൾ അത് ഏത് സമൂഹത്തിലായാലും എതിർക്കപ്പെടേണ്ടതാണ്. സ്ത്രീകൾക്കെതിരെയുള്ള മാനസികവും, ശാരീരികവുമായ ആക്രമണങ്ങൾ സമൂഹത്തിന്റെ മനസ്സാക്ഷിയെ തൊട്ടുണർത്തിയിട്ടുണ്ട്. ഗിൽഡുകളിൽ നിന്ന് ഫ്യൂഡലിസത്തിലേക്കും, ഫ്യൂഡലിസത്തിൽ നിന്ന് ഇന്നത്തെ ന്യൂക്ലിയർ കുടുംബങ്ങളിലേക്കുമായി നമ്മുടെ സമൂഹം ചുരുങ്ങുന്നതിനിടയിൽ ഈ എതിർപ്പുകളുടെ അളവുകോലുകളിൽ വ്യത്യാസം വന്നിട്ടുണ്ട് എന്നത് സത്യം. സ്ത്രീയെ അമ്മയായും, സഹോദരിയായും മാത്രം കാണാൻ നിർദ്ദേശിച്ച തത്വസംഹിതകൾ തന്നെ അവളെ ഭർത്താവിന്റെ പാതി കത്തിതീർന്ന ചിതയിലേക്ക് ആനയിക്കാൻ മൽസരിച്ച ഒരു ജനതയുടെ പിൻതലമുറക്കാരായ നമ്മൾക്ക് അവളെ കച്ചവടചരക്കാക്കുന്നതിനെക്കുറിച്ച് പറയാൻ അല്ലെങ്കിലും ധാർമ്മികമായി എന്തവകാശം? സൂര്യനെല്ലിയിലെ ഗ്രാമ്യനിഷ്കളങ്കതയിൽ നിന്ന് മാംസകച്ചവടത്തിനായി ദിനങ്ങളോളം കാപാലികരാൽ കാതങ്ങളിൽ നിന്ന് കാതങ്ങളിലേക്ക് അറവുമാടിനെ പോലെ ആട്ടിപായിക്കപ്പെട്ട ഒരു പാവം പെൺകിടാവിന്റെ രോദനം വേണ്ടിവന്നു നമ്മെ ഇതേപറ്റി ചിന്തിപ്പിക്കാൻ. സൂര്യനെല്ലിയിലെ പെൺകിടാവിന്റെ നഷ്ടപ്പെട്ട വിശുദ്ധിക്കു പകരം നൽകാൻ കപടത കൂത്തിനിറച്ച കുറെ ആശ്വാസവചനങ്ങളല്ലാതെ ഒന്നും കയ്യിലില്ലാത്തവരാണ് നമ്മൾ.

തന്നെ പീഡിപ്പിച്ചവരുടെ അടയാളങ്ങൾ പോലും, തന്റെ മാനം കവർന്നവരുടെ എണ്ണത്തിന്റെ ബാഹുല്യം പോലും കുറ്റവാളിയെപോലെ പൊതുജനമധ്യത്തിൽ നിന്ന് വിവരിക്കേണ്ടി വന്ന ആ ബാലികയുടെ നിസ്സഹായത മനസ്സിലാക്കാൻ സംസ്കാരസമ്പന്നരെന്നഭിമാനിക്കുന്ന നമ്മുക്കു കഴിഞ്ഞില്ല. മറിച്ച് ഒരു തടവുകാരിയെപോലെ ലോഡ്ജുകളിൽ നിന്ന് ലോഡ്ജുകളിലേക്ക്, വീടുകളിൽ നിന്ന് വീടുകളിലേക്ക് പൊതുജനത്തിന്റേയും അന്വേഷണ ഉദ്യോഗസ്ഥരുടെയും അകമ്പടിയോടെ അലയേണ്ടി വന്നു ആ പാവം പെൺകുട്ടിക്ക്. സാംസ്കാരിക പാരമ്പര്യത്തിന്റെ മൊത്തക്കച്ചവടക്കാരെന്നവകാശപ്പെടുന്ന നാം പോലീസ് വാനിലിരുന്ന് തേങ്ങുന്ന പെൺകുട്ടിയുടെ കണ്ണീരൊപ്പുന്നതിനു പകരം അവളുടെ നാവിൽ നിന്ന് ഉതിർന്നുവീഴാൻ പോകുന്ന അടുത്ത ഇടപാടുകാരന്റെ പേരിനായി കാതുകൂർപ്പിച്ചിരിക്കുകയായിരുന്നു. സൈലന്റ് വാലിയിലെ ചാവാലിക്കുരങ്ങുകൾക്കു വേണ്ടിയും, കൊടുങ്കാറ്റിൽ കടപുഴകി വീഴുന്ന ഏതെങ്കിലും പാഴ്മരത്തിനു വേണ്ടിയും നിരാഹാരവും, ആത്മാഹുതിവരെയും നടത്താൻ തയ്യാറായി നടക്കുന്നവരുള്ള നമ്മുടെ നാട്ടിൽ ഈ കൊടിയ മാനസിക മാനഭംഗത്തിൽ നിന്ന് ഈ ബാലികയെ രക്ഷിക്കാൻ ആരുമുണ്ടായില്ല എന്നതാണ് ഖേദകരം.

പകരം ജനാധിപത്യ സംസ്ഥാപനത്തിന്റെയും, ദേശീയ വാദത്തിന്റെയും ജിഹ്വകൾ എന്ന് സ്വയം വിശേഷിപ്പിച്ച് കുത്തകപരസ്യങ്ങളുടേയും, ഇക്കിളിപ്പെടുത്തുന്ന ജാരസംസ്സർഗ്ഗങ്ങളുടെയും മാത്രം കഥകൾ പടച്ചുവിടുന്ന നമ്മുടെ നാട്ടിലെ മുഖ്യധാരാപത്രങ്ങൾ വെറിപിടിച്ച നായ്ക്കളെപോലെ ഈ പാവം പെൺകുട്ടിയുടെ പൂർവ്വകാല കഥകൾക്കു പിന്നാലെ പായുകയായിരുന്നു. എന്നിട്ടും മതിവരാതെ തങ്ങളുടെ എഡിഷനുകളുടെ പ്രചാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തി പിന്നെയും, പിന്നെയും അപവാദങ്ങൾ കൂത്തിനിറച്ച ലേഖനപരമ്പരകൾ സൃഷ്ടിക്കുന്നതിനായി മൽസരിക്കുകയായിരുന്നു ദേശീയവാദത്തിന്റെ സംരക്ഷകരായ ഈ പത്രങ്ങൾ. രാജ്യത്തെ ഒറ്റികൊടുക്കുന്നവർക്കും, വൻകിട കൈക്കൂലി കേസുകളിൽ പെട്ട് ജയിലിൽ കിടക്കുന്നവർക്കും, വി.ഐ.പി. പരിരക്ഷണം നൽകാൻ വെമ്പുന്ന ഭരണാധികാരികളുള്ള നമ്മുടെ നാട്ടിൽ വിധിയുടെ ബലിയാടായ ആ പാവം പെൺകുട്ടിയെ ഈ കൊടിയ അപമാനത്തിൽ നിന്ന് രക്ഷിക്കാൻ കോടതിയുടെ നിർദ്ദേശം വേണ്ടി വന്നു.

ഉന്നതൻമാരായ പലരും തന്നെ പീഡിപ്പിച്ചവരിൽ ഉൾപ്പെടുന്നു എന്ന സത്യം പുറത്തു പറഞ്ഞ പെൺകുട്ടിയോട് അന്നേവരെ സഹാനുഭൂതിയും, അനുകമ്പയും പ്രദർശിപ്പിച്ചു വന്ന പലരും അവജ്ഞയോടെ മുഖം തിരിക്കുന്നതും നാം കണ്ടു. പിന്നീട് ഈ വർഗ്ഗത്തിൽപെട്ട പലരും പതിനഞ്ച് തികയാത്ത ആ പാവം ബാലികയുടെ പൂർവ്വകാലചരിത്രം ശരിയല്ല എന്നു സ്ഥാപിച്ചെടുക്കാനുള്ള നെട്ടോട്ടത്തിലായിരുന്നു. പല പൊതുയോഗങ്ങളിലും അവർ തങ്ങളുടെ കപടത മറച്ചുവയ്ക്കുന്നതിനായി ഈ ബാലികയെ "വേശ്യ" എന്നു വിളിച്ചാക്ഷേപിച്ചപ്പോൾ നമ്മുടെ രാഷ്ട്രീയ സംസ്കാരത്തിനും വെറി പിടിച്ചിരിക്കുന്നതായി നാം കണ്ടു. പക്ഷെ ജനങ്ങളുടെ കോടതിയിലെ സത്യത്തിന്റെ വില മനസ്സിലാക്കാനുള്ള തരയെ പറ്റി ഇവർ അജ്ഞരായിരുന്നു എന്നതാണ് സത്യം. യഥാർത്ഥ കുറ്റവാളികളിൽ പലരും ഭരണചക്രത്തിന്റെ മറവിൽ കഴിഞ്ഞപ്പോൾ അബലയായ പെൺകുട്ടിക്ക് സഹായഹസ്തവുമായി കടന്നു വന്നവർക്കെതിരെ ഭീതി പൂണ്ടവർ ഉയർത്തിയ ആരോപണങ്ങളുടെ സാധുതയെ കുറിച്ച് മനസ്സിലാക്കാനും നമ്മുക്ക് കഴിഞ്ഞു.

സ്ത്രീധന നിരോധന നിയമം പൊട്ടിത്തെറിക്കുന്ന ഒരു ഗ്യാസ് സ്റ്റൗവിന്റെ ജ്വാലയിലും, സ്ത്രീപീഡനങ്ങൾ എതെങ്കിലും കടൽതീരത്ത് അടിയുന്നഅജ്ഞാത യുവതിയുടെ ജഡത്തിലുമായി ഒതുക്കുന്ന നമ്മുടെ നാട്ടിൽ ഒരു പെൺകുട്ടിയുടെ വിശുദ്ധിക്ക് കൽപ്പിക്കപ്പെട്ടിരിക്കുന്ന വില അയ്യായിരം രൂപയാണെന്ന് (ഓർക്കുക, മാനഭംഗത്തിനിരയായ യുവതിക്ക് ലഭിക്കാവുന്ന നഷ്ടപരിഹാരം) അറിയാവുന്ന കുറ്റവാളികൾ ഇതെല്ലാം ചെയ്തില്ലെങ്കിലാണ് അത്ഭുതം. പണ്ട് സ്വന്തം ഭർത്താവിന്റെ ചിതയിലാണ് സ്ത്രീയുടെ സ്വാതന്ത്ര്യം കത്തിയമർന്നതെങ്കിൽ ഇന്നത് തണ്ടുരിയടുപ്പിലാണെന്ന വ്യത്യാസം മാത്രം. അമ്മയായും, സഹോദരിയായും, ഭാര്യയായും കണ്ടിരുന്ന സ്ത്രീയെ വിശ്വസുന്ദരിയായും, ലോകസുന്ദരിയായും കാണാനുള്ള നമ്മുടെ കച്ചവടക്കണ്ണിന്റെ ആസക്തിയല്ലെ ഈ പതനത്തിനു കാരണം.

പെണ്ണെഴുത്തിനു വേണ്ടിയും, ഭർത്താവിനുമേൽ പരമാധികാരത്തിനു വേണ്ടിയും, മുറവിളിക്കൂട്ടുന്ന ഫെമിനിസ്റ്റുകൾ കാഞ്ചീപുരം സാരിയുടെയും, പുതിയ നാപ്കിന്റെയും വില വായനക്കാരിയെ അറിയിക്കുന്നതിനും വേണ്ടി മാത്രമായി പടച്ചിറക്കുന്ന ഏതെങ്കിലും ഇക്കിളി മാസികയിൽ ലേഖനങ്ങൾ എഴുതിയതുകൊണ്ടോ മാത്രം പരിഹരിക്കപ്പെടുന്നവയല്ല ഈ പ്രശ്നങ്ങൾ. മക്കളെ ഏതെങ്കിലും ലൗ ഡെയ്ലിലെ ബോർഡിങ്ങ് മുറിയിൽ തളച്ചിട്ട് വീട്ടിലെ വിദേശത്തുനിന്ന് വരുത്തിയ പട്ടിക്കുട്ടിയുടെ വിശപ്പില്ലായ്മ അകറ്റുന്നതിനുള്ള മരുന്നു തേടി മെഡിക്കൽ ഷോപ്പു തോറും നടക്കുന്ന അമ്മമാരുടെ സംസ്കാരം മാറിയാലേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. തനിക്കു വേണ്ടപ്പെട്ടവർ തനിക്കെതിരേ ഈ നിഷേധാത്മക നിലപാട് കൈക്കൊള്ളുമ്പോൾ ഇന്ത്യയിലെ ട്രെയിനുകളിൽ സ്വാതന്ത്ര്യം തേടിയുള്ള "സൂര്യപുത്രിമാരെ" ഇനിയും നാം കാണേണ്ടിവരും.

ഇത്തരം കേന്ദ്രീകൃതമായ താത്കാലിക സ്വാതന്ത്ര്യത്തിന് വേണ്ടി മുറവിളി കൂട്ടുന്നവർ പുതിയ സമീപനത്തിലധിഷ്ഠിതമായ ഒരു ചിന്താഗതിയാണ് കൈകൊള്ളേണ്ടത്. സ്വന്തം പിതാവിനേയും, സഹോദരനേയും, ഭർത്താവിനേയും തങ്ങളുടെ വർഗ്ഗത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ബോധവൽക്കരിക്കുകയാണ് ചെയ്യേണ്ടത് എന്ന ബോധമാണ്

അത്യാവശ്യം. ഈ സമീപനം വിജയിക്കുകയാണെങ്കിൽ പിന്നെയെങ്ങിനെയാണ് പുരുഷൻ സ്ത്രീയെ ചൂഷണം ചെയ്യാൻ കഴിയുക. തന്റെ പുഷ്ടിത്തിൽ അറിയാതെ സ്പർശിച്ചുപോയി എന്ന കാരണത്തിന് കോടതി കയറേണ്ടിവരുന്ന സ്ത്രീയുടെ പ്രദർശനാത്മകമായ അനാവശ്യ ഫെമിനിസ്റ്റിക് ബോധം അപ്പോൾ ഒഴിവാക്കേണ്ടിവന്നേക്കും. (കെ. പി. എസ്. ഗില്ലിനേയും രൂപൻ ബജാജിനേയും ഓർക്കുക.) തങ്ങളുടെ സഹോദരിയുടെ അപമാനത്തെ കച്ചവടച്ചരക്കാക്കുന്നതിനെ എതിർക്കാൻ ധൈര്യം കാണിക്കാത്ത ഫെമിനിസ്റ്റിക് സംഘടനകൾ സമരം നയിക്കുന്നത് ചൂഷണത്തിനെതിരെയല്ല മറിച്ച് മിഥ്യാബോധത്തിലധിഷ്ഠിതമായ ഏതോ വ്യക്തമാവാത്ത ലക്ഷ്യത്തിലധിഷ്ഠിതമായാണ് എന്നതോന്നൽ ഉളവായാൽ അത്ഭുതപ്പെടാനില്ല.

താൻ ഒരു കച്ചവടച്ചരക്കാണെന്ന് അംഗീകരിച്ച് കൊണ്ട് തന്നെ തന്റെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന് വേണ്ടി സമരം നയിക്കുന്ന സ്ത്രീയുടെ ഉദ്ദേശശുദ്ധി തെറ്റിദ്ധരിക്കപ്പെടുക സ്വാഭാവികം മാത്രം. തന്റെ മകളെ ഐശ്വര്യറായിയാക്കാൻ വെമ്പുന്ന അമ്മമാർ തന്നെ നഗ്നതാപ്രദർശനത്തിനെതിരേ സമരം നയിക്കുന്നതിൽ എന്താണർത്ഥം? സ്ത്രീകൾക്കു വേണ്ടി വിദേശരീതിയിലുള്ള പബ്ബുകളും, വിനോദശാലകളും വേണമെന്നാവശ്യപ്പെടുന്നവർ തന്നെ "ഭാരതസ്ത്രീയുടെ ഭാവശുദ്ധി" എന്ന് മുറവിളി കൂട്ടുന്നതിൽ എന്താണർത്ഥം.

സൂര്യനെല്ലിയിലെ പെൺകുട്ടിയുടെ ഗതി സമൂഹത്തിൽ മറ്റൊരു സഹോദരിയ്ക്കും ഇനി വരാതെ നോക്കാൻ നാം ബാധ്യസ്ഥരാണ്. ആ ബാലികയുടെ പൊഴിഞ്ഞുവീണ കണ്ണുനീർത്തുള്ളികൾ സ്വന്തം ആരമാവിൽ സ്വാംശീകരിച്ച് അവളുടെ വിശുദ്ധി നഷ്ടപ്പെട്ടിട്ടില്ല എന്ന് അവളെ നമുക്കാശ്വസിപ്പിക്കാം. അഗ്നിശുദ്ധികഴിഞ്ഞുവന്ന സീതയ്യപ്പോലെ, നല്ലൊരമ്മയായി, സഹോദരിയായി സർവ്വോപരി സ്ത്രീയായി അവളെ നമുക്ക് നമ്മുടെ മനസ്സിന്റെ കോണിൽ കുടിയിരുത്താം. അതോടൊപ്പം സങ്കുചിതമായ നമ്മുടെ സമൂഹത്തിന്റെ കടും പിടുത്തങ്ങൾ വലിച്ചെറിഞ്ഞ് പുതിയൊരു കാഴ്ചപ്പാട് സ്ത്രീ പുരുഷ സമത്വത്തിൽ കൈവരുത്തുന്നതിനായി നമുക്കൊന്നിച്ചു പ്രവർത്തിക്കാനും കഴിയണം.

ഇവിടെയീ വീടിന്റെയിറയത്തിരുന്നു ഞാൻ
എവിടെയോ തീകത്തിയാളുത്തറിയുന്നു
മൂളുന്ന പച്ചത്തലപ്പിൻ ഞൊറികളിൽ
ചൂളമടിക്കും ചുടുകാറ്റിഴയുന്നു
അടിയിൽനിന്നുടയാട കത്തുന്ന കുന്നിന്റെ
മടിയിലീയാടുകൾ, ഞാനു, മീയിടയനും

With best compliments from

SMITHA'S BOMBAY DYEING SHOW ROOM
SMITHA'S SAREES & READYWEARS

South Tana, Opp.Bishops' House Ph:821072
Irinjalakuda

THE SELECTIONS
MAFTLAL FAMILY SHOP
Tana Irinjalakuda. Ph:823588

HOTEL UNNIKRISHNA
Ernakulam. Ph:380594

വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ



വിജു. സി. പി.
രണ്ടാം വർഷ
സാമ്പത്തിക ശാസ്ത്രം.

നമ്മുടെ വിദ്യാഭ്യാസത്തിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാൽ പൊതുവേ വരേണ്യവിഭാഗങ്ങൾക്ക് അനുകൂലമായ സ്വഭാവമാണുള്ളത് എന്നു കാണാം. പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും ഈ കൊളോണിയൽ സ്വഭാവം സ്വാതന്ത്ര്യലബ്ധിക്കുശേഷവും തുടർന്നുപോരുന്നു. 1985ൽ പുത്തൻ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചതോടെ വിദ്യാഭ്യാസത്തിനാവശ്യമായ വിഭവസമാഹരണം ഒരു മുഖ്യ പ്രശ്നമായി അവതരിപ്പിക്കപ്പെട്ടു. ഇത് പരിഹരിക്കാൻ ഉയർന്ന തലങ്ങളിലുള്ള വിദ്യാഭ്യാസത്തിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തമായിരുന്നു നിർദ്ദേശിക്കപ്പെട്ടത്. വാണിജ്യവൽക്കരണമായിരുന്നു ഇതിന്റെ പരിണിതഫലം. കഴിഞ്ഞ സർക്കാരുകൾ നടപ്പാക്കിയ പുതിയ നയങ്ങളാകട്ടെ നിലനിൽക്കുന്ന വരേണ്യസ്വഭാവത്തെ അരക്കിട്ടുറപ്പിക്കുന്നതാണ്. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തെ നിഷേധിക്കുന്ന നീക്കങ്ങളാണിവ. വിദ്യാഭ്യാസം സമൂഹത്തിലെ ചിലവിഭാഗങ്ങൾക്ക് മാത്രം ലഭ്യമായ ഒന്നായി മാറുകയാണ് മറ്റുള്ളവർ ഒഴിവാക്കപ്പെടുകയോ പ്രാന്തവൽക്കരിക്കപ്പെടുകയോ (Marginalise) ചെയ്യുന്നു.

ഈ പുതിയ നയം തലതിരിഞ്ഞ വികസനത്തിനു മാത്രമാണ് ഇടനൽകുക. ഉടനടി വാണിജ്യപരമായ നേട്ടം നൽകാത്ത വിദ്യാഭ്യാസ മേഖലകൾ ഒഴിവാക്കപ്പെടും. ഉദാഹരണത്തിന് സാഹിത്യവും ആർട്സ് വിഷയങ്ങളുമൊക്കെ. സാങ്കേതികവും പ്രയുക്തവുമായ കോഴ്സുകൾക്ക് മാത്രമേ പ്രാധാന്യം ലഭിക്കൂ. കാരണം അവർക്ക് മാത്രമേ സ്വകാര്യ മുതൽ മുടക്കുകാർക്ക് ഉടൻ പ്രതിഫലം നൽകാൻ കഴിയുകയുള്ളൂ.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജനാധിപത്യപരമായ നിയന്ത്രണം ഇല്ലാതാക്കപ്പെടുന്നു എന്നതാണ് മറ്റൊരു കാര്യം. അക്കാദമിക് സമൂഹത്തിന് ഇന്നുള്ള ജനാധിപത്യപരമായഅവകാശങ്ങൾപോലും നിഷേധിക്കപ്പെടുകയാണ്. വിദ്യാഭ്യാസപുരോഗതിക്ക് ജനാധിപത്യപ്രക്രിയ തടസ്സമാണെന്ന അടിസ്ഥാനരഹിതമായ ആരോപണത്തിന് ഇന്ന് ഒരുപാട് പ്രചരണം ലഭിക്കുന്നുണ്ട്. കോത്താരി കമ്മീഷനെപ്പോലെ വിദ്യാഭ്യാസ രംഗത്ത് പഠനം നടത്തിയ വരൊക്കെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ജനാധിപത്യവൽക്കരണത്തിനാ ഇടപെടലിനാ വേണ്ടിയാണ് വാദിച്ചിട്ടുള്ളത്.

ചുരുക്കത്തിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. മനുഷ്യശേഷി വികസിപ്പിക്കുക എന്നതിലപ്പുറം രാജ്യത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക വളർച്ചക്ക് വേണ്ട സംഭാവനകൾ നൽകാൻ കഴിയുന്ന മാനവിക സമൂഹത്തെ സൃഷ്ടിക്കുക എന്ന ഉദ്ദേശം നഷ്ടമാവുകയാണ്. വിമോചനത്തിനുള്ള മാർഗ്ഗം എന്നതിനു പകരം വിദ്യാഭ്യാസം സാമ്പത്തിക നേട്ടത്തിനുള്ള മുതൽമുടക്ക് മാത്രമായി മാറുന്നു. എൻ. ഇ. ബലറാം പണ്ട് പറഞ്ഞതുപോലെ വിദ്യാർത്ഥികൾ ഇന്ന് ആരാധിക്കുന്നത് സരസ്വതിദേവിയെ അല്ല ലക്ഷ്മീദേവിയെ ആണ്.

അഖിലേന്ത്യാ മത്സര പരീക്ഷകളിൽ കേരളത്തിലെ വിദ്യാർത്ഥികൾ പിന്നിലപ്പെടുന്നുവെന്ന ചർച്ച ഇന്ന് വളരെ സജീവമായി ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. കേരളീയ വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടണം എന്നുള്ള ആത്മാർത്ഥമായ ആഗ്രഹം ഇതിന് സമാന്തരമായി അക്കാദമിക് ലോകത്ത് ഉയർന്നു വരികയും ചെയ്തിട്ടുണ്ട്. ഇത്തരം ബോധത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് പരിഹാരങ്ങൾ എന്ന വ്യാജേന വരേണ്യ വൽക്കരണവും വാണിജ്യ വൽക്കരണവും ചുവടുറപ്പിക്കാൻ കൊണ്ടു പിടിച്ച ശ്രമവും തുടങ്ങിക്കഴിഞ്ഞു.

ഇതിന്റെ ഫലമായി ഫീസ് വർദ്ധിപ്പിക്കുന്നതിനാ വിപണന സാദ്ധ്യതയുള്ള കോഴ്സുകൾ രൂപപ്പെടുത്തി സെൽഫ് ഫൈനാൻസിങ്ങ് സമ്പ്രദായം വ്യാപിപ്പിക്കുന്നതിനുമുള്ള പ്രവണത വിദ്യാഭ്യാസ രംഗത്ത് ശക്തിപ്പെടും 90 കളുടെ ആദ്യ പകുതിയിൽ രാജ്യത്താകെ ഇത് കാണാൻ കഴിയുന്നുണ്ട്. എന്നാൽ കൂടുതൽ സങ്കീർണ്ണവും നിഷേധാത്മകവുമായ പ്രത്യാഘാതങ്ങൾക്ക് ഇടയാകുകയല്ലാതെ ഈ ജനവിരുദ്ധ നടപടികൾ ഉന്നതവിദ്യാഭ്യാസ രംഗത്തെ രക്ഷപ്പെടുത്താൻ ഉതകുകയില്ലെന്നാണ് യാഥാർത്ഥ്യം. ഇത് വിദ്യാഭ്യാസ മേഖലയിലാകെ സ്ഫോടനാത്മകമായ സ്ഥിതി സൃഷ്ടിച്ചിരിക്കുകയാണ്.

വിപുലമായ അടിത്തറയിലും അടിമുടി ജനാധിപത്യവൽക്കരിക്കപ്പെട്ട ഘടനയിലും കേരളീയ വിദ്യാഭ്യാസം മറ്റാർക്കും മാതൃകതന്നെയാണ്. ഉയർന്ന സാക്ഷരതയും സർവ്വകലാശാലകളുടെ ജനാധിപത്യ ഭരണരീതിയും മറ്റും ഇതിന് ഉദാഹരണങ്ങളാണ്. പക്ഷെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിലും സാമൂഹിക ആവശ്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ അതിനെ രൂപപ്പെടുത്തി എടുക്കുന്നതിലും നാം ഏറെയൊന്നും മുന്നോട്ടു പോയിട്ടില്ല. നമ്മുടെ തൊഴിൽഘടനയും വിദ്യാഭ്യാസവും തമ്മിൽ നിലനിൽക്കുന്ന അന്തരത്തിന്റെ സാക്ഷ്യപത്രമാണ് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ. ഈ ശക്തി ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ് കൊണ്ടുള്ള പരിഹാരങ്ങൾക്ക് മാത്രമേ വിദ്യാഭ്യാസമേഖലയിലെ നേട്ടങ്ങളെ നിലനിർത്താനും കോട്ടങ്ങളെ പരിഹരിക്കാനും കഴിയൂ.

ചരിത്രമെന്നത് കോളോണിയലിസത്തിന് സ്തുതി പാടുന്ന പോസ്റ്റുമാർട്ടം റിപ്പോർട്ട് മാത്രമായി അധഃപതിച്ചിരിക്കുന്നു. ജനിച്ച് വളർന്ന നാടിന്റെ പ്രാദേശിക ചരിത്രം പോലുമറിയാതെയുള്ള ആഗോള ചരിത്രബോധമാണ് കരിക്കുലം നൽകുന്നത്. ഇത് സ്വന്തം സമൂഹത്തിൽ നിന്നും, സാധാരണ ജനങ്ങളിൽ നിന്നും വിദ്യാർത്ഥിയെ അകറ്റുന്നു. ഈ നിലക്കാണ് ഇ.എം. എസ്സ് പറഞ്ഞത് ഇന്ന് വിദ്യാഭ്യാസമന്നൻ എന്നു പറഞ്ഞാൽ വീട്ടുകാരും നാട്ടുകാരുമായി ബന്ധമില്ലാത്തവൻ എന്നാണർത്ഥം എന്ന്. ജനകീയ ചരിത്രബോധത്തിന്റെ നാട്ടറിവുകളിലേക്ക് അക്കാദമിക് ചരിത്രബോധത്തിന്റെ ഭാഷ മാറേണ്ടതുണ്ട്.

എന്തിന് പഠിക്കണം എന്ന ചോദ്യത്തിന്റെ മറ്റൊരു തലമാണ് അദ്ധ്യയനമാദ്ധ്യമത്തിന്റേത്. അറിവിനെക്കുറിച്ചുള്ള അടിസ്ഥാന സങ്കല്പം മറന്നതു കൊണ്ടു മാത്രമാണ് മാദ്ധ്യമം ഇംഗ്ലീഷാകുന്നത്. അനുഭവത്തിന്റെ ഭാഷയും പഠനഭാഷയും ഇവിടെ ഇടഞ്ഞു നില്ക്കുന്നു.

പഠനം എന്നാൽ നമുക്കിപ്പോഴും ശൂന്യതാനിരക്കലാണ്. എന്തിനേയോ ഏകാകിയായി അറിയുന്നു എന്ന തോന്നലാണ് ഇത് ഉളവാക്കുന്നത്. തൊട്ടടുത്ത ജീവിതം അതിൽനിന്ന് പുറത്താണ്. കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റനേകം തൊഴിലുകളും ഇന്ന് പഠനത്തിന്റെ ഭാഗമല്ല. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട എല്ലാ അറിവുകളേയും, ഇന്ന് നാട്ടറിവായി നില്ക്കുന്ന തൊഴിലിന്റെ സാമ്പ്രദായികമായ അറിവുകളേയും വിദ്യാലയത്തിൽ പ്രവേശിപ്പിക്കേണ്ടതുണ്ട്. പണ്ഡിതനായ അദ്ധ്യാപകനോടൊപ്പം ആശാരിയേയും മൂശാരിയേയും കൃഷിക്കാരനേയും പകരം വെക്കാൻ കഴിയണം. ഇങ്ങനെ കൃഷിയുൾപ്പെടെയുള്ള മേഖലകളിലേക്ക് വിദ്യാലയവും വിദ്യാർത്ഥിയും കടന്നു ചെല്ലണം.

യാതൊരു പൂർവ്വനിയന്ത്രണവുമില്ലാതെ കോഴ്സുകൾ അനുവദിക്കുന്ന രീതിയാണ് ഇന്ന് നടന്നു കൊണ്ടിരിക്കുന്നത്. ഓരോ

മണ്ഡലത്തിലും ആവശ്യമുള്ള വിദഗ്ദ്ധന്മാർ എത്രവേണം എന്ന കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ വേണം ഇത് നടത്താൻ. ഇല്ലെങ്കിൽ കോഴ്സു കഴിയുന്നവർ വഴിയാധാരമാവുകയേ ഉള്ളൂ. അത്തരമൊരു കണക്കെടുപ്പ് കൃഷി, കായിക തൊഴിൽ മേഖല എന്നിവിടങ്ങളിലേക്കാണ് കൂടുതൽ അദ്ധ്വാനശക്തിയാവശ്യമായി വരുന്നത് എന്നിടത്തേയ്ക്ക് നമ്മെ നയിക്കാനാണ് സാധ്യത. അങ്ങിനെയെങ്കിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ഒരിക്കലും ഇന്നത്തെ മെഡിക്കൽ എഞ്ചിനിയറിംഗ് കോഴ്സുകളായിരിക്കില്ല.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ സർക്കാർ സ്ഥാപനങ്ങളുടെ മേൽകൈ നഷ്ടപ്പെടുകയും ജാതിമത ലോബികൾ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഇതിനാക്കം കൂട്ടിയതാകട്ടെ കഴിഞ്ഞ ചില സർക്കാരുകളുടെ വിദ്യാഭ്യാസ നയങ്ങളും. ന്യൂനപക്ഷ അവകാശങ്ങൾ എന്ന ഇരുമ്പറയ്ക്കുള്ളിൽ നിന്ന് കാട്ടിക്കൂട്ടുന്നതെന്തും നിസ്സഹായനായി നോക്കി നില്ക്കുവാൻ മാത്രമേ സർക്കാരിനാവുന്നുള്ളൂ.

വിദ്യാഭ്യാസത്തിന് മുൻഗണനാക്രമത്തിൽ ഒന്നാം സ്ഥാനം നൽകിയെങ്കിൽ മാത്രമേ ഗുണനിലവാരം ഉയരുകയുള്ളൂ. വിദ്യാഭ്യാസകാര്യങ്ങൾക്ക് നാമിന്ന് വളരെ കുറച്ച് മൂലധനം മാത്രമേ ചിലവഴിക്കുന്നുള്ളൂ. അതായത് നമ്മുടെ ദേശീയ വരുമാനത്തിന്റെ രണ്ട് ശതമാനം മാത്രം. ഏഷ്യയിലെ തന്നെ മറ്റുള്ള രാജ്യങ്ങളിൽ ഇത് ഏഴു ശതമാനമാണ് എന്നറിയുമ്പോഴാണ്, നമ്മുടെ ഭരണാധികാരികൾ വിദ്യാഭ്യാസത്തിന് എന്തുമാത്രം പ്രാധാന്യമാണ് നൽകുന്നത് എന്ന് നമുക്ക് മനസ്സിലാകുന്നത്. കേരളത്തിലെ മിക്ക ഗവൺമെന്റ് കോളേജുകളിലും നല്ല ലൈബ്രറികളോ ലാബോറട്ടറികളോ ഇല്ല. സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ വലിയൊരു പങ്ക് കേന്ദ്ര വിഹിതത്തിൽ നിന്നാണ് പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി ചെലവു ചുരുക്കേണ്ട സന്ദർഭങ്ങളിൽ വിദ്യാഭ്യാസ രംഗത്തിനു നേരെയാണ് ഗവൺമെന്റിന്റെ കൈകൾ നീളുന്നത്.

മുൻപ് പ്രഗത്ഭരായ വിദ്യാർത്ഥികളുണ്ടായിരുന്നെങ്കിൽ പ്രഗത്ഭരായ അദ്ധ്യാപകരും ഉണ്ടായിരുന്നു. ഇന്ന് ഇതു രണ്ടും വിരലിലെണ്ണാവുന്നതു മാത്രം. അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിന്റെ ഊഷ്മളത നമുക്ക് എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. അദ്ധ്യാപകർ കേവലം അറിവുള്ള മനുഷ്യർമാത്രമാവുകയല്ല വേണ്ടത് വിദ്യാർത്ഥികളുടെ ചിന്തയേയും അന്വേഷണ ശേഷിയേയും രൂപപ്പെടുത്തുക എന്ന വലിയ 'റോൾ' നിർവ്വഹിണ്ടേ കടമ അവർക്കുണ്ട്. എന്നാലിന്ന് പല അദ്ധ്യാപകരും അവരുടെ ആശയങ്ങൾ അടിച്ചേല്പിച്ച് വിദ്യാർത്ഥികളുടെ ചിന്താശക്തിയെ തളർത്തുകയാണ് ചെയ്യുന്നത്.

സമൂഹത്തിലെ തെറ്റായ വശങ്ങളെ ചോദ്യം ചെയ്യുന്നതിനുള്ള ആത്മധൈര്യം നല്കുന്ന തരത്തിലുള്ള പാഠ്യക്രമവും ഇന്നാവശ്യമാണ്. സ്ത്രിയെ സ്ത്രീയായി മാറ്റി നിറുത്താതെ എന്നാൽ മറ്റൊരു പുരുഷനുമാവാതെയും സ്ത്രീയും പുരുഷനും ചേർന്ന സാമൂഹ്യ ശക്തിയായി മാറാനുള്ള പ്രചോദനം പഠനത്തിൽ നിന്നുണ്ടാകണം. എന്നാൽ ടി. വി., പത്രങ്ങൾ, സിനിമ എന്നിവ ഒരു കാര്യം തന്നെ പറഞ്ഞു കൊണ്ടിരിക്കുന്നു സ്ത്രിയെന്നു കേട്ടാൽ കിടപ്പറ ഓർമ്മ വരണമെന്ന്. സ്ത്രിപുരുഷ ബന്ധത്തിലെ മറ്റെല്ലാ തലങ്ങളും മാഞ്ഞു പോകുന്നു. ഒരുകാലത്ത് വിദ്യാർത്ഥികൾ സിനിമയേയും സാഹിത്യത്തേയും കുറിച്ച് വളരെ ആധികാരികമായിത്തന്നെ സംസാരിച്ചിരുന്നു. എന്നാൽ ഇന്നാകട്ടെ അവരുടെ സംസാരത്തിന്റെ അജണ്ടതന്നെ മാറിയിരിക്കുന്നു. സ്ത്രിയും, ലൈംഗികതയും മാത്രം സംസാരവിഷയമാകുന്നു.

ഒരു രാഷ്ട്രീയ കക്ഷിക്കുപോലും വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കാൻ താല്പര്യമില്ലാതെ വന്നിരിക്കുന്നു. എല്ലാവർക്കും ആവശ്യം ഇലക്ട്രിസിറ്റിയും, വ്യവസായവും, ഐശ്വര്യവുമെല്ലാമാണ്. എന്നാൽ വിദ്യാഭ്യാസം ആർക്കും വേണ്ടാതെ വരുന്നതെന്തുകൊണ്ടാണ്, വിദ്യാഭ്യാസം സമ്പൂർണ്ണതയിലെത്തിയെന്ന വിശ്വാസം കൊണ്ടാണോ? അതോ ഭാവിയിൽ കലുഷമായേക്കാവുന്ന വിദ്യാഭ്യാസ വകുപ്പ് കൈയ്യിൽ കൊണ്ട് നടന്നാൽ സ്വന്തം പ്രതിഛായക്ക് മങ്ങലേല്ക്കുമെന്ന ആശങ്കയോ? ഒരു കക്ഷിക്കും വിദ്യാഭ്യാസരംഗത്തിൽ യാതൊരു താല്പര്യവുമില്ലെന്ന് എല്ലാവർക്കും മനസ്സിലായി. ദുഃഖകരമാണ് ഈ അവസ്ഥ.

രാജ്യത്തിന്റേയും ജനതയുടേയും പൊതുസ്വത്തായ ഉന്നത സർവ്വകലാശാലകളെക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ അക്കാദമിക് സമൂഹത്തിന്റെയാകെ ഐക്യം വളർത്തിയെടുക്കുകയാണ് പ്രഥമികമായ ഉത്തരവാദിത്വം. ധൈഷണികശേഷിയും, ഭരണാനുഭവങ്ങളും സാമൂഹ്യപ്രതിബന്ധതയുമുള്ള വൈസ് ചാൻസലർമാരും അക്കാദമിഷ്യന്മാരും, ഏത് സർക്കാരിന്റെ ആയാലും ജനവിരുദ്ധവും അപകടകരവുമായ നയങ്ങൾ അടിമ മനോഭാവത്തോടുകൂടി അംഗീകരിച്ചുകൊടുക്കുന്നതിന് തയ്യാറാവരുത്.

അഭ്യസ്തവിദ്യരും സംസ്കൃതചിത്തരുമായ ഒരു തലമുറയെ വാർത്തെടുക്കലാണ് വിദ്യാഭ്യാസം കൊണ്ട് ലാക്കാക്കുന്നതെങ്കിൽ കേരളം അതിൽ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ കെല്പില്ലാത്തവരുടെ ഒരു സമൂഹമായി കേരളം ജീർണ്ണിച്ചിരിക്കുകയാണ്. ഈ തകർച്ചയിൽ നിന്നും കരകയറ്റുവാൻ ഭരണകൂടങ്ങൾക്ക് ബാധ്യതയില്ലേ. അത് നിറവേറ്റാൻ ആർക്കും താല്പര്യമില്ലെന്ന് വന്നാലോ? വിദ്യാഭ്യാസവകുപ്പ് ഏറ്റെടുക്കാൻ പ്രധാന രാഷ്ട്രീയ പാർട്ടികൾ കാട്ടുന്ന വൈമുഖ്യം ഈ യാഥാർത്ഥ്യത്തിന്റെ നേർക്ക് വിരൽ ചൂണ്ടുന്നു.

JETLINE PIPES
(Manufacturers & EXPORTERS)
Lijoy Plastics.
Phone - 0488-842841,3159

പരിസ്ഥിതിയും പുതുകോളനിവത്കരണവും



അജിത്,
ഒന്നാം വർഷ പ്രീഡിഗ്രി.
ബി ബാച്ച്.

കള്ളുതന്ന് മയക്കിയും കാട്ടുപോത്തിനെക്കൊന്ന് പട്ടിണിയ്ക്കിട്ടും തങ്ങളുടെ കുലമൊടുക്കാൻ ശ്രമിയ്ക്കുന്ന അമേരിയ്ക്കൻ അധിനിവേശ വർഗ്ഗത്തിന്റെ നെടുനായകൻ - അമേരിയ്ക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ പെരേസിന് ഒരു റെഡ്ഡിന്ത്യൻ ഗോത്രത്തലവൻ അയച്ച ഒരു കത്ത് അടുത്ത കാലത്ത് 'ഗ്രീൻ ലിവ്സ് പ്രസിദ്ധീകരിക്കുകയുണ്ടായി. തങ്ങൾ വാങ്ങാനുദ്ദേശിയ്ക്കുന്ന ഭൂമിയിൽ നിന്ന് എത്രയും വേഗം കുടിയൊഴിയാനാവശ്യപ്പെട്ടുകൊണ്ട് അമേരിയ്ക്കൻ അധികാരി വർഗ്ഗം അയച്ച ഒരു നോട്ടീസിന് മറുപടിയായിരുന്നു ഇത്. ഈ കത്ത് പറയുന്നു. How can you buy or sell the sky, the warmth of the land? The idea is strange to us. Yet we do not own the freshness of the air, or the sparkle of water, how can you buy them from us?" കുറെ കാട്ടു വർഗ്ഗക്കാരുടെ രോദനങ്ങൾ വനരോദനങ്ങളായിത്തന്നെ അവശേഷിച്ചു. കൊളംബസ് അമേരിയ്ക്കയെ 'കണ്ടെത്തിയതിന്റെ അഞ്ഞൂറാം വാർഷികം ആഘോഷിക്കുമ്പോൾ റെഡ്ഡിന്ത്യക്കാർ ഏതാനും കേന്ദ്രീകൃത സമൂഹങ്ങളിൽ മാത്രമായി ഒതുങ്ങിക്കഴിയുന്നു.

1992-ൽ റിയോഡി ജനിറോയിൽ അന്താരാഷ്ട്ര ഭൗമ ഉച്ചകോടി നടക്കുമ്പോൾ അതിന്റെ സെക്രട്ടറി ജനറലായ മോറിസ് സ്സ്ട്രോങ്ങിനെതിരെ പുറത്ത് റെഡ്ഡിന്ത്യക്കാർ പ്രകടനം നടത്തുന്നുണ്ടായിരുന്നു. പഞ്ചനക്ഷത്ര ഹോട്ടൽ കോംപ്ലക്സ് പണിയാൻ വേണ്ടി കൊസ്റ്റാറിക്കൻ കടൽത്തീരത്തെ 2500 ഏക്കർ ആദിവാസി ഭൂമി മോറിസ് സ്ട്രോങ്ങ് കൈവശപ്പെടുത്തിയതിൽ പ്രതിഷേധിച്ചായിരുന്നു പ്രകടനം. ദെമിദില്ലിയോർഗ എന്ന റെഡ്ഡിന്ത്യൻ മൂപ്പൻ പറയുന്നു. "ഇത് ഞങ്ങളുടെ ചങ്കിൽത്തറച്ച കുരമ്പാണ്. പ്രശ്നമുണ്ടാക്കണമെന്ന് ഞങ്ങൾക്കാഗ്രഹമില്ല. പക്ഷേ ഞങ്ങളുടെ ക്ഷമയ്ക്കും അതിരുണ്ട്. ഞങ്ങൾ കുഴപ്പമുണ്ടാക്കും.

മേൽപ്പറഞ്ഞ ഉച്ചകോടിയിൽ അമേരിയ്ക്കയുടെ നേതൃത്വത്തിലുള്ള വൻകിട മുതലാളിത്ത രാഷ്ട്രങ്ങൾ ഒരു നിർദ്ദേശം മുന്നോട്ടു വച്ചു. ആഗോളമായ പരിസ്ഥിതി അസന്തുലിതത്തിനു കാരണം മൂന്നാം ലോകരാജ്യ പരിസ്ഥിതിസന്തുലനത്തിനുവേണ്ടി മൂന്നാം ലോകരാജ്യങ്ങളിലെ മരമുറി അനിശ്ചിത കാലത്തേയ്ക്ക് നിരോധിക്കണം. ഇതിനുകാരണമായി അമേരിയ്ക്ക പറഞ്ഞത് ഞങ്ങളുടെ നാട്ടിൽ മരങ്ങളൊന്നുമില്ല. അതുകൊണ്ട് നിങ്ങൾ മുറിയ്ക്കരുത് എന്നാണ്. ഇടതൂർന്ന മഴക്കാടുകൾ കൊണ്ട് നിലം മൂടിക്കിടന്ന അമേരിയ്ക്കൻ വൻകരയാകെ വെട്ടിത്തെളിച്ച് മരുഭൂമിയാക്കിയവരാണ് ഇതു പറയുന്നത് എന്നാലോചിക്കുക. അമേരിയ്ക്കൻ വൻകരയുടെ യഥാർത്ഥ അവകാശികളായിരുന്ന റെഡ് തന്ത്യൻ വംശത്തെ മൃഗീയമായി വേട്ടയാടിയവരാണ് ഇത് പറയുന്നത് എന്നാലോചിയ്ക്കുക, ലാറ്റിനമേരിയ്ക്കൻ രാജ്യങ്ങളെ മുഴുവൻ കടക്കെണിയിൽപ്പെടുത്തി അവരുടെ കാടുകൾ മുഴുവൻ ചുട്ടുകരിച്ച് അവിടെ മുഴുവൻ വാഴക്കൃഷി ചെയ്യാൻ പ്രേരിപ്പിച്ച് അവരെ 'ബനാനാ കൺട്രീസ് ' ആക്കിയവരാണ് ഇപ്പോൾ പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് വാചാലരാകുന്നത്. ഇതിന്റെ പിന്നിലുള്ള രാഷ്ട്രീയം തിരിച്ചറിയേണ്ടിയിരിക്കുന്നു. കാർബൺ, നൈട്രജൻ, സൾഫർ, ഓക്സൈഡുകളും റേഡിയോ ആക്ടീവ് പദാർത്ഥങ്ങളും മറ്റനേകം രാസവസ്തുക്കളും അന്തരീക്ഷത്തിലേയ്ക്ക് വിസർജിച്ച് നമ്മുടെ ആകാശത്തെ വിഷലിപ്തമാക്കിയവർ പറയുകയാണ് - ഇതൊന്നുമല്ല അന്തരീക്ഷ മലിനീകരണത്തിനു കാരണം - ഇന്ത്യയിലേയും മറ്റു മൂന്നാം ലോകരാജ്യങ്ങളിലേയും അശാസ്ത്രീയമായ കാലിവളർത്തൽ മൂലം ചാണകത്തിൽ നിന്ന് അന്തരീക്ഷത്തിലേക്കെത്തുന്ന മീഥെയ്ൻ ആണ് എന്ന്.

ബ്രിട്ടൺ മാത്രം ഓരോ വർഷവും ഐറിഷ് കടലിലേയ്ക്ക് 124000 ടൺ, ബ്രിസ്റ്റൾ ചാനലിലേയ്ക്ക് 29000 ടൺ, നോർത്ത് സീയിലേയ്ക്ക് 288000 ടൺ, ഇംഗ്ലീഷ് ചാനലിലേയ്ക്ക് 86000 ടൺ, എന്ന കണക്കിൽ മാലിന്യങ്ങൾ നിക്ഷേപിയ്ക്കുന്നുണ്ട് - കടലിലേയ്ക്ക്. ഏറ്റവും ഭീകരം അണുപ്രസരമാലിന്യങ്ങളുടെ നിക്ഷേപമാണ്. വിൻസ്കേൽ ന്യൂക്ലിയർ റീ പ്രൊഡക്ടിങ്ങ് പ്ലാന്റ് ഒരു കൊല്ലം 136000 ക്യൂരിസ് റേഡിയോ ആക്റ്റീവ് സീസിയം നിക്ഷേപിയ്ക്കുന്നു. (ഇത് 1971 ലെ കണക്കാണ്) പിന്നെ ഒരു പ്രധാനപ്രശ്നം കടലിലെ അനിയന്ത്രിതമായ മത്സ്യബന്ധനമാണ്. ഇപ്പോൾ എല്ലാ കടലുകളും എല്ലാവർക്കുമായി (All are equal but,) തുറന്നുകൊടുക്കുക എന്നതാണല്ലോ പുതിയ പ്രമാണം. അപ്പോൾ ആർക്കും എവിടെ നിന്നും മീൻ പിടിയ്ക്കാം എന്നും വരുന്നു. മീൻ മാത്രമല്ല പിടിയ്ക്കുന്നത്; കടലിൽ നിന്ന കിട്ടുന്നവ എന്തും ആവാം. ഇത് കടലിലെ പരിസ്ഥിതി സന്തുലനത്തെ തകർക്കില്ലേ? ഇതൊന്നും ഒരു പ്രശ്നമല്ലെന്നും ആഫ്രോ- ഏഷ്യൻ- ലാറ്റിനമേരിയ്ക്കൻ രാജ്യങ്ങളിലെ വനം വെട്ടാണെന്നാണ് അമേരിയ്ക്ക പറയുന്നത്.

വികസ്വരരാജ്യങ്ങളിലെ രാസവ്യവസായങ്ങളിൽ അധികവും ക്ലോറിൻ അടിസ്ഥാനമാക്കിയുള്ളതാണ്. ഇത് അന്തരീക്ഷ മലിനീകരണവും ഉണ്ടാക്കുന്നുമുണ്ട്. അതുകൊണ്ട് അഴമേരിക്ക പറയുന്നു - ഈ വ്യവസായങ്ങൾ അടച്ചു പൂട്ടണം. ഇതിനു പകരം വയ്ക്കാവുന്ന സാങ്കേതികവിദ്യ അവരുടെ കൈയിലുണ്ട്. അത് നമുക്കു തരാൻ അവർ തയ്യാറുമല്ല. പക്ഷേ ഇതിലടങ്ങിയിരിക്കുന്ന വിചിത്രമായ വസ്തുത ഇതിനേക്കാൾ അപകടകരങ്ങളായ വ്യവസായങ്ങൾ അമേരിക്കയുടെ ബഹുരാഷ്ട്ര കുത്തകകൾ മൂന്നാം ലോകരാജ്യങ്ങളിൽ നടത്തുന്നുണ്ട് എന്നതാണ്. ഭോപ്പാൽ ദുരന്തത്തിനു കാരണമായ യൂണിയൻ കാർബൈഡ് തന്നെ ഉദാഹരണം.

ലോകത്തെ എല്ലാ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പ്രധാന കാരണം മൂന്നാം ലോകരാജ്യങ്ങളിലെ വർദ്ധിച്ചു വരുന്ന ജനസംഖ്യയാണ് എന്ന ഒരു വാദം മുതംമാളിത്ത രാഷ്ട്രങ്ങൾ പ്രബലമായി മുന്നോട്ടു വയ്ക്കുകയുണ്ടായി. ജനസംഖ്യാവർദ്ധന എന്ന ഭീകരമായ പ്രശ്നത്തെ അവഗണിക്കുകയല്ല, പക്ഷേ ഇത് യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് നമ്മുടെ മുഖം തിരിയ്ക്കാൻ വേണ്ടിയുള്ള ഒരു അഭ്യാസമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിയ്ക്കുന്നു. ഒരു ശരാശരി മൂന്നാം ലോക പൗരനുവേണ്ടി ചിലവഴിക്കുന്ന ഊർജ്ജത്തിന്റെ ആയിരക്കണക്കിന് ഇരട്ടിയാണ് വൻകിട മുതലാളിത്ത രാഷ്ട്രങ്ങളുടെ പ്രതിശീർഷ ഊർജ്ജ ഉപഭോഗം. ചരിത്രപരമായ കാരണങ്ങളാൽ ആധിപത്യം സ്ഥാപിക്കാനായ ഈ രാജ്യങ്ങൾ കോളനികളിൽ നിന്നാണ് അവരുടെ വികസനത്തിനുള്ള മൂലധനം കവർന്നെടുത്തത്. ഈ ആധിപത്യം തുടർന്നും ആധിപത്യമായിത്തന്നെ നിലനിർത്താൻ വേണ്ടിയാണ് മൂന്നാം ലോകരാജ്യങ്ങൾ തങ്ങളുടെ ദേശീയവരുമാനത്തിന്റെ നല്ലൊരു പങ്ക്. ജനസംഖ്യാ നിയന്ത്രണ പരിപാടികൾക്കായി ഉപയോഗിക്കണം എന്ന നിർദ്ദേശം (നിബന്ധന?) ഇവർ മുന്നോട്ടു വച്ചത്. മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് ഇവരുമായി മത്സരിക്കാവുന്ന മേഖലകളിലെ മുതൽമുടക്ക് കുറപ്പിക്കുകയും അങ്ങനെ വിപണിയിലെ മത്സരം ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ രാഷ്ട്രീയം.

എല്ലാ യുദ്ധ സാമഗ്രികളും നശിപ്പിയ്ക്കും എന്നു പറയുന്ന രാജ്യങ്ങൾ അങ്ങനെ പറയുന്നത് ലോക സമാധാനത്തിലോ പരിസ്ഥിതി സംരക്ഷണത്തിലോ ഉള്ള താൽപ്പര്യം കൊണ്ടല്ല. സ്വന്തം നിലനിൽപ്പിനെക്കൂടി ആയുധശേഖരം പ്രതികൂലമായി ബാധിക്കുമോ എന്ന പേടികൊണ്ടാണ്. അവർ ജാഗ്രത പാലിയ്ക്കു

കയാണ്. നമുക്കും ജാഗ്രത പാലിയ്ക്കുക.

വിജയൻ മാസ്റ്റർ പറഞ്ഞതുപോലെ "നമുക്ക് കാടുകളിലേയ്ക്ക് തിരിച്ചു പോകാൻ വയ്യ. കാരണം കാടുകളൊന്നും ബാക്കിയില്ല എന്നതുതന്നെ. നമുക്ക് ഈ ലോകത്തുതന്നെ ജീവിയ്ക്കണം. അതുകൊണ്ട് നമുക്കു വളരാനുള്ള ആകാശത്തെ മലിനമാക്കിയതാര് എന്ന് നിവർന്ന് നിന്ന് ചോദിയ്ക്കാനുള്ള എല്ലുറപ്പ് നാം നേടേണ്ടിയിരിയ്ക്കുന്നു. അല്ലെങ്കിൽ റെഡ് ഇന്ത്യക്കാരനു സംഭവിച്ചതു തന്നെയായിരിയ്ക്കും ഇന്ത്യക്കാരനും സംഭവിയ്ക്കുക.

അകിരാ കുറോസവ



ലിജോ തോമസ്. sl
Ist D.C Maths

ഉദയസൂര്യന്റെ നാട്ടിൽ, യുദ്ധത്തിന്റെ നിനാളങ്ങൾ കെട്ടടങ്ങിയപ്പോൾ ചലച്ചിത്ര മണ്ഡലത്തിൽ ഉദിച്ചുയർന്ന നക്ഷത്രമാണ് അകിരാ കുറോസവ (Akira Kurosava). ഹിരോഷിമയിലേയും നാഗാസാക്കിയിലേയും അണുപ്രസരം പൈസഹിക് സമൂഹത്തിലെ ഈ ദിപസമൂഹത്തിൽ ശവക്കല്ലറകൾ തീർത്തിട്ടും ഹ്യൂജിയാമ എന്ന അഗ്നിപർവ്വതത്തിൽ നിന്ന് ലാവ പൊട്ടിയൊഴുകിതീപ്പൊള്ളലേൽപ്പിച്ചിട്ടും, വിധിയുടെ ക്രൂരതയ്ക്കെതിരെ പോരാടി നിന്നു ജയിച്ചവരാണ് ജാപ്പാനീസ് ജനത. ഇരുൾപൊട്ടി പോലെ ജാപ്പാനീസ് സിനിമയിൽ തള്ളിക്കയറിയ മറ്റു സംവിധായകർ രണ്ടോ ലോകയുദ്ധം കൊടുമ്പിരി കൊണ്ടിരിക്കുന്ന കാലയളവിൽ ആയുധ ക്ഷയുടെ മാളങ്ങളിൽ ഓടിയൊളിച്ചപ്പോൾ ഒഴുക്കിനെതിരെ കുറോസവ തലയുയർത്തി നിന്നതി ഭ്രമാത്മകതയുടെ അതിർവരമ്പുകൾക്കുള്ളിലേയ്ക്ക് അടിച്ചമർത്തപ്പെട്ട ജാപ്പാനീസ് സിനിമയിൽ അദ്ദേഹം മാറ്റത്തിന്റെ കാറ്റു വിതച്ചു. 'റഷോമോൺ' എന്ന കുറസോവയുടെ മാസ്റ്റർപീസ് ഇരുളടഞ്ഞ ജാപ്പാനീസ് സിനിമയിൽ ആശയുടെ തിരി കൊളുത്തി. അദ്ദേഹം സ്വന്തം സൃഷ്ടിയുടെ അന്തർധാരയിൽ മനുഷ്യ ജീവിതം പൂഴ്ത്തിവച്ചു. പ്രകൃതിയുടെ രൗദ്രഭാവവും മനുഷ്യരുടെ രൗദ്രരസവും കുറസോവാചിത്രങ്ങളിലെ അടിയൊഴുക്കാണ്. ഋതുചക്രമണങ്ങൾ പ്രകൃതിക്കു കാഴ്ചവയ്ക്കുന്ന ഉരുത്തിരിഞ്ഞു വന്ന മാറ്റത്തെക്കുറിച്ചു പ്രതിപാദിക്കുന്ന 'ഇക്കിറു' 'സ്കാന്റൽ' എന്നിവയുമാണ് മറ്റു സൃഷ്ടികൾ.

കാല്പനികതയെ പുണരുന്ന അളന്നു മുറിച്ച ദൃശ്യങ്ങളാണ്, കുറസോവാചിത്രങ്ങളുടെ വിരിക്കൈ കാളിറ്റിയെ സാധിനിക്കുന്നത്.ലെൻസിനപ്പുറത്തുള്ള സൗന്ദര്യ സാമ്രാജ്യത്തെ, ലെൻസിലൊതുക്കി, ആസ്വാദക ഹൃദയത്തിലെയ്തു വീഴ്ത്തുന്നത്, ഉന്നം പിഴയ്ക്കാത്ത സംവിധായകന്റെ കലാദർശനത്തിന്റെ നിദർശനമാണ്.

വർണ്ണഭേദങ്ങൾ അദ്ദേഹം തന്റെ ഫ്രെയിമുകളിൽ ഏറ്റുവാങ്ങി. ദൃശ്യങ്ങളിൽ നിന്ന് ഇറ്റു വീഴുന്ന മഴത്തുള്ളിയുടെ സ്നിഗ്ധത പോവുന്ന സൗന്ദര്യ കണങ്ങൾ കുറസോവയുടെ ഉൾത്തുടിപ്പുകളാണ്.

പ്രമേയത്തിന്റേയും കാലഘട്ടത്തിന്റേയും ആഖ്യാനത്തിന്റേയും പുതുമകൾ കൊണ്ട് ലോകസിനിമയിൽ സ്ഥാനം പിടിച്ച 'റഷോമോണി' ന ശേഷം, ജാപ്പാനീസ് നാടകത്തിലെ നോ(Noh) സമ്പ്രദായത്തിൽ അധിഷ്ഠിതമായ "ദി സെവൻ സമുരായ്", "ദി ത്രോൺ ഓഫ് ബ്ലഡ്" എന്നി ചിത്രങ്ങൾ പുറത്തു വന്നു.

പതിനാറാം നൂറ്റാണ്ടിലെ ഗ്രാമീണരുടെ കഥയാണ്. "സെവൻ സമുരായ്" കർഷകരുടെ ധാന്യവിളകളെ കൊള്ളയടിക്കുന്ന കൊള്ളപ്പാരെ നേരിടുന്നവരാണ് സമുരായ്മാർ. കർഷകൻ സമുരായ്മാർക്കു തുച്ഛമായ പ്രതിഫലം കൊടുക്കുന്നുണ്ട്. ജീവൻ പണയപ്പെടുത്തി കൊള്ളക്കാരോട് പോരാടുകയും ഗ്രാമത്തെ രക്ഷിക്കുകയും ചെയ്യുന്ന സമുരായ്മാർ, ആയുധനാശനത്തിലൂടെ നിലനിർത്തുന്നത് കർഷകൻ എന്ന വർഗ്ഗത്തെയാണ്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അദ്വൈതമായ ബന്ധം അടിവരയിട്ടുറപ്പിക്കുന്ന "ദർസു ഉസാല" ദസ്തയെവ്സ്കിയുടെ 'ദി ഇഡിയറ്റി'ന്റേയും ഗോർക്കിയുടെ 'ലോവർ സെപ്തസിന്റേയും' ചലച്ചിത്ര പുനരാഖ്യാനങ്ങൾ, യുദ്ധാനന്തര ബുഷ്വാസി സമൂഹത്തിൽ.

അസൂയയും അഹന്തയും എന്നന്നേക്കുമായി ഉപേക്ഷിക്കു
അതുല്യമായ ശക്തിയോടെ പ്രവൃത്തിപഥത്തിലേക്ക് വന്ന്
കരുത്തുറ്റ ജോലി ചെയ്യു
ശേഷമെല്ലാം കാലം നോക്കികൊള്ളും

– സ്വാമി വിവേകാനന്ദൻ

"ലോകമാസകലമുള്ള മനുഷ്യരാശി"



ജോസഫ്. സി. എഫ്
ഒന്നാം വർഷ ഗണിത
ശാസ്ത്രം

ജിദ്ദു കൃഷ്ണമൂർത്തിയോട് ഒരിക്കൽ പുപുൽ ജയകർ, ചോദിച്ചു. "അങ്ങയുടെ ഇതുവരെയുള്ള പ്രഭാഷണങ്ങളുടെ സാരാംശം എന്താണ്?"

കൃഷ്ണമൂർത്തി പറഞ്ഞു:

"എന്നിൽ ഒരു ആരാധനാ മൂർത്തിയെ കാണാൻ നിങ്ങൾ ശ്രമിക്കരുത്. ദാഹമുള്ളവർ പാത്രത്തിലെ വെള്ളം കുടിക്കട്ടെ. പാത്രത്തെ ആരാധിക്കരുത്."

പുപുൽ പിന്നേയും ചോദിച്ചു :

"കൃഷ്ണമൂർത്തി ആരാണ്? "

കൃഷ്ണമൂർത്തി മറുപടി പറഞ്ഞു :

"ലോകമാസകലമുള്ള മനുഷ്യരാശി."

ജിദ്ദു കൃഷ്ണമൂർത്തി ലോകമാസകലമുള്ള മനുഷ്യരാശിയുടെ ചേതനയാണ്. രാഷ്ട്രങ്ങൾ അവയുടെ ചോരപുരണ്ട ജാതകങ്ങളുമായി കാലത്തിന്റെ മുമ്പിൽ തർക്കിച്ചു നിൽക്കേ, കെട്ടുപിണഞ്ഞു കിടന്ന ചരിത്രത്തിന്റെ മോഹഭംഗങ്ങളിൽ നിന്ന് മോചിപ്പിച്ചെടുത്ത സത്യത്തിന്റെ പ്രകാശിത മുഖവുമായി കൃഷ്ണമൂർത്തി മനുഷ്യരിലേക്ക് വന്നു. പ്രകൃതിയുമായി പങ്കിടുന്ന ശുദ്ധമായ ജന്മവാസനയാണ് ജീവിതത്തിന്റെ സൗന്ദര്യമെന്ന് അദ്ദേഹം നമുക്ക് പറഞ്ഞുതന്നു.

ആന്ധ്രാപ്രദേശിൽ ചിറ്റൂർ താലൂക്കിൽ, മനേപ്പള്ളി എന്ന സ്ഥലത്ത് സഞ്ജീവമ്മയുടേയും ജിദ്ദു നാരായണയ്യരുടേയും മകനായി 1895 മെയ് പന്ത്രണ്ട് അർദ്ധരാത്രി കൃഷ്ണമൂർത്തി ജനിച്ചു. പല അത്ഭുത സിദ്ധികളും ചെറുപ്പത്തിലേ പ്രകടിപ്പിച്ചിരുന്നു. കൃഷ്ണമൂർത്തി. അക്കാലത്ത്, തിയോസഫിക്കൽ സൊസൈറ്റി പ്രസിഡന്റ് ഡോ. ആനി ബസന്റും ആത്മീയ നേതാവ് ലെഡ് ബീറ്ററും താന്ത്രികശക്തികളിലും ബുദ്ധമത സിദ്ധാന്തങ്ങളിലും വിശ്വസിച്ച് ബോധിസത്വന്റെ പുതിയ അവതാരവും പ്രതീക്ഷിച്ച് കഴിയുകയായിരുന്നു. കൃഷ്ണമൂർത്തിക്കു ചുറ്റും കണ്ട പ്രഭാവലയം ആ ബാലനെ ഭാവിയിൽ ലോകഗുരുവാക്കി മാറ്റും വിധം മഹത്വമുള്ളതാണെന്ന് ലെഡ് ബീറ്റർ കണ്ടു. ഒരു ലോകഗുരുവിനെ കണ്ടെത്തുവാനുള്ള ശ്രമത്തിൽ ബാലനായ കൃഷ്ണമൂർത്തി ബോധിസത്വരൂപനായി ആനിബസന്റിനാ അനുഭവപ്പെട്ടു. പിന്നെ താമസിയാതെ തന്നെ കൃഷ്ണമൂർത്തിയെ, ആനിബസന്റ് തന്റെ ദത്തു പുത്രനാക്കി, വിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്ക് കൊണ്ടുപോയി.

തിയോസഫിക്കൽ സൊസൈറ്റി കൃഷ്ണമൂർത്തിയെ ഏൽപ്പിക്കാൻ ആനിബസന്റാഗ്രഹിച്ചു പക്ഷെ, അതേറ്റെടുക്കാൻ കൃഷ്ണമൂർത്തി തയ്യാറായില്ല. തന്റെ സ്നേഹവായ ആനിബസന്റിനെ നിഷേധിക്കുന്നതോടു കൂടെയാണ് ലോകം കൃഷ്ണമൂർത്തിയെ അറിയുന്നത്. തന്റേത് സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പാതയാണെന്ന് ജിദ്ദു അവരെ ധരിപ്പിച്ചു. അവിടെ തുടങ്ങുന്നു അദ്ദേഹത്തിന്റെ അന്വേഷണവും.

കൃഷ്ണമൂർത്തിയെ നാം എന്തുപേരാണ് വിളിക്കേണ്ടത്? തത്വചിന്തകൻ എന്നു വിളിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. അറിവിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനാഹ്വാനം ചെയ്തിരുന്ന കൃഷ്ണമൂർത്തിയെ ജ്ഞാനി യെന്നും വിളിച്ചുകൂടാ. കൃഷ്ണമൂർത്തി ലോകത്തെന്നും പഠിപ്പിക്കുന്നില്ല താത്വിക ദർശനങ്ങളാവിഷ്കരിച്ച് ഗ്രന്ഥങ്ങൾ രചിക്കുന്നില്ല. പിടിപ്പെടുത്തപ്പെട്ട എല്ലാ അറിവുകളിൽ നിന്നും, ചരിത്രം നമ്മിലടിച്ചേൽപ്പിച്ച കെട്ടുപാടുകളിൽ നിന്നും മോക്ഷം പ്രാപിച്ച കൃഷ്ണമൂർത്തി പൂർണ്ണമായും ഒരു മനുഷ്യനായിരുന്നു.

"കൃഷ്ണമൂർത്തിയുടെ പ്രായം ജീവിച്ചിട്ടുള്ള വർഷങ്ങളല്ല, വർഷിച്ചിട്ടുള്ള ജീവിതമാണ്

'കൃഷ്ണമൂർത്തി ലോകത്തിനു വേണ്ടി എന്താണ് ചെയ്തത്?" ഇതിനെ തുടർന്നു വരുന്ന ചോദ്യങ്ങളുടെ ഒരു പട്ടിക തന്നെയുണ്ട്. ചോദ്യങ്ങളെല്ലാം അദ്ദേഹത്തിന്റെ ദിവ്യ മുഖദർശനത്തിൽ ലയിച്ചില്ലാതാകുന്നു.

മനുഷ്യ തലച്ചോറിന്റെ ദർപ്പണത്തെ സൗമ്യമായ് തച്ചുടച്ച് മനുഷ്യാത്മാവിനെ പൊള്ളിക്കാതെ ഉജ്ജ്വലിപ്പിച്ച അദ്ദേഹത്തിന്റെ വാഗ്ദീപ്തിയിൽ ദഹിച്ചത് മനുഷ്യന്റെ ഭൂതകാലമായിരുന്നു.

കൃഷ്ണമൂർത്തി നമുക്കു കാണിച്ചു തന്നു, അറിവുകളില്ലാത്ത 'മരിച്ച ഓർമ്മകളി'ല്ലാത്ത പ്രസ്ഥാനങ്ങളോ പ്രത്യയ ശാസ്ത്രങ്ങളോ ഇല്ലാത്ത ഒരു ലോകം. ശൂന്യതയായിരുന്നു അവിടം 'നിറയെ'. അദ്ദേഹം അവിടേക്ക് നമ്മെ കൈപിടിച്ചാനയിച്ചില്ല കാണിച്ചു തരിക മാത്രം ചെയ്തു.

ആത്യന്തികമായ അതിജീവനത്തിനായുള്ള അടങ്ങാത്ത തരയും മനുഷ്യന്റെ മതിഭ്രമങ്ങളിൽ തളച്ചിടപ്പെട്ട മാനവചേതനയുടെ, ചങ്ങല ബന്ധനമായിരുന്ന കൃഷ്ണമൂർത്തിയുടെ ജനനം.

കൃഷ്ണമൂർത്തി ചോദിച്ചു: "നമ്മളെല്ലാം മരിച്ച ഓർമ്മകളുമായി നടക്കുന്ന അവാസ്തവികതകളാണെന്ന് നാമെന്നാണ് മനസ്സിലാക്കുക? എന്നാൽ സ്ഥലകാലാതികൾക്കപ്പുറത്തുള്ള മഹത്തായ മനുഷ്യത്വത്തെപ്പറ്റിയും!! അതുതന്നെയാണ് ശൂന്യത എന്ന അവസ്ഥയും."

കൃഷ്ണമൂർത്തിയിൽ നാം ലയിച്ചു കഴിഞ്ഞാൽ പിന്നെ അവിടെ കൃഷ്ണമൂർത്തിയെന്ന വ്യക്തിയില്ല. ശൂന്യത! ശൂന്യത മാത്രം.

കൃഷ്ണമൂർത്തി, സ്ഥലകാലാദിവർത്തിയായ സുന്ദരസത്യം.

എന്തുകൊണ്ട് കൃഷ്ണമൂർത്തി നമുക്കനഭിമതനായി തീർന്നു?

സ്വയം അവതാരമായി പ്രഖ്യാപിക്കാഞ്ഞതിനാലാണോ? അന്തരീക്ഷത്തിൽ നിന്നു വിഭൂതിയും മന്ത്രപിടിപ്പിക്കുന്ന പച്ചക്കുലാസുകളും 'സൃഷ്ടി'ക്കാഞ്ഞതിനാലാണോ? അധികാരത്തിന്റെ കസേരകളിൽ, ഇന്ദ്രപ്രസ്ഥത്തിലെ ചതുരംഗത്തിൽ, എപ്പോഴും ഒഴിഞ്ഞു കിടക്കുന്ന തലത്തൊട്ടപ്പൻ പദവി കൈക്കൊള്ളാഞ്ഞതിനാലോ? നാം ഉത്തരം പറയേണ്ടിയിരിക്കുന്നു... നമ്മുടെ ചേതനയോട്....

എനിക്കു പറയാനറിഞ്ഞുകൂടാ, പഠിപ്പിക്കാനൊട്ടുമറിഞ്ഞുകൂടാ.
എന്നിട്ടും ഞാൻ മുപ്പത്തിമൂന്നു കൊല്ലം അദ്ധ്യാപകനായി ജോലി ചെയ്തു
ശമ്പളം വാങ്ങി – ഇതിനു സൗകര്യമുള്ളതാണെന്റെ നാട്.

– കുഞ്ഞുണ്ണി മാഷ്

With Best Compliments form :

COPING WITH INTERNATIONAL CHALLENGE

MANAGEMENT COURSES

TRAVEL & TOURISM
MARKETING
FINANCE
OFFICE
PERSONEL

COMMUNICATION

FAX & TELEX
E-MAIL
PAGER
INTERENET

ADVANCED COMPUTER DIVISIONS

AUTOCAD(WIN/DOS)
LANDSCAPE
3D STUDIO
ANIMATOR PRO
POWER BUILDER
ORACLE
WINDOWS 95
UNIX
VISUAL C++
C
DTP
MS ACCESS
MS OFFICE

IRS

TOTAL COMPUTER LITERACY BY 2000AD

CATHOLIC CENTRE IRINJALAKUDA	K.S.R.T.C. ROAD SOUTH CHALAKUDY	MASJID ROAD MALA

TRICHUR - GURUVAYOOR - THRIPRAYAR - KODUNGALLUR - PALAKKAD ....

മാധ്യമങ്ങളും രാഷ്ട്രീയവും



Vinod V.V.
II PDC IVth Group

ഒരു സ്ഥാപനത്തിന്റെ കാഴ്ചപ്പാടിനനുസരിച്ചായിരിക്കും അതിന്റെ പ്രവർത്തനം രൂപപ്പെടുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങളും അതുപോലെതന്നെയാണ്. ആ സ്ഥാപനത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിനവേണ്ടി അതിന്റെ പ്രവർത്തനം പലരീതിയിലും രൂപപ്പെടുത്തുന്നു. കാഴ്ചപ്പാട് ഉടലെടുക്കുന്നത് സംസ്കാരത്തിൽ നിന്നാണ്. നമ്മുടെ ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസ കാഴ്ചപ്പാടും നമ്മുടെ സംസ്കാരത്തിൽ നിന്ന് ഉടലെടുത്തതാണ്. നല്ലതെന്നു നാം കരുതുന്ന നമ്മുടെ സംസ്കാരം മറ്റു സംസ്കാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. നമ്മുടേതായ സംസ്കാരം മറ്റു സംസ്കാരങ്ങളുടെ തള്ളിക്കയറ്റത്തിനിടയിൽ ഇല്ലാതായിത്തീരുന്നു. സാക്രമണകാലത്ത് ഉണ്ടാകുന്ന വിഭ്രമജനകമായ അവസ്ഥയാണ് നാമിന്ന് ദർശിക്കുന്നത്. ഇത് സ്ഥായിയല്ല. മറ്റൊരു സംസ്കാരം പൂർണ്ണമായും ഉണ്ടായാൽ മാത്രമേ അതിന് സ്ഥിരത കൈവരികയുള്ളൂ. ഇവിടെ നമ്മുടെ സംസ്കാരം ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറിക്കൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. രണ്ടിന്റേയും മിശ്രിതമെന്നു പറയാം. അതിന് പൂർണ്ണമായ ഒരു രൂപം കൈവന്നാൽ മാത്രമേ കാഴ്ചപ്പാടിന് സ്ഥിരത കൈവരികയുള്ളൂ.

ഇത്തരത്തിലുള്ള മാറ്റങ്ങൾക്ക് പ്രധാനപങ്കുവഹിക്കുന്നത് മാധ്യമങ്ങളാണ്. ഇന്ത്യയുടെ സാമ്പത്തികവും സാമൂഹികവുമായ അസമത്വമാണ്. ഇതില്ലാതാക്കുന്നതിന് സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം വേണം. ഇതിനുള്ള പോംവഴികൾ 1) വിപ്ലവം 2) ക്രമാനുഗതമായി ഈ അസമത്വം എതിർക്കുക, എന്നിവയാണ്. പൊതു വിദ്യാഭ്യാസം അസമത്വം ഇല്ലാതാക്കുന്നതിന സഹായിക്കുന്നു. എൺപതുകൾക്കും തൊണ്ണൂറുകൾക്കും ഇടയ്ക്കുള്ള കാലഘട്ടത്തിലാണ് വിദ്യാഭ്യാസം പൊതുരംഗത്തായിരിക്കണമെന്ന അഭിപ്രായം രൂപപ്പെട്ടത്. ഇത് സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണത്തിന് സഹായിക്കുന്ന ഘടകമാണ്.

എന്നാൽ ഇതിനെല്ലാം വിപരീതമായി സമ്പത്തിന്റെ കേന്ദ്രീകരണമാണ് ധനികവർഗ്ഗത്തിന്റെ ലക്ഷ്യം. ഇതിനായി സമ്പത്തിന്റെ പുനർവിതരണം ഇല്ലാതാകണം. സാമ്പത്തിക വികേന്ദ്രീകരണത്തിന സഹായിക്കുന്ന വാതായനങ്ങൾ അടയ്ക്കുകയാണ് ഇവരുടെ ലക്ഷ്യസമ്പാദനത്തിന് ആദ്യതലങ്ങളിൽ ചെയ്യുന്നത്.

മാധ്യമങ്ങൾക്ക് ഇതിലുള്ള പങ്ക് വളരെയധികമാണ്. "ഭരണത്തിന്റെ പ്രത്യയശാസ്ത്രോപാധിയാണ് മാധ്യമം." അവബോധരൂപീകരണത്തിന്റേയും വിരൂപീകരണത്തിന്റേയും മേഖലയിലാണ് മാധ്യമങ്ങൾ പ്രവർത്തിയ്ക്കുന്നത്. മുൻപ് ഓരോ സ്ഥാപനത്തിനും ഓരോ ലക്ഷ്യമുണ്ട് എന്നു പറഞ്ഞതുപോലെ ഓരോ മാധ്യമത്തിനും അതിന്റേതായ ലക്ഷ്യമുണ്ട്. അതായത് മാധ്യമങ്ങൾക്കും രാഷ്ട്രീയമുണ്ട് എന്നർത്ഥം. ഇവിടെ യഥാർത്ഥത്തിൽ മാധ്യമങ്ങൾ തെറ്റായ ബോധം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. സകാര്യവൽക്കരണം വഴി സമ്പത്തിന്റെ വികേന്ദ്രീകരണമല്ല, മറിച്ച് കേന്ദ്രീകരണമാണ് സാധ്യമാക്കുന്നത്. സകാര്യവൽക്കരണത്തിന്റെ ഗുണഗണങ്ങളെപ്പറ്റി പത്രമാധ്യമങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകവഴി ധനികവർഗ്ഗത്തിന്റെ ലക്ഷ്യമായ 'സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം ഇല്ലാതാക്കൽ' നിറവേറ്റുന്നതിന സഹായിക്കുന്നു.

ശരിയായ രീതിയിലൂടെയുള്ള വായനയിലൂടെ മാത്രമേ ഇത് തടയാൻ സാധിക്കുകയുള്ളൂ. വായനയ്ക്ക് രാഷ്ട്രീയമുണ്ടാവണം എങ്കിൽ മാത്രമേ മാധ്യമരാഷ്ട്രീയം കീഴടങ്ങൂ. വായനയ്ക്ക് രാഷ്ട്രീയമില്ലെങ്കിൽ മാധ്യമരാഷ്ട്രീയത്തിന് വായന കീഴടങ്ങും.

പഴയകാലത്ത് വായനയ്ക്ക്:-

നിഷ്കളങ്കവും നിരുപദ്രവും ഋജുരേഖയിലുള്ളതുമായിരിക്കണം. വായിക്കുന്നയാൾക്ക് വർഗ്ഗതരമോ വ്യക്തിപരമോ മറ്റുള്ളതരത്തിലോ ഉള്ളതോ ആയ പക്ഷപാതം വായനയിൽ പ്രകടിപ്പിക്കുവാൻ പാടില്ല. വായനക്കാരൻ തന്റെ ഭാഷാപരമായ വ്യുൽപത്തിയും സഹൃദയത്വവും മാത്രമേ വായിക്കുന്ന കൃതിയിലേയ്ക്ക് സംക്രമിപ്പിക്കാവൂ.

തുടങ്ങിയ നിബന്ധനകളുണ്ടായിരുന്നു. അതിനാൽ അക്കാലത്ത് വായനയ്ക്ക് മാധ്യമം കീഴടങ്ങിയിരുന്നു.

ഇന്നത്തെ അവസ്ഥ നേരെ മറിച്ചാണ്. പദാർത്ഥത്തിൽ നിന്നും വാച്യാർത്ഥത്തിലെത്തി, വാച്യാർത്ഥത്തിൽ നിന്നും കൃതിയുടെ താത്പര്യത്തിലെത്തി നിൽക്കുക എന്നതാണ്. വായനയുടെ ഇന്നത്തെ നിർവ്വചനം എന്നാൽ പദാർത്ഥത്തിലെത്തുമ്പോഴേയ്ക്കും അതിനുള്ളിൽ കുത്തിനിറച്ചിരിക്കുന്നത് വികാരങ്ങളാണ്. . ഇത് പദാർത്ഥത്തിൽ നിന്നും വാച്യാർത്ഥത്തിലെത്താതെ വികാരം നിലനിർത്തുന്നതിന് വേണ്ടിയുള്ള വായനയാക്കിത്തീർക്കുന്നു. ഇത് വായനക്കാരന് കൃതിയുടെ ശരിയായ ഉള്ളടക്കം മനസ്സിലാകുന്നതിന് ഇടയാക്കുന്നു.

ആധുനിക നിർവചനപ്രകാരം കൃതി വായിച്ചാൽ അതിൽ നിന്നും വ്യത്യസ്തമായ പാഠമാണ് സമൂഹത്തിൽ നിലനിൽക്കുക. അത് കൃതിയുടെ കർത്താവിന്റെ കാഴ്ചപ്പാടു പോലെയായിരിക്കും. സ്റ്റാൻലി ഫിഷിന്റെ റിസീവർ തിയറി പറയുന്നത് കൃതി എന്ന ഒന്നില്ല. ഭൗതിക വസ്തുവാണ് ഉള്ളത് എന്നത്രേ. കൃതി സമൂഹത്തിൽ നിലനിൽക്കുന്നത് പാഠങ്ങളായിട്ടാണ്. പാഠങ്ങളുണ്ടാകുന്നത് കൃതി വായിക്കുന്നതിൽ നിന്നാണ്. വായന ഒരു തുറന്ന സർഗ്ഗാത്മക പ്രക്രിയയാണ്.

സമൂഹത്തിന്റെ ഇടപെടലിൽ നിന്നാണ് കൃതി സാഹിത്യമായിത്തീരുന്നത്. കൃതി കർത്താവിന്റെ സ്വന്തം ആശയത്തിന്റെ ലോകത്തും ഭാഷയുടെ വ്യവഹാര ലോകത്തിനുള്ളിലുമായിരിക്കും. ശരിയായ രീതിയിലൂടെയുള്ള വായനയിലൂടെ മാത്രമേ ഒരു വായനക്കാരന് സ്വന്തമായി ഒരു വിഷയത്തിലുള്ള അഭിപ്രായം രൂപപ്പെടുത്താൻ സാധിക്കൂ. ഇല്ലെങ്കിൽ അത് എഴുത്തുകാരന്റെ കാഴ്ചപ്പാടു പോലെയിരിക്കും.

എം. ടി. മലയാളത്തിന്റെ സുകൃതം.



Udaya . T.
I Year Geology.

സർവ്വജ്ഞ പീഠമേറിയ ആദിശങ്കരന്റെ നാട്ടിൽ നിന്ന് ജ്ഞാനപീഠപുരസ്കൃതരാകാൻ മൂന്നു ശങ്കരന്മാരുണ്ടായി. അതിനു ശേഷം ഈ ദേശീയ ബഹുമതി ഇതാ വീണ്ടും മലയാളക്കരയിൽ തിരിച്ചെത്തിയിരിക്കുന്നു. ദേവതുല്യരായ കഥാപാത്രങ്ങളുടെ ലോകത്തും മനുഷ്യമനസ്സിന്റെ മഹത്വം ദർശിച്ച വാങ്മയത്തിന്റെ രാജ ശില്പിയായ വാസുദേവൻ നായരിലൂടെ.

മലയാളി മനസ്സിന്റെ സ്നേഹവായ്പ് നിർല്ലോഭം അനുഭവിക്കാൻ സൗഭാഗ്യം സിദ്ധിച്ച സാഹിത്യക്കാരനാണ് എം.ടി. ഏത് ഔന്നത്യത്തെ പ്രാപിക്കുമ്പോഴും ഒരു നാട്ടിൻ പുറത്തുകാരന്റെ മനസ്സ് കാത്തു സൂക്ഷിക്കുന്ന കൂടല്ലൂർക്കാരനെ കേരളീയ ഗ്രാമത്തിലെ അസംഖ്യം സഹൃദയർ ഹൃദയത്തിലേക്കേറ്റെടുത്തതിൽ അത്ഭുതത്തിന്നവകാശമില്ല. ജ്ഞാനപീഠലബ്ധിയുടെ സന്ദർഭത്തിലും എം.ടി പറഞ്ഞ ആദ്യത്തെ വാക്ക് മലയാളത്തെ സംബന്ധിച്ചാണെന്നത് അവരെ അഭിമാനം കൊള്ളിക്കുന്നു. മലയാളമറിയില്ല എന്നുപറയുന്നത് മലയാളിപോലും വലിയകാര്യമായി കരുതുന്നതു മാറ്റാൻ എല്ലാവരും ഒത്തു ചേർന്ന് ശ്രമിക്കണം എന്ന സന്ദേശമാണ് ജ്ഞാനപീഠ ജേതാവായ എം.ടി. കേരളീയർക്കു നൽകിയത്.

ഒട്ടും പരകീയത തൊട്ടുതീണ്ടാതെ പരിശുദ്ധമായ മൗലികതയിലൂടെ അകൃത്രിമവും അചുംബിതവുമായ ശൈലിയിൽ നമ്മുടെ ഗ്രാമങ്ങളിലെ മനുഷ്യജീവിതത്തെ ആവിഷ്കരിച്ച എം.ടി. മലയാളികൾക്ക് മനോഹരമായൊരു പൂമരം പോലെയാണ്. ഈ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണിലാണതിന്റെ വേരുകൾ. അതിന്റെ പൂച്ചില്ലകളോ മലയാളികളുടെ ഭവനങ്ങളിലേക്ക് മുഴുവൻ വളർന്നു പടർന്നതും. "മഹാനായ മലയാളി" എന്ന താണ് എം.ടി. ക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ബഹുമതി.

പുഴയും, കടത്തുതോണിയും, തോണിക്കാരനും എം.ടി. കഥകളിൽ നിറഞ്ഞു നിൽക്കുന്നു. പുഴയെന്ന കാലത്തോടൊപ്പം കടത്തുതോണിയാകുന്ന ജീവിതത്തിലൂടെ മനുഷ്യനും ഒഴുകുകയാണ്. എം.ടി.യുടെ കഥാപാത്രങ്ങൾ കാലത്തോട് കലഹിക്കുന്നില്ല. മറിച്ച് അതിന്റെ പ്രവാഹത്തിൽ ലയിക്കുകയാണ്. കഥാകാരന്റെ തന്നെ ആത്മാംശമാണ് ഈ കഥാപാത്രങ്ങൾക്ക് ചൈതന്യം നൽകുന്നത്. ഈ ചൈതന്യം കാലത്തിന്റെ ഓരോ തുള്ളി നിമിഷത്തേയും ജ്വലിപ്പിക്കുന്നതായി നമുക്കനുഭവപ്പെടുന്നു. പ്രതീക്ഷയുടെ കെട്ടുപോകാത്ത തിരിനാളം കത്തിച്ച് കാത്തിരിക്കുന്ന കാലത്തിന്റെ നിഗൂഢതയിൽ വിശ്വാസമർപ്പിക്കുകയാണ് ചെയ്യുന്നത്. ഒരു ഉറുദു കവിയെപ്പോലെ എം.ടി.യുടെ പല കഥാപാത്രങ്ങളും പാടിയെന്നിരിക്കും.

"മരണത്തിനുശേഷവും എന്റെ കണ്ണുകൾ തുറന്നു കിടന്നു

കാരണം, കാത്തിരിപ്പ് എനിക്കൊരു ശീലമായ് തീർന്നിരുന്നു."

ഉൽക്കടമായ ഹൃദയാലുത്വത്തോടെ മനുഷ്യനെ സ്നേഹിക്കുകയാണ് എം.ടി. ചെയ്തത്. അദ്ദേഹത്തിന്റെ സാഹിത്യത്തിന്റെ ഏറ്റവും വലിയ മൂല്യവും ഇതുതന്നെ. നമ്മുടെ സാഹിത്യ രംഗത്തെ ഏറ്റവും വലിയ ഹ്യൂമനിസ്റ്റും, റൊമാന്റിക്കും ആയിത്തീരാൻ എം.ടി.ക്ക് സാധിച്ചത് ഈ ഗുണം കൊണ്ടാണ്. "കല്പനികനാവുക എന്നത് സാഹിത്യകാരനൊരു കുറവല്ല, അലങ്കാരമാണ് എന്നു എം.ടി.യും തെളിയിച്ചിരിക്കുന്നു. മനുഷ്യചരിത്രത്തിൽ പരിവർത്തനങ്ങൾ ആരംഭിച്ച വിപ്ലവകാരികൾ പോലും യഥാർത്ഥത്തിൽ റൊമാന്റിക്കുകളായിരുന്നു. ഗാന്ധിജിയും മാർക്സുമെല്ലാം അവരുടെ ചിന്താപദ്ധതികളിൽ നിന്ന് റൊമാന്റിസം കഴിച്ചാൽ ബാക്കിയാവുന്നത് ശുഷ്കമായ തത്വങ്ങളിലെ തർക്കങ്ങൾ മാത്രാണ്.

കഥയിൽ കവിതയുടെ മാസ്മരിക ചൈതന്യം വിരിയിച്ച അപൂർവ്വം ചില എഴുത്തുകാരിൽ ഒരാളാണ് എം.ടി. ഇതിഹാസകവി വ്യാസൻ കവിതയിലൂടെ കഥയെഴുതി എങ്കിൽ നമ്മുടെ പ്രിയങ്കരനായ ഈ കഥാകൃത്ത് കഥയിലൂടെ കവിതയെഴുതുകയാണ് ചെയ്തത്. ആൽത്തറയും, കാവും, അരളിപ്പൂമരവും കവിതക്കു മാത്രമല്ല കഥക്കും മനോഹാരിത നൽകുമെന്ന് തെളിയിച്ചത് എം.ടി.യാണ്. "കൂടല്ലൂരിലെ വീടിന്റെ പടിഞ്ഞാറുള്ള കുന്നിന്റെ ചെരുവിൽ ഇല്ലപ്പറമ്പിന്റെ പുറത്ത് ഒരു കൂറ്റൻ അരളിമരം അതിന്റെ ചുവട്ടിലൂടെ താഴേക്കിറങ്ങുന്ന വഴിത്താര, നല്ല തണൽ, മുകളിലും താഴെയും പൂക്കൾ". ബുദ്ധി പരതുക്കപ്പുറം പോകുന്നതാണ് ഉത്തമസാഹിത്യമെന്ന ചൊല്ല് ഇവിടെ അനർത്ഥമാകുന്നു. ആധുനികതയിൽ നിന്ന് ആധുനികോത്തരതയിലേക്ക് മലയാള സാഹിത്യം ചുവടു മാറ്റുമ്പോഴും സകലമാറ്റങ്ങളേയും അതിജീവിക്കാൻ എം.ടി.ക്ക് കഴിയുന്നത് അദ്ദേഹത്തിന്റെ കവി മനസ്സിന്റെ സിദ്ധി വിശേഷം കൊണ്ട് മാത്രം.

കഥപറയുമ്പോൾ നേരെ, ചൊവ്വെ പറയുന്നതിൽ എം.ടി.ക്ക് നിർബന്ധമുണ്ട്. ദുർഗ്രഹതയും, ദുരൂഹതയും അദ്ദേഹത്തിന്റെ രചനയുടെ നാലയലത്ത് പോലും കടന്നുവരുന്നില്ല. ആധുനികതയുടെ ജാടകളല്ല സ്വന്തം ആത്മാവിന്റെ ആഴങ്ങളാണ് എം.ടി. നമുക്കായി പകർന്നു നല്കിയത്. സിനിമയിലും എം.ടി.യുടെ രീതി വളച്ചുകെട്ടില്ലാതെ കാര്യം പറയുക എന്നതാണ്. പക്ഷെ സാധാരണക്കാർക്കുവേണ്ടി കഥയെഴുതാൻ മാത്രമല്ല അവരുടെ മനോഗതം തുറന്നുപറയാനും എം.ടി. ധൈര്യം കാട്ടി. ഈ നിലപാടു കാരണമാണദ്ദേഹം നാടൻ മനുഷ്യരുടെ ഉറ്റതോഴനായിത്തീർന്നത്. മനുഷ്യമനസ്സെന്ന പ്രഹേളികയെ സമർത്ഥമായി അപഗ്രഥിക്കുകയാണ് എം.ടി. "മനോമയമിദം സർവ്വം" എന്നാണല്ലോ. വാസ്തവികതയുടെ ഉപരിതലം മാത്രം തേടിപ്പോകുകയല്ല അദ്ദേഹം ചെയ്യുന്നത്. ജീവിതത്തിൽ വ്യാകുലത, ആർദ്രത, നശ്വരത, നിസ്സാരത, നിസ്സഹായത എന്നിവ മനുഷ്യമനസ്സിന്റെ ലയാത്മകമായ നദീപ്രവാഹത്തിലെ ഓളങ്ങൾ പോലെയാണ് എം.ടി. കഥകളിൽ കടന്നു വരിക. കേരളീയതയെ ചമൽക്കരിച്ച എം.ടി. ഭാരതീയതയുടെ വിശാലതയിലേക്ക് തന്റെ ദൃഷ്ടി പായിച്ചപ്പോൾ നാലുകെട്ടും കാലവും അസുരവിത്തും നല്കിയ തൂലികയിൽനിന്ന് രണ്ടാമൂഴവും അനുവാചകർക്ക് ലഭിച്ചു. കൂടല്ലൂർ ഗ്രാമത്തെ സദാ മനസ്സിൽ കൊണ്ടു നടക്കുന്ന കഥാകാരന്റെ ഭാവനയിൽത്തന്നെയാണ് ഉത്തർപ്രദേശിലെ സുഖവാസസ്ഥലമായ നൈനിറ്റാൾ പശ്ചാത്തലമായിക്കൊണ്ട് കഥയിലെ കവിതയെന്ന് നിസ്സംശയം പറയാവുന്ന മത്ത് പിറവിയെടുത്തത്.

തത്വശാസ്ത്രങ്ങളുടെ കംപാർട്ട്മെന്റലിസത്തിൽ ഒതുങ്ങുന്നതല്ല എം.ടി.യുടെ വ്യക്തിത്വവും, വീക്ഷണവും. ചിന്താസംഹിതകളുടെ ഗ്രന്ഥപ്പുരകളിലല്ലചിന്താശീലനായ മനുഷ്യന്റെ വ്യക്തിസത്തയിലും ആന്തരിക ദീപ്തിയിലുമാണ് എം.ടി. വിശ്വസിക്കുന്നത്. ജിദ്ദു കൃഷ്ണമൂർത്തിയെപ്പോലെ മനുഷ്യന്റെ ഉള്ളിലേയ്ക്കൊരു കൈവഴി തുറക്കുകയാണ് അദ്ദേഹം. വെളിച്ചം ചോദിച്ചു വന്ന ശിഷ്യനോട് "നീ തന്നെ നിന്റെ വെളിച്ചം" എന്നു ചൊല്ലിയ ശ്രീബുദ്ധന്റേയും "മനുഷ്യാ നീ നിന്നെ അറിയുക " എന്നു വിളിച്ചു പറഞ്ഞ അരിസ്റ്റോട്ടിലിന്റേയും വഴിതന്നെ ഇത്. എം.ടി. വാസുദേവൻനായരുടെ ഏറ്റവും വലിയ സംഭാവന ഭാവഗരിമയോടെ അദ്ദേഹം ആവിഷ്കരിച്ച മനുഷ്യ സത്വത്തെക്കുറിച്ചുള്ള അഗാധമായ അഭിവീക്ഷണമാണ്. സത്വ ബോധത്തിന്റെ വെളിച്ചമാണ് എം.ടി.യുടെ കഥാപാത്രങ്ങളുടെ ജീവൻ. വ്യക്തിസത്വയും,

സമഷ്ടിസ്വത്വയും പരസ്പര ധാരണയുടെ പാലം കൊണ്ട് ബന്ധിച്ച് രണ്ടിനേയും ഒരു ബാലൻസിൽ നിറുത്തിയാൽ രണ്ടുകൂട്ടർക്കും നല്ലതാണ്. ജീവിതത്തെ പ്രസാദാത്മകവും, പ്രശാന്തവുമാക്കാൻ ഇതാണ് ഏറ്റവും നല്ല വഴി എന്ന് എം.ടി. വിശ്വസിക്കുന്നു. ആർക്കു മുമ്പിലും തന്റെ ആർജ്ജവം അടിയറവു വെക്കാൻ തയ്യാറാകാത്ത പ്രകൃതം നമ്മുടെ കഥാകാരന് പതിച്ചുനൽകിയതും ഈ സ്വത്വബോധമാകാം.

മുൻഗാമികളോടുള്ള ആദരം എം.ടി.യെ പോലെ അതിവിനയത്തോടെ പ്രകടിപ്പിച്ചിട്ടുള്ളവർ സാഹിത്യനായകന്മാർക്കിടയിൽ അധികമുണ്ടാകുമെന്നു തോന്നുന്നില്ല. "എന്റെ മുമ്പേ ചെയ്തിട്ടുള്ളവർ, ലോകസാഹിത്യത്തിൽ ചെയ്തിട്ടുള്ള ആളുകൾ, അവരുടെ നേട്ടങ്ങളുടെ മുമ്പിൽ എന്നെപ്പോലെയുള്ള ആളുകളുടെ നേട്ടങ്ങളൊക്കെ വളരെ നിസ്സാരങ്ങളാണ്." ബൃഹത്തായ കർമ്മങ്ങൾ ചെയ്തിട്ടും താനൊന്നും ചെയ്തിട്ടില്ലെന്ന് വിനയപൂർവ്വം പറയുന്ന അവസ്ഥ ഭഗവത്ഗീതയിൽ ഇങ്ങനെ മഹദ്വൽക്കരിക്കപ്പെട്ടിരിക്കുന്നു.

"കഃ+മണ്യ കർമ്മയഃ പശ്യേ-
ദ കർമണി ച കർമയഃ
സ ബുദ്ധിമാൻ മനുഷ്യേഷു
സ യുക്തഃ കൽസ്ന കർമകൃത്".

അറുപത്തിരണ്ടാം വയസ്സിലും ഊർജ്ജസ്വലനായി എഴുത്തുകാരന്റെയും, ചലച്ചിത്രകാരന്റേയും, പത്രാധിപരുടേയും, സാഹിത്യപ്രവർത്തകന്റേയുംജീവിതം സുപ്രശസ്തമായി ജീവിക്കുന്ന വിവാദവിമുഖനായ വാസുദേവൻ നായർ. ചങ്ങമ്പുഴയ്ക്ക് ശേഷം കേരളീയ യുവത്വത്തിന് ലഹരിയായിത്തീർന്ന സാഹിത്യകാരൻ. കൂട്ടുകുടുംബത്തിന്റെ തകർച്ചയും, ഫ്യൂഡലിസത്തിന്റെ പിൻവാങ്ങലും അടക്കമുള്ള വർത്തമാനകാല ചരിത്രത്തെ നാട്ടുമൊഴിയുടെ മനോഹാരിതയിൽ അടയാളപ്പെടുത്തിയ ചരിത്രകാരൻ. വ്യക്തബന്ധങ്ങളുടേയും മൂല്യങ്ങളുടേയും തുടർച്ചയെ വിഷാദത്തിന്റെ നേർത്ത നിലച്ചുവിയിൽ രേഖപ്പെടുത്തിയ ചിത്രകാരൻ. ഇങ്ങനെയെല്ലാം നമ്മെ മാതൃഭാഷയുടെ സുകൃതമാക്കുന്ന എം.ടി.യുടെ തൂലിക ഇനിയും വിശ്വസാഹിത്യത്തിന്റെ അപാരമേഖലകളിലേക്ക് ഒരു രാജാളി പക്ഷിയെപ്പോലെ പറന്നു ചെല്ലട്ടെ എന്നു പ്രാർത്ഥിക്കുന്നതിനോടൊപ്പം കലാകാരന്റെ ദൗത്യത്തെക്കുറിച്ച് വിശ്വമഹാകവി ഇക്ബാൽ പാടിയത് ഒന്നുകൂടി ഉരുവിട്ടു നോക്കാം.

"കടലിൽ കോളിളക്കം സൃഷ്ടിക്കാൻ
അരുവി തൻ കണത്തിനാവില്ലെങ്കിൽ
ഈ ശംഖും മുത്തും നിഷ്ഫലം
കവി തൻ കവനമാവട്ടെ, ഗായകന്റെ രാഗമാട്ടെ
ഉദ്യാനത്തെ ഉണക്കിക്കളയും
തെന്നൽ കൊണ്ടെന്തു പ്രയോജനം.

FRESH COCONUT PRODUCTS
PVT. LTD

KADUPPISSERY

ഉപഭോക്തൃകോടതി

പ്രയോജനപ്പെടുത്തേണ്ടത് എങ്ങനെ?



Antu. C. G.
Ist B.Com.

ഉപഭോക്താവെന്ന നിലയിൽ കബളിപ്പിക്കപ്പെട്ടാൽ പരാതി നല്കാമെന്നും നഷ്ടപരിഹാരത്തിന് അവകാശമുണ്ടെന്നും മിക്കവർക്കും അറിയാം. എന്നാൽ ഉപഭോക്തൃകോടതിയിലെ നടപടിക്രമങ്ങളെന്തൊക്കെ? അതിനവേണ്ടിവരുന്ന ചെലവുകളെന്തൊക്കെ? ഇതും ഉപഭോക്താക്ക അറിഞ്ഞിരിക്കേണ്ടതുണ്ട്.

പ്രതിഫലം നല്കി സാധനം വാങ്ങാമെന്നുള്ള കരാറിലേർപ്പെടുകയോ, സേവനത്തിന് കൂലികൊടുക്കുകയോ, പ്രയോജനപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും ഉപഭോക്താവാണ്. വിൽക്കുന്ന സാധനങ്ങളുടെ ന്യൂനതയും പ്രതിഫലം നൽകി സേവനം ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മയുമാണ് ഉപഭോക്തൃതർക്കങ്ങൾക്കു നിദാനം. അഞ്ച് ഇനത്തിൽപ്പെട്ട ഉപഭോക്താക്കളുടെ സംരക്ഷണമാണ് ഉപഭോക്തൃസംരക്ഷണ നിയമം ഉറപ്പാക്കുന്നത്.

1) ഏതെങ്കിലും വ്യാപാരി സ്വീകരിച്ച അന്യായമായ വ്യാപാരസമ്പ്രദായത്തിന്റേയോ സമ്മർദ്ദശൈലിയുടേയോ ഫലമായി നഷ്ടമോ നാശമോ ഏൽക്കേണ്ടി വന്നിട്ടുള്ള ആൾ.

2) വിലകൊടുത്തു വാങ്ങിയതോ ഡെലിവറി നല്കിയിട്ടുള്ളതോ അല്ലെങ്കിൽ വിൽക്കാമെന്നോ ഡെലിവറി നടത്താമെന്നോ കരാറിലേർപ്പെട്ടിട്ടുള്ളതോ ആയ സാധനങ്ങൾക്കു ന്യൂനതയുണ്ടെങ്കിൽ ആ സാധനം വാങ്ങിയ അല്ലെങ്കിൽ വാങ്ങാമെന്നു കരാറിലേർപ്പെട്ട ആൾ.

3) പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം മൂലമൊ നിയമത്തിൻ കീഴിലോ നിശ്ചയിച്ചിട്ടുള്ള വിലയിലോ സാധനത്തിന്റെ മുകളിലൊ അത് ഉൾക്കൊള്ളുന്ന പൊതിയിലൊ പ്രദർശിപ്പിച്ചിരിക്കുന്ന വിലയിലൊ കൂടുതൽ പണം നൽകി സാധനം അല്ലെങ്കിൽ സേവനം വാങ്ങേണ്ടി വരുന്ന അല്ലെങ്കിൽ കരാർ ചെയ്യുന്ന ആൾ.

4) പ്രതിഫലം നല്കിയോ നല്കാമെന്ന വാഗ്ദാനത്താലൊ, കൂലിക്കെടുക്കുന്നതോ പ്രയോജനപ്പെടുത്തുന്നതോ, അല്ലെങ്കിൽ കൂലിക്കെടുക്കാമെന്നോ കരാറിലേർപ്പെട്ടിട്ടുള്ളതോ ആയ സേവനങ്ങൾക്കു പോരായ്മ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ സേവനം കൂലിക്കെടുക്കുന്ന അല്ലെങ്കിൽ കരാറിലേർപ്പെടു ആൾ.

5) ഉപയോഗപ്പെടുത്തുമ്പോൾ ജീവനം രക്ഷക്കും ആപത്കരമായ സാധനങ്ങൾ അപ്രകാരമുള്ള ഭവിഷ്യത്തുകളെപ്പറ്റിയോ, ഉപയോഗരീതിയെപ്പറ്റിയോ, എന്തൊക്കെ അടങ്ങിയിരിക്കുന്നു എന്നതിനെപ്പറ്റിയോ മുന്നറിയിപ്പൊന്നുമില്ലാതെ ചട്ടം ലംഘിച്ച് വിപണനത്തിന് വയ്ക്കുമ്പോൾ അത് വാങ്ങിയ ആൾ.

ഇവർക്കൊക്കെ പരാതി നൽകാം.

പരാതി വെള്ളക്കടലാസിൽ ടൈപ്പ് ചെയ്തോ എഴുതിയോ നല്കിയാൽ മതി. സ്റ്റാമ്പ് പതിക്കേണ്ടതില്ല. പരാതി സമർപ്പിക്കുന്ന ഉപഭോക്തൃ കോടതിയുടെ പേരും വിലാസവും പരാതിയെഴുതുന്ന കടലാസിന്റെ മുകൾ ഭാഗത്ത് കൊടുക്കണം. അതിനു താഴെയായി പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വ്യക്തമായ മേൽവിലാസം എഴുതണം. അതിനു താഴെ പരാതിക്കാധാരമായ വിവരങ്ങൾ ചുരുക്കത്തിൽ വ്യക്തമായി നല്കണം. നഷ്ടപരിഹാരമായി ആവശ്യപ്പെടുന്ന സംഖ്യയും അത് എന്തടിസ്ഥാനത്തിൽ കണക്കാക്കിയെന്നും എഴുതണം. എത്ര പേരിൽ നിന്നും പരിഹാരം തേടുന്നുവോ അത്രയും എണ്ണം പരാതിയുടെ പകർപ്പ് പരാതിക്കാരൻ ഫോറത്തിൽ ഹാജരാക്കിയിരിക്കണം. ഒരു പരാതി ഫോറത്തിൽ കിട്ടിക്കഴിഞ്ഞാൽ അതിന്റെ പകർപ്പ് സഹിതം പരിഹാരം ഉണ്ടാക്കിതരേണ്ടതായ ആളിന് നോട്ടീസയയ്ക്കും. അതിനുള്ള തപാൽ ചെലവൊന്നും പരാതിക്കാൻ നല്കേണ്ടതില്ല. പരിഹാരം നല്കേണ്ടയാൾ പരാതിയിലെ ആരോപണങ്ങൾക്കുള്ള മറുപടി ഫോറത്തിൽ എഴുതി സമർപ്പിച്ചു കഴിയുമ്പോൾ ഇരുകൂട്ടരെയും ഫോറത്തിൽ വിളിച്ചു വരുത്തി, ആരോപണവും പ്രത്യാരോപണവും സംബന്ധിച്ച് സാക്ഷികളെ സത്യം ചെയ്യിച്ച് മൊഴിയെടുത്തും വിദഗ്ധരുടെ റിപ്പോർട്ട് വരുത്തിയും തെളിവെടുത്ത ശേഷം വാദം കേട്ടിട്ടാണു ഫോറം വിധി പുറപ്പെടുവിക്കുന്നത്.

സംഭവം ഉണ്ടായി രണ്ടു വർഷത്തിനകം ഫോറത്തിൽ പരാതി നല്കിയിരിക്കണം. കേരളത്തിനു പുറത്താണ് നിർമ്മാതാവെങ്കിൽ പരാതി ഇംഗ്ലീഷിൽ തയ്യാറാക്കണം. ഫോറത്തിൽ പരിഹാരം നൽകാൻ അഭിഭാഷകൻ വേണമെന്നില്ല. കോർട്ട് ഫീസില്ല. നോട്ടീസ് നടത്താനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കും. തർക്കങ്ങൾക്കു സത്വര പരിഹാരം ലഭിക്കും. പരിഹാരം ഉണ്ടാക്കി തരേണ്ടയാൾ താമസിക്കുന്ന ജില്ലയിൽ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ബ്രാഞ്ച് പ്രവർത്തിക്കുന്ന ജില്ലയിൽ പരാതിക്കാരൻ പരാതി നല്കണം. അഞ്ച് ലക്ഷം രൂപയിൽ കവിയാതെയുള്ള തർക്കങ്ങൾ തീർച്ച ചെയ്യാനുള്ള അധികാരം ജില്ലാ ഫോറങ്ങൾക്കാണ്. സാധാരണ പരാതികളിൽ എതിർകക്ഷിക്ക് നോട്ടീസു കിട്ടുന്ന നാൾ മുതൽ മൂന്നു മാസത്തിനകവും ലാബറട്ടറി പരിശോധന വേണ്ടിവരുന്ന പരാതികളിൽ അഞ്ച് മാസത്തിനുള്ളിലുമാണ് വിധി പറയുക. ഫോറങ്ങളുടെയും കമ്മീഷനുകളുടെയും ഉത്തരവുകൾ അനുസരിക്കാത്തവർ മൂന്നു വർഷം വരെ തടവും പതിനായിരം രൂപ വരെ പിഴ ശിക്ഷയും അനുഭവിക്കണം. പരാതി നിസ്സാരമോ ശല്യമുണ്ടാക്കുന്നതോ ആണെന്നു കാണുമ്പോൾ തള്ളിക്കളയാവുന്നതാണ്.

വിറ്റ സാധനം തിരിച്ചടുക്കില്ല എന്ന ബില്ലു മുഖേനയുള്ള രക്ഷപ്പെടൽ വ്യാപാരിയെ തുണയ്ക്കില്ല. വാങ്ങുന്നയാളിന് ഒറ്റനോട്ടത്തിൽ സാധനത്തിന്റെ ന്യൂനത മനസ്സിലാകുമെങ്കിലെ ഇതിന് നിയമപ്രാബല്യമുള്ളൂ. വിമാനയാത്ര, റെയിൽവെ, ബസ്സുകൾ, ഓട്ടോറിക്ഷ, ചരക്കുവാഹനങ്ങൾ തുടങ്ങിയവയുടെ സേവനത്തിൽ അനാസ്ഥ കൊണ്ട് പോരായ്മ സംഭവിച്ചാൽ ഉപഭോക്താവിന് ഫോറത്തിൽ പരാതി നൽകാം. ബസ് യാത്രക്കാരനു ടിക്കറ്റിന്റെ ബാക്കി നൽകാത്തതും, ബസിനുള്ളിലെ പുകവലി തടയാതിരിക്കുന്നതും, സ്ത്രീകളുടെ സീറ്റിൽ ഇരിക്കുന്ന പുരുഷൻമാരെ എഴുന്നേൽപ്പിച്ച് സ്ത്രീകളുടെ സീറ്റ് അവർക്ക് ഉറപ്പു വരുത്താതും, നിറുത്തേണ്ട സ്റ്റോപ്പിൽ, ബസ് നിറുത്താതെ പോകുന്നതും കണ്ടക്ടറുടെ ഭാഗത്തു നിന്നുള്ള സേവനത്തിലെ പോരായ്മയാണ്; നഷ്ടപരിഹാരം ലഭിയ്ക്കും. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്ന സേവനത്തിലെ പോരായ്മ സംബന്ധിച്ചുള്ള തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കാൻ ഉപഭോക്തൃ കോടതിയുടെ സഹായം തേടാവുന്നതാണ്.

പരീക്ഷാ നടത്തിപ്പു സംബന്ധിച്ച കാര്യങ്ങളിൽ സർവ്വകലാശാലയും വിദ്യാർത്ഥികളും തമ്മിലുള്ള തർക്കങ്ങൾ ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ വരില്ല. സാധാരണ കത്തുകളും രജിസ്റ്റേർഡ് കത്തുകളും സംബന്ധിച്ച് പോസ്റ്റൽ വകുപ്പ് ബാധ്യതാ വിമുക്തമാണ്. എന്നാൽ സ്പീഡ് പോസ്റ്റിന്റെ കാര്യത്തിൽ പ്രത്യേകം ഗ്യാരന്റിയുള്ളതുകൊണ്ട് വീഴ്ച വരുത്തിയാൽ നഷ്ടപരിഹാരത്തിനായി അപേക്ഷിക്കാം.

കോടതി കയറുന്നതിനെക്കുറിച്ചോർത്താൽ തന്നെ സ്ത്രീകളുടെ മുഖം മങ്ങും. കേറിയിറങ്ങി നടപ്പോർത്താൽ ഒരിക്കൽ കോടതി കയറിയ വ്യക്തി പിന്നെ കഴിവതും അതിനു തുനിയില്ല. എന്നാൽ ഉപഭോക്തൃ

കോടതിയെ സമീപിക്കുന്ന സ്ത്രീകളുടെ കാര്യമോ? അവർക്ക് ഉപഭോക്തൃ കോടതിയെ വീണ്ടുമൊരിക്കൽ കൂടി സമീപിക്കുന്നതിന് സന്തോഷമേ കാണൂ. ഇവിടെ കയറിയിറങ്ങി നടക്കേണ്ടതില്ല. വക്കീലിന്റെ വിസ്താരം ഭയക്കുകയും വേണ്ട. മൂന്നംഗ ന്യായാധിപസമിതിയിൽ ഒരാൾ വനിതയാണ്. ഈ കോടതിയെ സമീപിക്കുന്ന സ്ത്രീകളുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താനാണ് ഈ വനിതയുടെ സാന്നിദ്ധ്യം.

പ്രസിഡണ്ട്, ഉപഭോക്തൃ തർക്ക പരിഹാര ഫോറം, ജില്ല എന്ന വിലാസത്തിലാണ് സാധാരണയായി പരാതി അയയ്ക്കേണ്ടത്.

വില കൊടുത്തു വാങ്ങുന്ന സാധനങ്ങൾ അളവിലും തൂക്കത്തിലും കുറവാണെങ്കിൽ പരാതിപ്പെടുക. "പരാതി സെൽ, ലീഗൽ മെട്രോളജി വകുപ്പ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം-695 033."

ഗുണനിലവാരം തൃപ്തികരമല്ലെന്നുണ്ടെങ്കിൽ വാങ്ങിയ സാധനത്തിന്റെ പേര് : വാങ്ങിയ തീയ്യതി : കടയുടെ മേൽവിലാസം : രസീതുണ്ടെങ്കിൽ അതിന്റെ കോപ്പി ഇവികാണിച്ച് പരാതിപ്പെടുക. 'ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്, റ്റി. സി. 14/142 യൂണിവേഴ്സിറ്റി, പി. ഓ. പാളയം, തിരുവനന്തപുരം- 695 034.

വാഹനാപകടത്തിൽ പെട്ട് പരുക്കു പറ്റിയ ആൾക്ക് (കെ. എസ്. ആർ. ടി. സി. യല്ല) പ്രയാസമില്ലാതെ നഷ്ടപരിഹാരം കിട്ടുന്ന സ്ഥലം :

"മോട്ടോർ തേഡ് പാർട്ടി ക്ലെയിംസ് ഓഫീസ്
പി. ബി. നമ്പർ 1835
നാലാം നില, വെട്ടുകാട്ടിൽ ബിൽഡിങ്സ്
ജോസ് ജംഗ്ഷൻ, കൊച്ചി-682 016"

വെയിൽപ്പുറത്തെ മഴയും
മഴപ്പുറത്തെ വെയിലും
തുമ്പപ്പൂവും മുക്കുറ്റിപ്പൂവും പോലെ
വെയിലും നിലാവും
ഇടകലർന്നു കാണാൻ
എന്നാണെനിക്കു ഭാഗ്യമുണ്ടാവുക

- കുഞ്ഞുണ്ണി മാഷ്

MEDICAL / ENGINEERING

ENTRANCE TEST AND UNIVERSITY EXAM

A PRACTICAL ORIENTED
TRAINING PROGRAMME

JYOTHIS

THE MODERN SCHOOL
OF
SCIENCE AND MANAGEMENT

CATHOLIC CENTRE
MAIN ROAD - IRINJALAKUDA
PHONE:822449

DISCOVER THE TRUE *AROMA* OF FRESHNESS.

KLF Nirmal

COCONUT OIL



Manufactured by :

K. L. F. OIL INDUSTRIES,

P. B. No. 40 , IRINJALAKUDA

Kerala - 680 121

Phone - (0488) 823707

Fax - (0488) 823706

Marketing Office- **Bangalore**

Phone- (080) 2271881

കാണി

(എൻ. എസ് മാധവന്റെ 'കാണി' എന്ന കഥയെക്കുറിച്ച്)



സജീവൻ P.A
IInd B.A. Eco.

മലയാളത്തിലെ ആധുനികരിൽ ശ്രദ്ധേയരാണ് ശ്രീ. എൻ. എസ്. മാധവനും ശ്രീ. മേതിൽ രാധാകൃഷ്ണനും. ഒരു ദശകത്തോളം നീണ്ടുനിന്ന മൗനത്തിലൂടെ വാക്കുകൾക്ക് വജ്രത്തിന്റെ കരുത്തുനേടിയവരാണ് ഇരുവരും. അയഥാർത്ഥതയുടെ പ്രതലത്തിലൂടെയാണ് മേതിൽ ആസ്വാദകനെ നയിക്കുന്നതെങ്കിൽ ശ്രീ. എൻ. എസ്. മാധവൻ തികച്ചും വ്യത്യസ്തമായ രീതിയിലാണ് കഥയെന്ന മാധ്യമത്തെ കൈകാര്യം ചെയ്യുന്നത്- ഒരു ചലച്ചിത്രത്തിന്റെ ആഖ്യാനശൈലിയിലൂടെ.

എഴുപതുകളിലെ അസ്വസ്ഥമായ കാമ്പസ്സുകളുടെ ചൂടേറ്റിട്ടുള്ള എഴുത്തുകാരാണല്ലോ മേതിലും മാധവനും. അതുകൊണ്ടു തന്നെ ഇരുവരുടേയും കഥകൾ വായനക്കാരന്റെ ഹൃദയത്തിലൂടെ വൈദ്യുതി പായിയ്ക്കുന്നു. ശ്രീ. മാധവന്റെ 'ചൂളൈമേട്ടിലെ ശവങ്ങൾ' മുതൽ 'മൂയൽ വേട്ട' വരെ ആ കഥാകൃത്തിന്റെ തൂലികയുടെ മൂർച്ച നമുക്കു ബോധ്യമാക്കിത്തരുന്നു.

പെണ്ണെഴുത്ത് മലയാളത്തിൽ വേരൂന്നിയതിനുശേഷം നാം കണ്ട ഏറ്റവും മികച്ച ഫെമിനിസ്റ്റ് കഥയാണ് 'കാണി.

സാഹിത്യകാരനും കോളേജിൽ മലയാളം അദ്ധ്യാപകനും ആയ കൃഷ്ണന്റെ ഭാര്യയാണ് ശകുന്തള. ഒരുകാലത്ത് സാഹിത്യ രചനയിൽ സജീവമായി ഏർപ്പെട്ടിരുന്ന ശകുന്തള വിവാഹത്തിനു ശേഷം എഴുതിയിട്ടില്ല.

അവരുടെ ഏക മകൻ സനലിന്റെ അപകട മരണത്തിന്റെ ആഘാതം വിട്ടുമാറാത്ത ഒരു പുലർവിയിൽ നിന്ന് തികച്ചും നിസ്സംഗനായി കഥാകൃത്ത് കഥ തുടങ്ങുന്നു. പാതി മയക്കത്തിൽ ശകുന്തള മകനെ കിടക്കയിൽ വിരലോടിച്ച് തിരയുന്നു. സനലിന്റെ ദേഹം ചൂടുപിടിപ്പിക്കാത്ത കിടക്കവിരിയുടെ തണുപ്പേറ്റ്, മകന്റെ വിയോഗത്തെക്കുറിച്ച് ശകുന്തള ബോധവതിയാകുന്നു.

'ഒറ്റപ്പോള ഉറക്കത്തിന്റെ സുരക്ഷിതത്വം പോലും ഊറ്റിയെടുക്കാനാകാതെ'യാണ് കൃഷ്ണൻ ഉണരുന്നത്. ജീവിതത്തിന്റെ ദൈനംദിനതത്വവുമായി ഇഴുകിച്ചേരാൻ അയാൾ പതുക്കെ ശ്രമിയ്ക്കുന്നു.

കൃഷ്ണൻ തന്റെ അമ്മയോട് ഏകാത്മകമായ താളത്തിൽ നടത്തുന്ന ഒരു വിവരണത്തിലൂടെയാണ് സനലിന്റെ മരണത്തെക്കുറിച്ചുള്ള ഒരു വിവരണം നമുക്കു ലഭിക്കുന്നത്. സ്ക്കൂൾ വിട്ടു വീട്ടിൽ വന്ന സനൽ റിക്ഷയിൽ കൂടെ വന്ന കുട്ടിയോട് എന്തോ പറയാനുണ്ടെന്ന് പറഞ്ഞ് തിരിച്ചോടി. കൃഷ്ണന്റെ അമ്മായിയുടെ മകൻ വിജയൻ പുറകേ ഓടിയെങ്കിലും സനൽ വണ്ടിയ്ക്കടിയിൽപ്പെട്ടു മരിക്കുന്നു.

ശകുന്തളയോടൊത്തു ശയിയ്ക്കുമ്പോൾ നിറഞ്ഞ ദുഃഖത്തിനിടയിലും താളാത്മകതതിരയുന്ന കൃഷ്ണന്റെ മുഖം അതി ദയനീയമാണ്. ഒരുപാടു ബുദ്ധിമുട്ടിയാണെങ്കിലും ജീവിതത്തിന്റെ നിത്യതാനതയിലേയ്ക്കു മടങ്ങാൻ കൃഷ്ണൻ നടത്തുന്ന ശ്രമം ഇവിടെ വ്യക്തമാകുന്നുണ്ട്. ഒന്നുമില്ലെങ്കിലും മയാളൊരു പുരുഷനാണല്ലോ... വിലാപം മയങ്ങുന്ന അകത്തളങ്ങളിൽ നെടുവീർപ്പുകളുമായിക്കഴിയാൻ സമൂഹം അയാളെ അനുവദിക്കുന്നില്ല. ക്ലാസ്സ് മുറിയിലും കൃഷ്ണന്റെ ഇത്തരമൊരു ചിത്രം നമുക്കു കാണാം.

കൃഷ്ണന്റെ അമ്മയുടെ ഒരു സംശയത്തിൽ നിന്നാണ് സനൽ മരിച്ച ദിവസം ശകുന്തള മുടിവെട്ടിയ വിവരം നാം അറിയുന്നത്. ഈ രംഗത്തിൽ വെച്ച് ഒരു ചലച്ചിത്രത്തിലെന്ന പോലെ ശകുന്തളയുടെ നേർക്ക് ക്യാമറ തിരിക്കുകയാണ് കഥാകൃത്ത്.

ശകുന്തളയും അമ്മയും തമ്മിലുള്ള ഒരു പൂർവ്വകാല സംഭാഷണം അവളുടെ ദാമ്പത്യത്തിന്റെ മറ്റൊരു മുഖം നമുക്കു കാണിച്ചുതരുന്നു. "ആറുമാസമായി ഞങ്ങൾ ഒരുമിച്ചുറങ്ങിയിട്ട്" എന്ന ശകുന്തളയുടെ മൊഴിച്ചില്ല് പുരുഷന്റെ ഈഗോയ്ക്കു മുന്നിൽ അടിയറവയ്ക്കേണ്ടിവന്ന സ്ത്രീയുടെ വിലാപമാണ്.

സാഹിത്യത്തിന്റെ രംഗത്ത് കൃഷ്ണനും ശകുന്തളയും തുല്യ പ്രതിഭയുള്ളവരാണ്. അവിടെ തന്റെ ഭാര്യയ്ക്കുമേൽ തന്റെ സ്വത്വം അടിച്ചേല്പിക്കാൻ കൃഷ്ണനാവുകയില്ല .അതുകൊണ്ടു തന്നെ അവളെ കീഴ്പ്പെടുത്താനുള്ള ഏകമാർഗ്ഗം അവൾക്കുമേൽ തന്റെ ലിംഗപരമായആധിശത്വം മുദ്രണം ചെയ്യുകയാണ്. ശയന വേളയിലെ നിസ്സഹകരണത്തിലൂടെ അതിൽ അയാൾ ഏറെക്കുറെ വിജയിയ് ക്കുകയും ചെയ്യുന്നു.

എന്നാൽ ശകുന്തളയിലെ പ്രതിഭയെ ഏറെനാൾ കൂച്ചുവിലങ്ങിടാൻ അയാൾക്കാവുന്നില്ല. വിവാഹത്തിനുശേഷം താനിന്നൊരു കവിതയെഴുതി എന്ന് ശകുന്തള അഭിമാനത്തോടെ പറയുമ്പോൾ അവളുടെ രചനാപരമായ സിദ്ധിയ്ക്കുമേലും പുച്ഛത്തിന്റെ ചളിവാരിയെറിഞ്ഞ് അവളെ നിശബ്ദയാക്കാനാണ് കൃഷ്ണൻ മുതിരുന്നത്. താൻ പത്രാധിപർക്ക് ഒരു കത്തു നല്കാം എന്നയാൾ പറയുന്നു. പുറമെ തന്റെ പാണ്ഡിത്യം വിളമ്പി ശകുന്തളയെ അവഹേളിയ്ക്കാനും കൃഷ്ണൻ ശ്രമിയ്ക്കുന്നു. ഇത് അബോധപൂർവ്വമാണെങ്കിലും, അയാളുടെ മനസ്സിൽ ശകുന്തളയുടെ പ്രതിഭയെക്കുറിച്ച് ഭീതി പടർന്നിരിക്കാം. ശകുന്തളയുടെ വാക്കുകളിൽ പറഞ്ഞാൽ "രാത്രിയിലെ കാട്ടുമൃഗങ്ങളുടെ കണ്ണുകൾ പോലെ തന്റെ ഉള്ളിൽ ഒരു മനസ്സ് ജ്വലിക്കുന്നുണ്ടെന്ന കാര്യം കൃഷ്ണേട്ടനെ പേടിപ്പിക്കുന്നുണ്ടാകണം."

സാഹിത്യത്തിന്റെ ഗോദായിൽ തന്നെ ചവുട്ടിത്താഴ്ത്താൻ കെല്പുള്ള ഒരു സ്ത്രീയെ സഹിയ്ക്കാൻ ഏതു ഭർത്താവിനാണു സാധിയ്ക്കുക? അയാളെ സംബന്ധിച്ചിടത്തോളം സ്ത്രീയെന്നാൽ സഹശയനത്തിന്റെ അന്ത്യവേളകളിൽ, കിടപ്പറയിൽ തങ്ങി നിൽക്കുന്ന നെടുവീർപ്പു പോലെ മണ്ണുമൂടിയ മനസ്സിലെ തിക്തമായ ഓർമ്മകളെന്നപോലെ, മറക്കപ്പെടേണ്ട വസ്തു മാത്രമല്ലേ.....

തന്റെ പെണ്ണയുടെ നേർക്കുള്ള ഭർത്താവിന്റെ കടന്നാക്രമണത്തെ ശകുന്തള ചെറുക്കുന്നു. സനലിന്റെ മരണദിവസം ശകുന്തള മകനെ സ്ക്കൂളിലയച്ചശേഷം ഒരുപാടുനേരം വീടുവിട്ട് നിരത്തുകളിലലഞ്ഞു നടന്നു. തന്നെ ബന്ധിക്കുന്ന എല്ലാ കുരുക്കുകളിൽ നിന്നും രക്ഷപ്പെടാനുള്ള സ്വാതന്ത്ര്യത്തിനു മരമെന്നോണം ശകുന്തള നടക്കുന്നു. ബ്യൂട്ടി പാർലറിൽ കയറി അവൾ 'പരിചരിയ്ക്കപ്പെടുന്നതിന്റെ സുഖത്തിൽ' ഇരിയ്ക്കുന്നു. അവൾ വഴിയിൽ കണ്ടുമുട്ടുന്ന വിജയനേടുപറയുന്നുണ്ട് 'എന്റെ ശരീരമാണ് എന്റെ കവിത. അതിൽ ഞാൻ വരുത്തുന്ന വെട്ടത്തിരുത്തലുകളാണ് ഈ കാണുന്നതെല്ലാം. മുടിമുറിയ്ക്കുന്നതിനെ സ്വാതന്ത്ര്യത്തിലേക്കുള്ള ആദ്യ പടിയായി അവൾ കാണുന്നു.

സാറാജോസഫിന്റെ 'മുടിത്തെയ്യമുറയുന്നു' എന്ന കഥ ഈ വേളയിൽ ഓർക്കാവുന്നതാണ്. ആ കഥയിൽ മുടി സ്ത്രീയുടെ കരുത്തിന്റെ പ്രതീകമാണ്. പുരുഷമേധാവിത്വത്തിന്റെ വെറ്റിലച്ചെല്ലത്തിലും ഊണുമേളയിലും മുടിച്ചുരുൾ തകരാത്ത, തളരാത്ത സ്ത്രീത്വമായി കടന്നുചെല്ലുന്നു. തന്നെ അറിയാൻ ശ്രമിക്കാത്ത ഭർത്താവിന്റെ മുന്നിൽ മുടിച്ചുരുൾ സർപ്പമായി ഫണം നിവർത്തുന്നു. അറ്റു വീഴുന്ന മുടിച്ചുരുളാകട്ടെ കന്യാസ്ത്രീമഠത്തിന്റെ അകങ്ങളിൽ വറ്റിവരണ്ടുപോകാവുന്ന നിസ്സഹായമായ സ്ത്രീത്വത്തിന്റെ കണ്ണുനീർത്തുള്ളികളാവുന്നു. മാധവനും സാറാജോസഫും കരിവേണി എന്നരൂപകം പ്രയോഗിക്കുന്ന രീതി, ശ്രദ്ധേയമാണ്.

നേരിന്റെ പ്രവാചകൻ

(നവാബ് രാജേന്ദ്രനുമായി അഭിമുഖം)



കേസുകളിൽ നിന്ന് കേസുകളിലേക്ക് തീ കൊളുത്തിക്കൊണ്ട് കോടതി വരാന്തകളിലൂടെ ഏകാംഗസൈന്യമായി നീങ്ങുകയാണ് നവാബ്. താടിയും മുടിയും നീട്ടി കാൽപ്പാദങ്ങളെ മറയ്ക്കുന്ന നീളൻ കാവി ജുബയുമിട്ട് ഏതോ സന്ന്യാസിവര്യന്റെ രൂപമെടുത്തണിഞ്ഞ കുറിയ മനുഷ്യൻ. നീതി നിഷേധത്തിനെതിരെ നൂറിലേറെ തവണ കോടതി കയറിയതിൽ മുപ്പത്തും കെ. കരുണാകരനെതിരെയായത് യാദൃച്ഛികം മാത്രം. ""കരുണാകരനെന്ന വ്യക്തിയോടുള്ള സമരമല്ല, അഴിമതിയോടുള്ള യുദ്ധമാണ്, ഏറ്റവും കൂടുതൽ അഴിമതി നടത്തുന്നവർക്കെതിരെ ഏറ്റവും കൂടുതൽ കേസ് വരുന്നത് സ്വാഭാവികം'', ഇദ്ദേഹം പലർക്കും അനഭിമതനാകുന്നു. എന്തെന്നാൽ അർദ്ധരാത്രിക്കുദിച്ച സൂര്യനാകുന്നു നവാബ്.

ചോ. അങ്ങ് ആദ്യമായി കോടതിയുമായി ബന്ധപ്പെട്ട സാഹചര്യമൊന്ന് വിശദീകരിക്കാമോ?

ഉ. കരുണാകരൻ ആദ്യമായി മന്ത്രിയായിരിക്കുമ്പോൾ തട്ടിൽ എസ്റ്റേറ്റ് അകയർ ചെയ്തതിൽ അഴിമതി ഉണ്ടായിരുന്നുവെന്ന് ഞാൻ ആരോപിച്ചു. സത്യത്തിൽ നടന്ന കാര്യമാണത്.....

ചോ. അടിയന്തരാവസ്ഥക്കാലത്താണോ?

ഉ. അല്ല. 1972-ലാണ്.

ചോ. ആദ്യത്തെ കേസ് ഒന്നുകൂടെ വിശദീകരിക്കാമോ

ഉ. കരുണാകരൻ മന്ത്രിയായിരിക്കുമ്പോൾ കൈക്കൂലി വാങ്ങിയെന്ന് ഞാൻ ആരോപണമുന്നയിച്ചു. അന്ന് പത്രത്തിൽ വന്ന എന്റെ ആരോപണത്തെ അനുകൂലിച്ച് കൊണ്ട് ഇപ്പോഴത്തെ യു. ഡി. എഫ്. കൺവീനർ കെ. ശങ്കരനാരായണൻ പത്രസമ്മേളനം നടത്തി. അതിനെത്തുടർന്ന് പാലിസെന്നെ അറസ്റ്റ് ചെയ്തു. ആ കേസിൽ കരുണാകരനെതിരെ സാക്ഷി പറയാൻ പോകുമ്പോഴാണ് അഴീക്കോടൻ രാഘവനെ കുത്തിക്കൊല്ലുന്നത്. അഴീക്കോടൻ രാഘവന്റെ കൊലപാതകത്തിൽ കരുണാകരൻ പങ്കില്ല എന്ന് പറഞ്ഞാൽ വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

ചോ. അങ്ങ് നിയമവിദ്യാഭ്യാസം ഔപചാരികമായി നടത്തിയിട്ടുണ്ടോ

ഉ. ഇല്ല.

ചോ. പിന്നെയെങ്ങനെയാണ് നിയമവുമായി ഇടപെടുന്നത്.

ഉ. നിയമമെന്നു പറയുന്നത് കോമൺ സെൻസാണ്.

ചോ. നിയമമെന്നു പറയുന്നതിന് മനസ്സാക്ഷിയുമായി യാതൊരു ബന്ധവുമില്ലെന്ന് പറയാറുണ്ടല്ലോ..... നിയമവും നീതിയും ഒന്നാണോ?

ഉ. അല്ല. നിയമവും നീതിയും രണ്ടും രണ്ടാണ്. നിയമത്തിന് മനസ്സാക്ഷിയുടേതല്ലാത്ത മറ്റൊരു വഴിയാണുള്ളത്. എങ്കിലും ഇന്ന് നീതി നിഷേധങ്ങൾ അല്പമെങ്കിലും തടയുവാൻ കഴിയുന്നത് കോടതി വഴിയാണ്. മുഴുവൻ പറ്റുമെന്നല്ല; ഒരു പരിധി വരെ.

ചോ. ഇപ്പോഴത്തെ രാഷ്ട്രീയനേതാക്കളെക്കുറിച്ച് എന്താണിപ്രായം .....

ഉ. പല അഭിപ്രായങ്ങളുണ്ട്.... ഓരോരുത്തരെക്കുറിച്ചും ഓരോ അഭിപ്രായമാണ്.

ചോ. അത് വ്യക്തികളെക്കുറിച്ചുള്ള അഭിപ്രായമാണോ അതോ പ്രസ്ഥാനങ്ങൾ തമ്മിലുള്ള വ്യത്യാസമാണോ?

ഉ. വ്യക്തികൾ തമ്മിൽ വ്യത്യാസമുണ്ടല്ലോ.....അതു പോലെ പ്രസ്ഥാനങ്ങൾ തമ്മിലും വ്യത്യാസമുണ്ടാകും. കോൺഗ്രസ്സുകാരനാണെങ്കിലും വി. എം. സുധീരനെക്കുറിച്ച് നമ്മുക്കൊന്നും പറയാൻ പറ്റില്ല.....

ചോ. ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ വല്ല വ്യത്യാസവും കാണുന്നുണ്ടോ?

ഉ. വ്യത്യാസമുണ്ട്. കാര്യമായി തന്നെ.....

ചോ. കേരളത്തിൽ ഈയിടെ ബലാത്സംഗ കേസുകൾ വർദ്ധിച്ചിട്ടുണ്ടല്ലോ.....

ഉ. അത് നേരത്തെത്തന്നെയുണ്ടല്ലോ.....

ചോ. എങ്കിലും വർദ്ധിച്ചിട്ടുണ്ട് എന്നൊരഭിപ്രായമുണ്ടല്ലോ.....

ഉ. പത്രവാർത്തകൾ ഇപ്പോൾ കൂടുതൽ വരുന്നുണ്ടെന്നത് ശരിയാണ്. പണ്ടും ബലാത്സംഗങ്ങൾ ഉണ്ടായിരുന്നു. പണ്ട് S.S.L.C യ്ക്ക് റാങ്കുകിട്ടിയാൽ പോലും പത്രത്തിൽ ഫോട്ടോയോ വാർത്തയോ വരുമായിരുന്നില്ല. പക്ഷേ ഇന്നതല്ലല്ലോ സ്ഥിതി.

ചോ. പത്രക്കാർ കൂടുതൽ ക്രിയാത്മകരാകുന്നു എന്നാണോ?..

ഉ. പണ്ടത്തേക്കാൾ ടെക്നോളജി വികസിച്ചിട്ടുണ്ടെന്നത് ശരിയാണ്. സൗകര്യങ്ങൾ കൂടിയതിനനുസരിച്ച് മുന്നേറുന്നതായി തോന്നിയിട്ടില്ല....ഇവിടുത്തെ പത്രക്കാരെക്കുറിച്ചാണിത്....

ചോ. "നവാബ്' എന്നൊരു മാസിക നടത്തിയിരുന്നില്ലേ?

ഉ. ഉവ്വ്, വീക്കിലിയായിരുന്നു. ന്യൂസ് വീക്കിലി.

ചോ. അതു നിറുത്തുവാനുള്ള കാരണം.

ഉ. കരുണാകരനുമായുള്ള കേസായിരുന്നു.

ചോ. നിയമത്തെക്കുറിച്ച് സാധാരണക്കാർ ബോധവാന്മാരല്ലല്ലോ..... നീതിലഭിക്കാതിരിക്കുന്നതിന് നിയമത്തെക്കുറിച്ചുള്ള അജ്ഞത കാരണമായിത്തീരുന്നില്ലേ.....

ഉ. അങ്ങനെ സംഭവിക്കുന്നുണ്ടെന്നത് ശരിയാണ്. എന്റെ അഭിപ്രായത്തിൽ അഞ്ചാം ക്ലാസ്സ് മുതൽ നിയമം പാഠ്യവിഷയമാക്കണം.

ചോ. അതുപോലെ കോടതികളിൽ കേസുകൾവളരെയധികം കെട്ടിക്കിടക്കുന്നില്ലേ.....

ഉ. അത് വലിയൊരു കഷ്ടമാണ്. ഒരാൾ കേസ് നടത്തുന്നത് നീതി ലഭിക്കാനാണ്, പക്ഷേ അയാൾ മരിച്ചിട്ട് നീതി കിട്ടിയിട്ട് അയാൾക്കെന്തുകിട്ടിയും. ഇപ്പോഴത്തെ നിലയനുസരിച്ച് അയാളുടെ മകന്റെ കാലയളവിൽ പോലും കേസിന്റെ വിധി വരുമോ എന്ന് സംശയമാണ്....കേസുകൾ സുഗമമായി നടത്താനാവശ്യമായ സ്റ്റാഫിനെ നിയമിക്കുകയാണ് വേണ്ടത്.

ചോ. രാജൻ പിള്ളയുടെ മരണം യഥാർത്ഥത്തിൽ കോടതിയുടെ അനാസ്ഥയെയല്ലെ കാണിക്കുന്നത്.

ഉ. അതിന് കോടതിയെ കുറ്റം പറയാൻ പറ്റില്ല. കാരണം, മറ്റൊരു രാജ്യത്ത് കുറ്റം ചെയ്തിട്ട് ഇവിടെ വന്ന് ചെയ്തിട്ടില്ല എന്നുപറയുന്നതിൽ അർത്ഥമില്ല.... കുറ്റം എവിടെയായാലും കുറ്റം തന്നെ.....

ചോ. .....പക്ഷേ ഒരിന്ത്യൻ പൗരനെന്ന നിലയ്ക്ക് അദ്ദേഹത്തെ സംരക്ഷിക്കാൻ കോടതിക്ക് ബാധ്യതയില്ലേ....

ഉ. എന്തു ബാധ്യത? എന്തു ബാധ്യതയാണുള്ളത്?.. മറ്റൊരു രാജ്യത്ത് കുറ്റം നടത്തി ഇവിടെ വന്ന് കീഴടങ്ങിയതുകൊണ്ടോ? അങ്ങനെ കീഴടങ്ങുന്നയാളെ വിട്ടു

കൊടുക്കുവാനുള്ള ബാധ്യത ഗവണ്മെന്റിനുമില്ലേ? വിട്ടുകൊടുത്തില്ലെങ്കിൽ നിങ്ങൾ തന്നെ രാജനെ ഗവണ്മെന്റ് സംരക്ഷിക്കുവാൻ അമിത താല്പര്യം കാട്ടുന്നുവെന്ന് കുറ്റപ്പെടുത്തുകയില്ലേ?..

ചോ. .....എങ്കിലും ഭാരതീയ പൗരനെന്ന നിലയിൽ നീതികിട്ടുമെന്ന് കരുതിയല്ലേ അദ്ദേഹം ഇങ്ങോട്ട് വന്നത്....സ്വന്തം നാട്ടിൽ നീതികിട്ടിയില്ലെങ്കിൽപ്പിന്നെ ലോകത്തിന്റെ ഏത് കോണിൽ നിന്ന് നീതി ലഭിക്കാനാണ്.....

ഉ. ഇവിടെ നിന്നെങ്കിലെങ്കിലും നീതി നല്കാൻ പറ്റും. നിരപരാധിക്കാണ് നീതി. കുറ്റം ചെയ്ത രാജ്യത്ത് നിരപരാധിത്വം തെളിയിക്കണം. എങ്കിൽ ഇവിടെ നീതി നൽകാവുന്നതാണ്. കരിക്കൻ വില്ല കേസിലെ റെന്നി ജോർജ്ജും, ഗുണശേഖരനും ഉദാഹരണങ്ങളല്ലേ? ഭാരതത്തിന് മറ്റുരാജ്യങ്ങളുമായുള്ള അന്താരാഷ്ട്രതലത്തിലുള്ള ബന്ധങ്ങളും പരിഗണിക്കേണ്ടതാണ്.

ചോ. ആരോപിക്കപ്പെട്ട കുറ്റം തെളിയിക്കപ്പെടാത്ത രാജൻ പിള്ളയ്ക്ക് ജയിലിൽ വെച്ച് മരണവും, നയ്നാ സാഹ്നിയെ തന്തൂരിയിൽ ചുട്ടുകൊന്ന സുശീൽകുമാർ ശർമ്മയ്ക്ക് ജയിലിൽ സുഖവാസവും വിധിക്കപ്പെടുന്നു.... ഇതിലെ വൈരുദ്ധ്യത്തെപ്പറ്റി?

ഉ. മറ്റൊരുരാജ്യത്ത് കുറ്റം ചെയ്ത് ഇവിടെ വന്നാൽ പിടിച്ചുകൊടുക്കുവാനുള്ള ബാധ്യത നമുക്കുണ്ട്. അന്താരാഷ്ട്ര തലത്തിൽ മറ്റു രാജ്യങ്ങളുമായി നയതന്ത്ര ബന്ധങ്ങൾ നിലവിലുണ്ട്. ഗൾഫിൽനിന്നും എത്രയോപേർ കാശ് വെട്ടിച്ച് ഇവിടെ വരുന്നു.... രാജൻപിള്ള കോടീശ്വരനായതുകൊണ്ട് ഇതെല്ലാവരും അറിഞ്ഞെന്നുമാത്രം.....

ചോ. ആന്റണി സർക്കാർ നടപ്പാക്കിയ ചാരായ നിരോധനത്തെക്കുറിച്ച് എന്താണഭിപ്രായം....

ഉ. അതൊരു വിഡ്ഢിത്തമായിരുന്നു.

ചോ. .....അതെന്തുകൊണ്ടാണ്?...മദ്യം വർജ്ജിക്കേണ്ടതല്ല എന്നാണോ അഭിപ്രായം....

ഉ. ഞാൻ മദ്യം കഴിക്കുന്നയാളാണ്. അതുകൊണ്ട് മറ്റുപലരേയും പോലെ അഭിപ്രായം പറയുന്നില്ല.

ചോ. പ്രകടനത്തിന് കഴിഞ്ഞസർക്കാർ നിരോധനം ഏർപ്പെടുത്തുകയുണ്ടായല്ലോ. അതിനെക്കുറിച്ച്....

ഉ. പ്രകടനത്തിന് നിയന്ത്രണം ആവശ്യമാണ്.

ചോ. ജനങ്ങൾക്ക് അവകാശങ്ങൾക്ക് വേണ്ടി പ്രകടനം നടത്താൻ പാടില്ല എന്നാണോ....

ഉ. എന്നല്ല. നിയന്ത്രണം ആവശ്യമാണ് എന്നേ ഞാൻ പറഞ്ഞുള്ളൂ. പ്രകടനം നടത്താവുന്നതാണ്. മറ്റുള്ളവർക്ക് ബുദ്ധിമുട്ടാകരുത് എന്നേയുള്ളൂ. പക്ഷേ, ഈ നിരോധനം കൊണ്ടുവന്നവർ തന്നെ അടുത്തയാഴ്ച പ്രകടനം നടത്തുന്നുവെന്നത് രസാവഹമാണ്. (ചിരിക്കുന്നു.)

ചോ. സൂര്യനെല്ലി മാനഭംഗക്കേസിലെ പ്രതികളിൽ പലരേയും അറസ്റ്റ് ചെയ്തില്ലെന്നാരോപണമുണ്ടല്ലോ....

ഉ. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിനെക്കുറിച്ച് അഭിപ്രായം പറയുന്നത് ശരിയല്ല.

ചോ. ചാരക്കേസിൽ ഹർജി നല്കിയിരുന്നോ?

ഉ. ഇല്ല. വർഗ്ഗീസ് നല്കിയിരുന്നല്ലോ. (എ. എക്സ്. വർഗ്ഗീസ്)

ചോ. ചാരക്കേസ് വീണ്ടും അന്വേഷിക്കുകയാണല്ലോ. അതിനെക്കുറിച്ച്....

ഉ. .....ഞാനെന്തുപറയാനാണ്. കോടതി കേസ് നടത്തട്ടെ. സത്യം പുറത്ത് വരട്ടെ. അതിൽകൂടുതൽ എനിക്കെന്തു പറയാനാകും.

ചോ. അൽഫോൻസ് കണ്ണന്താനത്തിനെ സസ്പെന്റ് ചെയ്തതിനെക്കുറിച്ച്....

ഉ. വിശദമായി അതിനെക്കുറിച്ചറിയില്ല.

ചോ. ചിലർ പറയുന്നു I.A.S കാർക്ക് രാഷ്ട്രീയം പാടില്ല, വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം പാടില്ല. തൊഴിംാളികൾക്ക് രാഷ്ട്രീയം പാടില്ല. അദ്ധ്യാപകർക്ക് രാഷ്ട്രീയം പാടില്ല, നാളെ ജനങ്ങൾക്ക് രാഷ്ട്രീയം പാടില്ലെന്ന് ഇവർ പറയുമോ?

ഉ. (ചിരിക്കുന്നു.) ചിലകാര്യങ്ങളിൽ നിയന്ത്രണം ആവശ്യമാണ്. സർക്കാർ സർവ്വീസിലിരിക്കുമ്പോൾ രാഷ്ട്രീയം പാടില്ല കാരണം സർക്കാരുകൾ മാറിമാറി വരും. ഉദ്യോഗസ്ഥന്മാർ സ്ഥിരമുള്ളവരാണ്. പ്രധാനമന്ത്രി പറഞ്ഞാൽപോലും നിയമവിരുദ്ധമായതൊന്നും ഒരുദ്യോഗസ്ഥനും അംഗീകരിച്ചുകൂടാ.

ചോ. വിദ്യാർത്ഥികളെ രാഷ്ട്രീയത്തിൽ നിന്നും അകറ്റുന്നൊരു പ്രവണതയില്ലേ.... മതമേധാവികളുടെ കോളേജുകളിൽ പ്രത്യേകിച്ചും.

ഉ. ഉണ്ടായിരിക്കാം....

ചോ. .....പ്രത്യേകിച്ചും ഇടതുപക്ഷ രാഷ്ട്രീയത്തിൽ നിന്നും അകറ്റുന്നതിനവേണ്ടി മതമേധാവികൾ പ്രസ്താവന ഇറക്കാറുണ്ടല്ലോ....

ഉ. ശരിയാണ്. ഇടതുപക്ഷത്തെ മാത്രമല്ല മതങ്ങൾ വെറുത്തിരുന്നത്. സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ്സിനേയും അവർ അകറ്റി നിർത്തിയിരുന്നു. എന്നിട്ടെന്തായി? ഇതും അതുപോലെത്തന്നെ....

ചോ. ഇന്ത്യൻ ഭരണയന്ത്രത്തിലെ ജീർണ്ണതയ്ക്ക് കാരണം ബ്യൂറോക്രാറ്റുകളാണെന്ന് ചിലർ പറയും. രാഷ്ട്രീയക്കാരാണെന്ന് ചിലർ പറയും. ഇതിനെക്കുറിച്ച്....

ഉ. രണ്ടും പറയാൻ പറ്റില്ല. ബ്യൂറോക്രാറ്റുകൾ സ്ഥിരമായൊരു ഘടനയുള്ളവരാണ് അവർ അതിനനുസരിച്ച് പെരുമാറണം. വ്യക്തിവൈരാഗ്യങ്ങളും രാഷ്ട്രീയവൈരങ്ങളും അവരെ ബാധിക്കരുത്. രാഷ്ട്രീയക്കാരുടെ കാര്യം ഇതിലും രസകരമാണ്. നിയമനിർമ്മാണ സഭകളിലേക്ക് താരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയക്കാരിൽ ഭൂരിഭാഗത്തിനും നിയമമെന്തെന്നറിഞ്ഞുകൂടാ. പിന്നെയെങ്ങനെ നിയമം നിർമ്മിക്കാനാകും. ഇന്ന് മുനിസിപ്പാലിറ്റി തൂപ്പുകാരനാകാൻ പോലും ബിരുദമാണ് യോഗ്യത. പക്ഷേ, പാർലമെന്റ് മെമ്പറാകാന് അതൊന്നും വേണ്ട. ബിരുദം പോയിട്ട് അക്ഷരാഭ്യാസം പോലും നിർബന്ധമല്ലാതാണ് തോന്നുന്നത്. ഈ സ്ഥിതി മാറണം.

ചോ. അടിസ്ഥാനപാഠമില്ലാത്ത പല്ലരും മഹാപണ്ഡിതന്മാരായിട്ടുണ്ടല്ലോ. ഇ. എം. എസ്സും മറ്റും.... സ്വാതന്ത്ര്യ സമരകാലത്ത്...

ഉ. ഉവ്വ്വ്. അന്ന് കാലം വ്യത്യസ്തമായിരുന്നു. സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഇന്നതല്ലല്ലോ സ്ഥിതി.... ഞാൻ പറയുന്നത് എല്ലാത്തിനും മിനിമം കാളിഫിക്കേഷൻ വേണമെന്നാണ്. ജനനം മുതൽ മരണം വരെ നമുക്കാവശ്യമുള്ളതാണ് നിയമം. നാമിപ്പെട്ടാലും ഇല്ലെങ്കിലും ശരി പോലീസ്സ്റ്റേഷനും കോടതിയുമായി നമുക്ക് ബന്ധപ്പെടേണ്ടിവരും. അതിനാലാണ് ഞാൻ പറയുന്നത് അഞ്ചാം ക്ലാസ്സ് മുതൽ നിയമപാഠം വേണമെന്ന്. അവബോധമെങ്കിലും സൃഷ്ടിക്കാമല്ലോ. നിയമത്തിൽ സ്പെഷ്യലൈസ് ചെയ്യണമെന്നുള്ളവർക്ക് ലോ കോളേജിൽ ചേരുകയും ചെയ്യാം.

ചോ. ഒരു ക്രിമിനൽ വക്കീൽ തന്റെ കക്ഷി കുറ്റക്കാരനാണെന്നറിഞ്ഞുകൊണ്ടുതന്നെ അയാളെ രക്ഷിക്കാൻ ശ്രമിക്കുന്നത് ശരിയാണോ? വക്കീലിന്റെ ധാർമ്മിക ബാധ്യത കോടതിയോടോ കക്ഷിയോടോ?

ഉ. ഒരു ഡോക്ടറുടെ ചുമതല തന്റെ രോഗിയെ അവസാനനിമിഷം വരെ രക്ഷിക്കാൻ ശ്രമിക്കുക എന്നതാണ്. അതുതന്നെയാണ് വക്കീലിന്റേയും ചുമതല.

ചോ. കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷാ നടത്തിപ്പിൽ വളരെയധികം അനാസ്ഥ കാട്ടുന്നുണ്ടല്ലോ. ഇതേക്കുറിച്ചാണോ പറയുവാനുള്ളത്.....

ഉ. യൂണിവേഴ്സിറ്റികൾ സ്ഥാപി

രിക്കുന്നത് ശരിയായരീതിയിൽ നടത്തുകയും നിശ്ചിത സമയത്ത് ഫലം പുറത്തുവിടുന്നതിനും വേണ്ടി കൂടിയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷാനടത്തിപ്പ് വളരെ അശാസ്ത്രീയവും അവിദഗ്ദ്ധവുമാണ്. പരീക്ഷാഫലങ്ങൾ വൈകിയാണ് പ്രസിദ്ധീകരിക്കുന്നത്. പരീക്ഷകളെല്ലാം ആൾ ഇന്ത്യാ ലെവലിൽ നടത്തണം. റിസൾട്ടുകൾ ഒരേ സമയത്ത് പ്രസിദ്ധീകരിക്കണം. നമ്മുക്കു വേണ്ടത് സുതാര്യമായൊരു വിദ്യാഭ്യാസ നയമാണ്.

ചോ. രാഷ്ട്രീയക്കാരിൽ അഴിമതികൾ വൻതോതിൽ കാണപ്പെടുന്നുണ്ടല്ലോ. ഹവാലാ ഇടപാടിൽ യൂറിയ ഇടപാട് റസ്റ്റ്ഹൗസ് ഇടപാട്.. എന്നിങ്ങനെ. ഈ സാഹചര്യത്തിൽ രാഷ്ട്രീയക്കാരുടെ അഴിമതിയെ എങ്ങിനെ കാണുന്നു.....

ഉ. 'രണാധികാരികൾ അഴിമതി നടത്തിയെന്നറിഞ്ഞാൽ മാക്സിമം നഷ്ടപ്പെടുക രാജിയാണ്. അയാൾ ശിക്ഷിക്കപ്പെടണം എന്നാരും പറയുന്നില്ല. ഒരു ബാങ്കുദ്യോഗസ്ഥൻ ഒരു കോടി വെട്ടിച്ചാൽ അയാൾ രാജിവെക്കണം എന്ന് നാം പറയുമോ? ഇല്ല, ശിക്ഷിക്കപ്പെടണം എന്നാണ് നാം പറയുക. ഞാൻ കരുണാകരനെതിരെ കേസ് കൊടുത്തത് പുറത്താക്കാനല്ല അകത്താക്കാനാണ്.

ചോ. കേരളത്തിൽ ഈയിടെ ക്ഷേത്രങ്ങളിൽ കവർച്ചകൾ പെരുകിയതിനോടെങ്ങനെ പ്രതികരിക്കുന്നു.

ഉ. കുറ്റവാളികളെ ശിക്ഷിക്കണം.

ചോ. പണ്ട് ബഷീർ പറഞ്ഞു പള്ളിക്കെതിനാണ് പൊൻകുരിശെന്ന്. ആർക്കെങ്കിലും അതുകൊണ്ട് ഉപകാരമുണ്ടെങ്കിൽ ആകട്ടെ എന്നല്ലെ കരുതേണ്ടത്.....

ഉ. പറഞ്ഞ് വരുന്നതിൽ കുറച്ച് ശരിയുണ്ട്. മോഷ്ടിക്കുകയല്ല വേണ്ടത്. ക്ഷേത്രങ്ങളിലും പള്ളികളിലും കെട്ടിക്കിടക്കുന്ന സ്വർണ്ണവും സമ്പത്തുക്കളും പൊതു നന്മക്കായി ഉപയോഗിക്കണം. ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നിർമ്മിക്കണം. അല്ലാതെ ദൈവത്തിനെ അലങ്കരിക്കുവാനല്ല ഉപയോഗിക്കേണ്ടത്.

ചോ. മതവും രാഷ്ട്രീയവും തമ്മിൽ ഒരു അവിശുദ്ധ കൂട്ടുകെട്ട് നിലനില്ക്കുന്നില്ലേ...

ഉ. മതവും രാഷ്ട്രീയവും കൂട്ടിക്കുഴക്കുന്ന സ്ഥിതി ഇന്നുണ്ട്. അത് ശരിയല്ല. പള്ളികളിലും അമ്പലങ്ങളിലും നിന്ന് "ഈ കക്ഷിക്ക് വോട്ടു ചെയ്യൂ" എന്ന് പറയുകയല്ല വേണ്ടത്.

ചോ. .കോടതി ജീവിതത്തിൽ ആത്മസംതൃപ്തി നല്കിയ സന്ദർഭങ്ങൾ.

ഉ. ധാരാളമുണ്ട്. രാജൻ കേസിൽ കരുണാകരനെതിരെ വന്ന വിധി. ഞാൻ കേസ് കൊടുത്തതിന്റെ ഫലമായി പി. എസ്. സി ചെയർമാൻ നാരായണക്കുറുപ്പ് രാജിവെച്ചത്. റെയിൽവെ പ്ലാറ്റ്ഫോമിൽ കൂടുതൽ വിലക്ക് വിറ്റിരുന്ന ഭക്ഷണപാക്കറ്റുകൾ വിലക്കുറച്ചത്..... അങ്ങനെ ധാരാളമുണ്ട്....

ചോ. അതൃപ്തി തോന്നിയ സന്ദർഭങ്ങൾ.

ഉ. പ്രത്യേകിച്ചൊന്നുമില്ല. വിജയത്തിൽ സന്തോഷിക്കുകയും തോൽവിയിൽ ദുഃഖിക്കുകയും ചെയ്യാറില്ല.

ചോ. പീഡനങ്ങൾ വല്ലതും.

ഉ. ശാരീരികമായും മാനസികമായും അനവധി പീഡനങ്ങൾ. അടിയന്തിരാവസ്ഥ കാലത്ത് യഥേഷ്ടം....

ചോ. അടിയന്തിരാവസ്ഥ മനുഷ്യാവകാശ ലംഘനമായിരുന്നല്ലോ. ഉത്തരേന്ത്യയിലും മറ്റും ഇതിനെതിരെ ശക്തമായി ആഞ്ഞടിച്ചപ്പോൾ പ്രബുദ്ധരായ മലയാളികൾ ഇത് കണ്ടില്ലെന്ന് നടിച്ചല്ലോ.

ഉ. കേരളത്തിന്റെ ആ നിലപാട് ശരിയായില്ല. സക്കറിയ ഇതിനെ വിമർശിച്ചെഴുതിയിരുന്നു. "നമ്മൾ തമിഴനെയും യു.പി. ക്കാരനേയും കളിയാക്കും." നാം പ്രബുദ്ധരാണെന്ന് നടിക്കും. നമ്മുടെ ബുദ്ധിജീവിത്വം എന്നുപറയുന്നത് രാവിലെ എഴുന്നേറ്റ് പല്ലുതേച്ച് ചന്ദ്രികാസോപ്പിട്ടുകുളിച്ച് പത്രം വായിക്കുന്നതാണ്. പക്ഷേ നമ്മൾ അനങ്ങിയില്ല. നാം കളിയാക്കുന്ന തമിഴനും ബീഹാറിയും അതിനെതിരെ ആഞ്ഞടിച്ചു. കേരളീയർ ചില പരമ്പരാഗത ചിട്ടവട്ടങ്ങളിൽ വിശ്വസിക്കുന്നതിനാലാവാം അങ്ങനെ സംഭവിച്ചത്.....(മൗനം) പക്ഷേ, ഒന്നുണ്ട്. ചന്ദ്രശേഖർ ദക്ഷിണേന്ത്യയിൽ എവിടെ നിന്നാലും ജയിപ്പിക്കുവാനുള്ള ബാധ്യത നമ്മുക്കുണ്ട്.

ചോ. ഏത് ചന്ദ്രശേഖർ?

ഉ. മുൻപ്രധാനമന്ത്രി ചന്ദ്രശേഖർ.

ചോ. അതെന്തുകൊണ്ടാണ്?

ഉ. 1984-ൽ ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടപ്പോൾ ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള പഞ്ചാബികൾക്കെതിരെ എച്ച്. കെ. എൽ. ഭഗത്തിന്റെ നേതൃത്വത്തിലൊരു വലിയൊരു നീക്കം നടന്നു. വളരെയധികം കൊലകളും കൊള്ളകളുമുണ്ടായി. പക്ഷേ, 1991-ൽ രാജീവ് ഗാന്ധി ശ്രീ പെരുംപുതൂരിൽ കൊല്ലപ്പെട്ടപ്പോൾ മദ്രാസികൾക്കെതിരെ വലിയൊരു നീക്കം ഡൽഹിയിൽ നടക്കാൻ സാധ്യതയുണ്ടായിരുന്നു. എന്നാൽ അന്നത്തെ പ്രധാനമന്ത്രി ചന്ദ്രശേഖർ ഇറക്കിയ പട്ടാളക്കാർ മുഴുവൻ ദക്ഷിണേന്ത്യക്കാരായിരുന്നു. പട്ടാളത്തെ ഉപയോഗിച്ച് ആ ശ്രമം തടുത്തു. അല്ലെങ്കിൽ ദില്ലിയിൽ ഒരൊറ്റ ദക്ഷിണേന്ത്യക്കാരൻപോലും ഉണ്ടാകുമായിരുന്നില്ല. അതിനാലാണ് ചന്ദ്രശേഖർ സൗത്തിന്ത്യയിൽ എവിടെ നിന്നാലും ജയിപ്പിക്കുവാനുള്ള ബാധ്യത നമ്മുക്കുണ്ടെന്നു പറഞ്ഞത്.

ചോ. അവസാനമായി ഒരു ചോദ്യം- കോടതികളിൽ അങ്ങേക്ക് വിശ്വാസമുണ്ടോ?

ഉ. ഒരു പരിധിവരെ.

പ്രതിഭയുടെ മാറ്റ് തെളിയിച്ചവർ.....



കെ. ആർ. രാജീവ്
കലാപ്രതിഭ



ശുഭശ്രീ
ഇന്റർസോൺ വിന്നർ

നഗ്നാനുഷ്ഠാനത്തിന്റെ അവലോകനം

(പ്രശസ്ത കവി വി. ജി. തമ്പി തന്റെ കവിതകളെക്കുറിച്ച്.)

പാതി വായിക്കാൻ വിധിക്കപ്പെട്ടവനാണ് കവി. സാമാന്യമായി ഒരു കവിയും പൂർണ്ണമായി വിനിമയം ചെയ്യപ്പെടുന്നില്ല. എന്നിരിക്കിലും കവിയുടെ ധർമ്മം വിധിയെ മറികടക്കുക എന്നതു തന്നെയാണ്. അതു കൊണ്ടാണ് രക്തം വിയർക്കുന്ന വാക്കുകളാൽ അയാൾ കവിത കുറിക്കുന്നത്; പെലിക്കൻ പക്ഷിയെപ്പോലെ മാറു കീറി, അക്ഷരങ്ങൾക്കു നിറം കൊടുക്കുന്നത്.

? അങ്ങേയ്ക്ക് കവിത എന്താണ്?

കവിത എനിക്ക് ആത്മപ്രതികരണമാണ്; സാമൂഹ്യ പ്രതികരണമല്ല. ഞാൻ എന്റെ ആന്തരികതയോട് സംസാരിക്കുന്നതിന്റെ ഭാഗമായിട്ടാണ് കവിത വരുന്നത്.

എന്നെ നിരന്തരമായി വേട്ടയാടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വിശ്വാസം. സ്ഥിരമായ ഒരു ഉദ്യോഗമായിട്ടാണ് എനിക്കിതനുഭവപ്പെടുന്നത്. ശരീരവും ആത്മാവും തമ്മിലുള്ള സംഘർഷത്തെ നേരാടുന്നതിന്റെ ഭാഗമായിട്ടാണ് കവിതയെ ഞാൻ സമീപിക്കാറുള്ളത്.

? തച്ചനറിയാത്ത മരം എന്ന കവിതയിൽ മനുഷ്യനിലെ പ്രകൃതി മരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ടല്ലോ. ഇത് കാലഘട്ടത്തോടുള്ള പ്രതികരണമല്ലേ?

ആന്തരികതയോട് സംസാരിക്കുമ്പോൾ അത് കാലഘട്ടത്തോടുള്ള പ്രതികരണമായി മാറുന്നുവെന്നേയുള്ളൂ. കാലത്തെ നമ്മൾ ആന്തരീകരിക്കുകയാണ് ചെയ്യുന്നത്. പുറത്ത് നിന്ന് കാണുന്ന പ്രകൃതിയിലെ എല്ലാപ്രതിഭാസങ്ങളും അതിനേക്കാൾ സങ്കീർണ്ണമായ തലത്തിൽ ഓരോ മനുഷ്യന്റേയും ആന്തരികതയിലുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. ആന്തര പ്രകൃതിയിലുള്ള ഈ സങ്കീർണ്ണതകളും വൈവിധ്യങ്ങളും അതിൽനിന്നുണ്ടാകുന്ന പ്രശ്നങ്ങളുമായി അഭേദ്യപ്പെടുന്ന ഒരു സന്ദർഭമുണ്ട്. ആ മുഹൂർത്തത്തിലാണ് ഈ കവിത വന്നതെന്ന് തോന്നുന്നു. ഒരേ സമയം ആ കവിത ആത്മസംവാദവും ചരിത്രസംഭവവുമാണ്. ചരിത്രത്തിന്റെ ആത്മസത്തയുടേതായ അനുഭവങ്ങളെ സാക്ഷാത്കരിക്കുന്നത് അപൂർവ്വാനുഭവമാണ്. മറ്റു കവിതകളൊന്നും ഒരു ചരിത്ര സംഭവമായി മാറുന്നില്ല.

? താങ്കൾ കവിതയിലേയ്ക്ക് എത്തിച്ചേരുതിനെ വിശകലനം ചെയ്യാമോ?

ഞാൻ പിഡിപ്പിക്കപ്പെടുമ്പോൾ; എന്നോട് തന്നെ തോന്നുന്ന പക, വെറുപ്പ് സ്ഥിരമായിട്ടെന്നെ ബാധിക്കുമ്പോൾ അതിനെ മനസ്സിൽ നിന്ന് ഉച്ചാടനം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് കവിത അനുഭവപ്പെടുന്നത്. അത് പലപ്പോഴും ദുരന്താനുഭവമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നമായിരിക്കും. ഒരു സന്തോഷാനുഭവത്തെ കവിതയിലാവിഷ്ക്കരിക്കാൻ എനിയ്ക്കൊരിക്കലും തോന്നാറില്ല. എന്നിൽ നിന്നുള്ള സ്വാതന്ത്ര്യമല്ല, എന്നിലേക്കുള്ള സ്വാതന്ത്ര്യമാണ് കവിത. എന്റെ ആന്തരികതയിലേക്കുള്ള സ്വാതന്ത്ര്യമാണത്.

? ഇത് തന്നെയാണോ 'നഗ്നൻ' എന്ന കവിതയുടേയും പശ്ചാത്തലം?

ഒരർത്ഥത്തിൽ അത് തന്നെയാണ്. 'നഗ്നനി'ൽ ഒരേ സമയം നഗ്നതയുടേയും ചമയങ്ങളുടേയും പ്രശ്നമുണ്ട്. സാധാരണ നമ്മുടെ ജീവിതത്തിൽ, പ്രദർശിപ്പിക്കുന്നതിനായിട്ട് നമ്മുടെ ശരീരത്തെ ആവശ്യത്തിലേറെ അലങ്കരിക്കാറുണ്ട്. കൃത്രിമമായി അലങ്കരിക്കപ്പെട്ട ജീവിതത്തോട് നഗ്നൻ തന്റെ പൂവിശുദ്ധിയിലിരുന്ന് (നഗ്നതയാണ് പൂവിശുദ്ധി) തർക്കിക്കുകയാണ്. നഗ്നൻ അലങ്കാരങ്ങളുള്ളൊരു ലോകത്തെ കൂറ്റപ്പെടുത്തുകയാണ്. 'ഞാൻ', 'നീ' എന്നു പറയുന്ന സ്വഭാവമുള്ളൊരു കവിതയാണത്. മറ്റു പല കവിതകളിലുമുള്ള ആത്മാലാപനത്തിന്റെ സ്വരമല്ല. അപരനുമായുള്ള തർക്കമാണ് ആ കവിത.

-? 'നീ' എന്ന ശബ്ദം 'ഞാൻ' ആയി പരിണമിക്കുന്നൊരവസ്ഥ "നഗ്നനി"ലില്ലേ?

പൂർണ്ണമായിട്ട് അങ്ങനെ വരുന്നില്ല. 'ഞാൻ' എന്ന ശബ്ദം മോശപ്പെട്ട ഒരവസ്ഥയിൽ നിൽക്കുകയും, 'നീ' എന്നു പറയുന്ന ആൾ ഒരു ഉന്മാദിയുടേയും ഭ്രാന്തന്റേയും പാതി വികസിച്ച ക്രിസ്തുവിന്റേയും രൂപത്തിൽ ആദരവോടെ കടന്നു വരികയാണ് ചെയ്യുന്നത്. ആ ഒരു തലത്തിലേയ്ക്ക് ആഖ്യാതാവായ 'ഞാൻ' വളരുന്നില്ല.

? 'പ്രദർശനം' എന്ന കവിതയും കാലഘട്ടത്തോടുള്ള പ്രതികരണമല്ലേ?

എന്റെ ഒറ്റപ്പെടൽ നില്ക്കുന്ന കവിതയാണത്. എറ്റെ ആത്മസത്ത അധികം വന്നിട്ടുള്ള കവിതയല്ല. നഗരബാധിതമായ ജീവിതത്തിന്റെ ദയനീയമായ പതനങ്ങളും അതിന്റെ വൈപരീത്യങ്ങളും അതിൽ വ
ന്നുണ്ട്. ജീവിക്കുകയല്ല നമ്മൾ പ്രദർശിപ്പിക
കയാണ് എന്ന പ്രശ്നം അതിൽ കൈകാര
ചെയ്യുന്നുണ്ട്. എന്റെ നല്ല കവിത എ
നിലയിൽ 'പ്രദർശനം' അനുഭവപ്പെട്ടിട്ടി
കവിത മോശമാണ് എന്ന അർത്ഥത്തിലല്
എനിയ്ക്കനുഭപ്പെട്ടിട്ടുള്ള കവിത എന്നർത്
ത്തിലാണ്. എനിയ്ക്ക് എത്രത്തോളം എന്ന
പ്രധാനപ്പെട്ടതാണ്. ഒരാളുടെ ഇഷ്ടപ്പെ
കവിത അയാൾ എഴുതാനാഗ്രഹിച്ച കവി
യല്ല. മറിച്ച് ഉള്ളിലുള്ള കവിതയാണ്. ഞാ
എനിക്കും എന്ന രണ്ട് അംശങ്ങളുണ്ട്
അതിന്റെ തലത്തിലാണ് ഞാനിതെല്ലാ
പറയുന്നത്.

? ആധുനികർ കൂടുതലും ചെറുത്ത
നില്പിന്റേയും, പ്രതിരോധത്തിന്റേയും
മാർഗ്ഗമാണല്ലോ അവലംബിച്ചിട്ടുള്ളത്. അ
തിൽ നിന്നും വ്യത്യസ്ഥമായി താങ്കൾ
പാലായനത്തിന്റേയും സ്വയം കീഴടങ്ങലി
ന്റേയും കവിതകളാണ് എഴുതുന്നത് എന്ന
പറഞ്ഞാൽ.....

പ്രതിരോധത്തെക്കുറിച്ചുള്ള സാമ്പ്രദാ
യികമായ സങ്കല്പങ്ങളാണ് തെറ്റിദ്ധരിപ്പിക്കു
ന്നത്. നേരിട്ടേറ്റുമുട്ടി പ്രതിരോധിക്കാം
അവഗണിച്ച് സ്വന്തം ആന്തരികതയുമായി
സത്യസന്ധനാകുന്നതും ആത്മപ്രതിരോധ
മാണ്. സ്വന്തം ആന്തരികതയെ മലിനമാക്കാ
തെ സ്വന്തം അനുഭവത്തോട്, സ്വന്തം വൈകാ
രിക ജീവിതത്തോട് എത്രത്തോളം സത്യസ
ന്ധനാകുന്നു എന്നതിൽ ആത്മപ്രതിരോ
ധമുണ്ട്. തീർച്ചയായും കവിതകളിൽ
പാലായനസ്വഭാവമില്ല. ഹൃദയത്തിൽ നോക്കി
എഴുതുന്ന കവിതകൾക്ക് പാലായനസ്വഭാ
വമുണ്ടെന്നുള്ളത് നമ്മുടെ തോന്നലാണ്.
ഫാസിസ്റ്റ് കാലങ്ങളിൽ ഒരു പ്രണയകാവ്യം
പോലും പ്രതിരോധമായിരുന്നു. നെരൂദയുടെ
പലകവിതകളും പ്രണയ കവിതകളാണ്.
മനുഷ്യബന്ധങ്ങൾക്കും അതിന്റെ ഈർപ്പ
ങ്ങൾക്കും സ്ഥാനം കൊടുക്കാത്ത കാലത്ത്
അതിലേയ്ക്ക് കൂടുതൽ committed ആവു
ന്ന അവസ്ഥ മറ്റുള്ളതിനോടുള്ള വിയോജി
പ്പാണ്. നാം പലപ്പോഴും സ്ഥൂലരാഷ്ട്രീയ
ത്തെക്കുറിച്ച് മാത്രമേ പറയാറുള്ളൂ. നമ്മുടെ
ഭക്ഷണരീതിയിലും വൈകാരിക പ്രകടന
ങ്ങളിലും പെരുമാറ്റങ്ങളിലും വരുന്ന സൂക്ഷ്മ
രാഷ്ട്രീയമുണ്ട് അതിലാണ് കൂടുതൽ

പകാശിപ്പിക്കുന്നത്. സ്ഥൂലരാഷ്ട്രീയത്തിൽ ഭാഗഭാക്കായി വിയോജിപ്പ് പ്രകടമാക്കിയാലേ പ്രതിരോധമാകൂ എന്ന് നാം കരുതും.

?എഴുതിക്കഴിഞ്ഞ കവിത ബൂമറാങ്ങ് പോലെ തിരിച്ചു വന്നിട്ടുണ്ടോ?

ഉണ്ടായിട്ടുണ്ട്. പുറത്തേയ്ക്കു വന്ന വാക്കുകളിൽ ഭാവിജീവിതത്തിന്റെ അംശമുണ്ട്. ഞാനറിയാത്ത ഒരുപാട് അന്തരത്തിലുള്ള വാക്കുകളുണ്ട്. ഈ അവസ്ഥയിലെത്തിയ എന്റെ ജീവിതത്തിൽ ഉണ്ടാകുമെന്ന് ഒരു കരുതലുമില്ലാത്ത ഒരു കാലത്ത് 10-12 വർഷം മുമ്പ് ചില പ്രത്യേക വരികൾ വന്നിട്ടുണ്ട്. എങ്ങനെയാണെന്നറിയില്ല. പ്രവാചകത്വമുള്ള ശബ്ദങ്ങൾ കവിതയ്ക്കകത്ത് ഉണ്ടാകുമെന്നാണ് തോന്നുന്നത്. എഴുതപ്പെട്ട കാലത്ത് അത്രയ്ക്കൊന്നും ബാധിയ്ക്കാത്ത വാക്കുകൾ വളരെ ശക്തമായി തന്നെ പിന്നീടു തിരിഞ്ഞു വന്നിട്ടുണ്ട്. പല കവിതയ്ക്കകത്തും.

? 'നഗ്നൻ' എന്ന കവിതയിൽ ഒരു ആരോപിത സ്വഭാവമുണ്ടല്ലോ. അത് കരുതിക്കൂട്ടി വരുത്തിയതാണോ?

അത് അതിന്റെ ശില്പമുണ്ടാകുന്നതിനു ചെയ്തതാണ്. എത്തിച്ചേരാനാഗ്രഹിക്കുന്ന ഒരവസ്ഥ എല്ലാ വ്യക്തികൾക്കുമുണ്ടാകും. ആ അവസ്ഥയുമായി നടത്തിയ സംഭാഷണമാണ് നഗ്നൻ.

? വായനയ്ക്കും കവിതയ്ക്കുമിടയിലെ മൗനം അങ്ങയുടെ കവിതയിൽ അധികമുണ്ടെന്നു പറഞ്ഞാൽ താങ്കളെങ്ങനെ പ്രതികരിക്കും?

മൗനത്തിൽ നിന്നാണെന്നു തോന്നുന്നു എന്റെ കവിതകളധികവും വന്നിരിക്കുന്നത്. എനിയ്ക്ക് കവിത ഒരു സ്വകാര്യം പറച്ചിലാണ്.

? പാരമ്പര്യത്തെ നിഷേധിച്ച ചുള്ളിക്കാട് ഇപ്പോൾ വൃത്തത്തിലല്ലേ എഴുതുന്നത്? ഇതൊരു തിരിച്ചു പോക്കല്ലേ?

സത്യത്തിലത് വൃത്തത്തിലേയ്ക്ക് തിരിച്ചു പോകുന്നതല്ല. നമ്മുടെ സംസ്കൃത വൃത്തങ്ങളെ സങ്കോചങ്ങളിൽ നിന്നു മോചിപ്പിക്കുകയാണ്. "താതവാക്യം" എന്ന കവിതയിലെ വൃത്തം അക്ഷരശ്ലോകക്കാർ ഉപയോഗിക്കുന്നതാണ്. ജീവിതത്തിന്റെ ചൂടുപിടിച്ച വികാരങ്ങളെ, തപ്തമായ ഭാവങ്ങളെ ആവിഷ്കരിക്കുകയാണ് അവർ. ആ വൃത്തത്തെ ജീവിതത്തിന്റെ ആത്യന്തികമായ ചില അനുഭവ മൂർദ്ധന്യങ്ങളിലേയ്ക്ക് വിമോചിപ്പിക്കുകയാണ്. മറ്റൊരു കവി ചെയ്യുന്ന കാര്യങ്ങളെ ന്യായീകരിക്കുവാനോ വിശദീകരിക്കുവാനോ എനിയ്ക്ക് പ്രയാസമുണ്ട്.

? പ്രത്യാശയ്ക്കും നിരാശയ്ക്കുമിടയിൽ കുട്ടിക്കരണം മറിയുകയാണ് എന്നുപറഞ്ഞാൽ താങ്കൾ എങ്ങിനെ പ്രതികരിക്കും?

ഒരു കവിതയിൽത്തന്നെ രണ്ടു സാദ്ധ്യതയുണ്ടെന്നതാണു സത്യം. ഒരേ സമയം നാം വിശ്വാസത്തിലേയ്ക്കും അവിടെ നിന്ന് പിളർപ്പിലേയ്ക്കും നയിക്കപ്പെടുന്നു. നമ്മുടെ വിശ്വാസങ്ങളോടും സംശയങ്ങളോടും ഒരേ സമയം സത്യസന്ധനാവേണ്ടതുണ്ട്.. നമ്മിലെ പ്രത്യാശ എന്നു പറയുന്നത് നാമിവിടെ സഹിച്ചത് ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഭൂമിയിൽ അതിനേക്കാൾ ശക്തമായ രീതിയിൽ ദൈവവും സഹിച്ചു എന്നതാണ്. നമ്മുടെ സഹനങ്ങൾക്ക് പ്രത്യേക അർത്ഥമുണ്ട്, ദൈവം മരിച്ചുവെങ്കിൽ ദൈവം അടക്കപ്പെട്ടുവെങ്കിൽ, ദൈവം ഉയിർത്തെഴുന്നേറ്റുവെങ്കിൽ.

? അദ്ധ്യാപകനും വിദ്യാർത്ഥികളും തമ്മിലുള്ള ആരോഗ്യകരമായ സംഘർഷത്തിൽ നിന്നാണ് വിദ്യാഭ്യാസം സാർത്ഥകമാകുന്നത്. സ്ലേറ്റിൽ പെൻസിൽകൊണ്ട് എഴുതുമ്പോൾ അക്ഷരമുണ്ടാകും പോലെ, വെളിച്ചമുണ്ടാകും പോലെ....

ക്ലാസ്സ് മുറികളിൽ തിളങ്ങേണ്ടത് അദ്ധ്യാപകനല്ല; വിദ്യാർത്ഥിയാണ്. അദ്ധ്യാപകൻ പണ്ഡിതനായിരിക്കാം, ജ്ഞാനിയായിരിക്കാം, പക്ഷെ അങ്ങനെയാണ് സംഭവിക്കേണ്ടത്.

? താങ്കൾ ഇപ്പോൾ വിശ്വാസിയാണോ?

അതെ..അതെ.... വിശ്വാസിയാകാൻ ഞാൻ നടത്തിയ സമരങ്ങളാണ് എന്റെ കവിതകൾ എന്ന് ഞാൻ കുറിച്ചിട്ടുണ്ടല്ലോ.

ആധുനിക വനിതയുടെ ഉത്തമ സഹായി - FRESHCO COCONUT CREAM

FRESHCO

COCONUT CREAM, COCONUT MILK, CHUTNIES, SPRAY DRIED COCONUT MILK POWDER, FRESHCOLADA & FRESHCO ZIP(IN DIFFERENT FLAVOURS)
for HOUSEWIVES, HOTELS, MARRIAGES & CATERERS

Technical Know-how from
Regional Research Laboratory
&
COCONUT DEVELOPMENT BOARD

Ministry of Agriculture,
Financed by : K.S.I.D.C. & I.C.I..C.I

Mfrs. FRESHCO COCONUT PRODUCTS LTD.
Kaduppassery, Kerala - 680 698,
Ph: 0488-867863/867861. Fax: 0488-86304.

ഉടക്കേണ്ട, ചിരകേണ്ട, അരക്കേണ്ട, പിഴിയേണ്ട, സമയലാഭം സൗകര്യം പോഷകമൂല്യങ്ങൾ ഉൾക്കൊള്ളുന്ന, കൊളസ്ട്രോളില്ലാത്ത ആധുനിക ലോകത്തെ ഉത്തമ ഉപകാരി.

റീജണൽ റിസർച്ച് ലാബോറട്ടറിയുടേയും നാളികേര വികസന ബോർഡിന്റേയും സാങ്കേതിക സഹായത്തോടെ നിർമ്മിക്കപ്പെടുന്നു.

ആധുനിക ഭക്ഷ്യ സാങ്കേതിക സംസ്കാരത്തിലൂടെ ഏറ്റവും ശുചിയായി പായ്ക്കു ചെയ്യപ്പെടുന്നു. പോഷകാംശങ്ങൾ അൽപം പോലും നഷ്ടപ്പെടുന്നില്ല. മികച്ച ഗുണമേന്മ എല്ലാ അർത്ഥത്തിലും, ഉപയോഗിക്കാനും എളുപ്പം.

പ്രൊഫ. സി. ജെ. ശിവശങ്കരൻ



ഒട്ടേറെ വൈശിഷ്ട്യമുള്ള വ്യക്തിത്വത്തിന്റെ ഉടമയാണ് ഈ വർഷം രസതന്ത്ര വിഭാഗത്തിൽ നിന്നും വിരമിച്ച പ്രൊഫ. സി. ജെ. ശിവശങ്കരൻ. നല്ലൊരദ്ധ്യാപകന്റെ ചുമതല ക്ലാസ് മുറിയുടെ ചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ലെന്ന് മനസ്സിലാക്കിയ വ്യക്തിയാണ് ശിവശങ്കരൻ മാസ്റ്റർ. അതുകൊണ്ട്, അദ്ധ്യാപനവൃത്തിയോടൊപ്പം സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിലും തിളക്കമാർന്ന പ്രകടനം കാഴ്ചവെയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ധ്യാപനത്തിന്റെ ആദ്യനാളുകൾ കണ്ണൂർ ശ്രീനാരായണ കോളേജിലും തുടർന്നുള്ള നാളുകൾ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലുണ്ടായിരുന്നു. സ്വകാര്യകോളേജദ്ധ്യാപക സംഘടനയുടെ (AKPCTA) സംസ്ഥാന പ്രവർത്തകൻ, സെനറ്റ് അംഗം, പരീക്ഷാ സമിതി ചെയർമാൻ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിട്ടുണ്ട്. അവകാശസമരങ്ങളുടെ മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം, അനാവശ്യമായി അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടുന്നതിൽ ഏറ്റവും വേവലാതിയുള്ള വ്യക്തിയായിരുന്നു. സംഘടനാരംഗത്തെ അദ്ദേഹത്തിന്റെ സംഘാടന വൈഭവവും, പൊതുരംഗത്തെ അർപ്പിതമനസ്സും വരും തലമുറക്ക് എന്നും മാർഗ്ഗദർശകമാണ്. അദ്ധ്യാപന വൃത്തിയിൽ നിന്നും വിരമിച്ചെങ്കിലും വിശ്രമം ആഗ്രഹിക്കാത്ത പ്രൊഫ. ശിവശങ്കരൻ ഇപ്പോൾ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഗവേഷണ കേന്ദ്രമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിന്റെ (IRTC) രജിസ്ട്രാർ ആയി പ്രവർത്തിച്ചു വരുന്നു.

പ്രൊഫ. വി. എൽ. വർഗീസ്



ഈ വർഷം രസതന്ത്ര വിഭാഗത്തിൽ നിന്ന് വിരമിച്ച പ്രൊഫ. വി. എൽ. വർഗീസ്, കുട്ടികളുടേയും, സഹപ്രവർത്തകരുടേയും, അധികൃതരുടേയും സ്നേഹവും ആദരവും പിടിച്ചുപറ്റിയ വ്യക്തിയായിരുന്നു. ഈ കലാലയത്തിലെ ഒരു പൂർവ്വ വിദ്യാർത്ഥിയായ അദ്ദേഹം അദ്ധ്യയനത്തിന്റെ എല്ലാ തലത്തിലും ഒന്നാമതായിരുന്നു. മൂന്നു പതിറ്റാണ്ടിലേറെകാലം അദ്ധ്യാപകനായി ജോലി നോക്കിയ അദ്ദേഹം, അദ്ധ്യയനത്തെ ഒരു തപസ്യയായി കാണുകയായിരുന്നു. പ്രവർത്തനത്തിൽ നൂറു ശതമാനം ആത്മാർത്ഥത, സംസാരശൈലിയിലെ നിഷ്കളങ്കത, വിനയം ഇവയെല്ലാം അദ്ദേഹത്തിന്റെ സഹജ സ്വഭാവങ്ങളായിരുന്നു. അക്കാദമികവും അല്ലാത്തതുമായ പ്രശ്നങ്ങളുടെ പരിഹാരാർത്ഥം അദ്ദേഹത്തെ സമീപിക്കുന്നവർക്ക് അദ്ദേഹം സമചിത്തതയോടെ അവ കൈകാര്യം ചെയ്യുന്നതു കാണാം. സർവ്വകലാശാല അക്കാദമിക്ക് കൗൺസിലംഗം, പരീക്ഷാബോർഡ് ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം ആ രംഗത്തും തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. അദ്ധ്യാപക സംഘടനയിലെ ഒരു നിശബ്ദ പ്രവർത്തകനായിരുന്നു വർഗീസ് മാസ്റ്റർ. ഔപചാരികമായി അദ്ധ്യാപനരംഗത്തു നിന്നും വിരമിച്ചെങ്കിലും സമാന്തര വിദ്യാഭ്യാസശൃംഖലയുടെ തെളിവുറ്റ ഒരു കണ്ണിയായി ഇന്നും വിരാജിക്കുന്നു.

പ്രൊഫ. ജോൺ സിറിയക്



ഇംഗ്ലീഷ് വിഭാഗത്തിലെ നീണ്ട വർഷത്തെ സേവനത്തിനു ശേഷം ഈ വർഷം വിരമിച്ചു

ഭരണഘടനാവാണ്ടിന്റെ തിരുശേഷിപ്പുകൾ





ഇന്ത്യ....തെക്ക് കിഴക്കനേഷ്യയിലെ സുൽത്താൻ...മൂക്കില്ലാത്തിടത്തെ മുറിമൂക്കൻ....മൂന്ന് നേരം ഭക്ഷണം സ്വപ്നം കാണുവാൻ പോലും കഴിയാത്തവർക്കിടയിൽ ഒരു നേരമെങ്കിലും ഉണ്ണുന്ന ഭാഗ്യവാൻ.... ആണും പെണ്ണുമല്ലെന്ന് ലോകത്തിന് മുമ്പിൽ ഏറ്റു പറയുന്ന നപുംസകം.... ഇത് ഭാരതം, നഗ്നർക്കിടയിലെ കൗപീനധാരിയായ പരിഷ്കൃതർ.....

നമ്മുക്കഭിമാനിക്കാം...അശാന്തി വിതയ്ക്കുന്ന ശാന്തിസേനയെയോർത്ത്.... പിച്ചവെച്ച് നടക്കുന്നതിന് മുമ്പേ രാക്ഷസന്മാരായി കൊമ്പ് കോർക്കാൻ ധൈര്യം കാട്ടിയ ശിശുവെന്ന് ചരിത്രപ്പുസ്തകങ്ങൾ വാഴ്ത്തുന്ന ധീരതയെയോർത്ത്.....മൂക്കൊലിപ്പിച്ച് നടക്കുന്ന വികൃതിപ്പയ്യനെ നിലയ്ക്ക് നിർത്തുക വഴി ലോകപ്പോലീസിനെ വെല്ലു വിളിയ്ക്കുന്ന ചങ്കൂറ്റത്തെയോർത്ത്.....സ്പേസിലേയ്ക്ക് കോടികൾ വാരിയെറിയുന്നതിന് അരമുറുക്കി യുടുക്കുന്ന ദരിദ്രനാരായണന്മാരുടെ പിച്ചച്ചട്ടിയിൽ കൈയ്യിട്ട് അവസാനത്തെ ചില്ലിക്കാശും വാരിയെടുത്ത് തലയുയർത്തി നിൽക്കുന്നതിനെയോർത്ത്....കുറ്റം മാത്രം കാണാതിരിക്കൂ...വികസിച്ച് വികസിച്ച് നാം ചൈനയെ മറികടക്കുമായിരുന്നേനേ...അടിയന്തരാവസ്ഥ രക്ഷിച്ചു....ലോകത്തിന് മുമ്പിൽ നാണം കെടുമായിരുന്നു....

അടിയന്തിരാവസ്ഥയ്ക്ക് സ്തുതി.....

പാതയോരങ്ങളിൽ യാചകർ പെരുകുന്നു. കാളക്കൂറ്റന്മാർ നമ്മുക്ക് ചുറ്റും ഭ്രാന്തന്മാരായി പാഞ്ഞ് നടക്കുന്നു. അഴിമതിക്കഥകൾ വെറും വർത്തമാനങ്ങളായിത്തീരുന്നു. വിലകൾ മാനംമുട്ടെ കുതിച്ചുയരുന്നു. ജയിലറകളിൽ നിന്നും നിരപരാധികളുടെ രക്തം നിലവിളിയ്ക്കുന്നു. ന്യായാസനങ്ങളുടെ വിശ്വാസ്യത കൊളോസിയത്തിലെ നീതിയായി ത്തീരുന്നു. സംശയിയ്ക്കേണ്ട നമ്മൾ പരിഷ്കൃതരായിരിക്കുന്നു.

എങ്കിലും, നമ്മുക്കഭിമാനിയ്ക്കാം.... ചിലരെയോർത്ത്...സാംസ്ക്കാരിക അംബാസഡറാകുവാൻ യോഗ്യതയുള്ളവരെയോർത്ത്.... പട്ടിണിക്കോലങ്ങളുടെ നാട്ടിൽ നിന്നും കടഞ്ഞെടുത്ത ദേഹവുമായി ലോകം കീഴടക്കുന്ന സൗന്ദര്യ ദേവതകളെയോർത്ത്... വിയറ്റ്നാമികൾക്ക് നേരെ ഷെല്ലുകൾ വർഷിച്ച് തളരുന്ന ഇടവേളകളിൽ യാങ്കി സൈന്യത്തെ ഉന്മത്തരാക്കിയ 'റീത്താ ഫാരിയ' എന്ന ഭാരതീയ സാംസ്ക്കാരിക നയതന്ത്രജ്ഞയെ നിങ്ങളോർത്താൽ...നിങ്ങൾക്ക് നല്കാവുന്ന ഏറ്റവും ചെറിയ ശിക്ഷ മരണമാകുന്നു... ഇത് ഭാരതമാണ്....

ഫ്യൂഡലിസത്തിൽ നിന്ന് മുതലാളിത്തത്തിലേയ്ക്കുള്ള തേർവാഴ്ചക്കിടക്ക്,
ലോക ചരിത്രത്തിന് നാണക്കേടിന്റെ നാറുന്ന 49 വർഷങ്ങൾഎറിഞ്ഞു കൊടുത്ത്,
മഹത്തായ സ്വാതന്ത്ര്യത്തിന്റെ ചരമവാർഷികങ്ങൾ
ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രത്തിന്റെ മഹാദുരന്തം.
ജനസംഖ്യയിൽ പകുതിയോളം വരുന്ന ദരിദ്ര നാരായണന്മാർ,
അഭ്യസ്ത വിദ്യരായ 18 കോടി തൊഴിൽ രഹിതർ,
നിരക്ഷരരായ 30 കോടി ഗ്രാമീണർ,
പ്രഥമികമായ മനഷ്യാവകാശങ്ങൾ പോലും
ചവിട്ടിയരക്കപ്പെട്ട എണ്ണമില്ലാത്തവർ.
ഇവരുടെ ശവക്കൂനകൾക്കു മുകളിലെ ദന്ത ഗോപുരങ്ങളിൽ
അധികാര പ്രമത്തതയുടെ രാജസിംഹാസനങ്ങളിൽ
വിരാജിക്കുന്ന സാമ്രാട്ടുകളും പ്രഭുക്കളും -
സ്വാതന്ത്ര്യവും പരമാധികാരവും സാമ്രാജ്യത്വത്തിനും പണയപ്പെടുത്തിയ നൂതനദേശസ്നേഹികൾ -
ഇത് 21-ാം നൂറ്റാണ്ടിലേക്ക് കാലിടറി വീഴുന്ന ഒരു മഹാസാമ്രാജ്യത്തിന്റെ ബാക്കി പത്രം -
ഈ ബാക്കി പത്രത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം.

1947 ആഗസ്റ്റ് – 15

"വിധിയുമായി നമ്മുക്കുണ്ടായിരുന്ന സന്ധി" നിറവേറ്റിയത് സ്വാതന്ത്ര്യപ്പിറ്റേന്ന് നവഖാലിയിലെ ചോരപുരണ്ട തെരുവുകൾ തോറും അലഞ്ഞു നടന്ന് സ്വാതന്ത്ര്യമാഘോഷിച്ച അർദ്ധനഗ്നന്റെ സ്വപ്നങ്ങൾ ചവുട്ടിത്തേച്ചായിരുന്നുവെന്നതിന് ചരിത്രം സാക്ഷി. ചാപിള്ളകൾ പിറക്കാതിരിക്കുകയാണ് പിറക്കുന്നതിനേക്കാൾ നല്ലതെന്ന് തിരിച്ചറിവാകാതെ പോയത് മേനി പറയുവാൻ നമുക്കൊരു രാജ്യം വേണ്ടിയിരുന്നുവെന്നതിനാലാണ്. ചോരയും നീരും ഊറ്റിയെടുക്കപ്പെട്ട കലഹത്തിന്റെ വിത്തുകൾ വിതയ്ക്കപ്പെട്ടിരുന്ന ഈ ഉഷരഭൂമിയ്ക്ക് വേണ്ടിയായിരുന്നു നൂറ്റാണ്ടുകൾ നീണ്ട പോരാട്ടത്തിന്റേയും കാത്തിരിപ്പിന്റേയും സാഫല്യമെങ്കിൽ, മൺമറഞ്ഞ ധീര ജീവനെ തൃണവൽഗണിച്ച് സമരരംഗത്തിറങ്ങിയവർ പൊറുക്കട്ടെ... പറയാതിരിക്കാനാവില്ല.... രാജാവ് നഗ്നനാകുന്നു.



1948 ജനുവരി – 30

സെല്ലുലാർ ജയിലിലെ വീരസവർക്കർ ഗാന്ധിജിയെക്കാൾ മുന്തിയ ദേശസ്നേഹിയായി അവതരിക്കപ്പെടുമ്പോൾ... രാജ്യരക്ഷകനെന്ന് ഗോഡ്സേയെ വാഴ്ത്തുന്നവർ.... രാജ്യത്തിന്റെ ചെങ്കോൽ പിടിക്കുന്നവരാകുമ്പോൾ. തന്നയില്ലാത്തവരെന്ന് അധഃകൃതരെയാക്ഷേപിച്ചവൻ, ഗാന്ധിയെന്ന മഹത്തായ ഗവേഷണ ഫലം തേടിയലഞ്ഞവരും ഭരണീയനായിരിക്കുമ്പോൾ.... ടോക്ഷോകളെ ഹരം പിടിപ്പിക്കുവാൻ ഒരേഴാംകിട ടെലിവിഷൻ താരത്തിന് ജാരസന്തതിയെന്നധിക്ഷേപിക്കുവാനുള്ളതാണ് മഹാരഥജിയെങ്കിൽ.... സ്വതന്ത്ര ഭാരതത്തിന്റെ ഏറ്റവും വലിയനേട്ടം രാജ്യത്തിന്റെ ഒന്നാം പിറന്നാളിന് മുമ്പേ ഒരു നാഥുറാം ഗോഡ്സേയെ സൃഷ്ടിക്കാനായി എന്നതാകുന്നു....

1962 ഒക്ടോബർ – 25

ശത്രുവിന്റെ ശത്രു മിത്രമായിത്തീരുമ്പോൾ സമാധാനപരമായ സഹവർത്തിത്വമില്ലെങ്കിൽ, അങ്ങാടിയിൽ തോറ്റാൽ അമ്മയുടെ നെഞ്ചത്തുതന്നെ. സോഷ്യലിസ്റ്റ് രാജ്യം അക്രമമോ വഞ്ചനയോ കാട്ടുന്നുവെങ്കിൽ, കുറ്റം, യുവറോണർ ഇടത്തോട്ടുപായുന്ന പ്രതിരോധമന്ത്രി കൃഷ്ണമേനോന്റേതാകുന്നു. കട്ടവനെ കിട്ടിയില്ലെങ്കിൽ കാണുന്നവനെ പിടിക്കു. പൊയ്ക്കാലുകളുമായി നിവർന്നുനിന്നാൽ രാക്ഷസന്റെ അരയ്ക്കൊപ്പമേ വരുവെങ്കിലും ശരി, ഇന്ത്യ - ചീന ഭായി-ഭായി, സെലയും, ബോഡിലയും, ദിസ്പൂരും പുറകിലുപേക്ഷിച്ച് ഓടിയെങ്കിലെന്ത്? തൂരുമ്പിച്ച തോക്കുകളിൽ പുത്തനുണ്ടകൾ നിറച്ച് തന്നെ സ്നേഹപൂർവ്വം ശാസിക്കുവാൻ വല്ല്യേട്ട നെത്തിയില്ലേ!!!

1971 ഡിസംബർ 6 ചരിത്രപുസ്തകത്തിലെ സുഖകരമായ ഒരോർമ്മയായത് 48ലെ ജനുവരിയുടെ അന്ത്യത്തിൽ മൂന്ന് തുളകൾ വീണ ഒരു ചെമ്പരുത്തി പൂവിതൾ പിച്ചിക്കീറിയപ്പോഴായിരുന്നു....



നമ്മളെന്ത് ചെയ്തുവെന്നാണ്? ബംഗ്ലാദേശ് പാക്കിസ്ഥാന്റെ അവിഭാജ്യഘടകമായിരുന്നുവെന്നതിന് നമ്മളെന്തുപിഴച്ചു? അല്ലാതെ നമുക്കെന്തുചെയ്യാനാകും? രാജ്യങ്ങൾ സ്വതന്ത്രമാകുകയെന്നത് ശക്തൻ അശക്തനെ കീഴടക്കുക എന്നത് പ്രകൃതിനിയമമാകുന്നു. ബംഗ്ലാദേശിൽ ഉഴവുചാലുകൾ കീറിയ പാക് നേതൃത്വത്തിൽ നിന്നും ബംഗ്ലാദേശികളെ, നമ്മുടെ ഭായിമാരെ രക്ഷിക്കുകയെന്നത് ഭാരതത്തിന് വിധി ഏല്പിച്ചുകൊടുത്തിരിക്കുന്ന കടമയാകുന്നു. അതിൽനിന്നുമൊഴിഞ്ഞ് മാറുകയോ.... പക്ഷേ, കാശ്മീർ ഇന്ത്യയുടേതാകുന്നു. അവിഭാജ്യ ഘടകമാണ്. ശിരസ്സാണ്. എല്ലാമാണ്. അവിടെ വിശുദ്ധമല്ലാത്ത ജിഹാദ് നടത്തുന്ന പാക്കിസ്ഥാനികളെ ലോകമേ നിങ്ങൾ കാണുന്നില്ലേ? കലാഷ് നിക്കോവുകളുമായി കാശ്മീർ താഴ്വരകളിൽ റോന്തു ചുറ്റുന്ന അവർക്ക് ഹൃദയമെന്നൊന്നില്ലേ? നിതിയെന്നൊന്നില്ലേ? അവരെ താഴ്വരകളിൽ നിന്ന് മലമുകളിലേക്കും മലമുകളിൽ നിന്ന് താഴ്വരകളിലേക്കും തുരത്താനായെങ്കിൽ....

1976 മെയ് – 18

ബുദ്ധൻ ചിരിക്കുക തന്നെയാണ്.... 1974 മെയ് 18ന് ബുദ്ധൻ ചിരിച്ചപ്പോൾ ലോകവും ബുദ്ധനൊപ്പം ചിരിച്ചു. സമാധാനപരമായ സഹവർത്തിത്വവും പരസ്പരാക്രമിക്കാതിരിക്കലും നാഴികയ്ക്ക് നാല്പതുവട്ടവുമുരുവിടുന്ന രാജ്യത്തിന്റെ വിദഗ്ദ്ധമായ ട്രപ്പീസ് കളിയെയോർത്ത് അയൽപക്കത്തെ ബുദ്ധിയുറക്കാത്ത ശിശുവിനെ "ഇമ്പിച്ചി കാട്ടുവാൻ" പരീക്ഷണാവശ്യങ്ങൾക്കുള്ള യുറേനിയം, പൊക്രാനിൽ ആണവവിസ്ഫോടനമായ വതരിച്ചപ്പോൾ യുറേനിയം പിടിച്ചുവാങ്ങി ലോകപോലീസ് കണ്ണുരുട്ടി. പയ്യൻ നിക്കറിൽ മൂത്രമൊഴിച്ച് മാനം നോക്കി നിന്നു.... ബുദ്ധിയുറക്കാത്ത ശിശു ബുദ്ധിയുറച്ചവനായി. ന്യൂക്ലിയർ റിയാക്ടറുകൾക്കസ്ഥിവാരമിടുമ്പോൾ ചാക്കുടുത്ത് ചാരം പൂശി തൊണ്ടകീറി നിലവിളിച്ച് ആളുകളെ കൂട്ടുന്നതെന്തിന്??? നമ്മളും ബുദ്ധനെ ചിരിപ്പിച്ച വരല്ലേ!!!

1975 ജൂൺ – 24

വളർന്നുവളർന്ന് രാജ്യത്തേക്കാൾ വലുതായി, രാജ്യം തന്നെയായ നേതാവിന്റെ പരാജയം രാജ്യത്തിന്റെ പരാജയമാകുമ്പോൾ പ്രഥമ പൗരൻ ചെയ്യാനാവുന്നത് താനൊഴികെയുള്ള പൗരുഷം നടിക്കുന്ന നപുംസകങ്ങൾക്ക് അധികാരം വിട്ടുകൊടുക്കുകയാണ്. ഞാനുലുകളാഗ്രഹിക്കുന്നത് എന്നും "ഗ്രഹണമാണെങ്കിലും ചരിത്രമൊരു ഫുട്ബോൾ മത്സരമല്ലാത്തതിനാൽ അഞ്ചുവർഷങ്ങൾക്കിപ്പു

റത്തെ ജൂണിൽ സംഭവിച്ചത് ഭാരതീയർക്ക് വെറുമൊരാകാശദുരന്തത്തിലുമുപരി ആനന്ദോത്സവമായത്. ബുൾഡോസർ നിരത്തിയ ചേരികളും, ലിംഗങ്ങൾ നഷ്ടപ്പെട്ട ഭാരതീയരും, എഴുപത്തഞ്ചും എഴുപത്തേഴും പിന്നിട്ട



എൺപതിലും ഭാരതത്തിലുണ്ടായിരുന്നുവെന്നതിനാലാണ്. ജൂണിലെ പാപത്തിനെ ജൂണിൽ തന്നെ തിരുത്തിയെന്നത് ചരിത്രത്തിന്റെ നെഞ്ചുപിളർന്നുള്ള നേരുകാട്ടലുമായതിനാൽ ഓരോപ്രവർത്തനത്തിനും തുല്യവും വിപരീതവുമായ പ്രതി പ്രവർത്തനമുണ്ടാകുന്നുവെന്നത് വാസ്തവം. വിവാദ പാർലമെന്റ് പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്താമെന്ന പ്രഖ്യാപനത്തിന് പുറകെ ഹൃദയം സ്തംഭിച്ച പ്രഥമ പൗരൻ ശ്രദ്ധേയനാകുന്നത് അടിയന്തരാവസ്ഥക്കാലത്ത് സ്തംഭിക്കാത്ത ഹൃദയമുണ്ടായിരുന്നതിനാലാണെന്ന് പ്രചരിപ്പിക്കുന്നത് ഭാഗികമായി ശരിയല്ലാതാകുന്നത് അക്കാലത്ത് അദ്ദേഹത്തിന് ഹൃദയമേ ഉണ്ടായിരുന്നില്ലെന്നതിനാലാകുന്നു. അനവസരത്തിലെ പാക്കിസ്ഥാൻ ഇന്ത്യയെ



ആക്രമിക്കാറുള്ളുവെന്നതിനാൽ, 1977 ജൂൺ 25 മുതൽ രണ്ടുവർഷക്കാലം കണ്ണിലെ ണ്ണൊഴിച്ച് കാത്തിരുന്നത് വെറുതെയായി.

മറവിയെന്നത് ഒരനുഗ്രഹമായതിനാൽ ഇന്ത്യ ഭരിക്കാൻ എന്തുകൊണ്ടും യോഗ്യരിൽ യോഗ്യർ നെഹ്റു കുടുംബക്കാർ തന്നെ....

1984

സാന്ത്ജർണയിൽ സിംഗ് ഭീന്ദൻവാല എന്ന പുരോഹിതനേയും കൂട്ടാളികളേയും പുറത്താക്കി സുവർണ്ണക്ഷേത്രം ശുദ്ധീകരിക്കാമായിരുന്നു. ഓപ്പറേഷൻ ബ്ലൂസ്റ്റാറിന്റെ ഉദ്ദേശമായിരുന്നതെങ്കിൽ, ചോദ്യം, 75 മുതൽ 77 വരെ രാജ്യത്തെ കൂട്ടിച്ചോറാക്കിയിട്ടും ചങ്കൂറ്റത്തോടെ അധികാരക്കസേരയിൽ തെളിഞ്ഞിരുന്നവരെ പുറത്താക്കി പാർലമെന്റ് ശുദ്ധീകരിക്കാനാവശ്യമായത് ഏത് ഓപ്പറേഷനാണ് എന്നതാണ്.

1984 ഒക്ടോബർ 31

പാമ്പാടുന്നത് മകുടിയൂതലിന്റെ സൗന്ദര്യം കൊണ്ടാണെന്നറിയാത്ത പാമ്പാട്ടി പാമ്പുകടിയേറ്റു മരിക്കേണ്ടി വന്നത്, വസ്തുക്കളെ വസ്തുക്കളായി കാണാവുന്നതിലെ അജ്ഞത മൂലമാണ്. സുവർണ്ണ ക്ഷേത്രത്തെ നശിപ്പിക്കുവാൻ പട്ടാളത്തെ അയച്ച ഈ പിഴക്ക് മാപ്പു നൽകാതെ മരണം വിധിച്ച ഘാതകരെ ശരിവയ്ക്കുകയായിരുന്നില്ലേ. തലപ്പാവു ധരിച്ചവരെ ഉന്മൂലനം ചെയ്യാനിറങ്ങിപ്പുറപ്പെട്ട എച്ച്. കെ. എൽ ഭഗത്തും കൂട്ടരും.

ടെലിവിഷന്റെ ഇതിഹാസങ്ങൾ

അര നൂറ്റാണ്ടിനിടയ്ക്ക് ഇന്ത്യ കണ്ട ഏറ്റവും വലിയ കോമാളിപ്രകടനമായിരുന്നു ഇതിഹാസങ്ങളുടെ ദൃശ്യാവിഷ്ക്കരണം. ബ്യൂട്ടിപാർലറിൽ നിന്നിറങ്ങിവന്ന സീതയും, വെളുത്ത് ചെമന്ന കാർവർണ്ണനും, മസാല സിനിമകളിലെ മൂന്നാംകിട നായകനായിപ്പോയ ശ്രീരാമനും വെറും ആൾക്കൂട്ട പ്രകടനം മാത്രമായിപ്പോയ മഹായുദ്ധവും എല്ലാം കാഴ്ചവച്ചത് കുരുടന്റെ ആനക്കാഴ്ചയായിപ്പോയത് വാത്മീകി രാമായണം രാമാനന്ദ



സാഗറിന്റെ രാമായണമായിപ്പോയതിനാലാണ്. പെരുവഴിയിലിറങ്ങി കണ്ണുപോയ കുട്ടികളേക്കാൾ മുറിയിലിരുന്നവരുടെ മനക്കണ്ണിൽ വീണ ചാണകകൂന്പിലാണ്. പിൽക്കാലത്ത് മതഘോഷയാത്രകൾക്കും, ഇന്ദ്രപ്രസ്ഥാഗമനത്തിനും അസ്ഥിവാരമിട്ടതെന്നത് ചരിത്രത്തിന്റെ ഇടവഴികളിലെ രഹസ്യമാകുന്നു.

1992 ഡിസംബർ - 6

സ്വാതന്ത്ര്യപ്പിറ്റേന്നാരംഭിച്ച ആഘോഷങ്ങൾക്ക് അർദ്ധനഗ്നനായൊരു ഫക്കീറിന്റെ ദുശ്ശാഠ്യത്തിനുമുമ്പിൽ നിയന്ത്രണമേർപ്പെടുത്തേണ്ടി വന്നതിന്റെ നാണക്കേട് ഓർമ്മയിലുള്ളപ്പോൾ സൂര്യനസ്തമിച്ച സാമ്രാജ്യത്തിന്റെ ഒരു നട്ടുച്ചയിൽ ഒരു കൂബുദ്ധിയുടെ നാവിൽ നിന്നുതിർന്നു വീണ വാക്കുകളിൽ യാഥാർത്ഥ്യം തേടിയത് ബാലിശമെന്ന്?... ചരിത്രപരമായ സത്യങ്ങളെ അവഗണിച്ച് പരിഷത്തിന്റേയും ആക്ഷൻ കൗൺസിലിന്റേയും ചർച്ചകൾക്കിടയിലെ മിനറൽവാട്ടറായ ഭേദിക്കപ്പെടാത്ത മൗനത്തിന്റെ ചിതൽപ്പുറ്റിലടയിരുന്ന കിഴവന്റെ തന്ത്രജ്ഞതയ്ക്കുമുമ്പിൽ തോല്പിച്ച (തോല്പിക്കപ്പെട്ട) ദൈവങ്ങളുടെ സ്മരണയിൽ, ചരിത്രപ്പുസ്തകത്തിലെ

പുതിയ ചോദ്യങ്ങൾക്ക് ചൂടാറാതെ ഉത്തരം വിളിച്ചു പറയാം!!

കലിയുഗദൈവങ്ങൾ.

കാസർക്കോട്ടുനിന്നും കാശ്മീരിൽ നിന്നും മാർച്ച് ചെയ്ത് ഇന്ദ്രപ്രസ്ഥത്തിലെത്തി തങ്ങൾ പൊക്കിവിട്ടവരുടെ പടിവാതിക്കൽ കടക്കാനാവാതെ പട്ടികളെപ്പോലെയിരിക്കുന്ന വരുടെ മുമ്പിലൂടെ സെക്യൂരിറ്റി പരിശോധനകൾക്കതീതനായി ബുള്ളറ്റ് പ്രൂഫ്കാരന്റെ പാതിതാഴ്ത്തിയിട്ട ഗ്ലാസ്സ് ഡോറിലൂടെ കൈപുറത്തിട്ട് ഉയർത്തി അവരെ അനുഗ്രഹിച്ച് പറന്നു പോകുന്ന ഇഹം ബ്രഹ്മത്തെ, തീഹാറിലെ സിമന്റ് ബഞ്ചിൽ കൂടിയിരുത്തിയവരുടെ ദ്രോഹത്തെപ്പറ്റി എന്തു പറയാൻ?!!

അമ്മയുടെ ആശ്ലേഷത്തിലമരാൻ ഭാഗ്യം കിട്ടാത്ത ദോഷൈകദൃക്കുകൾ. ഏതോ കടപ്പുറത്ത് അമ്മയുടെ അവിഹിത ദിവ്യഗർഭത്തെ അന്വേഷിക്കുന്നതിനോടും എങ്ങിനെ പ്രതികരിക്കാൻ!!

പുട്ടപർത്തിയിലെ ജാലവിദ്യക്കാരന്റെ കൈത്തുമ്പ് അന്തരീക്ഷത്തിൽ നിന്നും സൃഷ്ടിച്ച വിഭൂതിയാൽ കൂരുടനാക്കപ്പെട്ട ആരാധകവൃന്ദങ്ങളുടെ ജയഘോഷങ്ങളിൽ ഇന്ത്യതന്നെ ഒലിച്ചുപോയാലും വിലപിക്കാനെന്തിരിക്കുന്നു?!

ഭാരതത്തിലെയെന്നല്ല, ലോകമാസകലമുള്ള മാനവരക്ഷ ഒരു പാതിരിയുടെ അടുത്ത നൂറ്റാണ്ടിലെ മുൻകൂട്ടി ബുക്കുചെയ്ത മണിക്കൂറുകളിലായിരിക്കുമ്പോൾ, "പ്രവാചകനോ അന്ത്യക്രിസ്തുവോ?' എന്നുള്ള ചോദ്യം വ്യർത്ഥമാണെന്നല്ലാതെ എന്തു പറയാൻ!

കേബിൾ ഞരമ്പുകൾ.

പൗരന്മാർക്ക് തൊഴിൽ നൽകുകയെന്നത് രാഷ്ട്രത്തിന്റെ കടമയാകുന്നതിനാൽ (?) പൗരന്മാർ മുഴുസമയവും അബോധാവസ്ഥയിലായിരിക്കേണ്ടത് രാഷ്ട്രത്തിന്റെ ആവശ്യമായിത്തീരുന്നു. മദ്യവും മയക്കുമരുന്നും വിപ്ലവങ്ങളും കാലഹരണപ്പെട്ട ആയുധങ്ങളായിരിക്കെ "മാനം നോക്കി നിൽക്കുന്ന കുട്ടികൾ'' മാത്രമേ പരിഹാരമായുള്ളൂ എന്നുവരുമ്പോൾ ധ്യാനകേന്ദ്രങ്ങൾക്കും ആശ്രമങ്ങൾക്കും ഉള്ളിൽത്തന്നെ റെയിൽവേ സ്റ്റേഷനുകൾ അനുഭവിക്കുകയെന്നത് അപ്രാപനീയമെന്നോ?!!!

മാധുരി ഫാൻ ഹൂസൈൻ (M.F. ഹുസൈൻ)



ജീവിച്ചിരിക്കുന്ന വിശുദ്ധയുടെ വിശുദ്ധി പകർത്തിയ ക്യാൻവാസിന് പിന്നീട് പകർത്തേണ്ടിവന്നത് പ്ലാസ്റ്റിക് സർജറി മുഴുപ്പിച്ച അവയവക്കൂമ്പാരങ്ങളെയിയിരുന്നുവെന്നത് വൃദ്ധന്റെ ചാപല്യമല്ലെന്ന് നാമറിയുന്നത് അദ്ദേഹം വീനസ് തീയറ്ററിൽ എഴുപത്തഞ്ചു പ്രാവശ്യം ആടിപ്പാടി കയറിയിറങ്ങുമ്പോഴാണ്. ഹുസൈനെ "ജനറേഷൻ ഗ്യാപ്പിനതീത''നായ വിലപിടിപ്പുള്ള വൃദ്ധനാക്കി മാറ്റിയത്, നഗ്നപാദങ്ങൾക്കും ഊന്നുവടി തൂലികക്കും മാർക്കറ്റ് നഷ്ടപ്പെട്ടപ്പോഴാണെന്ന ചെറിയ "ബിസിനസ്സ് സീക്രട്ടും' നാം മറക്കേണ്ടിയിരിക്കുന്നു.

പുരുലിയ

ആകാശത്തുനിന്നും വീണത് ഇന്ത്യയുടെ ആഭ്യന്തരസുരക്ഷിതത്വത്തിന്റെ യന്ത്രമാവിനെ വിശുദ്ധജലമാണെന്നതു മറന്ന് "ചൊറിയുന്ന ചാരമെന്ന്' ഉറക്കെ അലറിവിളിച്ചവരുടെ രാജ്യദ്രോഹത്തെക്കുറിച്ചോർത്ത് നമുക്ക് വന്ദേമാതരം നൂറ്റൂരുക്കഴിക്കാം. എൺപത്തി നാലായപ്പോഴേക്കും നെഹ്റു കുടുംബത്തിന്റെ ചാരത്തിന്റെ സ്വഭാവം ഭാരതീയർക്ക് മനഃപ്പാഠമായിരുന്നു. ആകാശത്തുനിന്ന് വീഴുന്നതെല്ലാം പരിശുദ്ധമാണെന്ന അടിസ്ഥാനബോധത്തിന് പുരുലിയയിൽ മാത്രം പാഠഭേദം സംഭവിച്ചതിന് പാവം ആനന്ദമാർഗ്ഗികൾ എന്തു പഴിച്ചു! ആകാശത്തുനിന്നും വീഴുന്നത് കാണാൻ മാനം നോക്കികൾക്കേ ആകൂ എന്നതുകൊണ്ട് അവരെ ശിക്ഷിക്കുന്നത് മൗലികാവകാശങ്ങളാകമാനം നിഷേധിക്കപ്പെട്ട ഒരു സമൂഹത്തെ വീണ്ടും ആക്രമിക്കുന്നതിന് തുല്യമാണെന്ന ദയനീയ സത്യവും നാം മറക്കണമെന്നോ?!

കള്ളനും പോലീസും കളി.

ബോഫോഴ്സും യൂറിയയും ഏഴുനിലയിൽ പൊട്ടിയ ഒരു തമിഴ് സിനിമയുടെ തിരക്കഥപോലെ പത്രത്താളുകളിലെ പൈങ്കിളിയായി അവതരിപ്പിക്കപ്പെടുമ്പോൾ ആയിരവും അയ്യായിരവും വാരിപ്പിടിക്കുന്ന അഴിമതിരാജാക്കളെക്കുറിച്ചറിഞ്ഞ് ഞെട്ടുന്ന ഒരു ശരാശരി ഇന്ത്യക്കാരൻ ന്യായമായും ഉയർത്താവുന്ന ഒരു ചോദ്യം എന്തുകൊണ്ട് ഇന്ത്യയെ ലാഭകരമായി നടത്തുവാൻ അവർക്കേൽപ്പിച്ചുകൊടുത്തുകൂടാ എന്നതാകുന്നു. അഴിമതിക്കഥകളെ കള്ളനും പോലീസും കളിക്കുന്ന ലാഘവത്തോടെ പിന്തുടർന്ന് പിടികൂടി തെളിവു നശിപ്പിച്ച് കൃത്യനിർവ്വഹണം ഭംഗിയായി നിർവ്വഹിക്കുന്ന ഒരു അന്വേഷണ ഏജൻസിയുള്ളപ്പോൾ ഇവിടെ അഴിമതിക്കും വളക്കൂറുള്ള മണ്ണാണെന്നാക്ഷേപിക്കുന്നവർക്ക് സുപ്രീം കോടതിയിൽ ഒരു ഹർജി ഫയൽചെയ്ത് സി.ബി. ഐ യെക്കൊണ്ട് അന്വേഷിപ്പിക്കാവുന്നതാണ്.

ഫലശ്രുതി.

ചരിത്രത്തിന്റെ ഒരു പങ്കുമാത്രം നമുക്കു ലഭിക്കുകയും അതുതന്നെ വളച്ചൊടിക്കപ്പെടുകയും ചെയ്യുമ്പോൾ ക്ഷത്രിയാധിപത്യത്തിനുവേണ്ടി പെരുവിരൽ ഹോമിച്ച ഏകലവ്യന്മാരും വേദശ്രവണത്തിൽ ചെവിയിൽ ഈയം വീണ സാധാരണക്കാരും ബ്രഹ്മധ്യാനത്തിൽ ശിരസ്സു നഷ്ടപ്പെട്ട ശംബൂകന്മാരും പേരില്ലാത്ത മറ്റനേകം പേരും ഐതിഹ്യങ്ങൾ മാത്രമായിരിക്കേ, ഈ തിരുശേഷിപ്പുകൾ ചരിത്രത്തിലെ "മൈൽകുറ്റി' കളുറപ്പിക്കാനുള്ള ചരൽമണ്ണാവാതിരിക്കുവാൻ....



തയ്യാറാക്കിയത്
ജോബി വർഗ്ഗീസ്
ഒന്നാം വർഷ
ഗണിതശാസ്ത്രം

With Best Compliments From,

The Catholic Syrian Bank Ltd.

Rgd. Office. Trichur

College day



തെളിയുന്ന ഭദ്രദീപം



പൊക്കമില്ലായ്മയാണെന്റെ പൊക്കം... കുഞ്ഞുണ്ണി മാഷ്



വിടവാങ്ങലിന്റെ സ്മൃതികളിലൂടെ....



ധന്യമീ വിടവാങ്ങൽ....



വേദിയിലേക്ക്...

Outgoing Students



IInd M.Com



IInd M.A. Economics



IInd M.Sc. Zoology



IInd M.Sc. Chemistry



IIIrd B.A. Economics



FINAL B.COM



IIIrd B.Sc. Zoology



IIIrd B.Sc. Physics



IIIrd B.Sc. Mathematics



IIIrd B.Sc. Geology

വാക്കിന്റെ നേർവഴികൾ

(ഫൈൻ ആർട്ട്സ് ദിനം ഉദ്ഘാടനം ചെയ്തുകൊണ്ട് വി. മധുസൂദനൻ നായർ നടത്തിയ പ്രസംഗത്തിൽ നിന്ന്...)

എവിടെയാണോ വാക്കുകൾക്ക് മുറിവ് സംഭവിക്കേണ്ടത് അവിടെ ഉചിതമാം വണ്ണം അതിനെ നിറുത്തിക്കൊള്ളുക എന്നതാണ് വാക്കുകളെ സ്നേഹിക്കുന്നവർക്ക് ചെയ്യാവുന്ന കർമ്മം. ഞങ്ങളെപ്പോലുള്ളവർ വാക്കുകളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു പോരുന്നവരാണ്. വാക്കുകളെ എന്തിനു സ്നേഹിക്കുന്നു എന്നു ചോദിച്ചാൽ എനിക്കു പിന്നിലുള്ള കാലങ്ങളുടെ മുഴുവൻ തുടിപ്പ്, ചൈതന്യം, മുഴുവൻ ശക്തി, മുഴുവൻ ചരിത്രം, മുഴുവൻ ഊർജ്ജം അതാണ് ഓരോ വാക്കും. എനിക്കെങ്ങനെ ഈ വാക്കു കിട്ടി? എനിക്കറിഞ്ഞുകൂടാ...എനിക്കെങ്ങനെ ഈ മനസ്സ് കിട്ടി? എനിക്കറിഞ്ഞുകൂടാ... എന്നിലുള്ള ഓരോ ആഗ്രഹവും, ഓരോ ചലനവും, ദ്വേഷവും, സ്നേഹവും, വാത്സല്യവും, കാരുണ്യവും, വെറുപ്പും ഒക്കെയും എന്റെ ഏതോ വാക്കുകളിൽ, ഏതോ ഈണങ്ങളിൽ പുറത്തുവരുന്നു. എങ്ങനെ വരുന്നു. ഒരു സമൂഹം തന്നതാണ്, എന്റെ പിൽക്കാലങ്ങൾ തന്നതാണ്, എന്റെ സമകാലം തന്നതാണ്, അങ്ങനെ എനിക്ക് എന്നെ നിങ്ങളിലേക്ക് പ്രകടിപ്പിക്കാൻ എന്റെ വാക്ക് അല്ലെങ്കിൽ തന്റെ കത്തുന്ന വിരൽ, അതുമല്ലെങ്കിൽ എന്റെ കത്തുന്ന കണ്ണ് ഇതു പ്രകടിപ്പിക്കേണ്ടി വരുന്നു. എന്നെ നിങ്ങളിലേക്ക് പ്രക്ഷേപിക്കുകയാണ് ഞാൻ ചെയ്യേണ്ടുന്നത്. അങ്ങനെ ചെയ്തില്ലെങ്കിൽ ഞാൻ എന്നിലൂടെ മാത്രം ജീവിച്ച് മരിക്കും. അങ്ങനെ ചെയ്യുകയാണെങ്കിൽ ഞാൻ എന്നിൽ നിന്നും അനന്തതയുടെ അനന്തപൂജ്യങ്ങളിലേക്ക് നിങ്ങളുടെ കോശങ്ങളിലേക്ക് കുടിപ്പാർപ്പു മാറ്റും. അങ്ങനെ കാലങ്ങളിൽ നിന്ന് കാലങ്ങളിലേക്ക് കുടിപ്പാർപ്പു മാറ്റുന്നവനാണ് സർവ്വകാല മനുഷ്യൻ. എനിക്കു പിറകിലെവിടെയൊക്കെയോ സർവ്വകാല മനുഷ്യന്മാരുണ്ടായിരുന്നു. എനിക്കു മുമ്പിലുള്ള കോശങ്ങളിലെവിടേയോ ജന്മമെടുത്ത് സർവ്വകാലങ്ങളിലേക്കും സ്വയം പകർത്താൻ തയ്യാറുള്ള എത്രയോ മനുഷ്യ ജീവികളുണ്ട്. പക്ഷേ പാമ്പിൻ പത്തിയിലെ മാണിക്യം പോലെ അവനവനെ അവനവൻ അറിയുന്നുണ്ടാവില്ല. അറിയേണ്ട, അറിയാതിരിക്കട്ടെ. ശിശുവിന്റെ ആത്മപ്രകാശനം പോലെ അത് വ്യാപിക്കട്ടെ. അങ്ങനെ സ്വയം വ്യാപിക്കേണ്ടവൻ താൻ അറിയാതെ അനന്തശക്തിയായി രൂപാന്തരപ്പെടും. അതാണ്, കലയുടെ ശക്തിയായി വരുന്നത്. അവന് സ്വന്തമായി ആഗ്രഹങ്ങളുണ്ടാവില്ല, അവന് സ്വന്തമായി ലോകങ്ങളുണ്ടാവില്ല, അവന് സ്വന്തമായി വെട്ടിപ്പിടിക്കാനുള്ള പടകളും ഉണ്ടാവില്ല. കാലങ്ങൾക്ക് പിറകിൽ നിന്ന് കിട്ടിയ വാക്കോ ഒരു മൊഴിയോ ഒരു ചെറിയ ഉളിയോ ഒരു താളമോ ഒക്കെയായിരിക്കും അവന്റെ ആയുധം. ആ ആയുധം അവന്റേതല്ല. സർവ്വകാലങ്ങളും ചേർന്നു കൊടുത്തതാണ്. നിങ്ങളുടെ കയ്യിനും ആ ആയുധം ഏതെങ്കിലും പ്രകാരത്തിലുണ്ട്. പാടുന്നവന് ആകാശമാണ് മാധ്യമം. അവന് വേറൊന്നും വേണ്ട. അവന്റെ ആത്മാവിനെ പ്രകാശിപ്പിച്ചാൽ മതി. മണ്ണുകൊണ്ടും ചിത്രം വരയ്ക്കാം, ഏതുപ്രതലത്തിലും ചിത്രം വരയ്ക്കാം, ഏതു കല്ലിനേയും ചൈതന്യവത്താക്കിയെടുക്കാം. ഒരു കല്ലിൽ ത്രികാലങ്ങളേയും കൊണ്ടുവരുന്നവരുണ്ട്. അങ്ങനെ കാലങ്ങളിൽ നിന്ന് കാലങ്ങളെ പുനഃസൃഷ്ടിക്കുന്ന ചൈതന്യങ്ങൾ സ്വയം ആവിഷ്ക്കരിക്കുമ്പോൾ നിങ്ങളിൽ അതിന്റെ ലക്ഷണം കാണുമ്പോൾ കാലം നിങ്ങളെ ആവശ്യപ്പെടും. കാലം നിങ്ങളെ യവശ്യപ്പെട്ടില്ലെങ്കിൽ നിങ്ങളതിലേക്ക് ഒരു അവതാരത്തിന് തുനിയുകയുമില്ല. നിങ്ങളിൽ ആരൊക്കെയോ അങ്ങനെ വരാനുണ്ടായിരിക്കണം. അങ്ങനെ വരട്ടെ അതിലേക്കുള്ള ഒരുക്കങ്ങളാണ് നമ്മളേപ്പോലുള്ളവർ ചെയ്തു കൂട്ടുന്നത്. എനിക്ക് പിന്നിലുള്ളവൻ എന്നേക്കാൾ ചെറിയതായിരിക്കരുത് എന്നതാണ് ഭാരതീയമായ തത്വം. അച്ഛനും, അദ്ധ്യാപകനും, കലാകാരനും അതാണ് ആഗ്രഹിയ്ക്കുന്നത്. 'ശിഷ്യാദ് ഇച്ഛേ പരാജയം' - ശിഷ്യനിൽ നിന്ന് പരാജയം ഇച്ഛിക്കുന്നു, 'പുത്രാദ് ഇച്ഛേ പരാജയം' - പുത്രനിൽ നിന്ന് പരാജയം ഇച്ഛിക്കുന്നു. ഒരച്ഛൻ അല്ലെങ്കിൽ അമ്മ, സ്വന്തം മക്കളിൽ നിന്നു മാത്രമേ തോൽക്കാവൂ, ആചാര്യൻ, സ്വന്തം ശിഷ്യനിൽ നിന്നു മാത്രമേ തോൽക്കാവൂ എന്ന് കരുതിയിരുന്നത് എന്തുകൊണ്ട്? എന്റെ ഊർജ്ജവും കൂടിയെടുത്തവൻ വളരുമാറാവട്ടെ. വളരുമ്പോൾ ഇവൻ ഒരു കാലത്തിന്റെ മുഴുവൻ ചൈതന്യമായിത്തീരുമാറാവട്ടെ എന്ന കരുതൽ കൊണ്ടുതന്നെയാണത്.

നഷ്ടപ്പെട്ടുപോയ നമ്മുടെ വെളിച്ചങ്ങളെക്കുറിച്ചുള്ള ഓർമ്മയെങ്കിലും നമ്മെ നയിയ്ക്കേണ്ടതാണ്. എണ്ണ നഷ്ടപ്പെട്ടുപോയ, വിളക്കെടുക്കാൻ മറന്നുപോയ കന്യകമാരേക്കാൾ, നഷ്ടപ്പെട്ട എണ്ണയുള്ള വിളക്കെടുത്ത കന്യകമാരെന്നും ഓർമ്മിയ്ക്കും. എന്തെന്നാൽ ഏതോ വെളിച്ചം അവരുടെ ഉള്ളിൽ ഉണ്ടായിരിക്കുന്നു. പലപ്പോഴും നമ്മൾ ഈ നഷ്ടപ്പെട്ടുപോയ വെളിച്ചത്തെ പിൻതള്ളിയിട്ട് പുറത്തു നിന്ന് വെളിച്ചങ്ങൾ ഇറക്കുമതി ചെയ്യും. ഇറക്കുമതി ചെയ്ത വെളിച്ചങ്ങളിൽ, ഇറക്കുമതിചെയ്ത വികാരങ്ങളിൽ, ഇറക്കുമതി ചെയ്ത ഈണങ്ങളിൽ നാം സ്വയം നഷ്ടപ്പെടുത്തുന്നു. അങ്ങനെ നഷ്ടപ്പെടുത്തുമ്പോൾ നഷ്ടപ്പെടുന്നത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് - അസ്തിത്വവും, സ്വാതന്ത്ര്യവും. കലാകാരന്റെ - എല്ലാ മനുഷ്യനും കലാകാരനാണ് - അസ്തിത്വം സ്വതന്ത്രതയിലാണ്. ആ സ്വതന്ത്രത ഏറ്റവും പ്രധാനപ്പെട്ട സ്വതന്ത്രത വൈകാരികമായ സ്വതന്ത്രതയാണ്. എല്ലാവർക്കും വേണ്ടി ഞാൻ ദുഃഖിക്കാം, എല്ലാവർക്കും വേണ്ടി ഞാൻ എന്നെക്കൊടുക്കാം എന്നു കരുതാൻ കഴിയുന്നത് ആ വൈകാരികമായ, ശുദ്ധമായ സ്വതന്ത്രതയിലാണ്. നിങ്ങൾക്ക് വൈകാരികമായ സ്വതന്ത്രത - എവിടെ നിന്ന് നേടാൻ കഴിയും? എനിയ്ക്ക് ആത്മപ്രത്യയത്തിൽ നിന്നും വൈകാരികമായ സ്വതന്ത്രത നേടാൻ കഴിയും. ഇന്ത്യൻ യുവത്വം ഇന്ന് ഭീരുക്കളുടെ ഒരു കൂട്ടമാണ്. ഭീരുക്കളുടെ ഒരു മൃത പിണ്ഡമാണ്. ഭീരുക്കളാണ് എന്നുതന്നെ ഞാൻ പറയുന്നു. ഭീരുത്വമില്ലാത്ത, ധീരതയുള്ള ഉറപ്പുള്ള സമചിത്തതയുള്ള യുവത്വമാണ് ഇന്ത്യക്ക് വേണ്ടുന്നത് അവൻ അഗ്നിയാകുന്നു. ആ അഗ്നി എരിയ്ക്കേണ്ടതിനെ എരിയ്ക്കുകയും വളർത്തേണ്ടതിനെ വളർത്തുകയും തലോടേണ്ടതിനെ തലോടുകയും ചെയ്യും. അങ്ങനെ നിങ്ങളുടെ ഉള്ളിലെ അഗ്നി എവിടെ കണ്ടെത്തും? - വന്നു നോക്കുക. ഇവിടുത്തെ മണ്ണിൽ നിന്ന് കണ്ടെത്തും - അമ്മയായ മണ്ണിൽ നിന്നു തന്നെ കണ്ടെത്തുക. അത് മൂലപ്പാലായി വരും—അത് കിട്ടിയില്ലെങ്കിൽ ഒന്നും കിട്ടില്ല എന്നാണെനിയ്ക്കു തോന്നുന്നത്. അതുകൊണ്ട് ഞാൻ ഇവിടെത്തന്നെ നിർത്തുന്നു. പെറ്റ മണ്ണ്, ഈ ഊർജ്ജം ഇവിടെ നിന്ന് നിങ്ങൾക്ക് അനന്തതകളിലേക്ക് പറക്കാം, അനന്തതകളെ പ്രകാശിപ്പിക്കാം, അനന്തതകളിൽ ഉദിയ്ക്കാം, ഈ അനന്തത, അനന്ത്യം, ആനന്ദം കൂടി ആയിത്തീരുമാറാവട്ടെ, ഓരോ മനസ്സിലും ആ അനന്തത ഒരു സർവ്വാശ്ലേഷിയായ സ്നേഹത്തിന്റെ രൂപമായി പ്രകാശിക്കുമാറാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്രാവുകൾ ആളുകളായിരുന്നെങ്കിൽ

ബെർതോൾട് ബ്രെഹ്റ്റ്

'സ്രാവുകൾ ആളുകളായിരുന്നെങ്കിൽ', വിട്ടുടമസ്ഥയുടെ മകൾ ശ്രീമാൻ കെ-യോടു ചോദിച്ചു. 'അവ ചെറുമീനുകളോട് കുറെകൂടി ദയ കാണിക്കുമോ?' 'തീർച്ചയായും', അയാൾ പറഞ്ഞു. 'സ്രാവുകൾ ആളുകളായിരുന്നെങ്കിൽ, അവ ചെറുമീനുകൾക്കു വേണ്ടി കടലിൽ ബലമേറിയ പെട്ടികളുണ്ടാക്കും. അവിടെ അവർക്കു ഭക്ഷിക്കാൻ എല്ലാത്തരം ആഹാരങ്ങളുണ്ടാവും, ചെടികളും, കൊച്ചു ജീവികളും, പെട്ടികൾക്കകത്ത് എപ്പോഴും ശുദ്ധജലമുണ്ടായിരിക്കാൻ അവർ നിഷ്ക്കർഷിക്കും. ആരോഗ്യ രക്ഷക്കുള്ള സകലനടപടികളുമെടുക്കും. ഉദാഹരണത്തിന് ഒരു ചെറുമീനിന്റെ ചിറകിലൊരു മുറിവുണ്ടായാൽ ഉടനെ ബാൻഡേജു ചെയ്യും, പ്രായമെത്തുംമുമ്പേ സ്രാവുകൾ വിഴുങ്ങാതിരി ക്കുവാനാണിത്, ചെറുമീനിന് ദുഃഖം തെല്ലുമേശാതിരിക്കുവാൻ ഇടയ്ക്കിടെ വെള്ളത്തിന്റെ പാർട്ടികളുണ്ടാകും; കാരണം സന്തുഷ്ടരായ മത്സ്യങ്ങൾക്ക് ദുഃഖിതരായ മത്സ്യങ്ങളേക്കാൾ രുചിയേറും. വലിയ പെട്ടികളിൽ സ്കൂളും ഉണ്ടാവും, സംശയം വേണ്ടാ. സ്രാവുകളുടെ വായിലേക്ക് സ്വയം നീന്തിച്ചെല്ലാൻ അവിടെ ചെറുമീനുകൾക്ക് പരിശീലനം നൽകും, ഉദാഹരണത്തിന്, എവിടെയാണ് സ്രാവുകൾ അലസരായി ഉലാത്തുന്നതെന്നറിയാൻ അവർക്ക് ഭൂമിശാസ്ത്രം പഠിക്കേണ്ടിവരും. അവിടത്തെ പ്രധാന വിഷയം ചെറുമീനുകളുടെ സന്മാർഗ്ഗശാസ്ത്രം തന്നെയായിരിക്കും. ചെറുമീനുകൾക്ക് ചെയ്യാവുന്ന ഏറ്റവും സുന്ദരവും മഹനീയവുമായ കാര്യം സ്രാവുകൾക്കായി സന്തോഷത്തോടെ സ്വയം നിവേദിക്കുകയാണെന്നും, സ്രാവുകളെ, പ്രത്യേകിച്ചും അവർ ശോഭനമായ ഭാവി വാഗ്ദാനം ചെയ്യുമ്പാൾ അപ്പാടെ വിശ്വസിക്കണമെന്നും അവിടെ അവർ പഠിക്കും. അനുസരണം ശീലിച്ചാൽ മാത്രമേ ഈ ഭാവി അവർക്ക് ഉറപ്പാവുകയുള്ളൂ എന്നും ചെറുമീനുകളെ മനസ്സിലാക്കിക്കൊടുക്കും.

ചെറുമീനുകൾ താഴ്ന്നതും ഭൗതികവാദപരവും മാർക്സിറ്റുമായ ചായ്വുകളിൽ നിന്നൊക്കെ ഒഴിഞ്ഞുമാറിക്കൊള്ളണം, അവരിലാരെങ്കിലും അത്തരം പ്രവണതകൾ കാണിച്ചാലുടൻ സ്രാവുകളെ വിവരമറിയിക്കണം.....സ്രാവുകൾ ആളുകളായിരുന്നെങ്കിൽ, കലയുണ്ടാവും. സ്രാവിൻ പല്ലുകളുടെ മനോഹര ചിത്രങ്ങളുണ്ടാവും എല്ലാം തിളങ്ങുന്ന നിറങ്ങളിലായിരിക്കും. അവരുടെ വായ്കളും തൊണ്ടകളും ശുദ്ധമായ കളിസ്ഥലങ്ങളായി ചിത്രീകരിക്കപ്പെടും, അവിടെ തുള്ളിമറിയുകയും കളിക്കുകയും ചെയ്യാം. കടലിന്റെ അടിത്തട്ടിലെ നാടകശാലകളിൽ ചെറുമീനുകൾ, ധീരതയോടെ, ഉത്സാഹത്തോടെ, സ്രാവുകളുടെ തൊണ്ടയിലൂടെ താഴേക്കു നീന്തിപ്പോവുന്നതു കാണിക്കുന്ന നാടകങ്ങളുണ്ടാകും, സംഗീതമോ, കേട്ടാലുടനെ സ്വപ്നം നിറഞ്ഞ കണ്ണുകളോടെ കപ്പോളകളിലേക്ക് നീങ്ങുകയും, സുഖചിന്തകളോടെ സ്രാവുകളുടെ തൊണ്ടകളിലേക്ക് ഒഴുകിച്ചെല്ലുകയും ചെയ്യും, അത്ര മധുരമായിരിക്കും ആ സംഗീതം. പിന്നെ തീർച്ചയായും മതവുമുണ്ടാകും. യഥാർത്ഥജീവിതം സ്രാവുകളുടെ വയറ്റിലാണ് തുടങ്ങുന്നതെന്ന് അത് പഠിപ്പിക്കും. സ്രാവുകൾ ആളുകളായിരുന്നെങ്കിൽ ചെറുമീനുകൾ ഇപ്പോഴത്തെപ്പോലെ തുല്യരായിരിക്കില്ല. ചിലവയ്ക്ക് ഉദ്യോഗങ്ങൾ നല്കി മറ്റുള്ളവയുടെ മീതെ പ്രതിഷ്ഠിക്കും. കുറച്ചുകൂടി വലിയവയ്ക്ക് ചെറിയവയെ തിന്നുവാൻ അധികാരമുണ്ടാവും. അപ്പോൾ സ്രാവുകൾക്ക് കൂടുതൽ സന്തോഷമാവും. അപ്പോൾ അവയ്ക്ക് വിഴുങ്ങാൻ കൂടുതൽ ഉരുളകൾ കിട്ടുമല്ലോ. അധികാരമുള്ള ഏറ്റവും പ്രധാനികളായ ചെറുമീനുകൾ മറ്റു ചെറുമീനുകളെയെല്ലാം ചിട്ടപ്പെടുത്തും. അവ അദ്ധ്യാപകരും ഓഫീസർമാരും പെട്ടി പണിയുന്ന എഞ്ചിനീയർമാരും മറ്റുമായിത്തീരും, സ്രാവുകൾ ആളുകളായിരുന്നാൽ കടൽ നിറയെ സംസ്ക്കാരമായിരിക്കും.

വിദ്യാഭ്യാസത്തിന്റെ



പരിപ്രേക്ഷ്യം

"ഞാൻ കണക്കു പഠിക്കണോ?"
എന്റെ കൊച്ചു മകൻ എന്നോടു ചോദിക്കുന്നു.
എന്തിന്?
രണ്ടു കഷണം റൊട്ടി
ഒരു കഷണം റൊട്ടിയേക്കാൾ അധികമാണെന്ന്
എങ്ങനെയായാലും നീ കണ്ടെത്തും.
'ഞാൻ ഇംഗ്ലീഷ് പഠിക്കണോ?'
എന്റെ കൊച്ചു മകൻ എന്നോടു ചോദിക്കുന്നു.
എന്തിന്?
ആ സാമ്രാജ്യം മണ്ണടിയുകയായി
നീ വയറു തിരുമ്മി ക്കരഞ്ഞാൽ മാത്രം മതി.
നിനക്കു പറയാനുള്ളത്
അവർക്ക് കൂടുതൽ നന്നായി മനസ്സിലാകും.
'ഞാൻ ചരിത്രം പഠിക്കണോ?'
എന്റെ കൊച്ചു മകൻ എന്നോടു ചോദിക്കുന്നു.
എന്തിനാ കുട്ടീ?
നി നിന്റെ തല
മണ്ണിൽ പൂഴ്ത്തി വയ്ക്കാൻ പഠിക്കൂ...
അതെ, എങ്കിൽ നീ ഒരു പക്ഷേ രക്ഷപ്പെട്ടേയ്ക്കും.
എന്നിട്ടും ഞാൻ പറയുന്നു
'നീ കണക്കു പഠിക്കൂ, നീ ഇംഗ്ലീഷു പഠിക്കൂ
നീ ചരിത്രം പഠിക്കൂ.'

– ബർതോൾഡ് ബ്യഹ്ത് –

സംവാദം ഇവിടെ ആരംഭിക്കുന്നു. കാഴ്ചപ്പാടുകൾ പങ്കു വയ്ക്കുന്നത്
വി. അരവിന്ദാക്ഷൻ, പവനൻ, പൗലോഫ്രെയർ
തയ്യാറാക്കിയത്: അജിത്, ജോബി വർഗ്ഗീസ്.

വിദ്യാഭ്യാസത്തിന്റെ വികസനവും വികസനത്തിന്റെ വിദ്യാഭ്യാസവും

പ്രൊഫ. വി. അരവിന്ദാക്ഷൻ.

വിദ്യാഭ്യാസത്തിന്റെ വികസനം:

പ്രീഡിഗ്രി ബോർഡ് ആരംഭിക്കാനുള്ള തീരുമാനം ഇന്ന് വളരെ ചർച്ചചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. 1965-ൽ കൂടിയ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനം തന്നെ സ്ക്കൂളുകളിൽ ഹയർസെക്കന്ററി തലം കൂടി ആരംഭിക്കുവാൻ തീരുമാനിച്ചതാണ്. വളരെ വർഷങ്ങളെടുത്ത് ചെയ്തു തീർക്കേണ്ട ഒരു പ്രവർത്തി ആയിട്ടാണ് ഇത് പരിഗണിക്കപ്പെട്ടത്. ആ സമ്മേളനത്തിൽ പങ്കെടുത്ത നമ്മുടെ വിദ്യാഭ്യാസമന്ത്രി. ആർ ശങ്കർ ഇവിടെ വന്ന് പ്രീഡിഗ്രി കോഴ്സ് ആരംഭിക്കുകയാണ് ചെയ്തത്. പ്രീഡിഗ്രി തുടങ്ങിയപ്പോൾ അത് യൂണിവേഴ്സിറ്റിയിലേയ്ക്ക് അഫിലിയേറ്റ് ചെയ്തു. അതിന് ന്യായം പറഞ്ഞത് ജൂനിയർ കോളേജ് അമേരിക്കയിലുണ്ട് എന്നാണ്. അമേരിക്കയിലെ ജൂനിയർ കോളേജും ഇതുമായി യാതൊരു ബന്ധവുമില്ല. അമേരിക്കയിലെ നാട്ടിൻ പുറങ്ങളിലൊക്കെ ചെറുപ്പക്കാർക്ക് ആധുനികരീതിയിലുള്ള കൃഷിപ്പണിയിൽ പരിശീലനം കൊടുക്കാൻ വേണ്ടിയാണ് അവിടെ ജൂനിയർ കോളേജുകൾ സ്ഥാപിച്ചത്. അത് കൃഷിയെ മാത്രം ലാക്കാക്കിക്കൊണ്ടുള്ളതാണ്, അല്ലാതെ ഡിഗ്രിക്കുള്ള ഒരു ചവിട്ടു പടിയായിരുന്നില്ല അത്. അതൊന്നും ഒരു യൂണിവേഴ്സിറ്റിയുടേയും ഭാഗവുമായിരുന്നില്ല. അന്നുമുതൽ തുടങ്ങേണ്ടതായിരുന്നു ഇവിടത്തെ സ്ക്കൂളുകളിൽ 11, 12 ക്ലാസ്സുകൾ. അന്നത് ചെയ്തില്ല. എന്തായാലും ഇത് സ്ക്കൂളുകളിലേയ്ക്ക് ലിങ്ക് ചെയ്യുകയാണാവശ്യം; സ്ക്കൂളുകളെ അപ്ഗ്രേഡ് ചെയ്യലാണാവശ്യം. ഇപ്പോഴുള്ള പ്രീഡിഗ്രി സ്ക്കൂളുകളിലേക്ക് ഡിലിങ്ക് (ആ വാക്കുതന്നെ തെറ്റ്!) ചെയ്തുകഴിഞ്ഞാൽ ഇപ്പോൾ പ്രീഡിഗ്രിക്കുള്ള സിലബസ് പ്രയോഗിക്കാൻ കഴിയില്ല. ഇപ്പോഴുള്ള സിലബസ് അനുസരിച്ച് ഭാഷ പഠിക്കാനാണ് സമയം കൂടുതൽ. അത് മാറ്റേണ്ടി വരും. ഇപ്പോൾ ഭാഷാധ്യാപനത്തിനുവേണ്ടി നിയമിച്ചിട്ടുള്ള അദ്ധ്യാപകരെ മുഴുവൻ അപ്പോളെന്തുചെയ്യും? അത് വലിയൊരു പ്രശ്നമാണ്. വളരെ അവധാന പൂർവ്വമേ ഇത്തരം കാര്യങ്ങൾ നടപ്പാക്കാവൂ.

സ്ക്കൂളുകളെ അപ്ഗ്രേഡ് ചെയ്താൽ സ്ക്കൂളുകളുടെ നിലവാരം ഉയരും. കാരണം, ഹയർ സെക്കന്ററിക്ക് സെക്കന്ററിയുടെ നിലവാരത്തിലുള്ള സൗകര്യങ്ങൾ പോരാ കുറച്ചുകൂടി സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിവരും. ആ സൗകര്യങ്ങൾ സെക്കന്ററി ക്ലാസ്സുകളിലെ കുട്ടികൾക്കുകൂടി പ്രയോജനകരമായി വരും. അതുകൊണ്ട് സ്ക്കൂളിന്റെ പൊതുവേയുള്ള നിലവാരം ഉയരാനതുപകരിക്കും. ഇങ്ങനെ ചെയ്യുമ്പോൾ മുഴുവൻ സിലബസ്സും ഉടച്ചുവാർക്കേണ്ടതുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തലാണ് ഉദ്ദേശമെങ്കിൽ ഇന്നുള്ള ഭാഷയുടെ കാണ്ടം കുറക്കണം. ഒരു ഭാഷ പഠിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം അത് കൈകാര്യം ചെയ്യാനുള്ള സാമർത്ഥ്യം കുട്ടിക്കുണ്ടാക്കുക എന്നതാണ്. ഇന്ന് അതൊഴിച്ച് ബാക്കിയുള്ളതൊക്കെയുണ്ട്. ആർ.എൻ. സ്റ്റീവൻസന്റെ നോവൽ വായിച്ചിട്ടുണ്ടാകും. അതുകൊണ്ട് ഭാഷ ഉപയോഗിക്കാൻ കഴിയില്ല. സ്വന്തമായി ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നില്ല എന്നതാണ് ഇന്നത്തെ ഭാഷാദ്ധ്യാപനത്തിന്റെ ഏറ്റവും വലിയ പ്രശ്നം. Language Skills ഉണ്ടാക്കുന്നരീതികളുപയോഗിക്കണം. സാഹിത്യമൊക്കെ താല്പര്യമുള്ളവർക്കുള്ളതാണ്. എല്ലാവർക്കും വേണ്ടിയുള്ളതല്ല. ഇവിടെ പോസ്റ്റ് സ്ട്രക്ചറലിസം പറയാനാളുണ്ട്. തെങ്ങിൽകയറാനാളില്ല. പോസ്റ്റ് സ്ട്രക്ചറലിസം പറഞ്ഞിരുന്നാൽ കഞ്ഞികുടിക്കില്ല. ഇംഗ്ലീഷ് പഠിക്കേണ്ട എന്നല്ല ഞാൻ പറയുന്നത്. ഇംഗ്ലീഷ് പഠിക്കണം. ഒരു വിദേശഭാഷ പഠിക്കുന്നത് നല്ലതുതന്നെ. ഓരോ ഭാഷയും അറിവിന്റെ ഓരോ പുതിയ ലോകമാണ് തുറന്നു തരുന്നത്. പക്ഷേ ഷേക്സ്പിയർ പഠിക്കണോ എന്നാണെന്റെ ചോദ്യം. അതുപോലെ ഇംഗ്ലീഷിൽ പഠിക്കണോ എന്നാണെന്റെ ചോദ്യം. ഇംഗ്ലീഷിലല്ല പഠിക്കേണ്ടത്. മാതൃഭാഷയിൽതന്നെയാണ്. ഒരു ഗുണനപ്പട്ടിക ഇംഗ്ലീഷിൽ പഠിക്കുന്നതും മലയാളത്തിൽ പഠിക്കുന്നതും തമ്മിൽ വ്യത്യാസമില്ലേ. ഏതാണ് കുട്ടിയുടെ മനസ്സിലേക്ക് – ആത്മാവിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുക? വിഷയങ്ങൾ പഠിപ്പിക്കുന്നത് മാതൃഭാഷയിൽതന്നെ വേണം. എങ്കിലേ അത് കുട്ടിയുടെ മനസ്സിലേക്ക് ഇറങ്ങിച്ചെല്ലൂ. അവന്റെ ആലോചനാശേഷി വികസിക്കൂ. ഒരു വിഷയം സാംശീകരിക്കണമെങ്കിൽ അത് സ്വഭാഷയിലൂടെയേ സാധിക്കുകയുള്ളൂ. നമ്മൾ സ്വപ്നം കാണുന്നത് നമ്മുടെ ഭാഷയിലാണ്. നമ്മുടെ ആത്മാവിന്റെ ഭാഷ ആ ഭാഷയാണ്. സ്ക്കൂളുകളിൽ നിന്നും വരുന്ന കുട്ടികളുടെ ഒരു പ്രധാനപ്രത്യേകതയാണ് അവന് ഇംഗ്ലീഷുമറിയില്ല മലയാളവുമറിയില്ല എന്നത്. വളരെ ഇംപൊവ്വൈറ്റ് ആയ ഒരു കൊളോക്കിയൽ ഇംഗ്ലീഷാണ് അവൻ ഉപയോഗിക്കുന്നത്. ഡിമോട്ടിക് ലാഗ്വേജ് എന്നു പറയും. സ്ക്കൂളിൽ ചെന്നാൽ ആദ്യം പഠിക്കുന്നത് Yes നു പകരം Yea പറയാനാണ്. അത് ഇംഗ്ലീഷല്ല, അമേരിക്കനിസമാണ്. ഏതു ഭാഷയായാലും അതിനൊരു സംസ്ക്കാരം വേണം. അത് കിട്ടുന്നില്ല എന്നതാണ് ഇതിലെ വേറൊരപകടം. ഭാഷയെ സംബന്ധിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിലൊക്കെ മാറ്റം വരേണ്ടതുണ്ട്. ഭാഷ എന്ന പേരിൽ ഒരുപാട് സാഹിത്യം പഠിപ്പിക്കേണ്ടതുണ്ടോ? അന്യ ഭാഷയിൽക്കൂടി വിഷയങ്ങൾ പഠിപ്പിക്കേണ്ടതുണ്ടോ? ഭാഷ തന്നെ ഇത്രയധികം മണിക്കൂറുകൾ ചെലവാക്കി പഠിപ്പിക്കേണ്ടതുണ്ടോ? ഇങ്ങനെ കുറേയേറെ പ്രശ്നങ്ങൾ ഭാഷയുടെ കാര്യത്തിൽ തന്നെ വരുന്നുണ്ട്.

50 % മാർക്കുള്ളവർ മാത്രം ഡിഗ്രിക്ക് പോയാൽ മതി എന്ന് ആകണം. ഡിഗ്രി ഒരു Specialisation ആണ്. ആ സ്പെഷ്യലൈസേഷന് താല്പര്യമുള്ളവർ മാത്രമേ ഡിഗ്രിക്കു പേകേണ്ടൂ. അക്കാദമിക് ചാനലിൽ തന്നെ പോകണമെന്ന് എന്താണിത്ര നിർബന്ധം? വൊക്കേഷണൽ ചാനലിലില്ലേ? അക്കാഡമിക് ആപ്റ്റിറ്റ്യൂഡ് ഉള്ളവർ മാത്രം അക്കാഡമിക് ചാനലിൽ പോയാൽ മതി. അക്കാഡമിക് ആപ്റ്റിറ്റ്യൂഡ് ഇല്ലാത്തതൊരു കുറവല്ല. (മാർക്കു ധാരാളം വാങ്ങലല്ല അക്കാഡമിക് ആപ്റ്റിറ്റ്യൂഡ്.) അവർക്ക് ആപ്റ്റിറ്റ്യൂഡ് വേറെ പലതിലുമായിരിക്കും. അവർ ആ വഴിക്ക് പോകണം. പിന്നെ ഒരു മാറ്റം വരുത്തേണ്ടത് പത്താംക്ലാസ്സിലെ തോല്പിക്കുന്ന സമ്പ്രദായത്തിലാണ്. പത്താംക്ലാസിൽ ഒരു Whole Pass സർട്ടിഫിക്കറ്റ് കൊടുക്കണം. ഇപ്പോൾ എഴുതിക്കൊടുക്കുന്നത് Eligible for Higher studies എന്നാണ്. 1946-ൽ കിട്ടിയ എന്റെ സർട്ടിഫിക്കറ്റിലുമുണ്ട് Eligible for Higher studies ഇപ്പോൾ 96ലും ഇതു തന്നെ കൊടുക്കുന്നു. ഒന്നിലും രണ്ടിലും മൂന്നിലും പോലെ ഇവൻ പത്താം ക്ലാസ്സിലും പാസ്സായിരിക്കുന്നു എന്ന് സർട്ടിഫിക്കറ്റ് കൊടുക്കണം. മാർക്ക് കുറഞ്ഞവർ വേറെ എന്തെങ്കിലും പഠിക്കുകയോ തൊഴിൽ അന്വേഷിക്കുകയോ ചെയ്യട്ടെ അതിന് Technical ആയ പഠനത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കോളേജുകൾ ഡിഗ്രികൾക്കു മാത്രമായി ഒതുക്കണം. അപ്പോൾ ആ ഡിഗ്രിയുടെ നിലവാരം കൂടും. വിദ്യാഭ്യാസം മെച്ചപ്പെടുത്തുക എന്നാൽ എല്ലാ നിലവാരത്തിലും മെച്ചപ്പെടുത്തുക എന്നാണ് –

സ്ക്കൂൾ നിലവാരത്തിലും കോളേജ് നിലവാരത്തിലും എല്ലാം. അതു മെച്ചപ്പെടുത്തുമ്പോൾ ,ഡിഗ്രി തലത്തിലുള്ള പഠനം ഒരു Specialisation ആവണം. അതാണ് ഡിഗ്രിയുടെ ഉദ്ദേശ്യം. ഇപ്പോളത്തെ സ്ഥിതിയിൽ ഒന്നാം ക്ലാസിൽ പഠിക്കുന്നതും ബി. എ യ്ക്കു പഠിക്കുന്നതും ഒരേ ലക്ഷ്യം വച്ചാണ്. അതല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഒരു പുതിയ അറിവ് അന്വേഷിക്കാനുള്ള, പുതിയ അറിവ് സൃഷ്ടിക്കാനുള്ള കെല്പ് നമുക്ക് ഉണ്ടാക്കിത്തരുക – അതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

പവനൻ.

പ്രീഡിഗ്രി ബോർഡും സർക്കാരുകളും :

പ്രീഡിഗ്രി ബോർഡിനെ ഒരു കാലത്ത് എതിർത്തവർക്കു തന്നെ അത് നടപ്പാക്കേണ്ട ഒരു ഗതികേട് വന്നിരിക്കുകയാണ്. ഗതികേട് ഇക്കാര്യത്തിൽ മാത്രമല്ല. തത്വദീക്ഷയില്ലാത്ത തീരുമാനങ്ങളുടെ പരിണത ഫലമാണ് ഇത്. പ്രീഡിഗ്രി കോളേജുകളിൽ നിന്നും മാറ്റേണ്ടതു തന്നെയാണ്. ഇ2ത്തെ അവസ്ഥയിൽ സർവ്വകലാശാലകൾക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ രംഗത്ത് കൂടുതൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. മൂത്രമല്ല പ്രീഡിഗ്രി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഒരു തുടർച്ചയായിട്ടു തന്നെയാണ്. ആരാണ് ഭരിക്കുന്നത് എന്നു നോക്കിയല്ല ഇത്തരം നയപരമായ തീരുമാനങ്ങളോട് പ്രതികരിക്കേണ്ടത്.

സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ ഇരുപുറങ്ങൾ :

സ്വകാര്യമേഖലയിലെ വിദ്യാഭ്യാസത്തിന്റെ ഒരു തുടർച്ചയാണ് സ്വാശ്രയവിദ്യാഭ്യാസം – പണമുള്ളവർക്ക് പ്രത്യേക പരിഗണനയും സൗകര്യങ്ങളും ലഭിക്കാനുള്ള ഒരു സംവിധാനം. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ അൻപതു ശതമാനം സീറ്റ് അർഹതയുള്ളവർക്ക് നല്കണമെന്ന് കോടതി വിധിപുറപ്പെടുവിക്കുകയുണ്ടായി. അതുകൊണ്ട് ഇതിനെ പൂർണ്ണമായി നിഷേധിക്കുന്നതും ശരിയല്ല. ഇവിടുത്തെ വിദ്യാഭ്യാസകാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിനോ വലിയ താല്പര്യമുണ്ടെന്ന് തോന്നുന്നില്ല.

സംസ്കൃതത്തിനും സർവ്വകലാശാല :

സംസ്കൃത സർവ്വകലാശാല ഇല്ലെങ്കിലും കേരളത്തിൽ സംസ്കൃത പഠനത്തിന് ധാരാളം സൗകര്യങ്ങളുണ്ട് – മറ്റു സർവ്വകലാശാലകളുടെ കീഴിൽ സംസ്കൃതത്തെ പൊക്കികാട്ടി ആധുനികപഠനത്തെ അവഗണിക്കുകയാണ് സർക്കാർ. കാലടി സർവ്വകലാശാലയിലും മറ്റും സർക്കാർ പണം ദുർവിനിയോഗം ചെയ്യുകയാണ്. ശൃംഗേരി മഠാധിപതി അഞ്ചു ലക്ഷം കൊടുത്തു. കേന്ദ്രം ഒരു കോടി കൊടുത്തു, അന്നത്തെ ചീഫ് സെക്രട്ടറി ആർ. രാമചന്ദ്രൻ നായർ അത് രണ്ടുകോടി രൂപയാക്കി സ്വന്തം പേരിൽ ബാങ്കിലിട്ടു. ഇതിൽ തന്നെ എത്രയും അഴിമതി നടത്താൻ പഴുതുണ്ട്. ഇതിനെതിരെ ആരും പ്രതികരിച്ചില്ല – പ്രതിപക്ഷമോ, വിദ്യാർത്ഥി സംഘടനകളോ, ആരും. എതിർക്കേണ്ടത് സംസ്കൃതത്തെയല്ല. സംസ്കൃതം പഠിക്കേണ്ടതു തന്നെയാണ്. അശ്വഘോഷൻ, ഭവഭൂതി, ഹർഷൻ, കാളിദാസൻ തുടങ്ങിയ മഹാപ്രജ്ഞരുടെ സാഹിത്യങ്ങളും ബുദ്ധമത തത്വങ്ങൾ, വേദാന്തം തുടങ്ങിയ അറിവുകളും സംസ്കൃതത്തിന്റേതായിട്ടുണ്ട്. പക്ഷേ ദൈനംദിനജീവിതത്തിൽ ഇതിന് വലിയ പ്രസക്തിയൊന്നുമില്ല. വിദ്യാഭ്യാസ രംഗത്ത് മുടക്കാൻ പണമില്ലെന്നു പറയുന്ന സർക്കാർ തന്നെ സർക്കാരിലില്ലാത്ത പണം എടുത്തുപയോഗിച്ചുകൊണ്ട് സംസ്കൃത സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യമെന്താണ്?.

മലബാർ സർവ്വകലാശാലയും പ്രദേശികവികസനവും :

കേരളത്തിലെ മറ്റു യൂണിവേഴ്സിറ്റികളെപ്പോലെ ഒരു സാമ്പ്രദായിക സർവ്വകലാശാലയായിത്തന്നെയാണ് മലബാർ സർവ്വകലാശാലയേയും നിർമ്മിക്കാനുദ്ദേശിക്കുന്നതെങ്കിൽ അതുകൊണ്ട് പ്രത്യേകിച്ച് ഉപകാരം ഉണ്ടെന്നു തോന്നുന്നില്ല. നേരെമറിച്ച് അതൊരു സെൻട്രൽ യൂണിവേഴ്സിറ്റിയായി ഉയർത്തുകയാണെങ്കിൽ വളരെ പ്രയോജനമുണ്ട്. വികസനം പ്രാദേശിക വിഭവസമാഹരണം ഇൻഫോർമേഷൻ വിപ്ലവം തുടങ്ങിയ രംഗങ്ങളിൽ നമുക്കൊരു സെൻട്രൽ യൂണിവേഴ്സിറ്റിയുടെ ആവശ്യമുണ്ട്. അല്ലാതെ സെനറ്റിലെ ആളെ എടുക്കാനും സിഡിക്കേറ്റിലേക്ക് ജാതിനോക്കി ആളെ കയറ്റാനുമാണെങ്കിൽ അങ്ങനെയൊരു യൂണിവേഴ്സിറ്റിയുടെ ആവശ്യമില്ല.

വിദ്യാഭ്യാസത്തിന്റെ പൂർണ്ണത :

അറിവിനെക്കുറിച്ച് സംശയം ചോദിച്ച ഒരു ശിഷ്യനോട് ബുദ്ധൻ ആവശ്യപ്പെട്ടത് അടുത്തു നില്ക്കുന്ന ശിംശിപാവൃക്ഷത്തിന്റെ കുറച്ചിലകൾ പറിച്ചുകൊണ്ടു വരാനാണ്. ഇലകളുമായെത്തിയ ശിഷ്യനോട് അവ എത്രയുണ്ടെന്ന് എണ്ണി നോക്കാൻ ബുദ്ധൻ ആവശ്യപ്പെട്ടു. ശിഷ്യൻ എണ്ണം പറഞ്ഞു. നിന്റെ കയ്യിൽ ഇത്ര ഇലകളുണ്ട്. അപ്പോൾ ആ വൃക്ഷത്തിൽ എത്ര ഇലകളുണ്ടാവും എന്ന് ആലോചിച്ചു നോക്കൂ. ബുദ്ധന്റെ മറുചോദ്യം ഇതായിരുന്നു.
ആ ശിംശിപാവൃക്ഷത്തിന്റെ ഇലകൾ പറിക്കലാണ് വിദ്യാഭ്യാസം. പറിക്കുന്നിടത്തൊക്കെ പുതിയ ഇലകൾ മുളച്ചു വന്നുകൊണ്ടിരിക്കും. അങ്ങനെ ഒരിക്കലും പൂർണ്ണമാവാത്ത ഒരു പ്രക്രിയയായി അത് നീണ്ടുകൊണ്ടിരിക്കും.

പൗലോ ഫ്രെയർ

(മർദ്ദിതരുടെ ബോധന ശാസ്ത്രത്തിൽ നിന്ന്.)

വിദ്യാലയങ്ങൾക്കകത്തായാലും പുറത്തായാലും ശരി ഏതു തലത്തിലുള്ള അദ്ധ്യാപക - വിദ്യാർത്ഥി ബന്ധത്തിന്റേയും ശ്രദ്ധാപൂർവ്വമായ അപഗ്രഥനം അതിന്റെ അടിസ്ഥാനപരമായ ആഖ്യാനസ്വഭാവത്തെ വെളിപ്പെടുത്തും. ഈ ബന്ധത്തിന് രണ്ടു പക്ഷക്കാരുടെ ആവശ്യമുണ്ട് - ഒരു ആഖ്യാതാവും, ക്ഷമയോടെ കേട്ടിരിക്കുന്ന വസ്തുക്കളും (വിദ്യാർത്ഥികൾ.) ആഖ്യാനം ചെയ്യപ്പെടുന്ന പ്രക്രിയക്കിടയിൽ ഉള്ളടക്കങ്ങൾ അവ മൂല്യങ്ങളായാലും ശരി യാഥാർത്ഥ്യത്തിന്റെ പ്രായോഗിക വശങ്ങളായാലും ശരി, ജീവസ്സുറ്റവയും ശിഥിലീകൃതമായവയുമാവാനുള്ള പ്രവണത കാണിക്കുന്നു. വിദ്യാഭ്യാസത്തെ ആഖ്യാനരോഗം കടന്നാക്രമിച്ചിരിക്കുന്നു. ആധുനിക വിദ്യാഭ്യാസത്തിൽ അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിൽ വന്നടുള്ള പ്രധാനപ്പെട്ട പത്തു പ്രവണതകളാണ് ഇവ.

1. അദ്ധ്യാപകൻ പഠിപ്പിക്കുന്നു, വിദ്യാർത്ഥികൾ പഠിപ്പിക്കപ്പെടുന്നു.
2. അദ്ധ്യാപകന് എല്ലാം അറിയാം, വിദ്യാർത്ഥികൾക്ക് ഒന്നും അറിയില്ല.
3. അദ്ധ്യാപകൻ ചിന്തിക്കുന്നു, വിദ്യാർത്ഥികൾ ചിന്തക്കു വിഷയങ്ങളാകുന്നു.
4. അദ്ധ്യാപകൻ സംസാരിക്കുന്നു, വിദ്യാർത്ഥികൾ താഴ്മയോടെ കേൾക്കുന്നു.
5. അദ്ധ്യാപകൻ അച്ചടക്കം നടപ്പിലാക്കുന്നു, വിദ്യാർത്ഥികൾ അച്ചടക്കം പാലിക്കുന്നു.
6. അദ്ധ്യാപകൻ തിരഞ്ഞെടുക്കുകയും തന്റെ തിരഞ്ഞെടുപ്പ് നടപ്പിലാക്കുകയും ചെയ്യുന്നു, വിദ്യാർത്ഥികൾ അത് സ്വീകരിക്കുന്നു.
7. അദ്ധ്യാപകൻ പ്രവർത്തിക്കുകയും വിദ്യാർത്ഥികൾക്ക് അദ്ധ്യാപകന്റെ പ്രവർത്തിയിലൂടെ പ്രവർത്തനത്തിന്റെ മിഥ്യാബോധം ലഭിക്കുകയും ചെയ്യുന്നു.
8. അദ്ധ്യാപകൻ കാര്യപരിപാടിയുടെ ഉള്ളടക്കം തിരഞ്ഞെടുക്കുകയും (ഒരിക്കലും അഭിപ്രായം ആരായപ്പെടാത്ത) വിദ്യാർത്ഥികൾ അതിനോടു പൊരുത്തപ്പെടുകയും ചെയ്യുന്നു.
9. അദ്ധ്യാപകൻ തൊഴിൽ പരമായ തന്റെ പ്രാമാണ്യവും വിജ്ഞാന സംബന്ധമായ ആധികാരികതയും തമ്മിൽ കൂട്ടിക്കലർത്തുകയും അതു വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യത്തിനെതിരെ തിരിച്ചു വിടുകയും ചെയ്യുന്നു.
10. അദ്ധ്യാപനക്രിയയിൽ അദ്ധ്യാപകൻ കർത്താവും വിദ്യാർത്ഥികൾ വെറും വസ്തുക്കളുമാകുന്നു.

ശാരീരികമായ കഴിവിൽ നിന്നുണ്ടാകുന്നതല്ല ശക്തി.
അചഞ്ചലമായ മനക്കരുത്താണ് അതിന്റെ ഉറവിടം.

- ഗാന്ധിജി.

ഈ മാഗസിൻ വെളിച്ചം കാണുകയാണ്.
ഒരുപാടു പ്രതീക്ഷകളുണ്ടായിരുന്നു ഞങ്ങളുടെ മനസ്സിൽ.
അവയ്ക്ക് പൂർണ്ണത കൈവന്നിട്ടില്ലെന്ന് അറിയാം.
ഇതിനുപിന്നിലെ പ്രയത്നം ചുരുക്കം പേരുടേതാണ്.
മാഗസിൻ തങ്ങളുടെ കൂട്ടുത്തരവാദിത്വമാണെന്നു മനസ്സിലാക്കി
പ്രവർത്തിച്ച മാഗസിൻ കമ്മിറ്റിയിലെ ഓരോ അംഗത്തിന്റേയും
പ്രയത്നത്തിന്റ ഫലമാണ് ഈ കൊച്ചു പുസ്തകം.
ഹൃദയം നിറഞ്ഞ നന്ദി ഒരുപാടുപേരോട്
പ്രകാശിപ്പിക്കാനുണ്ട്.
രോഗശയ്യയിൽ കിടന്നുകൊണ്ട് മാഗസിൻ പ്രവർത്തനങ്ങളിൽ
സ്റ്റുഡന്റ് എഡിറ്റർ ജോസഫിന് സഹകരിക്കാൻ
കഴിയാത്ത അവസ്ഥ വന്നപ്പോൾ
അത് പാലായനമായി ചിത്രീകരിച്ച
ദോഷൈക ദൃക്കുകളോടുള്ള നന്ദിയാണ്
ആദ്യം പ്രകാശിപ്പിക്കുവാനുള്ളത്.
കാരണം
മനുഷ്യത്വം തൊട്ടു തീണ്ടാത്ത ഈ ആരോപണങ്ങളാണ്
മാഗസിൻ ഞങ്ങളുടെ കൂട്ടുത്തര വാദിത്വമാണെന്ന്
മനസ്സിലാക്കി പ്രവർത്തിക്കാൻ
ഞങ്ങളെ പ്രേരിപ്പിച്ചത്.
എഡിറ്ററുടെ അഭാവത്തിൽ ചുമതലകൾ
ഏറ്റെടുത്ത സുരേഷിനോടും പരസ്യങ്ങൾ നേടിയെടുക്കുന്നതിന്
സഹായിച്ച സാമിനോടും, സജീവനോടും മാഗസിൻ
പ്രവർത്തനങ്ങളിൽ ഒരുപാടു നിർദ്ദേശങ്ങൾ
നല്കി ഞങ്ങളോടൊപ്പം നിന്ന യൂണിയൻ അംഗങ്ങളായ
ഇന്ദ്രനോടും, ബൈജുവിനോടും
സാങ്കേതികത്വത്തിന്റെ ഒരുപാടു നൂലാമാലകൾ
ഒഴിവാക്കിത്തന്ന ബർസാറച്ചനോടും,
സ്റ്റഫ് അഡ്വൈസർ ജയിംസ് സാറിനോടും
ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിച്ചുകൊണ്ട്
ഈ വിരൽപ്പാടുകൾ അന്തിമ വിശകലനത്തിനായി
നിങ്ങളെ ഏൽപ്പിക്കുന്നു.

അഭിവാദ്യങ്ങളോടെ
മാഗസിൻ കമ്മിറ്റി.

Advanced Diploma in

COMPUTER INTEGRATED MANAGEMENT

SPECIALISATION OPTIONS	DURATION	FOR GRADUATES / STUDENTS OF:
Production & Operations	2 Semesters	Engineering
Finance & Accounts	3 Semesters	Commerce & Accountancy
Marketing / Personnel	3 Semesters	Arts, Science, Commerce and Engineering

MALIYAKAL
Shopping Complex
Opp. MARINA HOSPITAL
TANA, IRINJALAKUDA

FIRST COMPUTERS 1st

Leading the Era of End-User Computing